# സിദ്ധവേദം

3479
3479

The Mathrubhumi Ptg. & Pbg. Co., Ltd.,
CALICUT.

പ്രസാധകൻ:
ജനറൽ പ്രസിഡൻറ്, സിദ്ധസമാജം.

Since 1923

3479

# സിദ്ധവേദം

സ്വാമി ശിവാനന്ദപരമഹംസരാൽ
ഉപദേശിക്കപ്പെട്ട
## മോക്ഷസൂത്രം.

സിദ്ധസമാജം ജനറൽ പ്രസിഡൻറിനാൽ
പ്രചാരം ചെയ്യപ്പെട്ടതു്.

പകർപ്പവകാശം സിദ്ധസമാജം ഹെഡ്ഡാഫീ
സ്സിന്നിരിക്കുന്നതാണു്.

തൃശ്ശിവപേരൂർ ഗുരുവിലാസം അച്ചുകൂടത്തിൽ
അച്ചടിക്കപ്പെട്ടതു്.

രണ്ടാംപതിപ്പു് കോപ്പി 5000.

**1948.**

വില 3-0-0.

Since 1923

# സിദ്ധവേദം

## രണ്ടാം പതിപ്പ്.

സ്വാമി ശിവാനന്ദപരമഹംസരാൽ ഉപദേശിക്കപ്പെട്ട

## മോക്ഷസൂത്രം.

ഓം തത് സത്.

"രാഗാദിരോഗാൻ സതതാനുഷക്താ-
നശേഷകായ പ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിദാൻ ജഘാന
യോ പൂർവ്വവൈദ്യായ നമോസ്തുതസ്മൈ!"

അർത്ഥം:—

ദേഹത്തിന്റെ സമസ്ത ഭാഗങ്ങളിലും വ്യാപിച്ച എപ്പോഴും വിട്ടുപിരിയാതെ, സ്നേഹം, മോഹം മുതലായ ദുർവൃത്തികളെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന രാഗദ്വേഷാദി മഹാരോഗങ്ങളെ യാതൊരാളാൽ ഉന്മൂലനാശം ചെയ്യപ്പെട്ടുവോ ആ അസാധാരണ വൈദ്യനായിക്കൊണ്ടു നമസ്കാരം.

# സിദ്ധവേദം

3479

സ്വാമി ശിവാനന്ദപരമഹംസരാൽ

ഉപദേശിക്കപ്പെട്ട

## മോക്ഷസൂത്രം.

"വന്ദേപരം ബ്രഹ്മചിദാത്മകംസ
ഛന്ദേഗുരും ശാന്ത മുമേശ മീശം
വന്ദേ ശിവാനന്ദ ഗുരുപ്രവീരം
വന്ദേ സദാന്യാനപി വന്ദനീയാൻ."


"അനന്ത സുഖദാധാര–
മഖണ്ഡാനന്ദ വിഗ്രഹം
ദയാലുമതി സന്തുഷ്ടം
വന്ദേഹം മമ സത്ഗുരും."

Since 1923

# അവതാരിക.

സിദ്ധവേദം എന്ന ഈ തത്വഗ്രന്ഥം സ്വാമി ശിവാനന്ദ പരമഹംസരാൽ ഉപദേശിക്കപ്പെട്ടതും, ആയതു ഒന്നാമതായി 1922_ൽ മലയാളഭാഷയിൽ 5000 കോപ്പികൾ കോഴിക്കോട്ട മിതവാദി അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യപ്പെട്ടതും, രണ്ടാമതു തമിഴഭാഷയിൽ ഒന്നാം പതിപ്പായി 2500 കോപ്പികൾ 1928_ൽ കോയമ്പത്തൂർ എലക്ട്രിക്ക പ്രിൻറിങ്ങ് വർക്സിൽ അച്ചടിപ്പിച്ചു പ്രസിദ്ധം ചെയ്യപ്പെട്ടതും ആകുന്നു. ആയതു ആദ്യം 21 അദ്ധ്യായങ്ങൾ വീതം ആയിരുന്നു. പിന്നീട്ട 1934_ൽ സ്വാമികൾ കർണ്ണാടകഭാഷയിൽ ഒരു അദ്ധ്യായവുംകൂടി ചേർത്തു 22 അദ്ധ്യായങ്ങളാക്കി ഒന്നാം പതിപ്പായി 2500 കോപ്പികൾ മംഗലാപുരം രഥവീതി മംഗളൂർ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു പ്രചാരപ്പെടുത്തുകയും, അതിൻെറ ശേഷം കർണ്ണാടകഭാഷയിലുള്ള സിദ്ധവേദത്തിൻെറ നേർകോപ്പിയായി തെലുങ്കഭാഷയിൽ ഒന്നാം പതിപ്പായി 1941_ൽ 500 കോപ്പികൾ ബസവാഡ ആന്ധ്ര ഗ്രന്ഥാലയ മുദ്രാക്ഷരശാലയിൽ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ മലയാളത്തിലും തമിഴിലും സിദ്ധവേദപുസ്തകങ്ങൾ തീർന്നുപോയതിനാലും പല സ്ഥലങ്ങളിൽനിന്നും ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതിനാലും ആ വിവരത്തെ സ്വാമികളെ അറിയിച്ചപ്പോൾ മലയാളത്തിലും തമിഴിലുമുള്ള സിദ്ധവേദപുസ്തകങ്ങൾ സ്വാമികൾ പരിശോധിച്ചു എല്ലാ അദ്ധ്യായങ്ങളിലും നൂതനമായി പല തത്വങ്ങളേയും അധികം ചേർത്തിയും, കൂടാതെ 9_ാം അദ്ധ്യായത്തിൽ ബ്രഹ്മാവിനെപ്പററിയും സരസ്വതിയെപ്പററിയും അതിഗംഭീരമായ തത്വങ്ങളേയും ചേർത്തതിനു പുറമെ, പുതുതായി ഷഡാധാരങ്ങൾ, ബ്രഹ്മാനന്ദം എന്നതുകളെപ്പററിയും അതിവിശദമായി 22_ാം അദ്ധ്യായമായും ചേർത്തി 2_ാം പതിപ്പായി അച്ചടിപ്പിച്ചിരിക്കുന്നു. മലയാളത്തിലും തമിഴിലും ഒന്നാം പതിപ്പിലില്ലാത്ത ചില തത്വങ്ങളും 22_ാം അദ്ധ്യായവും പുതുതായി ചേർക്കുക നിമിത്തം ഇപ്രകാരം ഒരു അവതാരിക വായനക്കാരുടെ അറിവിലേക്കുവേണ്ടി എഴുതപ്പെട്ടതാകുന്നു.

എന്ന്, എസ്സ്. വിശ്വം,
ജനറൽ പ്രസിഡൻറ്,
സിദ്ധസമാജം.




HIS HOLINESS
*Swami Sivananda Paramahamsa.*

# സിദ്ധവേദം

## ഒന്നാം അദ്ധ്യായം

The Mathrubhumi Ptg. & Plg. Co., Ltd.
CALICUT

ശിഷ്യൻ:_സൽഗുരോ! മായാസമുദ്രത്തിൽനിന്ന് അലഞ്ഞു ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്ന എനിക്ക്, അതിൽനിന്നു കരകയറുവാനുള്ള നല്ല മാർഗ്ഗത്തെ കാണിച്ചുതരുവാൻ ഭക്തിവിശ്വാസത്തോടുകൂടി അപേക്ഷിക്കുന്നു.

ഗുരു:—പ്രിയശിഷ്യ! മായാസമുദ്രത്തിൽനിന്ന് എവിടേക്കു കരകയറുവാനുള്ള മാർഗ്ഗമാണു കാണിച്ചുതരേണ്ടത്?

ശി:—സർവ്വശക്തനായ ഈശ്വരങ്കൽ ചേരേണ്ടതിന്ന്.

ഗു:—ഈശ്വരൻ എന്നു പറയുന്നത് എന്താണെന്നു നിങ്ങൾക്ക് അറിയുമോ?

ശി:—ഈശ്വരൻ എന്നതു ലോകത്തിന്റെ സൃഷ്ടി, സ്ഥിതി, സംഹാരം മുതലായതിന്നു കർത്താക്കന്മാരായ ബ്രഹ്മാവു, വിഷ്ണു, മഹേശ്വരൻ എന്നിവരാണെന്നു പറഞ്ഞുവരുന്നു. അവരെ പലേ പ്രകാരത്തിലും, പലേ ക്ഷേത്രങ്ങളിലും പ്രതിഷ്ഠാദികൾ ചെയ്തു പലരും സേവിച്ചുവരുന്നു. അതിനാൽ ഇപ്രകാരംതന്നെയായിരിക്കാം എന്നു ഞാനും ധരിച്ചിരിക്കുന്നു.

ഗു:—എന്നാൽ ഇപ്രകാരം നിങ്ങൾ ധരിച്ചിട്ടുണ്ടെങ്കിലും ഈശ്വരന്നു സർവ്വവ്യാപിത്വം ഉണ്ടെന്നോ ഇല്ലെന്നോ നിങ്ങളുടെ വിശ്വാസം?

ശി:—ഈശ്വരൻ സർവ്വവ്യാപിയാണെന്നാണ് എന്റെ പൂർണ്ണവിശ്വാസം.

ഗു:—എന്നാൽ സർവ്വവ്യാപിയായ ഈശ്വരന്നു നാമമോ രൂപമോ ഉണ്ടാവാൻ തരമുണ്ടോ?

Since 1923

ശി:—ഈശ്വരന്നു നാമരൂപാദികൾ ഉണ്ടാകുമ്പോൾ സൎവ്വവ്യാപിത്വം ഉണ്ടാവാൻ തരമില്ല.

ഗു:—ഈശ്വരൻ നാമരൂപാദികളില്ലാതെ സൎവ്വവ്യാപിയാണെന്നു നിങ്ങൾതന്നെ പറയുന്നു. അപ്പോൾ ഈശ്വരൻ നമ്മുടെ ഉള്ളിലും ഉണ്ടോ ഇല്ലയോ?

ശി:—ഈശ്വരന്നു സൎവ്വവ്യാപിത്വം ഉള്ളതുകൊണ്ടു നമ്മുടെ ഉള്ളിലും ഉണ്ട്.

ഗു:—നമ്മുടെ ഉള്ളിൽ ഈശ്വരൻ ഇരിക്കെ നാം ഈശ്വരനല്ലയെന്നും, ബ്രഹ്മാവാണു, വിഷ്ണുവാണു, മഹേശ്വരനാണ്, അല്ലെങ്കിൽ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുള്ള ബിംബങ്ങളിലാണ് എന്നും മറ്റും സങ്കല്പിച്ചു വിശ്വസിക്കുമ്പോൾ നാം ആർ? ഈശ്വരമതക്കാരോ അഥവാ നിരീശ്വരമതക്കാരോ?

ശി:—സൎവ്വവ്യാപിയായ ഈശ്വരനെ എങ്ങിനെ സങ്കല്പിച്ചാലും അതു് ഈശ്വരമതമല്ലെന്നു പറയുവാൻ തരമുണ്ടോ?

ഗു:—ഈശ്വരൻ നമ്മുടെ ഉള്ളിൽ ഇല്ലെങ്കിൽ നമുക്കു വല്ലതും കേൾക്കുവാനോ, കാണുവാനോ, അറിയുവാനോ, സംസാരിക്കുവാനോ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതിന്നു് ഒരു ദൃഷ്ടാന്തം പറയാം. അതായതു്, ഒരാൾ ചത്താൽ ശവമായി. അതിന്നു വല്ലതും കേൾക്കുവാനോ, കാണുവാനോ, അറിയുവാനോ, സംസാരിക്കുവാനോ, ഇളകുവാനോ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതെന്തുകൊണ്ടു്?

ശി:—അതിൽ ഈശ്വരചൈതന്യം ഇല്ലാത്തതുകൊണ്ടു്.

ഗു:—അതിനാൽ ഈശ്വരചൈതന്യം ഇല്ലെങ്കിൽ നമുക്കു യാതൊരു ബോധവും ഇല്ല. ഈ കാണുന്ന ലോകം മുതലായ യാതൊരവസ്ഥയും ഇല്ല. അതിനാൽ ഈശ്വരചൈതന്യം കൊണ്ടാണു നമുക്കു് ഇതെല്ലാം കേൾക്കുവാനും കാണുവാനും അറിയുവാനും ഇടവന്നതു്. ആ അവസരത്തിൽ ഈശ്വരൻ

തന്നെയാണ ഇതെല്ലാം അറിയുന്നത് എന്നാണ വിശ്വസിക്കേണ്ടത്. അങ്ങിനെ ഈശ്വരനായിരിക്കുന്ന താൻ താനല്ല ഈശ്വരൻ എന്നും, ഈശ്വരൻ ബ്രഹ്മാവാണ്, വിഷ്ണുവാണ്, മഹേശ്വരനാണ്, ക്ഷേത്രാദികളിലുള്ള ബിംബങ്ങളിലാണ് എന്നും മററും സങ്കല്പിക്കുമ്പോൾ നമ്മെ ഈശ്വരമതസ്ഥരെന്നു പറയുവാൻ പാടുണ്ടോ?

ശി:—അപ്രകാരം ആലോചിച്ചു നോക്കുമ്പോൾ നാം നിരീശ്വരമതക്കാരാണ്.

ഗു:—എന്നാൽ തന്നിലുള്ള ഈശ്വരശക്തിയെ പുറത്തേക്കു വിടാതെ യാതൊരാൾ തന്നിൽതന്നെ സ്ഥാപിക്കുന്നുവോ അയാളാണ് ഈശ്വരമതസ്ഥൻ.

ശി:—ഗുരോ! എന്നിലുള്ള ഈശ്വരശക്തിയെ പുറത്തേക്കുവിടാതെ ഏതു വിധമാണ് എന്നിൽതന്നെ സ്ഥാപിക്കേണ്ടത്? ആ മാർഗ്ഗം എനിക്കു കാണിച്ചുതരുവാൻ വേണ്ടി അപേക്ഷിക്കുന്നു.

ഗു:—അപ്രകാരമുള്ള മാർഗ്ഗത്തെ കാണിച്ചുതരുന്നവർ ആരാണ്?

ശി:—അവർ ഗുരു.

ഗു:—ഗുരു എന്നു പറയുന്നത് ആരെയാണ്?

ശി:—ഗുരു ഈശ്വരനാണെന്നാണ് എന്റെ വിശ്വാസം.

ഗു:—ഈശ്വരൻ ഒരു കാലത്തും ഗുരുവായിവരുവാൻ വഴിയില്ല. എന്തുകൊണ്ടെന്നാൽ, ഈശ്വരൻ നാമരൂപാദികളില്ലാതെ സർവ്വവ്യാപിയായിരിക്കുന്ന വസ്തുവാണെന്നു നിങ്ങൾതന്നെ പറയുന്നു. അപ്രകാരമുള്ള വസ്തു നമ്മിൽനിന്നു അഭിന്നമായി, അതായതു വേറിടാതെയുള്ളതോ, അതല്ല ഭിന്നമായി അതായതു വേറിട്ട് ഉള്ളതോ?

ശി:—അതു് അഭിന്നമായി അതായതു വേറിടാതെയുള്ളതാണ്.

ഗു:—അങ്ങിനെയിരിക്കുന്ന വസ്തു നമുക്കു ഗുരുവായി വരുവാൻ തരമില്ലാത്തതാണ്. കാരണം, ഗുരു എന്നു വരുമ്പോൾ നമ്മിൽനിന്നു വേറിട്ടു സങ്കല്പിക്കുന്നു. അപ്പോൾ ഗുരു വേറിട്ടിട്ടാകുന്നു. അങ്ങിനെ വേറിട്ടിട്ടാകുമ്പോൾ ഈശ്വരൻ ഗുരുവാ

യിട്ടു വരുവാൻ വഴിയുണ്ടോ? കൂടാതെ ഈശ്വരചൈതന്യം
നമ്മിൽ ഇല്ലെങ്കിൽ ശവമായി. അപ്രകാരമുള്ള ചൈതന്യ
വസ്തുവെ നമ്മിൽനിന്നു ഗുരുവായിട്ടു വേറിട്ടാക്കുമ്പോൾ നാം
ശവമായി പോകുന്നതല്ലെ? ആ വിധം നോക്കുമ്പോഴും ഈശ്വ
രൻ ഗുരുവായിട്ടു വരുവാൻ വഴിയുണ്ടോ?

ശി:—ഇപ്രകാരം ആലോചിച്ചു നോക്കുമ്പോൾ ഈശ്വരൻ ഗുരു
വായിട്ടു വരുവാൻ വഴിയില്ല.

ഗു:—അതുമല്ലാതെ! ഈശ്വരൻ ഗുരുവല്ലെന്നുള്ളതിനു ദൃഷ്ടാന്തം
എന്തെന്നാൽ, ഈശ്വരൻ ഉണ്ടെന്നോ ഇല്ലെന്നോ നിങ്ങളുടെ
വിശ്വാസം?

ശി:—ഈശ്വരൻ ഉണ്ടെന്നാണ്.

ഗു:—എന്നാൽ ആ ഈശ്വരൻ ഒരു സമയത്തുമാത്രം ഉള്ളതോ,
അതല്ല എല്ലായ്പ്പോഴും ഉള്ളതോ?

ശി:—അതു് എല്ലായ്പ്പോഴും ഉള്ളതാണ്.

ഗു:—എന്നാൽ നിങ്ങൾ ഉറങ്ങുന്ന സമയത്തു് ഈശ്വരൻ ഉണ്ടോ
ഇല്ലയോ?

ശി:—ഉണ്ട്

ഗു:—ആ സമയത്തു ഗുരു നിങ്ങളുടെ അരികത്തു വന്നിരുന്നാൽ
നിങ്ങൾ അറിയുന്നുണ്ടോ?

ശി:—അറിയുന്നില്ല

ഗു:—എന്തുകൊണ്ട്? നിങ്ങൾ ഉറങ്ങുന്ന സമയത്തു് ഈശ്വരൻ
ഉണ്ടല്ലൊ. ആ സമയത്തു നിങ്ങൾ അറിയാതിരിപ്പാൻ കാര
ണമെന്തു്, പറയുവാൻ കഴിയുമോ?

ശി:—അതെനിക്കു പറയുവാൻ കഴികയില്ല.

ഗു:—എന്നാൽ അതിന്നുള്ള കാരണം; ഈശ്വരനു രണ്ടവസ്ഥ
കളുണ്ട്. അതെന്തെന്നാൽ സകളത്വവും നിഷ്കളത്വവും ആ
കുന്നു. എപ്പോൾ ഈശ്വരനു സകളത്വം സംഭവിക്കുന്നുവോ,
ആ അവസരത്തിൽ ഈശ്വരൻ സഗുണനായി, വികാരാദി
കൾ ഉത്ഭവിച്ചു, സൃഷ്ടിസ്ഥിതിസംഹാരാദികൾ ഉണ്ടായി,
രാഗദ്വേഷിയായിത്തീരുന്നു. എപ്പോൾ ഈശ്വരനു നിഷ്കള

ത്വം ഭവിക്കുന്നുവോ, അപ്പോൾ ഈശ്വരൻ നിർഗ്ഗുണനായി, നിർവ്വികാരനായി, സൃഷ്ടിസ്ഥിതിസംഹാരാദികൾ ഇല്ലാതെയായി, രാഗദ്വേഷാദിവിഹീനനായി ഭവിക്കുന്നു. എന്നാൽ ഇതൊക്കെയും സംഭവിക്കുന്നതു് എവിടെനിന്നാണെന്നു വെച്ചാൽ തന്നിൽ നിന്നുതന്നെയാണ്. എന്തെന്നാൽ, ഒരു ശവത്തിന്നു് ഇതൊന്നും തന്നെയില്ല. അതെന്തുകൊണ്ടെന്നാൽ, ശവത്തിൽ ഈശ്വരചൈതന്യം ഇല്ലാത്തതുകൊണ്ടാണ്. ഈശ്വരചൈതന്യം തന്നിലിരിക്കുമ്പോൾ മാത്രമേ ഈ അവസ്ഥകൾ ഉണ്ടാകുന്നുള്ളൂ. അതെങ്ങിനെയെന്നാൽ, തന്നിലുള്ള ഈശ്വരശക്തി തന്നിൽ തന്നെ ലയിച്ചു പുറത്തേക്കു വ്യാപിക്കാതെയിരിക്കുമ്പോൾ നിഷ്ക്കളനാകുന്നു. അതു നമ്മുടെ ഉറക്കത്തിലുള്ള സ്ഥിതി. അപ്പോഴും! നമുക്കു ജീവനുണ്ടു്. ജീവനു യാതൊരു കളങ്കവും ഇല്ല. അതു കളങ്കമില്ലാതെ നിർമ്മലമായി ആത്മാവായിരിക്കുന്ന സ്ഥിതിയാണ്. അതിന്നു ദൃഷ്ടാന്തം; ഏററവും ഘോരചിത്തനായി, കഠിനവൃത്തിയുള്ളവനായി, കൊലപാതകനായിരിക്കുന്ന ഒരാൾ ഉറങ്ങുന്ന സമയത്തു് അയാൾക്കു ജീവനുണ്ടു്. അപ്പോൾ ആ ജീവനു യാതൊരു കളങ്കവുമില്ല. ആ സമയത്തു ജീവൻ നിഷ്ക്കളനായിരിക്കുന്നു. ആ ജീവനാണു ശിവൻ. അപ്പോഴാണു "ജീവഃശിവോഹ" എന്ന അവസ്ഥ. ആ അവസ്ഥ വിട്ടു പുറത്തേക്കു വ്യാപിച്ചു് മറെറാന്നായി പ്രതിബിംബിക്കുമ്പോൾ ആയതു ജീവനും ആ പ്രതിബിംബം വിട്ടു പുറത്തേക്കു വ്യാപിക്കാതെ തന്നിൽതന്നെ ലയിക്കുമ്പോൾ ആയതു ശിവനും ആയി. ഇതാണു "ജീവഃശിവോഹം" എന്നു പറയുവാനുള്ള കാരണം. ശിവൻതന്നെയാണ് ഈശ്വരൻ. ആ ഈശ്വരനാണു മേൽപറഞ്ഞ പ്രകാരമുള്ള നിഷ്ക്കളത്വം ഭവിച്ചതു്. അപ്പോൾ ഈശ്വരൻ നിർഗ്ഗുണനായി. നിർഗ്ഗുണൻ എന്നാൽ ഗുണരഹിതൻ എന്നാണ്. ഗുണങ്ങൾ സാത്വികം, രാജസം, താമസം ഇതുകളാണ്. ഈ മൂന്നു ഗുണങ്ങളും ഇല്ലാതെ വരുന്ന സ്ഥിതിയിൽ നിർഗ്ഗുണൻ. അപ്പോൾ നിർവ്വികാരിയായി, നിർമ്മോഹിയായി, രാഗദ്വേ

ഷാദികൾ ഇല്ലാതെയായിത്തീരുന്നു. ആയതു നാം ഉറങ്ങുന്ന അവസരത്തിൽ ഉള്ളതാണ്. അപ്പോൾ തന്നിൽതന്നെയിരിക്കുന്ന ഈശ്വരചൈതന്യം തന്നിൽ ഒതുങ്ങി നിർഗ്ഗുണൻ, നിഷ്കളൻ, നിർവ്വികാരി ഇപ്രകാരമായി ഭവിച്ചു. എപ്പോൾ ഉറക്കഞ്ഞെട്ടി തൻെറ ശക്തി പുറത്തേക്കു വ്യാപിക്കുന്നുവോ അപ്പോൾ സകളനായി. സകളൻ എന്നാൽ കളങ്കത്തോടുകൂടിയവൻ. അപ്പോൾ, വികാരിയും സഗുണനും ആയി. സഗുണൻ എന്നതു മുൻവിവരിച്ച മൂന്നു ഗുണങ്ങളോടുകൂടിയവൻ. ആ മൂന്നു ഗുണങ്ങളുണ്ടാകുമ്പോൾ സൃഷ്ടി, സ്ഥിതി, സംഹാരം ഉണ്ടായി. ഇതൊക്കെയും തന്നിൽനിന്നുണ്ടായതാണ്. താനില്ലെങ്കിൽ ഈവക യാതൊരവസ്ഥയുമില്ല. അപ്പോൾ താൻ തന്നെയാണ് സകളനാകുന്നതും, നിഷ്കളനാകുന്നതും; സഗുണനാകുന്നതും, നിർഗ്ഗുണനാകുന്നതും; വികാരിയാകുന്നതും, നിർവ്വികാരിയാകുന്നതും; അതിനാൽ താൻതന്നെയാണ് ഈശ്വരൻ. താനായിരിക്കുന്ന ഈശ്വരചൈതന്യം തന്നിൽതന്നെ ഒതുങ്ങി, ഉറങ്ങുന്ന അവസ്ഥയിൽ ഈശ്വരചൈതന്യം ഒന്നു മാത്രം ഉള്ളതായും, ബാക്കിയെല്ലാം ഇല്ലാത്തതാവുകയും ചെയ്തു. അതുകൊണ്ടാണ് ആ ഉറക്കസമയത്തു ഗുരു വന്ന് അരികിൽ ഇരുന്നപ്പോൾ അറിയാതെയിരിപ്പാനുള്ള കാരണം. എന്നാൽ ഗുരു വന്നിരിക്കുന്നു എന്നുള്ള സങ്കല്പം നിങ്ങൾക്ക് എപ്പോഴാണുണ്ടായതു്?

ശി:—ഉറക്കു ഉണർന്നപ്പോൾ.

ഗു:—ഉറക്കുണർന്നപ്പോൾ സങ്കല്പം എവിടെനിന്നുണ്ടാകുന്നു.

ശി:—എന്നിൽനിന്നുതന്നെ ഉണ്ടാകുന്നു.

ഗു:—എന്നിൽ എന്നുവെച്ചാൽ എവിടെനിന്ന്? ഉറങ്ങുന്ന സമയത്തു നിങ്ങളില്ലെ? അപ്പോൾ സങ്കല്പം ഉണ്ടായിരുന്നുവോ? ഉറക്കുണർന്നപ്പോൾ അതു് ഏതുപ്രകാരത്തിലാണ് ഉണ്ടാകുന്നതു്?

ശി:—ഉറക്കുണർന്നപ്പോൾ എനിക്കു വികാരാദികൾ ഉണ്ടായി. ആ വികാരാദികളിൽനിന്നാണ് ഉണ്ടാകുന്നതു്.

ഗു:—വികാരാദികൾ എവിടെനിന്നാണുണ്ടാകുന്നത്.

ശി:—ജീവനിൽനിന്നാണുണ്ടാകുന്നത്.

ഗു:—ജീവനിൽനിന്ന് എങ്ങിനെയുണ്ടായി? ഉറങ്ങുന്ന സമയത്ത നിങ്ങൾക്ക ജീവനില്ലേ? അപ്പോൾ വികാരാദികൾ ഉണ്ടായിരുന്നുവോ? ഉറക്കുണൎന്നപ്പോൾ നിങ്ങൾക്ക് എന്താണ് ഉണ്ടായത്?

ശി:—സങ്കല്പം ഉണ്ടായി.

ഗു:—ആ സങ്കല്പം എവിടെനിന്നാണ് ഉണ്ടാകുന്നത്?

ശി:—മനസ്സിൽനിന്ന്.

ഗു:—മനസ്സില്ലെങ്കിൽ വല്ലതും ഉണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ ഗുരു എന്ന സങ്കല്പം എവിടെനിന്നാണുണ്ടായത്?

ശി:—മനസ്സിൽനിന്നുണ്ടായി.

ഗു:—അപ്പോൾ ആരാണ ഗുരു?

ശി:—മനസ്സ്.

ഗു:—സങ്കല്പം ചെയ്യുവാനുള്ള ശക്തി ആൎക്കിരിക്കുന്നുവോ അദ്ദേഹമാണ് പുരോഹിതൻ. അദ്ദേഹമാണ് ഗുരു. അതിന്നുദാഹരണം: ഒരു ക്ഷേത്രം ഉണ്ടാക്കി അതിൽ ഒരു സങ്കല്പംചെയ്യുന്നു. ആർ അവിടെ സങ്കല്പം ചെയ്യുന്നുവോ അദ്ദേഹമാണ് അവിടത്തെ പുരോഹിതൻ. സങ്കല്പശക്തി ആൎക്കിരിക്കുന്നുവോ അദ്ദേഹമാണ സങ്കല്പിക്കുക. അപ്രകാരമുള്ള ആളെയാണ് അവിടത്തെ തന്ത്രിയെന്നും പുരോഹിതനെന്നും പറയുന്നത്. ഈ പ്രകാരംതന്നെ നമുക്ക ലോകം എന്ന സങ്കല്പം എവിടെനിന്നാണുണ്ടാകുന്നത്?

ശി:—മനസ്സിൽനിന്നു.

ഗു:—അപ്പോൾ സങ്കല്പശക്തി ആൎക്കിരിക്കുന്നു.

ശി:—മനസ്സിന്നിരിക്കുന്നു.

ഗു:—പുരോഹിതൻ ആരാണ്?

ശി—മനസ്സ്

ഗു:—എന്നാൽ നമുക്ക എത്ര ഗുരുവുണ്ട്?
ശി:—ഒരേ ഗുരു.
ഗു:—അതു ഒരിക്കലും വരില്ല. അവനവന്നു് അവനവൻെറ മനസ്സാണ് ഗുരു. വേറെ ഗുരുവില്ല. അതിനാൽ ഗുരു ശിഷ്യൻ എന്ന അവസ്ഥ ഇല്ലാത്തതാണ്. അതെങ്ങിനെയെന്നു വെച്ചാൽ, മനസ്സില്ലെങ്കിൽ യാതൊന്നും ഇല്ല. എല്ലാം മനസ്സിൽനിന്നാണ് ഉത്ഭവിച്ചതു്. അതുകൊണ്ടു മനസ്സാണ ഗുരു, എന്നുതന്നെയല്ല, ഒന്നിൽനിന്നു രണ്ടുണ്ടായതോ, രണ്ടിൽനിന്നു ഒന്നുണ്ടായതോ? എന്താണ നിങ്ങളുടെ വിശ്വാസം?
ശി:—ഒന്നിൽനിന്നാണ രണ്ടുണ്ടായതു്. എന്നാണ പറഞ്ഞുവരുന്നതും അപ്രകാരംതന്നെയാണ ഞാൻ ധരിച്ചിട്ടുള്ളതും.
ഗു:—എന്നാൽ ആ ധാരണ തെററാണ്. ഒന്നിൽനിന്നു രണ്ടുണ്ടാവുന്നതല്ല രണ്ടിൽനിന്നാണ് ഒന്നുണ്ടാവുന്നതു്. അതിന്നു കാരണം, ഒന്നു് എന്നു പറയേണമെങ്കിൽ അതിൻെറ ആദിയും അന്തവും കാണണം. ആദ്യന്തം ഉണ്ടാകുമ്പോൾ മാത്രമേ ഒരു സാധനമെന്നു നിശ്ചയിക്കാവൂ. ആദിയും അന്തവുമില്ലെങ്കിൽ ഒരു സാധനത്തെ നിശ്ചയിച്ചുകൂടാ. ഒരു സാധനത്തെ നിശ്ചയിക്കുമ്പോൾ അതിന്നു് ഒരാദിയുണ്ടു്. ആദിയുണ്ടാകുമ്പോൾ അതു നില്ക്കുവാൻ ഒരു അടിസ്ഥാനം വേണം. അടിസ്ഥാനമില്ലെങ്കിൽ അതു നില്ക്കുന്നതല്ല. അന്തം വേണമെങ്കിൽ അതിന്നു മേലെ ഒരു ഒഴിവും വേണം. ഒഴിവായിരിക്കുന്ന ആകാശം ഉപരിയില്ലെങ്കിൽ അന്തവും ഉണ്ടാകുന്നതല്ല. അങ്ങിനെയിരിക്കെ, ആദിയായിരിക്കുന്ന വസ്തുവിന്നു് അടിസ്ഥാനമായി നില്പാൻ വേണ്ടി ഒന്നു കീഴും, അന്തം കാണേണ്ടതിന്നു് ഒഴിവായി ആകാശമായിരിക്കുന്ന ഒന്നു് ഉപരിയും ഉണ്ടാകുന്നു. ഇപ്രകാരം ഉണ്ടാകുമ്പോൾ രണ്ടായി. ആ രണ്ടിലാണ് ഒന്നു നില്ക്കുന്നതു്. കൂടാതെ, ഭൂമിയെന്നും ആകാശമെന്നും രണ്ടവസ്ഥയില്ലെങ്കിൽ വല്ല വസ്തുവും ഉണ്ടാകുമോ?
ശി:—ഇല്ല.
ഗു:—അതുകൊണ്ടു് എല്ലാ വസ്തുക്കളും ഉണ്ടാകുന്നതു രണ്ടിൽനി

Since 1923

ന്നാണ്. അതിന്നു ദൃഷ്ടാന്തം, എന്തെങ്കിലും ഒരു വിത്തിനെ എടുക്കുക. അതിലിരിക്കുന്ന അരിയെ കാണുന്നില്ല. എന്തുകൊണ്ടെന്നാൽ ആ വിത്തിനുള്ളിൽ അതു അടങ്ങി നിറഞ്ഞു് ആദ്യന്തമില്ലാതെ ഇരിക്കുന്നതുകൊണ്ടാണ്. എന്നാൽ അതിൽനിന്നു് ഒരു മുള പൊട്ടി വരേണമെങ്കിൽ ആ വിത്തു് എന്തായിത്തീരണം?

ശി:—ആ വിത്തിന്റെ മുഖം രണ്ടായി പിളരണം.

ഗു:—അപ്പോൾ എവിടെനിന്നാണ് ഒന്നു ഉണ്ടാകുന്നതു്?

ശി:—രണ്ടിൽനിന്നാണ്.

ഗു:—അതിന്നു പുറമെ നമ്മുടെ ഉത്ഭവം രണ്ടിൽനിന്നാണ്. എന്തുകൊണ്ടെന്നാൽ സ്ത്രീ മാത്രമുണ്ടായാൽ അവളിൽനിന്നോ, പുരുഷൻ മാത്രമുണ്ടായാൽ അവനിൽനിന്നോ, സന്താനം ഉണ്ടാകുന്നതല്ല. സ്ത്രീയും പുരുഷനും കൂടിയാലേ സന്താനം ഉണ്ടാകുന്നുള്ളു. അപ്പോൾ നമ്മളും രണ്ടിൽനിന്നാണ് ഉണ്ടായതു്. ഇതുകൊണ്ടും എവിടെനിന്നാണ് ഒന്നുണ്ടാകുന്നതെന്നു തെളിയുന്നതു്?

ശി:—രണ്ടിൽനിന്നുതന്നെ.

ഗു:—രണ്ടില്ലെങ്കിൽ എന്തായിരിക്കും?

ശി:—ഒന്നും ഇല്ലാത്തതു്.

ഗു:—ഒന്നും ഇല്ലാത്തതിന്നാണ് അദ്വൈതം എന്നു പറയുന്നതു്. അദ്വൈതം എന്നുവെച്ചാൽ ദ്വൈതരഹിതം. അതായതു് രണ്ടില്ലാത്തതു്. എന്നാൽ രണ്ടെന്നുള്ള അവസ്ഥ എവിടെനിന്നുണ്ടായെന്നുവെച്ചാൽ ആയതു തന്നിൽനിന്നാണ്. തന്റെ ശക്തിക്കു ചലനം ഉണ്ടായപ്പോൾ രണ്ടെന്നുള്ള അവസ്ഥയുണ്ടായി. താൻ അക്ഷരമാണ് അക്ഷരം ക്ഷരരഹിതം. അതായതു നാശമില്ലാത്തതു്. എന്തെന്നാൽ നാം കേൾക്കുന്നതും, കാണുന്നതും, അറിയുന്നതും എന്നുവേണ്ട യാതൊരു വസ്തുവിന്നു് ആദ്യന്തമുണ്ടോ ആ വസ്തു നശിച്ചുപോകുന്നതും, യാതൊരു വസ്തുവിന്നു് ആദ്യന്തമില്ലാതിരിക്കുന്നുവോ ആ വസ്തു നശിക്കാത്തതും ആകുന്നു. ആ വസ്തുവാണ് ഈശ്വരൻ. അപ്പോൾ ഈശ്വരനായി, താനായി, ആദ്യന്തവിഹീനമായി, അക്ഷരമായി

ഇരിക്കുന്നതിൽനിന്നു് ഒഴിവു എന്ന ആകാശം ഉണ്ടായി. ആ ആകാശത്തിൽ താൻതന്നെ ശക്തിയായി ചലിക്കുകയും, അപ്പോൾ അതിൽനിന്നു് എല്ലാ അവസ്ഥകളും ഉത്ഭവിക്കുകയും ചെയ്തു. എപ്പോൾ താൻ ഒഴിവായിരിക്കുന്ന ആകാശമായി, ശക്തിയായി, ചലിക്കുവാൻ തുടങ്ങിയോ അപ്പോൾമുതൽ അതു രണ്ടായി. അതിന്നാണ് ബ്രഹ്മം എന്നും മായ എന്നും പറയുന്നതു്.

ശി:—അല്ലയോ ഗുരോ! നാശരഹിതമായ വസ്തുവിൽനിന്നാണു് ബ്രഹ്മമെന്നും മായയെന്നും രണ്ടവസ്ഥകൾ ഉണ്ടായതെന്നു് അരുളിചെയ്തുവല്ലോ. ആയതു വ്യക്തമായിത്തന്നെ അരുളിച്ചെയ്തു കേൾപ്പാൻ ആഗ്രഹിക്കുന്നു.

ഗു:—ആദ്യന്തവിഹീനമായി, നാശരഹിതമായിരിക്കുന്ന വസ്തു എപ്പോൾ ആകാശമായി ഭവിക്കുന്നുവോ, അപ്പോൾ ഉപരിയെന്നും കീഴെന്നും രണ്ടവസ്ഥകളുണ്ടായി. ആയതു്, ഉപരിയായ വസ്തു ബ്രഹ്മവും, കീഴായ വസ്തു മായയും ആണു്. മായയിങ്കൽനിന്നാണു് എല്ലാം ഉത്ഭവിച്ചിട്ടുള്ളതു്. നാം എന്തൊന്നു കേൾക്കുന്നുവോ, കാണുന്നുവോ, അറിയുന്നുവോ, അവയെല്ലാം മായയിങ്കൽ ഇരിക്കുന്നു. മായയില്ലെങ്കിൽ യാതൊരു വസ്തുവും ഇല്ല. മായയില്ലെങ്കിൽ ബ്രഹ്മമെന്ന ഒരവസ്ഥയുമില്ല. അതെന്തുകൊണ്ടെന്നാൽ, ബ്രഹ്മമായി താനായിരിക്കുന്ന വസ്തുവിന്നാണു് ചലനംതട്ടിയതു്. ആ ചലനത്തിന്നാണു് മായ എന്നു പറയുന്നതു്. മായയായിരിക്കുന്ന തന്റെ ശക്തി എപ്പോൾ തന്നിൽ ലയിക്കുന്നുവോ അപ്പോൾ യാതൊന്നും ഇല്ല. ബ്രഹ്മം എന്ന ഒരവസ്ഥയും ഇല്ല. തനിക്കു ചലനം തട്ടിയപ്പോഴാണു് ബ്രഹ്മം എന്ന അവസ്ഥയുണ്ടായതു്. അതു ഭ്രമമാണു്. എപ്പോൾ ഭ്രമമായ ചലനം തന്നിൽ ഒതുങ്ങുന്നുവോ അപ്പോൾ ആദ്യന്തവിഹീനമായി, ശബ്ദാതീതമായി, അഗോചരമായി, ശൂന്യപദവിയായ ആനന്ദം ഉണ്ടാകുന്നു. ആ അവസരത്തിൽ ബ്രഹ്മം എന്ന അവസ്ഥയില്ല. ശബ്ദാദികളായ എല്ലാ അവസ്ഥകളും ഉണ്ടാകുന്നതു മായയിൽനിന്നാണു്. മായ എന്നുവെച്ചാൽ യാതൊന്നു് ഇല്ലാത്തതോ അതുതന്നെ. ഈ കാണുന്ന ചരാചര

ങ്ങൾ അല്ല. എന്നാൽ ലോകത്തിൽ മായയെന്നു പറഞ്ഞുവരുന്നതു് ഈ കാണുന്ന ചരാചരങ്ങൾക്കാണ്. അതു ശരിയല്ല. മായയിങ്കലാണ് എല്ലാം സ്ഥിതിചെയ്യുന്നതു് ഇതിനെല്ലാം അടിസ്ഥാനം മായയാണ്. മായയില്ലെങ്കിൽ യാതൊന്നും ഇല്ല. അതു് ഏതുപ്രകാരമെന്നുവെച്ചാൽ, ഇതാ! നോക്കുവിൻ! ഒരു വിളക്ക്. ഈ വിളക്ക് ഉണ്ടാക്കുകയും, ഇവിടെ കൊണ്ടുവരുകയും, എടുത്തുകൊണ്ടുപോവുകയും, അഴിക്കുകയും, തുടക്കുകയും മററും നാം ചെയ്യുന്നു. ഈ പ്രകാരം ചെയ്യുന്നതിന്നു് അടിസ്ഥാനമായിരിക്കുന്ന വസ്തു ഭൂമിയാണ്. ഭൂമിയില്ലെങ്കിൽ ഇതുണ്ടാക്കുവാനോ, കൊണ്ടുവരുവാനോ, അഴിക്കുവാനോ, തുടക്കുവാനോ, യാതൊന്നും സാധിക്കുന്നതല്ല. എന്നാൽ ഈ വിളക്കിന്നു ഭൂമിയെന്നു പറയുവാൻ പാടില്ല ഭൂമിക്കു ഭൂമിയെന്നും, വിളക്കിന്നു വിളക്കെന്നും തന്നേയാണു പേർ. എന്നാൽ മേൽപ്രകാരം പ്രവൃത്തിപ്പാൻ അടിസ്ഥാനം ഭൂമിയാകുന്നു. ഇതേപ്രകാരംതന്നെ, എന്തൊന്നുണ്ടാവുവാനോ, ഉണ്ടാക്കുവാനോ, നശിപ്പാനോ, നശിപ്പിക്കുവാനോ, കേൾപ്പാനോ, കാണ്മാനോ, അറിയുവാനോ എല്ലാം അടിസ്ഥാനം മായയാണ്. മായയില്ലെങ്കിൽ മേല്പറഞ്ഞ യാതൊരവസ്ഥയും ഉണ്ടാകുവാൻ തരമില്ല. അതിനാൽ ഈ കാണുന്ന ചരാചരങ്ങളെല്ലാം മായയിങ്കലാണിരിക്കുന്നതു്. ഇതിൻെറ അടിസ്ഥാനമാണ് മായ. ഈ കാണുന്നതൊന്നും മായയല്ല. മായ എന്നതു യാതൊന്നു ഇല്ലാതെയാവുന്നതോ അതുതന്നെയാണ്. അതായതു യാതൊന്ന് എന്നതു നിത്യമായിട്ടുള്ളതു്. ആ നിത്യമായ വസ്തു അറിവാണ്. അറിവ് എന്നതു ജ്ഞാനമാണ്. അതാണ് ബോധം. ആ ബോധമാണ് വിദ്യ. ആ വിദ്യയാണ് അക്ഷരം. ആ അക്ഷരമാണ് താൻ. അപ്പോൾ താനായും, അക്ഷരമായും, വിദ്യയായും, ബോധമായും, ജ്ഞാനമായും, അറിവായും, നിത്യമായും ഉള്ളതു് ഇല്ലാതെയാകുന്നതിന്നു മായ എന്നു പേർ. മായ എന്നതു അനിത്യമായി, അറിവില്ലാതെയായി, അജ്ഞാനമായി, ബോധമില്ലാതെയായി, വിദ്യയില്ലാതെയായി, അക്ഷരമില്ലാതെയായി, താൻ ഇല്ലാതെയായിത്തീരുന്ന അവസ്ഥയാണ്. അതെങ്ങിനെയെന്നാൽ നമുക്കിപ്പോൾ അറിവുണ്ടോ ഇല്ലയോ?

ശി:—അറിവുണ്ട്.

ഗു:—ആ അറിവെന്നു പറയുന്നത് എന്തെന്നു നിങ്ങൾക്കു പറയുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അറിവെന്നതു നാം കേൾക്കുന്നതോ, കാണുന്നതോ, അറിയുന്നതോ അല്ല എന്നാൽ ഈ കേൾക്കുന്നതും കാണുന്നതും അറിയുന്നതും ആയ എല്ലാ അവസ്ഥകളും താനായി അറിവായിരിക്കുന്ന വസ്തു തന്നിൽനിന്നു വെളിയിൽ വ്യാപിക്കുമ്പോൾ അതിൽ പ്രതിബിംബമായും, പ്രതിധ്വനിയായും കേൾക്കുകയും കാണുകയും അറിയുകയും ചെയ്യുന്നതാണ്. എന്നാൽ അറിവ് എന്ന വസ്തു നമ്മളിൽ ഇല്ലെങ്കിൽ നമുക്കു യാതൊന്നും അറിയുവാനോ, കേൾക്കുവാനോ, കാണുവാനോ സാധിക്കുന്നതല്ല. അതു് എതു പ്രകാരമെന്നാൽ ഒരാൾ ചത്തുപോയി. ചത്തപ്പോൾ ശവമായി. ആ ശവത്തിന്നു വല്ലതും അറിയുവാനോ, കേൾക്കുവാനോ, കാണുവാനോ സാധിക്കുമോ?

ശി:—ഇല്ല

ഗു:—അതു് എന്തുകൊണ്ട്?

ശി:—ചത്തുപോയതുകൊണ്ട്.

ഗു:—ചത്തപ്പോൾ അതിൽ എന്തുണ്ടായിരുന്നില്ല?

ശി:—അറിവുണ്ടായിരുന്നില്ല.

ഗു:—അറിവില്ലാതിരിപ്പാൻ കാരണമെന്ത്?

ശി:—ജീവനില്ലാത്തതുകൊണ്ട്.

ഗു:—ജീവൻ ഇല്ലെന്നു എങ്ങിനെ തീർച്ചപ്പെടുത്തി?

ശി:—യാതൊരു ഇളക്കവും ചേഷ്ടയും ഇല്ലാത്തതുകൊണ്ട്.

ഗു:—ഒരാൾ ഉറങ്ങുന്ന സമയത്തിൽ അയാൾക്കു വല്ല ഇളക്കവും ചേഷ്ടയും ഉണ്ടോ?

ശി:—ഇല്ല

ഗു:—അപ്പോൾ അയാൾ ചത്തുപോയി എന്നു പറയുന്നുണ്ടോ?

ശി:—ഇല്ല.

ഗു:—എന്തുകൊണ്ട്?

ശി:—ആ ആൾക്കു ജീവൻ ഉള്ളതുകൊണ്ട്.

Since 1923

ഗു:—ആ ആൾക്ക് അപ്പോൾ ജീവനുണ്ടെന്ന് എന്തുകൊണ്ടു തീർച്ചപ്പെടുത്തി?

ശി:—ആ ആൾ ശ്വാസോച്ഛ്വാസം ചെയ്യുന്നതുകൊണ്ട്.

ഗു:—ചത്തുപോയി എന്നു തീർച്ചപ്പെടുന്നതെങ്ങിനെയാണ്?

ശി:—ശ്വാസഗതിയില്ലാത്തതുകൊണ്ട്.

ഗു:—അതിനാൽ ജീവന്റെ ശക്തിയായിരിക്കുന്ന വായു നമ്മിലുള്ളപ്പോൾ മാത്രമേ നമുക്ക് അറിവുള്ളു. നമ്മിലുള്ള ജീവശക്തിയായിരിക്കുന്ന വായു തീരെ ഇല്ലാതെയായാൽ നമുക്കു യാതൊരറിവുമില്ല. അതേതുപ്രകാരമെന്നാൽ, ഒരാൾ ചത്തുപോകുന്ന സമയത്തിൽ ഊർദ്ധ്വൻ വലിച്ചു ഭ്രൂമദ്ധ്യത്തിനുതാഴെയായി അല്പം ജീവൻമാത്രം ഉള്ളപ്പോൾ കണ്ണുകൊണ്ടും മുഖംകൊണ്ടും ഗോഷ്ടികാണിക്കുന്നു. ബാക്കി യാതൊരവയവങ്ങളും ഇളക്കികൂടാ. ആ ജീവശക്തിയായ വായു പുറത്തുപോയാൽ ആ ശവം യാതൊരു ഗോഷ്ടിയോ, ഇളക്കമോ കൂടാതെ, ഒരു മരക്കഷണത്തിനു തുല്യമായി, അങ്ങോട്ടുമിങ്ങോട്ടും ഉരുട്ടിയാൽ ഉരുളുകയും, തീയിൽവെച്ചാൽ കത്തിപ്പോവുകയും ചെയ്യുന്നു. അപ്പോൾ അതിനു യാതൊരു അറിവുമില്ല. അതിനു കാരണം എന്താണ്?

ശി:—അതിനു ജീവശക്തിയായ വായു ഇല്ലാത്തതുകൊണ്ട്.

ഗു:—കൂടാതെ ഒരാൾ ഉറങ്ങിക്കിടക്കുന്ന സമയം അയാളിൽ വായു ഗതാഗതം ചെയ്യുന്നുണ്ടോ?

ശി:—ഉണ്ട്.

ഗു:—അയാളെ ഉരുട്ടിവിളിച്ചാലോ?

ശി:—അറിയും.

ഗു:—അതിനു കാരണമെന്ത്?

ശി:—അവനുള്ളിൽ വായു ഗതാഗതം ചെയ്യുന്നതുകൊണ്ട്.

ഗു:—ഒരു ശവത്തിൽ വായു ഗതാഗതം ചെയ്യുന്നുണ്ടോ?

ശി:—ഇല്ല.

ഗു:—ആ ശവത്തെ ഉരുട്ടിവിളിച്ചാലോ, തീയിൽ വെച്ചാലോ അറിയുന്നുണ്ടോ?

ശി:—അറിയുന്നില്ല.

Since 1923

ഗു:—അതെന്തുകൊണ്ടു്?

ശി:—അതിൽ വായു ഗതാഗതം ചെയ്യാത്തതുകൊണ്ടു്.

ഗു:—അപ്പോൾ അറിവായിരിക്കുന്ന വസ്തു ഏതാണു്?

ശി:—ജീവശക്തിയായ വായുവാണു്.

ഗു:—കൂടാതെ, നിങ്ങൾ അഞ്ചാറുദിവസംമുമ്പു ഒരു കാൎയ്യം ആലോചിച്ചുവെച്ചിരുന്നു. ആ കാൎയ്യം നിങ്ങളോടു ഓൎമ്മവിട്ടു പോയിരിക്കുന്നു അതിനെപ്പററി വീണ്ടും ഓൎമ്മവരേണമെങ്കിൽ നിങ്ങളെന്തു ചെയ്യണം?

ശി:—അതിനെപ്പററി ആലോചിക്കണം.

ഗു:—അതിനെപ്പററി നിങ്ങൾ ആലോചിക്കുന്ന സമയത്തു നിങ്ങളുടെ ഗതി നിങ്ങളിൽതന്നെ ഒതുങ്ങുകയോ പുറത്തേക്കു പോകുകയോ ചെയ്യുന്നതു്?

ശി:—അതു് പുറത്തേക്കു പോകാതെ എന്നുള്ളിൽതന്നെ അടങ്ങുന്നു.

ഗു:—അപ്രകാരം കഠിനമായി ആലോചിച്ചുകൊണ്ടിരിക്കുന്ന സമയത്തു് നിങ്ങളുടെ മുന്നിൽക്കൂടി ഒരാൾ പോകുന്നതായാൽ നിങ്ങൾ അയാളെ കാണുകയോ, അറികയോ, ചെയ്യുന്നുണ്ടോ?

ശി:—ഇല്ല

ഗു:—അതെന്തുകൊണ്ടു്?

ശി:—അതു് എന്റെ ആ സമയത്തെ ആലോചന മറെറാന്നിലും പോകാതെ എന്നിൽതന്നെ അടങ്ങിയതുകൊണ്ടു്.

ഗു:—എന്നാൽ നിങ്ങളും മറെറാരാളുംകൂടി ഒരു വൎത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നു. ആ സമയം നിങ്ങളുടെ മുന്നിൽക്കൂടി ഒരാൾ പോയാൽ നിങ്ങൾ അയാളെ കാണുകയോ, അറിയുകയോ ചെയ്യുന്നുണ്ടോ?

ശി:—ഉണ്ടു്.

ഗു:—അതിന്നു കാരണമെന്തു്? നിങ്ങളുടെ ആലോചന ആ വൎത്തമാനത്തിൽ അല്ലാതിരുന്നുവോ?.

ശി:—അതിൽതന്നെയായിരുന്നു. പക്ഷെ എന്റെ മനസ്സു പുറത്തേക്കു വ്യാപിച്ചിരുന്നു. മുൻപറഞ്ഞ ആലോചനാസമയത്തു എന്റെ മനസ്സ് എന്നിൽതന്നെ നിൎത്തി ആലോചിച്ചതായി

രുന്നു. അതുകൊണ്ടു മുമ്പിൽകൂടി പോയിരുന്ന ആളെ ഞാൻ കാണുകയോ അറിയുകയോ ചെയ്തിരുന്നില്ല.

ഗു:—ആ മനസ്സു പുറത്തേക്കു വ്യാപിക്കാതെ അപ്പോൾ നിങ്ങളിൽ ഒതുങ്ങുവാൻ കാരണമെന്തു്?

ശി:—എന്റെ മനസ്സും ഒന്നിൽതന്നെ ഗാഢമായി ആലോചിച്ചതുകൊണ്ടു് അടങ്ങിയതാണു്.

ഗു:—അതു് ഏതുപ്രകാരം നിങ്ങളിൽ അടങ്ങുന്നു? അടങ്ങുവാൻ കാരണമെന്തു്? പറയുവാൻ സാധിക്കുമോ?

ശി:—മുൻപറഞ്ഞവിധമല്ലാതെ മറെറാരുവിധമാണെന്നു ഞാനറിയുന്നില്ല.

ഗു:—എന്നാൽ നിങ്ങളുടെ ആലോചനസമയത്തു്, "എന്റെ ഗതി എന്നിൽതന്നെ അടങ്ങുന്നുവെന്നും പുറത്തേക്കു പോകുന്നില്ല" എന്നും നിങ്ങൾതന്നെ പറഞ്ഞുവല്ലോ? ആ ഗതി എന്നു പറഞ്ഞതു ജീവശക്തിയായ വായുവാണു്. ആ ജീവശക്തി പുറത്തേക്കു വരുന്നതിന്നു വായുവെന്നു പേർ. വായുവെന്നതു ചലിക്കുന്നതു് എന്നാണു്. ആ ചലനത്തിൽനിന്നാണു് വിചാരം ഉണ്ടായതു്. വിചാരത്തിന്റെ കർത്താവു മനസ്സാണു്. ആ ചലനമായിരിക്കുന്ന വസ്തു നിങ്ങളിൽ ഒതുങ്ങി. അപ്പോൾ നിങ്ങളുടെ മനസ്സും നിങ്ങളിൽ ഒതുങ്ങി. അതുകൊണ്ടാണു് നിങ്ങൾക്കു മറെറാന്നിനെ കാണ്മാനും, അറിവാനും സാധിക്കാതെ വന്നതു്. അപ്പോൾ തന്നിൽനിന്നു പുറത്തേക്കു വ്യാപിച്ചുകൊണ്ടിരിക്കുന്ന ശക്തിക്കാണു് വായുവെന്നു പറയുന്നതു്. അതു തന്നിൽനിന്നു പുറത്തേക്കു പോകാതെ തന്നുള്ളിൽകൂടി ഗതാഗതംചെയ്തു ബ്രഹ്മരന്ധ്രത്തോടു മുട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിക്കാണു് സമീരണൻ എന്നു പേർ. സമീരണനെന്നാൽ ബ്രഹ്മരന്ധ്രത്തോടു് ഈരണംചെയ്യുന്നതു്; അതായതു, മുട്ടിക്കൊണ്ടിരിക്കുന്നതു്. ബ്രഹ്മം എന്നുവെച്ചാൽ നിത്യമായിരിക്കുന്ന വസ്തു. ആ വസ്തുവോടു തൊട്ടു വേറിടാതെ മുട്ടിക്കൊണ്ടിരിക്കുന്ന ഗതി ഈരണം. ഇപ്രകാരമുള്ള ഗതി, അതായതു തന്റെ ഉള്ളിൽകൂടി മേൽകീഴു് നടന്നു പുറമെ വിട്ടുപോ

Since1923

കാതെ ബ്രഹ്മരന്ധ്റത്തോടു മുട്ടിക്കൊണ്ടിരിക്കുന്നതിന്നു സമീരണൻ എന്നും, അപ്രകാരമല്ലാതെ പുറത്തേക്കു ചലിക്കുന്ന ഗതിക്കു വായുവെന്നും പേർ. അതിനാൽ എപ്പോഴാം തൻെറ ശക്തി തന്നിൽ ലയിക്കുന്നുവോ ആ സമയം മററൊന്നിനേയും അറിയുന്നില്ലെന്നു നമുക്കു ദൃഷ്ടാന്തമാവുകയും, തൻെറ ചലനത്തിൽനിന്നാണ് തനിക്കു എല്ലാ അവസ്ഥകളുമുണ്ടാകുന്നതെന്നു വെളിവാകുകയും ചെയ്യുന്നു. കൂടാതെ, തൻെറ ചലനം തന്നിൽ ഒതുങ്ങി ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് നമുക്കു ഉണൎവ്വുണ്ടായതു്. അതായതു് ആലോചിക്കുന്ന കാൎയ്യം ഓൎമ്മ വന്നതു്. അപ്പോഴാം ഉണൎവ്വാകുന്ന ഓൎമ്മ എവിടെനിന്നാണുണ്ടാകുന്നതെന്നാൽ പ്രകാശത്തിൽനിന്നാണ്. പ്രകാശം അഗ്നിയിൽനിന്നാണുണ്ടാകുന്നതു്. അഗ്നിയുണ്ടാകുന്നതു വായുവിൽനിന്നാണ്. അപ്പോഴാം വായുവായി, അഗ്നിയായി, പ്രകാശമായി, അറിവായിരിക്കുന്ന ജീവശക്തി തന്നിൽനിന്നുതന്നെ ഒതുങ്ങിയപ്പോഴാണ് നമുക്കു് ഉണൎവ്വുണ്ടായതു്. അപ്പോഴാം അറിവായിരിക്കുന്ന വസ്തു എന്താണ്?

ശി:—ജീവശക്തിയാണ്.

ഗു:—അറിവായി ജീവശക്തിയായിരിക്കുന്ന വസ്തു ചലിച്ചു വായുവായി നമ്മുടെ ഉള്ളിൽനിന്നു പുറത്തേക്കു പോയിക്കൊണ്ടിരിക്കുന്നതിന്നാണ് മായയെന്നു പറയുന്നതു്. ഇതാണ് യാതൊന്നില്ലാത്തതാകുന്നുവോ അതു മായ എന്നു പറയുവാൻ കാരണം. യാതൊന്നു് എന്നാൽ അറിവു്. ആ അറിവു വായുരൂപേണ വെളിയിൽപോയി നശിച്ചുകൊണ്ടിരിക്കുന്നതിന്നു മായ എന്നു പേർ. ഇതാണ് തൻെറ മായയെന്നും, തന്നിൽനിന്നുത്ഭവിച്ചുവെന്നും പറയുവാൻ കാരണം. താൻ എന്നുവെച്ചാൽ ആരാണെന്നാണ് നിങ്ങഠം ധരിച്ചിട്ടുള്ളതു്?

ശി:—താൻ എന്നുവെച്ചാൽ അവനവൻ തന്നെയാണ്.

ഗു:—അപ്പോഴാം മായയുടെ ഉത്ഭവം എവിടെനിന്നാണ്?

ശി:—അവനവനിൽനിന്നു്.

ഗു:—അതിനാൽ മായ എന്നതു് ഇപ്രകാരം ഉത്ഭവിച്ചതാണ്. അതിന്നുശേഷമാണ് മനസ്സിൻെറ ഉത്ഭവം. ആ മനസ്സാണ് ഗുരു.

Since1923

# രണ്ടാം അദ്ധ്യായം.

ശി:—ഗുരോ! ലോകം മുഴുവനും അവനവന്റെ മനസ്സാണെന്നും മനസ്സുതന്നെ ഗുരു എന്നും കല്പിച്ചുവല്ലോ. അങ്ങിനെയാണെങ്കിൽ ലോകമേ ഗുരുവാകുന്നതല്ലെ.?

ഗു:—അതെ. പക്ഷെ, അതു നിങ്ങൾ ധരിച്ച പ്രകാരത്തിലല്ല. അതു് എങ്ങിനെയെന്നാൽ, മുൻ അദ്ധ്യായത്തിൽ വിവരിച്ച മായയിൽനിന്നു രണ്ടവസ്ഥകൾ ഉത്ഭവിക്കുന്നുണ്ടു്. അതായതു് ഒന്നാമതു കാരണവും രണ്ടാമതു കാര്യവും. ഇപ്രകാരം രണ്ടവസ്ഥകൾ കൂടുമ്പോൾ മാത്രമേ ലോകം ഉണ്ടാകുന്നുള്ളു. അതിനാൽ കാര്യം എന്തെന്നും, കാരണം എന്തെന്നും നാം അറിയണം. എന്നാൽ കാര്യമെന്നതു് എന്തെങ്കിലും അനുഭവത്തിലോ ഫലത്തിലോ വരുന്നതും എന്തെങ്കിലും കിട്ടുന്നതും ആകുന്നു. അതു് ഏതുപ്രകാരത്തിൽ വരുന്നുവോ, എന്തുപ്രകാരത്തിൽ കിട്ടുന്നുവോ, അതുകൾക്കുള്ള യത്നം ഏതോ, അതു കാരണവും ആകുന്നു.

ശി:—സ്വാമി! ലോകമില്ലെങ്കിൽ ഈ രണ്ടവസ്ഥകളും ഉണ്ടാകുമോ?

ഗു:—ലോകം എന്നതു് ഏതുപ്രകാരത്തിൽ ഇരിക്കുന്നതെന്നു നിങ്ങൾക്കു് അറിയാമോ?

ശി:—ഇല്ല

ഗു:—എന്നാൽ ലോകം എന്നതു മൂന്നവസ്ഥകളാണു്. അതായതു കേൾക്കുന്നതു്, കാണുന്നതു്, അറിയുന്നതു്. ഇതല്ലാതെ വേറെ യാതൊന്നും ഇല്ല. എങ്ങിനെയെന്നാൽ കേൾക്കുന്നതിന്നും, കാണുന്നതിന്നും, അറിയുന്നതിന്നും പുറമെ ലോകം എന്ന അവസ്ഥ ഉണ്ടോ?

ശി:—ഇല്ല.

ഗു:—അതുകൊണ്ടു് ഈ മൂന്നവസ്ഥകളാണു് ലോകം. ഈ മൂന്നവസ്ഥകളും നമുക്കു് എന്താകുന്നു; കാര്യമോ, കാരണമോ?

ശി:—കാര്യമാകുന്നു.

ഗു:—അപ്പോൾ ലോകം എന്താകുന്നു?

Since 1923

ശി:—കാൎയ്യമാകുന്നു.

ഗു:—എന്നാൽ ലോകത്തെ കേൾപ്പാനോ, കാണ്മാനോ, അറിയുവാനോ നമുക്ക് എന്താണ് വേണ്ടതു്?

ശി:—മനസ്സുണ്ടായിരിക്കണം.

ഗു:—മനസ്സില്ലെങ്കിൽ എന്തെങ്കിലും കേൾക്കുന്നതിന്നോ, കാണുന്നതിന്നോ, അറിയുന്നതിന്നോ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതിനാൽ ഇതെല്ലാം കേൾക്കുന്നതിന്നോ, കാണുന്നതിന്നോ, അറിയുന്നതിന്നോ കാരണം എന്താണ്?

ശി:—മനസ്സ്.

ഗു:—അപ്പോൾ മനസ്സു കാരണവും ബാക്കിയെല്ലാം കാൎയ്യവുമാണ്. അതേതുപ്രകാരത്തിലെന്നുവെച്ചാൽ, നിങ്ങൾക്ക് ഇപ്പോൾ അടിയന്തരമായി പത്തുറുപ്പിക ആവശ്യമുണ്ട്. തല്ക്കാലം നിങ്ങളുടെ കൈവശത്തിലില്ല. നിങ്ങളുടെ സ്നേഹിതനായ വേറെയൊരാൾ പക്കലുണ്ടെന്ന് അറിയുകയുംചെയ്തു. അദ്ദേഹത്തിന്റെ കൈവശത്തിൽനിന്ന് നിങ്ങൾക്കാവശ്യമുള്ള പണം കിട്ടേണമെങ്കിൽ നിങ്ങൾ എന്തു ചെയ്യണം?

ശി:—അദ്ദേഹത്തോടു ചോദിക്കണം.

ഗു:—ചോദിച്ചപ്പോൾ കിട്ടി. അദ്ദേഹത്തിന്റെ പക്കൽനിന്നു കിട്ടിയപ്പോൾ അതു കാൎയ്യമോ, കാരണമോ?

ശി:—കാൎയ്യമായി.

ഗു:—അതിന്നു കാരണമെന്താണ്?

ശി:—കിട്ടുവാൻവേണ്ടിയുള്ള ചോദ്യം.

ഗു:—അപ്പോൾ എന്തൊന്നു നമുക്കു ലഭിക്കുന്നുവോ അതു കാൎയ്യവും, ലഭിക്കുവാൻവേണ്ടിയുള്ള യത്നം എന്തോ അതു കാരണവും ആയി എന്നു വരുന്നു. അപ്പോൾ ആ യത്നം എന്തായിരുന്നു.

ശി:—ചോദ്യമായിരുന്നു.

ഗു:—ആ ചോദ്യം എവിടെനിന്നുണ്ടായി?

ശി:—മനസ്സിൽനിന്നു്.

ഗു:—അപ്പോൾ കാരണം ഏതാണ്?

ശി:—മനസ്സ്.

ഗു:—അതിനാൽ കാരണം എന്നതു് അവനവൻെറ മനസ്സും കാര്യം എന്നതു ലോകവും ആകുന്നു. ലോകം എന്നതു സർവ്വ ചരാചരങ്ങളും അടങ്ങിയതു്. അതായതു്, ബ്രഹ്മാവുമുതൽ ഉറമ്പുവരേയും ആകുന്നു. അങ്ങനെയിരിക്കെ ബ്രഹ്മാവു് എന്നൊരാൾ ഉണ്ടെന്നു് നിങ്ങൾ ധരിച്ചിട്ടുണ്ടല്ലോ? ബ്രഹ്മാവു വന്നു നിങ്ങൾക്കു് ഒരു ഉപദേശംതരുന്നു ആയതു നിങ്ങൾ പ്രവർത്തിച്ചില്ല എന്നാൽ ഫലം കിട്ടുമോ?

ശി:—കിട്ടുകയില്ല.

ഗു:—ഉറമ്പു ഒരു ഉപദേശം തരുന്നു. ആയതു പ്രവർത്തിച്ചില്ലെങ്കിൽ ഫലം കിട്ടുമോ?

ശി:—കിട്ടുകയില്ല.

ഗു:—ബ്രഹ്മാവുതന്ന ഉപദേശത്തെ നിങ്ങൾ ശരിയായി പ്രവർത്തിച്ചുവെന്നാലോ?

ശി:—അതിൻെറയും ഫലം കിട്ടും.

ഗു:—ഉറമ്പുതന്ന ഉപദേശത്തേയും ശരിയായി പ്രവർത്തിച്ചുവെന്നാലോ?

ശി:—അതിൻെറ ഫലം കിട്ടും.

ഗു:—അപ്പോൾ ബ്രഹ്മാവിനേയും, ഉറമ്പിനേയും വ്യത്യാസമായി കരുതുവാൻ പാടുണ്ടോ?

ശി:—പാടില്ല

ഗു:—അതെന്തുകൊണ്ടെന്നുവെച്ചാൽ ബ്രഹ്മാവുതന്ന ഉപദേശമാണ്, വലിയവരാണ്, സൃഷ്ടികർത്താവാണ്, എന്നു വിചാരിച്ചു പ്രവർത്തിക്കാതിരുന്നാൽ ഫലം കിട്ടുന്നില്ല. ഉറമ്പുതന്ന ഉപദേശമാണ്, നിസ്സാരജീവിയാണ്, ചെറുജീവിയാണ് എന്നു വിചാരിച്ചിട്ടും ശരിയായി പ്രവർത്തിച്ചിട്ടു ഫലം കിട്ടാതെയും വരുന്നില്ല. അതുകൊണ്ടാണു ബ്രഹ്മാവും ഉറമ്പും വ്യത്യാസമില്ലെന്നു പറയുവാൻ കാരണം എന്നാൽ നമുക്കു ഫലം കിട്ടുന്നതു് എവിടെനിന്നാണ്?

ശി:__നമ്മുടെ പ്രവൃത്തിയിൽനിന്ന്.

ഗു:__പ്രവൃത്തി എവിടെനിന്നുണ്ടാകുന്നു?

ശി:__മനസ്സിൽനിന്ന്.

ഗു:__അപ്രകാരമുള്ള മനസ്സില്ലെങ്കിൽ പ്രവൃത്തിയോ, ബ്രഹ്മാവോ ഉദമ്പോ, ലോകമോ, വല്ലതും ഉണ്ടാകുമോ?

ശി:__ഇല്ല.

ഗു:__അതുകൊണ്ടാണ ബന്ധമോക്ഷത്തിന്നു മനസ്സാണ് കാരണമെന്നും, ഗുരുശിഷ്യൻ എന്ന അവസ്ഥ ഇല്ലെന്നും പറയുവാൻ കാരണം. അവനവന്ന് അവനവന്റെ മനസ്സാണ ഗുരു. ആ മനസ്സാകുന്ന ഗുരുവിന്റെ സ്ഥാനം എവിടെയാണ്? പറയുവിൻ.

ശി:__അത് എന്റെ ഹൃദയത്തിലാണ്.

ഗു:__ഹൃദയം എന്നു പറയുന്ന സ്ഥലം തൊട്ടുകാണിക്കുവിൻ.

ശി:__ഇതാ, എന്റെ നെഞ്ഞത്തുള്ള രണ്ടു മൂലകളുടെ മദ്ധ്യത്തിൽ സ്വല്പം കുഴിഞ്ഞു കാണുന്ന നെഞ്ചുകുഴിയാണ്.

ഗു:__ഇത് ഒരിക്കലും ഹൃദയമല്ല. ഹൃദയം എന്നു പറഞ്ഞതു മനസ്സിന്റെ സ്ഥാനമല്ലെ?

ശി:__അതെ.

ഗു:__എന്നാൽ മനസ്സില്ലെങ്കിൽ എന്തെങ്കിലും ഒരു സൃഷ്ടി ഉണ്ടാകുമോ?

ശി:__ഉണ്ടാകയില്ല.

ഗു:__എന്നാൽ ഇന്നു പ്രസവിച്ചുവീണ ഒരു കുട്ടിക്കു മനസ്സുണ്ടോ, ഇല്ലയോ?

ശി:__ഉണ്ട്.

ഗു:__അതു കരയുകയും പാൽ കുടിക്കുകയും ചെയ്യുന്നില്ലെ?

ശി:__ചെയ്യുന്നുണ്ട്.

ഗു:__എന്നാൽ ആ കുട്ടി ഉറങ്ങുമ്പോൾ കരയുകയോ പാൽ കുടിക്കുകയോ ചെയ്യുന്നുണ്ടോ?

ശി:__ഇല്ല.

ഗു:__എന്തുകൊണ്ട്?

Since 1923

ശി:—അപ്പോഠം അതിന്നു യാതൊരു സ്മരണയും ഇല്ല.

ഗു:—അതു് എന്തു കാരണം? അപ്പോഠം അതിൽ എന്തില്ല.

ശി:—അപ്പോഠം അതിൽ ഒന്നും ഇല്ല.

ഗു:—അതെങ്ങിനെ? അതിൽ ഒന്നും ഇല്ലെന്നു പറയുവാൻ പാടു ണ്ടോ? ഒന്നും ഇല്ലെന്നു പറഞ്ഞാൽ ശവമല്ലെ? അതിനാൽ അതിൽ എന്തുണ്ടു്?

ശി:—ജീവൻ ഇരിക്കുന്നു.

ഗു:—എന്നാൽ ജീവൻ മാത്രം ഇരിക്കുമ്പോഠം ഈ വക യാതൊ ന്നും കേഠംക്കുവാനോ, കാണ്മവാനോ, അറിയുവാനോ സാധി ക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—ജീവന്നു വല്ലതും കേഠംക്കുവാനോ, കാണ്മവാനോ, അറിയു വാനോ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അപ്പോഠം കേഠംക്കുവാനോ, കാണ്മവാനോ, അറിയുവാനോ എന്തുണ്ടായിരിക്കണം?

ശി:—മനസ്സുണ്ടായിരിക്കണം.

ഗു:—മനസ്സില്ലെങ്കിൽ വല്ലതും കേഠംക്കുവാനോ, കാണ്മവാനോ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—എന്നാൽ ഉറങ്ങുമ്പോഠം മനസ്സുണ്ടായിരുന്നുവോ?

ശി:—ഉണ്ടായിരുന്നു. എന്നാൽ ഉറങ്ങുമ്പോഠം മനസ്സു് അടങ്ങി പ്പോയി.

ഗു:—എവിടെ അടങ്ങിപ്പോയി?

ശി:—അതിൻെറ ഉള്ളിൽ അടങ്ങിപ്പോയി.

ഗു:—എന്നാൽ അതിൻെറ ഉള്ളിൽ അടങ്ങുവാൻ എന്തുണ്ടായിരി ക്കണം?

ശി:—ജീവൻ ഉണ്ടായിരിക്കണം.

ഗു:—ജീവൻ ഇല്ലെങ്കിൽ മനസ്സുണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

Since 1923

ഗു:—അപ്പോൾ മനസ്സ് എവിടെനിന്നുണ്ടാകുന്നു?

ശി:—ജീവനിൽനിന്ന്.

ഗു:—എന്നാൽ ഉറങ്ങുമ്പോൾ മനസ്സു ജീവനിൽ കലങ്ങിലയിച്ചു മറ്റൊന്നും ഇല്ലാതായിപ്പോയി. അതെങ്ങിനെയെന്നാൽ, ഒരു പാത്രത്തിൽ കുറച്ചുവെള്ളം ഇവിടെ കൊണ്ടുവന്നുവെച്ചു, അതിൽ കുറച്ചു ഉപ്പിട്ടാൽ അതെന്തായിത്തീരുന്നു?

ശി:—ആ ഉപ്പു വെള്ളത്തിൽ കലങ്ങി അതിൽ ലയിച്ചുപോകുന്നു.

ഗു:—അതേപ്രകാരംതന്നെ നാം ഉറങ്ങുമ്പോൾ മനസ്സു ജീവനിൽ ലയിച്ചു, ജീവരൂപം മാത്രമായി മറ്റൊന്നും ഇല്ലാതായിത്തീരുന്നു. എന്നാൽ മനസ്സു ജീവനിൽ ലയിക്കുവാൻ കാരണം ഏതുപ്രകാരമെന്നാൽ ഉപ്പു വെള്ളത്തിൽ ലയിക്കുവാൻ കാരണമെന്തന്നറിയണം. എന്നാൽ ഉപ്പ് എവിടെനിന്നുണ്ടായി എന്ന് അറിഞ്ഞാൽ മാത്രമേ ഉപ്പ് വെള്ളത്തിൽ ലയിക്കുവാനുള്ള കാരണം അറിവാൻ സാധിക്കയുള്ളു. അതിനാൽ ഉപ്പ് എവിടെനിന്നുണ്ടായി?

ശി:—ഉപ്പു വെള്ളത്തിൽനിന്നുണ്ടായി.

ഗു:—അപ്പോൾ ഉപ്പിന്റെ സ്വന്തരൂപം ഏത്?

ശി:—ജലരൂപമായിരുന്നു.

ഗു:—എന്നാൽ ഉപ്പു വെള്ളത്തിൽനിന്നാണുണ്ടായത്. അതുകൊണ്ട് ഉപ്പിന്റെ സ്വതവേരൂപം ജലമാണ്. ആ ജലത്തിൽനിന്നുണ്ടായ ഉപ്പ്, താൻ ഉണ്ടായിരുന്നതിൽ ചേരുമ്പോൾ അതേരൂപമായി വേറെ രൂപമില്ലാതെ ആയിത്തീർന്നു. ഇതേപ്രകാരത്തിൽതന്നെ ജീവനിൽനിന്നാണ് മനസ്സുണ്ടായത്. ആ മനസ്സു താൻ ഉണ്ടായിരുന്ന ജീവനിൽ ചേർന്നപ്പോൾ ജീവനിൽ ലയിച്ചു വേറെ ഒന്നും ഇല്ലാതെയായി ജീവരൂപം മാത്രമായി തീരുന്നു. അതിനാലാണ് ഉറങ്ങുമ്പോൾ യാതൊന്നും കേൾക്കുവാനോ, കാണുവാനോ, അറിയുവാനോ സാധിക്കാതെ വന്നത്. എന്നാൽ ആ കുട്ടി ഉറക്കം തെളിഞ്ഞപ്പോൾ കരയുകയും പാൽ കുടിക്കയും ചെയ്യുന്നില്ലേ?

ശി:—ചെയ്യുന്നുണ്ട്.

Since 1923

ഗു:—അപ്പോൾ മനസ്സില്ലെങ്കിൽ കരയുവാനോ, പാൽ കുടിക്കുവാനോ സാധിക്കുമോ?

ശി:—ഇല്ല.

ഗു:—അതു കരയുകയും പാൽകുടിക്കുകയും ചെയ്യുന്നു. എന്നാൽ പാൽ എങ്ങിനെയുണ്ടാകുന്നുവെന്നും, അതു് എവിടെനിന്നു കിട്ടുന്നുവെന്നും ആലോചിക്കുന്നതിന്നു് ആ കുട്ടിക്കു സാദ്ധ്യമുണ്ടോ?

ശി:—സാദ്ധ്യമല്ല.

ഗു:—അതിന്നു കാരണമെന്തു്?

ശി:—അതിന്നു ശക്തിയില്ലാത്തതുകൊണ്ടു്.

ഗു:—അതിന്നു ശക്തിയില്ലെന്നു പറയുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ശക്തിയില്ലെങ്കിൽ അതിന്നു കരയുവാനോ, പാൽ കുടിക്കുവാനോ സാദ്ധ്യമാകുന്നതല്ല. അതുകൊണ്ടു് ആലോചന എവിടെനിന്നുണ്ടാകുന്നു?

ശി:—മനസ്സിൽനിന്നു്.

ഗു:—ആലോചിക്കുവാനെന്തുവേണം?

ശി:—മനസ്സുണ്ടായിരിക്കണം.

ഗു:—മനസ്സുണ്ടായാലും ആലോചിക്കുവാൻ സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ ആ കുട്ടി കരയുമ്പോഴും, പാൽ കുടിക്കുമ്പോഴും അതിന്നു മനസ്സില്ലയോ? അപ്പോൾ അതിന്നു് ആലോചിക്കുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതിന്നു കാരണം എന്തു്? സാധാരണയായി കുട്ടികൾക്കു് എന്തു് ഇല്ലെന്നാണു പറയുന്നതു്.

ശി:—ബുദ്ധിയില്ലെന്നു പറയുന്നു.

ഗു:—ബുദ്ധിയില്ലെങ്കിൽ ആലോചിക്കുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അപ്പോൾ ആലോചിക്കുവാൻ എന്തുണ്ടായിരിക്കണം?

ശി:—ബുദ്ധിയുണ്ടായിരിക്കണം.

ഗു:—അപ്പോൾ ആലോചിക്കുന്നതു ബുദ്ധിയാണു്. ആ ബുദ്ധി

Since 1923

പല കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നു. അപ്രകാരം ആലോചിക്കുവാൻ ഉള്ള കാര്യങ്ങൾ എവിടെ വെച്ചിരിക്കുന്നു?

ശി:—മനസ്സിൽ.

ഗു:—അപ്പോൾ പല കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ വേണ്ടി സൂക്ഷിച്ചിരിക്കുന്ന സ്ഥലമാണ് മനസ്സ്. ആ മനസ്സാകുന്ന സ്ഥലത്ത് ബുദ്ധിപോയി ആലോചിക്കുന്നു. എന്നാൽ ആ മനസ്സിന്റെ സ്ഥാനം ഏതാണെന്നുവെച്ചാൽ, നിങ്ങൾ ഒരു കാര്യത്തെ സംബന്ധിച്ച് ആലോചിക്കുന്ന സമയം നിങ്ങളുടെ ആലോചനയും ആ സമയത്ത് നിങ്ങളുടെ കൺമിഴികളും ഏതു ഭാഗത്തേക്കു പോകുന്നു?

ശി:—മേല്പോട്ടുപോകുന്നു.

ഗു:—അപ്പോൾ ആലോചിക്കുന്നതെവിടെയാണ്?

ശി:—മനസ്സിൽ.

ഗു:—മനസ്സിന്റെ സ്ഥാനം താഴെ നെഞ്ചിന്റെ മദ്ധ്യത്തിലാണെങ്കിൽ ആലോചനകൾ മേല്പോട്ടു പോകുവാൻ കാരണം എന്ത്? താഴെയുള്ള നെഞ്ചുകുഴിയിലല്ലെ നോക്കേണ്ടത്?

ശി:—അതേ, നെഞ്ചുകുഴിയിലാണ് നോക്കേണ്ടത്.

ഗു:—ആലോചിക്കുന്ന സമയം അപ്രകാരം നോക്കാറുണ്ടോ?

ശി:—നോക്കാറില്ല.

ഗു:—എന്നാൽ, ഇതാ ഈ കാണുന്ന വീടിന്റെ വടക്കെ അകത്തു നിങ്ങൾ ഒരു സാധനംവെച്ച്, അതെടുപ്പാൻ ആവശ്യമായി വന്നാൽ ഈ വീട്ടിന്റെ തെക്കെ അകത്തു ചെന്നു നോക്കിയാൽ കിട്ടുമോ?

ശി:—കിട്ടുകയില്ല.

ഗു:—എന്താണ് കാരണം?

ശി:—വെച്ച സ്ഥലത്തു നോക്കാത്തതുകൊണ്ട്.

ഗു:—വെച്ച സ്ഥലത്തൊഴികെ മറെറാരു സ്ഥലത്തു നോക്കിയാൽ കിട്ടുമോ?

ശി:—കിട്ടുകയില്ല.

ഗു:—ഇതേപ്രകാരംതന്നെ നമ്മൾക്കു വല്ല കാര്യത്തെപ്പററിയും ആലോചിക്കുവാൻ സൂക്ഷിച്ചിട്ടുള്ളത് എവിടെയാണ്?

ശി:—മനസ്സിലാണ്.

ഗു:—അതുകൊണ്ടു നാം ആലോചിക്കുവാനുള്ള കാൎയ്യങ്ങളെ സൂക്ഷിച്ചിട്ടുള്ളതു മനസ്സിലാണ്. അതുകൊണ്ടാണു മനസ്സിന്റെ സ്ഥാനം ഭ്രൂമദ്ധ്യമെന്നു പറയുവാൻ കാരണം. ഭ്രൂ എന്നു പറയുന്നതു രണ്ടു കൺകളുടെ പിരിയങ്ങൾ. അതുകളുടെ മദ്ധ്യത്തിന്നാണു ഭ്രൂമദ്ധ്യം എന്നു പറയുന്നതു്. അതാണ് മനസ്സിന്റെ സ്ഥാനം. ആ സ്ഥാനത്തിന്നാണു ഹൃദയമെന്നു പേർ. ആ ഹൃദയം നിങ്ങൾ തൊട്ടുകാണിച്ച നെഞ്ചുകുഴിയിലായിരുന്നുവെങ്കിൽ അവിടെ അടക്കുവാനോ, ഉറക്കുവാനോ, എന്തെങ്കിലുമുണ്ടോ?

ശി:—ഇല്ല.

ഗു:—ഹൃദയമില്ലെങ്കിൽ നമുക്കു യാതൊരു പ്രകാശമോ, യാതൊന്നും കാണുവാൻ സാദ്ധ്യമോ ഉണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ പ്രകാശിക്കുന്നതെവിടെനിന്നാണ്?

ശി:—ഹൃദയത്തിൽനിന്നാണ്!

ഗു:—നിങ്ങൾ കുരുടനെ കണ്ടിട്ടുണ്ടോ?

ശി:—കണ്ടിട്ടുണ്ട്.

ഗു:—അവൎക്കു യാതൊരു പ്രകാശവും ഉണ്ടോ? എന്തെങ്കിലും കാണ്മാനും സാധിക്കുമോ?

ശി:—അവൎക്കു യാതൊരു പ്രകാശവും ഇല്ല. യാതൊന്നും കാണുവാനും സാദ്ധ്യമില്ല.

ഗു:—എന്തുകൊണ്ട്? അവൎക്കു കണ്ണുകളോ ഹൃദയമോ കുരുട്?

ശി:—കണ്ണുകളേ കുരുട്.

ഗു:—ഹൃദയം നിങ്ങൾ പറഞ്ഞ സ്ഥലമാണെങ്കിൽ അവിടെനിന്നു പ്രകാശമോ മററുവല്ല കാഴ്ചയോ ഉണ്ടോ?

ശി:—ഇല്ല.

ഗു:—അതു് എന്തു കാരണം?

ശി:—കണ്ണുകൾ കുരുടായതുകൊണ്ട്.

ഗു:—നിങ്ങൾക്കു് ഇപ്പോൾ കണ്ണുകൾ കുരുടുണ്ടോ?

Since 1923

ശി:—ഇല്ല

ഗു:—നിങ്ങൾക്ക് ഇപ്പോൾ പ്രകാശം ഇല്ലയോ? ഇവയെല്ലാം കാണുന്നില്ലയോ?

ശി:—പ്രകാശവും ഉണ്ട്, കാണുന്നും ഉണ്ട്.

ഗു:—എന്നാൽ നിങ്ങളുടെ കണ്ണുകൾ അടച്ചാൽ നിങ്ങൾക്ക പ്രകാശിക്കുകയും വല്ലതും കാണുകയും ചെയ്യുന്നുണ്ടോ?

ശി;—ഇല്ല.

ഗു:—അതു എന്തുകൊണ്ട്?

ശി:—.കണ്ണുകൾ മൂടിയതിനാൽ.

ഗു:—കണ്ണുകൾ മൂടിയാൽ എന്തായി?

ശി:—ഇരുട്ടായി.

ഗു:—എന്തുകൊണ്ട്? നിങ്ങൾ നിങ്ങളുടെ കണ്ണുകളേയോ മൂടിയതു് ഹൃദയത്തേയോ മൂടിയതു്?

ശി:—കണ്ണുകളെയാണ മൂടിയതു്.

ഗു:—നിങ്ങൾ പറഞ്ഞപ്രകാരം ഹൃദയം നെഞ്ചുകുഴിയിലാണെങ്കിൽ എന്തുകൊണ്ട് അവിടെനിന്നു പ്രകാശിക്കുന്നതിന്നോ കാണുന്നതിന്നോ സാദ്ധ്യമില്ലാതെ വന്നതു്?

ശി:—കണ്ണുകൾ അടച്ചതിനാൽ.

ഗു:—കണ്ണുകൾ തുറന്നാലോ?

ശി:—പ്രകാശം ഉണ്ടാകുന്നു.

ഗു:—ആ പ്രകാശം നമുക്ക് എവിടേനിന്നാണുണ്ടാകുന്നതു്?

ശി:—മേൽഭാഗത്തിൽനിന്നു്.

ഗു:—അപ്പോൾ ഏതുപ്രകാരം നോക്കിയാലും മേലെ നിന്നല്ലാതെ കീഴെനിന്നു പ്രകാശം ഉണ്ടാകുന്നില്ല. അതല്ലാതെ, രാത്രിയായാൽ നമുക്ക എന്താകുന്നു?

ശി:—ഇരുട്ടാകുന്നു.

ഗു:—പകലായാലോ?

ശി:—വെളിച്ചമാകുന്നു.

ഗു:—ആ വെളിച്ചം എവിടെനിന്നുണ്ടാകുന്നു?

ശി:—ആകാശത്തിൽനിന്നു്.

മാതൃഭൂമി Since 1923

ഗു:—ആകാശം മേലോ കീഴോ?

ശി:—മേലെ

ഗു—അപ്പോഠം ഏതുപ്രകാരം നോക്കിയാലും മേലെനിന്നാണ് പ്രകാശം ഉണ്ടാകുന്നതു്; കീഴെനിന്നല്ല. അതുമല്ലാതെ നാം ഒരു വിളക്കിൽ കത്തിച്ചാൽ വിളക്കിന്നു പ്രകാശമുണ്ടാകുന്നതു് ഏതുഭാഗത്തിൽനിന്നാണ്?

ശി:—മേൽഭാഗത്തിൽനിന്നു്.

ഗു:—അതിൽനിന്നു പ്രകാശമുണ്ടാകുവാൻ എന്തുവേണം?

ശി:—അഗ്നിവേണം.

ഗു:—അഗ്നിയില്ലെങ്കിൽ പ്രകാശമുണ്ടാകുമോ?

ശി:—ഇല്ല.

ഗു:—അപ്പോഠം വെളിച്ചം ഉണ്ടാകുന്നതു് ഏതിൽനിന്നു്?

ശി:—അഗ്നിയിൽനിന്നു്

ഗു:—വെളിച്ചം ഇല്ലെങ്കിൽ അഗ്നിയില്ലെന്നു പറയാമോ?

ശി:—പറയാൻ പാടില്ല.

ഗു:—അപ്പോഠം വെളിച്ചം ഇല്ലെങ്കിലും അഗ്നിയുണ്ടു്. അഗ്നി ഇല്ലെങ്കിൽ വെളിച്ചം ഇല്ല. അതുകൊണ്ടു അഗ്നിയിൽനിന്നാണു വെളിച്ചം ഉണ്ടാകുന്നതു്. ആ അഗ്നി നമ്മളിൽ ഉണ്ടോ ഇല്ലയോ?

ശി:—ഉണ്ടു്.

ഗു:—അഗ്നി നമ്മളിൽ എവിടെയിരിക്കുന്നു?

ശി:—നമ്മുടെ വയററിൽ ഇരിക്കുന്നു.

ഗു:—വയററിൽ ഇരിക്കുന്ന അഗ്നിയാൽ ഉണ്ടാകുന്ന ഗുണം എന്താണ്?

ശി:—നാം ഭക്ഷിച്ചതൊക്കെയും ദഹിപ്പിക്കുന്നതു്.

ഗു:—എന്നാഠം ഈ ലോകത്തിലുള്ള ആക്കെങ്കിലും ഇതുവരെയിലും ഭക്ഷിച്ചതു വല്ലതും ദഹിച്ചിട്ടുണ്ടോ?

ശി:—ദഹിച്ചിട്ടുണ്ടു്.

ഗു:—ഒരിക്കലും ഇല്ല. എന്തുകൊണ്ടെന്നാൽ, നാം ഭക്ഷിക്കുന്നതായ എല്ലാ സാധനങ്ങളും ഏതുവിധം ആയിത്തീരുന്നു എന്നു

Since1923

വെച്ചാൽ മസാലസമാനം, അതായതു മുളകു, കൊത്തമ്പാലിരി, മുതലായ സാമാനങ്ങളെ ഏതുപ്രകാരത്തിൽ അമ്മിക്കല്ലിൽ ഇട്ടു നാം അരച്ചു ഉരുളയാക്കി എടുക്കുന്നുവോ, അതേപ്രകാരത്തിൽ നാം ഭക്ഷിക്കുന്ന സാധനങ്ങളെ വായിൽ ഇട്ടു പല്ലുകളാൽ ചവക്കുന്നതേ അരക്കുന്നതാകുന്നു. അതേവിധം അരച്ചു അരച്ചു ഉള്ളിലേക്കു വിഴുങ്ങിയതു് ഉരുള ഉരുളയായി പുറത്തേക്കു വരുന്നു. ആയതു ദഹിച്ചതായി കാണുന്നില്ല. അതല്ലാതെ നാം ഭക്ഷിക്കുന്ന വസ്തുക്കളിൽ ഏതെങ്കിലും കണ്ണങ്ങൾ ചവക്കാതെ വിഴുങ്ങിപ്പോയാൽ ആയതു് ഏതുപ്രകാരത്തിൽ പുറത്തുവരുന്നു?

ശി:—അതു് അതേപ്രകാരത്തിൽതന്നെ പുറത്തേക്കു വരുന്നു.

ഗു:—അതെന്തുകാരണം? വയററിൽ അഗ്നി ഇല്ലെ? ആ അഗ്നിയിൽ ഇട്ട വസ്തുക്കൾ ദഹിച്ചുപോകേണ്ടെ? അതുമല്ലാതെ അഗ്നിയിൽ എന്തെങ്കിലും ഒരു സാധനത്തെ ഇട്ടാൽ ആ വസ്തു അഗ്നിയുടെ ചൂടുതട്ടി വാടി കരിപിടിക്കേണ്ടതല്ലെ? അതു് അപ്രകാരമല്ലാതെ ഏതുവിധം വിഴുങ്ങിയിട്ടുണ്ടോ അതേവിധം പുറത്തേക്കു വരുന്നതു കാണുന്നില്ലെ?

ശി:—അതെ. അതു യാതൊരു വ്യത്യാസവും കൂടാതെ പുറത്തേക്കു വന്നുകാണുന്നു.

ഗു:—അതു് എന്തുകൊണ്ടു്? കൂടാതെ നാം ഇവിടെ ഒരു അഗ്നികുണ്ഡം ഉണ്ടാക്കി അതിൽ പലേ വസ്തുക്കളെയും ഇട്ടു കത്തിച്ചാൽ അവകളെല്ലാം എന്താകുന്നു?

ശി:—അതുകൾ കത്തി ദഹിക്കുന്നു.

ഗു:—ദഹിച്ചുപോയാൽ എന്താകുന്നു?

ശി:—വെണ്ണീറാകുന്നു.

ഗു:—അപ്പോൾ അഗ്നിയിൽ എന്തു വസ്തുക്കളിട്ടാലും അതു കത്തി വെണ്ണീറായിപ്പോകുന്നു. അങ്ങിനെയിരിക്കെ നമ്മുടെ വയററിൽ അഗ്നി ഉണ്ടു് എന്നല്ലെ നിങ്ങൾ പറഞ്ഞതു്. എന്നാൽ നാം ഇന്നുവരെ ഭക്ഷിച്ചതെല്ലാം ആ അഗ്നിയിൽ അല്ലെ ചെന്നുവീണതു്? അപ്പോൾ അതു ദഹിച്ചു വെണ്ണീറായിരിക്കേ

ണ്ടതല്ലേ? എന്നാൽ ഈ ലോകത്തിൽ ആരെങ്കിലും ഇന്നുവരെ കുറച്ചു വെണ്ണീർ കടവിറങ്ങിയിട്ടുണ്ടോ?

ശി:—ഇല്ല.

ഗു:—അതുമല്ലാതെ നമുക്ക് ഇവിടെ ഇരിക്കുവാൻ സാധിക്കാത്ത വിധത്തിൽ ഏതെങ്കിലും ഒരു വസ്തു കെട്ടുനാറി സഹിക്കുവാൻ സാധിക്കാത്ത പ്രകാരത്തിൽ നാമെല്ലാം മൂക്കിനെ പിടിച്ചു കൊണ്ടിരിക്കുമ്പോൾ ഒരാൾ വന്ന് ഒരു കുഴികുഴിച്ച് അതിൽ അഗ്നി വളത്തി മേപ്പടി വസ്തുക്കളെ ഇട്ടു കത്തിച്ചാൽ അത് എന്താകുന്നു?

ശി:—വെണ്ണീരാകുന്നു.

ഗു:—ആ വെണ്ണീരിന്നു വല്ല നാററവും ഉണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ ഏതുവിധമായ അശുദ്ധവസ്തുക്കളേയും അഗ്നിയിലിട്ടാൽ അതിന്റെ അശുദ്ധത്തെ തീർത്തു ശുദ്ധമാക്കുന്നു. ഇതാണ് അഗ്നിയുടെ ഗുണം. അങ്ങിനെയിരിക്കെ നാം ഏററവും സുഗന്ധമുള്ളതായിരിക്കുന്ന വസ്തുവെ ഭക്ഷിച്ചു, നമ്മുടെ വയററിൽ ഇരിക്കുന്ന അഗ്നിയിൽ ചെന്നുവീണ് ആയതു പുറത്തേക്കു വരുമ്പോൾ ഏതുവിധമുണ്ടാകും?

ശി:—അത് ഏററവും ദുർഗ്ഗന്ധമായി മൂക്കിനെ പിടിക്കേണ്ടി വരുന്നു.

ഗു:—എന്തുകൊണ്ട്? ഇതാണോ അഗ്നിയുടെ ഗുണം? ഏററവും അശുദ്ധവും ദുർഗ്ഗന്ധവുമായുള്ള വസ്തുവെ അഗ്നിയിലിട്ടാൽ അതിന്റെ ദുർഗ്ഗന്ധത്തെ തീർത്തു അതിന്നു യാതൊരു മണവും ഇല്ലാതെ ശുദ്ധമായി കാണുന്നു. കൂടാതെ നാം ഏററവും ശുദ്ധവും സുഗന്ധവുമായിട്ടുള്ള വസ്തുവെ നമ്മുടെ വയററിലിരിക്കുന്ന അഗ്നിയിലിട്ട് ആയതു പുറത്തേക്കു വരുമ്പോൾ വളരെ ദുർഗ്ഗന്ധവും അശുദ്ധവുമായിട്ടുകാണുന്നു. ആയതുകൊണ്ടു നമ്മുടെ വയററിൽ അഗ്നി ഇല്ലേ ഇല്ല. കൂടാതെ നാം മലശോധനക്കിരിക്കുമ്പോൾ ആ മലത്തിൽ നമ്മുടെ വയററിൽനിന്നു കൃമി, പാമ്പൻ, മുതലായ ജീവികൾ പുറത്തേക്കു വരുന്നതു കാണുന്നില്ലേ?

Since 1933

ശി:_ അതേ; അപ്രകാരം കാണുന്നു.

ഗു:—എന്നാൽ വയററിൽ അഗ്നി ഉണ്ടെങ്കിൽ അപ്രകാരം കൃമി മുതലായ ജീവികൾ ഉണ്ടാകുവാൻ ഇടയുണ്ടോ? അഗ്നിയിൽ നിന്നു വല്ല ജീവികളും ഉണ്ടാകുമോ?

ശി:_ ഉണ്ടാകുന്നതല്ല.

ഗു:—ഇതല്ലാതെ ലോകത്തിലിരിക്കുന്ന സൎവ്വ ചരാചരങ്ങൾക്കും ആഹാരം കൂടാതെ ജീവിച്ചിരിക്കുവാൻ സാധിക്കുന്നതല്ല. അതായതു സസ്യാദികൾ മുതലായവയിൽ നാം ഉണ്ടാക്കിവരുന്ന മരം, ചെടി, വള്ളി മുതലായ സസ്യങ്ങൾക്കു നാം വളം ശേഖരിക്കുന്നുവല്ലൊ? ആയതു് ഏതുപ്രകാരം എന്നുവെച്ചാൽ നാം ഒരു കുഴികുഴിച്ചു് ആ കുഴിയിൽ പലേ വസ്തുക്കളേയും കൊണ്ടുവന്നു ഇടുന്നുണ്ടു്. ആ വസ്തുക്കൾ കുഴിയിൽ ഇട്ടപ്രകാരത്തിൽതന്നെ ഇരിക്കുന്നതായാൽ വളമായിത്തീരുമോ?

ശി:—തീരുന്നതല്ല.

ഗു:—എന്നാൽ ആയതു വളമാകുന്നതു് എങ്ങിനെയെന്നുവെച്ചാൽ മേൽപറഞ്ഞ വളക്കുഴിയെ അടച്ചുവെച്ചു കുറച്ചുദിവസം കഴിയുമ്പോൾ ആയതു കുമിറി, ചീഞ്ഞു, ജീൎണ്ണിച്ചു, കെട്ടു വളമാകുന്നു. ആ വളത്തെയെടുത്തു സസ്യാദികൾക്കു ആഹാരമായി കൊടുക്കുന്നു. ഇതേപ്രകാരം നമുക്കും ജീവിച്ചിരിക്കുവാൻവേണ്ടി വളമായ ആഹാരം വേണം. ആ വളം ശേഖരിക്കുന്നതു മേൽപറഞ്ഞ സസ്യാദികൾക്കു് ഏതുപ്രകാരം വളം ഉണ്ടാക്കുന്നുവോ, അതേപ്രകാരം വളം ഉണ്ടാക്കുന്നതിനുള്ള വളക്കുഴിയാണു് ഈ കാണുന്ന നമ്മുടെ വയറു്. ഈ പ്രകാരത്തിൽകാണുന്ന വളക്കുഴിയാകുന്ന നമ്മുടെ വയററിൽ പലവിധ വസ്തുക്കളും ഇട്ടുവെക്കുന്നു. അതുകൾ കുമറി, ചീഞ്ഞു, ജീൎണ്ണിച്ചു കെട്ടുന്നു. ആ വിധം ജീൎണ്ണിക്കാതിരുന്നാൽ അതിന്നാണ് അജീൎണ്ണം എന്നു പറയുന്നതു്. അജീൎണ്ണം എന്നുവെച്ചാൽ ജീൎണ്ണം ഇല്ലായ്മ. ജീൎണ്ണം എന്നുവെച്ചാൽ ചീഞ്ഞു കെട്ടുകയാണ്. ആ വിധം ചീഞ്ഞു കെടാതിരുന്നാൽ പലേ രോഗങ്ങളും ഉണ്ടാകുന്നു. അതിനാൽ മേൽപറഞ്ഞപ്രകാരം നമ്മുടെ വയറു്

ഒരു വളക്കുഴിയാണ്. കൂടാതെ നാം സസ്യാദികൾക്കുവേണ്ടി ശേഖരിച്ചുണ്ടാക്കിയിരിക്കുന്ന വളത്തെ എടുക്കുമ്പോൾ അതിൽ പലപ്രകാരത്തിലുള്ള കൃമി, പുഴു മുതലായ ജീവികളെ കാണുന്നു. അതു് ഏതുവിധം ഉണ്ടായി. അതിൽ നാം വല്ല ജീവികളേയും ഇട്ടിരുന്നുവോ?

ശി:— ഇട്ടിരുന്നില്ല.

ഗു:—എന്നാൽ ആ വളക്കുഴിയിൽ ഇട്ടിരിക്കുന്ന സാധനങ്ങൾ ഏറവും നിറഞ്ഞു തിങ്ങിവിങ്ങിയപ്പോൾ കുമറി, ആ കുമറിൽനിന്നു ഉഷ്ണം ഉണ്ടായി. ആ ഉഷ്ണത്തിൽനിന്നു് ആവിയുണ്ടായി. ആ ആവിക്കാണ് സ്വേദം എന്നു പറയുന്നതു്. സ്വേദം എന്നാൽ വിയർവ്വ്. ആ വിയവ്വാണ് ശുക്ലം. ആ ശുക്ലം അഗ്നിയിൽനിന്നു ഉത്ഭവിച്ചു. ആയതു വളക്കുഴിയിൽ ഇട്ട വസ്തുക്കൾ നിറഞ്ഞു തിങ്ങിവിങ്ങി കുമറിയപ്പോൾ ഉണ്ടായ ഉഷ്ണം അതായതു ചൂടു അഗ്നിയിലാണ്. ആ അഗ്നിയിൽനിന്നാണ് വിയർവായ ശുക്ലം ഉണ്ടായതു്. തന്നിമിത്തമാണ് അഗ്നിസ്വരൂപമാണ് ശുക്ലം എന്നു പറയുവാൻ കാരണം. ആ ശുക്ലമാണ് ബ്രഹ്മം. ആ ബ്രഹ്മത്തിനെക്കൊണ്ടാണ് സൃഷ്ടി. ആ ബ്രഹ്മമില്ലെങ്കിൽ യാതൊരു സൃഷ്ടിയുമില്ല. അതുകൊണ്ടാണ് ബ്രഹ്മാണ്ഡകടാഹം സ്വേദജോത്ഭവം എന്നു പറയുവാൻ കാരണം. അതായതു് ഈ കാണുന്ന ലോകം മുഴുവനും വിയർവ്വിൽനിന്നുണ്ടായതാണ്. അതു് ഏതുവിധമെന്നുവെച്ചാൽ വളക്കുഴിയിൽ ഇട്ടിരിക്കുന്നതായ വസ്തുക്കളിൽനിന്നു് മേൽപ്രകാരം ഉണ്ടായ സ്വേദമായ വിയർവ്വിനോടു മേൽപറഞ്ഞ വസ്തുക്കളിൽനിന്നുണ്ടായ കറയും ചേരുന്നു. ആ കറയാണ് രക്തം. ആ രക്തത്തിന്നാണ് ശ്രോണിതം എന്നു പറയുന്നതു്. അപ്രകാരമിരിക്കുന്ന രക്തമായ ശ്രോണിതവും സ്വേദമായ ശുക്ലവും ഒന്നായി ചേർന്നപ്പോൾ അതിന്റെ അകത്തു വായുചേർന്നു് അതു ജീവിയാകുന്നു. ഈ പ്രകാരത്തിലാണ് ജീവികളായ കൃമികീടാദികളുടെ ഉത്ഭവം. ഇതേവിധം നമ്മുടെ വയറെന്നു പറയുന്ന വളക്കുഴിയിൽ നാം ഇട്ട വസ്തുക്കൾ തിങ്ങിവിങ്ങിയപ്പോൾ മേൽ

പറഞ്ഞവിധം സ്വേദമായി ആവിരൂപമായിരിക്കുന്ന ശുക്ലം ഉണ്ടാവുകയും അതിനോടു മേൽപറഞ്ഞ സാമാനങ്ങളുടെ കറയായ രക്തമായിരിക്കുന്ന ശ്രോണിതവും ചേൎന്നപ്പോൾ വായു അതിന്റെ അകത്തു ചേൎന്ന് അപ്പോൾ അതു ജീവികളാകുന്നു. ഈ വിധത്തിലാണ് നമ്മുടെ വയറായ വളക്കുഴിയിൽനിന്നുണ്ടാകുന്ന കൃമികീടാദികളുടെ ഉത്ഭവം. ആയതുകൊണ്ടു മേൽപറഞ്ഞവിധം ആലോചിക്കുമ്പോഴും വയററിൽ അഗ്നിയില്ലെന്നു വെളിവാകുന്നു. കൂടാതെ ലോകത്തിലിരിക്കുന്ന സസ്യാദികൾ ഉണങ്ങിപ്പോകുന്നില്ലെ?

ശി:—ഉണങ്ങിപ്പോകുന്നുണ്ട്.

ഗു:—അതിനു കാരണം എന്താണ്?

ശി:—വെയിലാണ്.

ഗു:—വെയിൽ എവിടെനിന്നുണ്ടായി?

ശി:—സൂൎയ്യങ്കൽനിന്ന്.

ഗു:—സൂൎയ്യൻ എവിടെ ഇരിക്കുന്നു?

ശി:—ആകാശത്തിൽ ഇരിക്കുന്നു.

ഗു:—ആകാശം എവിടെ ഇരിക്കുന്നു?

ശി:—മേലെ ഇരിക്കുന്നു.

ഗു:—അങ്ങിനെയിരിക്കുന്ന സൂൎയ്യൻ ലോകത്തിനു ഏതു ഭാഗം ഇരിക്കുന്നു?

ശി:—അധികം ഉയരത്തിലും വളരെ ദൂരത്തിലും ഇരിക്കുന്നു.

ഗു:—അപ്പോൾ ഭൂമിയിൽനിന്ന് എത്രയോ മേലെ ഇരിക്കുന്ന സൂൎയ്യന്റെ രശ്മി എത്രയോ താഴെ ഇരിക്കുന്ന ലോകത്തിൽ സൎവ്വഭാഗത്തിലും ഒരേപ്രകാരത്തിൽ വ്യാപിച്ചിരിക്കുന്നു. അതുകൂടാതെ എത്രയോ ദൂരത്തിൽ ഇരിക്കുന്ന സൂൎയ്യന്റെ രശ്മിയാൽ എത്രയോ താഴെ ഇരിക്കുന്ന ഭൂമിയിലുള്ള സസ്യാദികളിൽ സത്തായി ജലരൂപമായിരിക്കുന്ന ജീവനെ മേൽപ്രകാരമുള്ള സൂൎയ്യന്റെ രശ്മിയാൽ ആകൎഷിച്ചെടുത്ത് അസത്തായിരിക്കുന്ന സ്ഥാവരങ്ങൾ ഉണങ്ങി വീണുപോകുന്നില്ലെ? അതേപ്രകാരം നമ്മളിലും സൂൎയ്യൻ ഇരിക്കുന്നു. ആ സൂൎയ്യനാണ് പ്രാണൻ

എന്നു പേർ. ആ പ്രാണനായി അഗ്നിസ്വരൂപമായിരിക്കുന്ന സൂര്യ്യൻ നമ്മുടെ മേൽഭാഗത്തു ഭ്രൂമദ്ധ്യത്തിൽ ഇരിക്കുന്നു. ആ പ്രകാരം പ്രാണനായി അഗ്നിസ്വരൂപമായിരിക്കുന്ന സൂര്യ്യന്റെ കിരണങ്ങൾ, മുൻപറഞ്ഞ സൂര്യ്യകിരണങ്ങൾ ലോകത്തിൽ ഏതുപ്രകാരം വ്യാപിച്ചുകിടക്കുന്നുവോ, അതേപ്രകാരത്തിൽ നമ്മുടെ ജഢത്തിൽ നഖപര്യ്യന്തം വ്യാപിച്ചിരിക്കുന്നു. അതല്ലാതെ ഏററവും മേലെയിരിക്കുന്ന സൂര്യ്യരശ്മിയാൽ ഏററവും താഴെ ലോകത്തിൽ ഇരിക്കുന്ന സമുദ്രാദികളിൽനിന്നു സത്തായി ജലരൂപമായ ജീവനെ സൂര്യ്യൻ ഏതുപ്രകാരത്തിൽ ആകർഷിക്കുന്നുവോ, അപ്രകാരത്തിൽ നമ്മുടെ വളക്കുഴിയായ വയററിലുള്ള വളത്തിൽ ഇരിക്കുന്ന സത്തിനെ നമ്മുടെ ഭ്രൂമദ്ധ്യത്തിലിരിക്കുന്ന പ്രാണനായ സൂര്യ്യൻ ആകർഷിച്ചെടുത്തു് അസത്തായ മലത്തെ പുറത്തേക്കു തള്ളുന്നു. അതിനാൽ, സൂര്യ്യനായി, അഗ്നിസ്വരൂപമായ പ്രാണൻ ഇരിക്കുന്ന സ്ഥലം നമ്മുടെ മേൽഭാഗത്തു ഭ്രൂമദ്ധ്യത്തിലാണു്. ആ സ്ഥലത്തിന്നാണു ഹൃദയം എന്നു പേർ. അതുമാത്രമല്ല ഹൃദയം ആകാശത്തിൽ ഇരിക്കുന്നു. ആകാശം എന്നതു് ഏതെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളതു്?

ശി:— ആകാശം എന്നതു നമ്മുടെ തലക്കു മേൽഭാഗത്തിൽ മേലെ ആയി കാണുന്നതു്.

ഗു:— അതു് ഒരിക്കലും ആകാശമല്ല. എന്തുകൊണ്ടെന്നാൽ ആകാശം അതായിരുന്നുവെങ്കിൽ അവിടെയാണു് ഹൃദയവും ഇരിക്കേണ്ടതു്. ഹൃദയം അവിടെ ഇരിക്കുന്നതായാൽ നമുക്കുപ്രകാശിക്കുവാൻ ഇടയുണ്ടോ?

ശി:— ഇല്ല.

ഗു:— എന്നുതന്നെയല്ല, ഹൃദയം നിങ്ങൾ പറഞ്ഞ സ്ഥലത്തു് ഇരിക്കുന്നതായാൽ ഒരു ശവത്തിനു പ്രകാശിക്കേണ്ടതല്ലെ? നിങ്ങൾ പറഞ്ഞ ആകാശവും ഹൃദയവും പോയിട്ടില്ലല്ലൊ. അതുകൊണ്ടു ശവത്തിനു പ്രകാശിക്കാതിരിപ്പാൻ കാരണം എന്തു്?

ശി:--ചത്തുപോയതുകൊണ്ട്.

ഗു:--ചത്തുപോയപ്പോൾ എന്താണില്ലാത്തതു്?

ശി:--ജീവൻ.

ഗു:--ജീവൻ ഇല്ലെങ്കിൽ പ്രകാശം ഉണ്ടോ?

ശി:--ഇല്ല.

ഗു:--അപ്പോൾ പ്രകാശമാകുന്ന വസ്തു ഏതു്?

ശി:--ജീവൻ.

ഗു:--ജീവനായി, പ്രകാശമായി, തന്നിൽ ഉള്ള വസ്തു തന്നിൽനിന്നു നശിച്ചപ്പോഴാണു പ്രകാശമില്ലാതെയായതു്. അതുകൊണ്ടു് എവിടുന്നാണു പ്രകാശിച്ചിരുന്നതു് എന്നാണു വെളിപ്പെടുന്നതു്?

ശി:--അതു തന്നിൽനിന്നാണു്.

ഗു:--തന്നിൽ എവിടെ നിന്നായിരുന്നു പ്രകാശിച്ചിരുന്നതു്?

ശി:--ഉപരിയിൽനിന്നാണു്.

ഗു:--അപ്പോൾ തന്നിൽതന്നെ ഉപരിയായിരിക്കുന്ന സ്ഥലത്തിന്നാണു് ആകാശം എന്നു പറയുന്നതു്. എന്നാൽ ആകാശം എന്നതു് അധികം പ്രകാശിക്കുന്നതും, ഉപരിയായിട്ടുള്ളതും, കാണ്മാൻ സാധിക്കാത്തതും ആണു്. അപ്പോൾ നമുക്കു പ്രകാശിക്കുന്നതു് എവിടെ നിന്നാണു്?

ശി:--ഈ കാണുന്ന ആകാശത്തിലുള്ള സൂര്യനിൽ നിന്നു്.

ഗു:--അതിന്നു് ഒരിക്കലും ഇടമില്ല. എന്തുകൊണ്ടെന്നാൽ ചത്തുപോയപ്പോൾ ഈ കാണുന്ന ആകാശവും സൂര്യനും ഉണ്ടായിരുന്നില്ലെ? ആ ശവത്തിനു പ്രകാശിക്കുന്നില്ലെന്നു നിങ്ങൾ തന്നെ പറയുന്നു. കൂടാതെ, ഇപ്പോൾ സൂര്യനുദിച്ചു മദ്ധ്യാഹ്നമാണെന്നും നിങ്ങൾ പറയുന്നുവല്ലൊ. ഇതാ ഈ സമയത്തിൽ ഒരാൾ ഇവിടെ കിടന്നുറങ്ങുന്നു. ഇപ്പോൾ ഇദ്ദേഹത്തിന്നു വല്ല പ്രകാശവുമുണ്ടോ?

ശി:--ഇല്ല.

ഗു:--എന്തുകൊണ്ടു്? നിങ്ങൾ പറഞ്ഞ ആകാശവും സൂര്യനും ഇല്ലയോ? ഇദ്ദേഹത്തിന്നു് എന്തുകൊണ്ടു പ്രകാശിക്കുന്നില്ല.

Since1923

ശി:--ഇദ്ദേഹം ഉറങ്ങുന്നതുകൊണ്ട്.

ഗു:--എന്നാൽ എപ്പോഴാണ് ഇദ്ദേഹത്തിന്നു പ്രകാശിക്കുക?

ശി:--ഉറക്ക് ഉണൎന്നാൽ.

ഗു:--അപ്പോഴം എവിടെനിന്നാണു പ്രകാശിക്കുന്നതു്?.

ശി:--അവനവനിൽ നിന്നാണ്.

ഗു:--അവനവനിൽ എവിടെനിന്നു പ്രകാശിക്കുന്നു?

ശി:--അവനവനിലുള്ള ആകാശത്തിൽനിന്ന്.

ഗു:--ആ ആകാശം ഏതു്?

ശി:--അവനവൻെറ മേൽഭാഗത്തുള്ളതു്.

ഗു:--അതു് ഏതാണ്?

ശി:--ശിരസ്സാണ്.

ഗു:--നമുക്ക അധികം പ്രകാശിക്കുന്നതെവിടെനിന്നാണ്?

ശി:--ശിരസ്സിൽ നിന്നാണ്.

ഗു:--എന്നാൽ നമുക്ക ഉപരി ഏതാണ്?

ശി:--ശിരസ്സാണ്.

ഗു:--എന്നുതന്നെയല്ല, ആകാശം കാണ്മാൻ സാധിക്കാത്തതാണ് എന്നു പറയുന്നു എന്നാൽ നിങ്ങൾ പറഞ്ഞ ആകാശം ഇതായിരുന്നുവെങ്കിൽ, ഇതാ നോക്കുവിൻ കാണുന്നില്ലെ?

ശി:--കാണുന്നുണ്ട്.

ഗു:--അപ്പോൾ ആകാശത്തെ കാണ്മാൻ സാധിക്കാത്തതു് എന്നു പറയുവാൻ തരമുണ്ടോ?

ശി:--തരമില്ല.

ഗു:--എന്നാൽ നമുക്ക കാണ്മാൻ സാധിക്കാത്തവസ്തു അവനവൻെറ ശിരസ്സാണ്. എങ്ങിനെയെന്നാൽ, ഒരു കണ്ണാടിയെടുത്തു നോക്കിയാൽ മുഖംമാത്രം കാണാം. ഒന്നിൽ അധികം കണ്ണാടികൾ എടുത്തു എല്ലാ ഭാഗവുംവെച്ചു നോക്കിയാലും, നിലത്തുവെച്ചു തല കുത്തനെ നോക്കിയാലും ശിരസ്സു മുഴുവനും ഒരേസമയത്തിൽ കാണ്മാൻ സാധിക്കുന്നതല്ല. ഇതുകൊണ്ടാണ് ആകാശം കാണ്മാൻ സാധിക്കാത്തതാണെന്നു പറവാൻ കാരണം. അതു് അവനവൻെറ ശിരസ്സാണ്. കുടം

തെ ആകാശത്തിൽനിന്നാണ ശബ്ദം ഉത്ഭവിക്കുന്നതു്. ആകാശംകൊണ്ടാണ ശബ്ദം കേൾക്കുന്നതും. ആ ശബ്ദം ഉത്ഭവിക്കുന്നതു നിങ്ങൾ പറഞ്ഞ ആകാശത്തിൽ നിന്നായിരുന്നുവെങ്കിൽ, നാം നമ്മുടെ വായ മൂടി സംസാരിക്കാതെ ഇരുന്നാൽ നമ്മുടെ ശബ്ദം ഈ കാണുന്ന ആകാശത്തിൽ നിന്നുണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—അപ്പോൾ എവിടെനിന്നാണ ശബ്ദം ഉത്ഭവിക്കുന്നതു്?

ശി:—അവനവന്റെ ശിരസ്സിൽനിന്നാണ്.

ഗു: ശിരസ്സില്ലെങ്കിൽ ശബ്ദം ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—ഇതുകൊണ്ടാണ്, ആകാശത്തിൽനിന്നാണ ശബ്ദം ഉത്ഭവിക്കുന്നതു് എന്നു പറയുവാൻ കാരണം. ആ ആകാശം ശിരസ്സാണ്. ശിരസ്സിൽനിന്നാണ ശബ്ദം ഉത്ഭവിക്കുന്നതു്. കൂടാതെ ശബ്ദത്തെ കേൾക്കുവാൻ എന്തുണ്ടായിരിക്കണം?

ശി:—ശിരസ്സുണ്ടായിരിക്കണം.

ഗു:—ഇതുതന്നെയാണ് ആകാശത്തിൽ നിന്നാണ ശബ്ദം ഉണ്ടാകുന്നതെന്നും, ആകാശം കൊണ്ടാണ ശബ്ദം കേൾക്കുന്നതെന്നും പറയുവാൻ കാരണം. അപ്പോൾ ആകാശമായിരിക്കുന്ന ശിരസ്സില്ലെങ്കിൽ ശബ്ദം ഉണ്ടാകുവാനോ, ശബ്ദം കേൾക്കുവാനോ സാധിക്കുന്നതല്ല. കൂടാതെ നമുക്കു കാൽ, കൈ, കണ്ണു, മൂക്കു ഇത്യാദികൾ ഇല്ലയെന്നു വിചാരിക്കുക. ശിരസ്സും, ജീവനും, നാവും ഉണ്ടു്. എന്നാൽ നമുക്കു് ഏതു പ്രകാരത്തിലും ശബ്ദം ഉണ്ടാക്കാം. ശിരസ്സില്ലെങ്കിൽ ശബ്ദം ഉണ്ടാക്കുവാൻ സാധിക്കുമൊ?

ശി:—സാധിക്കയില്ല.

ഗു:—ഇതാ നോക്കുവിൻ! നാം രണ്ടു കൈകൾതമ്മിൽ കൊട്ടുന്നു. അപ്പോൾ എന്തുണ്ടാകുന്നു?

ശി:—ശബ്ദമുണ്ടാകുന്നു

ഗു:—അതു് എന്തുകൊണ്ടുണ്ടാകുന്നു?

Since 1923

ശി;—അതു രണ്ടുകൈകളുംതമ്മിൽ മുട്ടി ഉണ്ടാക്കിയതാണ്.

ഗു:—അതു് ഒരിക്കലും കൈകളെക്കൊണ്ടു സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നുവെച്ചാൽ, നമ്മുടെതല എടുത്തുകളഞ്ഞാൽ ഉടലിന്മേൽ കൈകൾ ഇരിക്കുന്നില്ലെ? അപ്പോൾ കൈകൾ എടുക്കുവാനൊ, അടിക്കുവാനോ സാധിക്കുന്നുണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ എല്ലാ ശക്തിയും ഇരിക്കുന്നതു് എവിടെയാണ്?

ശി:—ശിരസ്സിലാണ്.

ഗു:—ശിരസ്സില്ലെങ്കിൽ ആകാശമെന്നോ, ആദിയെന്നോ, അന്തം എന്നോ വല്ലതും ഉണ്ടാകുമോ?

ശി:—ഇല്ല.

ഗു;—എല്ലാ അവസ്ഥയും എവിടെനിന്നാണ് ഉണ്ടാകുന്നതു്?

ശി:—അവനവൻെറ ശിരസ്സിൽനിന്നാണ്.

ഗു:—നമുക്കു പ്രകാശിക്കുന്നതു ശിരസ്സിൽനിന്നാണെന്നുള്ളതിന്നു വേറെയും ദൃഷ്ടാന്തം; ഇതാ ഒരു മാളികവീട്. ഈ വീട്ടിന്നു താഴെ തട്ടും മേലെ തട്ടും ഇങ്ങിനെ രണ്ടു തട്ടുകളായിരിക്കുന്നു. ഈ തട്ടുകളിൽ താഴെ തട്ടിന്നകത്തു രാത്രി അതിപ്രകാശമുള്ളതായ ഒരു വിളക്കു കത്തിച്ചുവെച്ചു ആ മുറിയുടെ വാതിലുകളും ജനലുകളും അടച്ചു. ആ അകത്തുനിന്നുതന്നെ മേലെ തട്ടിലേക്കു പോകുവാൻ ഒരു കോണിയും ഉണ്ടായിരുന്നു. കോണിയിൽക്കൂടെ മേലെ തട്ടിൽചെന്നു. അതിൽ ഉള്ള മുറിക്കു ഒരു ജനലും അതിന്നു രണ്ടുപലകകളും ഉണ്ടു്. ആ പലകകൾ തുറന്നു ജനലിൽക്കൂടി പുറത്തേക്കു നോക്കിയാൽ താഴെ തട്ടിൽ കത്തിച്ചിരിക്കുന്ന വെളിച്ചംകൊണ്ടു പുറത്തുള്ള വല്ലതും കാണ്മാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതെന്തുകൊണ്ടു്?

ശി:—ആ വീട്ടിൻെറ താഴെ തട്ടിന്നകത്താണ് പ്രകാശം ഇരിക്കുന്നതു്, ആ മുറിയുടെ വാതിലുകളും ജനലുകളും അടച്ചിട്ടുള്ളതുകൊണ്ടാണ പുറത്തുള്ളതു കാണ്മാൻ സാധിക്കാതെവന്നതു്.

ഗു:—ഇപ്രകാരംതന്നെ നമ്മുടെ ഈ ജഡത്തെ ഒരു മാളികവീടായി ഉപമിക്കുക. അതായതു കഴുത്തിനു കീഴ്ഭാഗം താഴെതട്ടായിട്ടും മേൽഭാഗം മേലെ തട്ടായിട്ടും ഉപമിക്കുക. ഇതിൽ കഴുത്തിനു കീഴെയുള്ള താഴെ തട്ടിന്റെ അകത്തായിരുന്നു പ്രകാശാവസ്ഥ വന്നുവെച്ചാൽ കഴുത്തിനു മേൽഭാഗത്തുള്ള മേലെ തട്ടിൽക്കൂടി പുറത്തേക്കു നോക്കിയാൽ പ്രകാശം കാണുവാൻ സാധിക്കുമായിരുന്നുവോ?

ശി:—കാണുവാൻ സാധിക്കുന്നതല്ലായിരുന്നു.

ഗു:—അതെന്തുകൊണ്ട്?

ശി:—പ്രകാശം കഴുത്തിനു താഴെയുള്ള തട്ടിലായിരുന്നതുകൊണ്ട്.

ഗു:—അപ്പോൾ നമുക്ക് എവിടെനിന്നാണു പ്രകാശിക്കുന്നതെന്നാണ് വെളിപ്പെടുന്നതു്?

ശി:—കഴുത്തിനു മേൽഭാഗത്തുള്ള മേലെതട്ടിൽനിന്നു.

ഗു:—കൂടാതെ, ഇതാ ഈ അകത്തു വാതലിനു നേരെ ഒരു വിളക്കു കത്തിച്ചുവെച്ചു വാതിൽ അടച്ചാൽ പുറത്തെന്തായിരിക്കും?

ശി:—ഇരുട്ടായിരിക്കും.

ഗു:—വാതിൽ തുറന്നാലോ?

ശി:—വെളിച്ചമായി.

ഗു:—അപ്പോൾ എവിടെന്നാണു വെളിച്ചം ഉണ്ടാകുന്നതു്?

ശി:—അകത്തിരിക്കുന്ന വിളക്കിൽനിന്നു്

ഗു:—അതു പുറത്തേക്കു് എങ്ങിനെയാണു പ്രകാശിക്കുന്നതു്?

ശി:—ആ വാതിലിനുനേരെ വിളക്കിൽനിന്നു കത്തുന്ന അഗ്നിയുടെ ശക്തിക്കനുസരിച്ചു പുറത്തേക്കു പ്രകാശിക്കുന്നു.

ഗു:—ആ വിളക്കിൽ എണ്ണയും തിരിയും അഗ്നിയും ഇല്ലെങ്കിൽ പ്രകാശിക്കുമോ?

ശി:—പ്രകാശിക്കില്ല.

ഗു:—എന്നാൽ ആ വിളക്കിന്റെ താഴെ തട്ടിൽനിന്നോ മേലെ തട്ടിൽനിന്നോ പ്രകാശിക്കുന്നതു്?

ശി:—മേലെ തട്ടിൽ നിന്നാണ്.

ഗു:—അതേപ്രകാരത്തിൽതന്നെ നാം ഈ ജഡത്തെ ഒരു വിളക്കാ

Since 1923

യി ഉദാഹരിക്കുക. ഈ ജഡമായിരിക്കുന്ന വിളക്കിൽ കർമ്മമായി വായുവായിരിക്കുന്ന തൈലം നിറച്ച്, അതിൽ മനസ്സാകുന്ന തിരിയിട്ട്, ആത്മാവായിരിക്കുന്ന ദീപത്തെക്കൊണ്ട് എരിഞ്ഞുകൊണ്ടിരിക്കുന്നതാണ് ഈ കാണുന്ന ലോകം. അതേതു പ്രകാരത്തിലെന്നാൽ, വിളക്കിന്റെ മേൽതട്ടിൽനിന്നു തിരി കത്തി ജ്വലിച്ച് ഏതുപ്രകാരത്തിൽ പ്രകാശിക്കുന്നുവോ അതേ പ്രകാരത്തിൽതന്നെ ഈ ജഡമാകുന്ന വിളക്കിന്റെ മേൽതട്ടിൽനിന്നു മനസ്സാകുന്ന തിരി കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നതാണ് ഈ കാണുന്നതു്. മേലെതട്ടിൽ എവിടെനിന്നാണ് പ്രകാശിക്കുന്നതെന്നുവെച്ചാൽ ആയതു ഭ്രൂമദ്ധ്യത്തിൽനിന്നാണ്. കാരണം, ശിവൻ വിരൂപാക്ഷനാണെന്നും, ത്രിലോചനനാണെന്നും പറയുന്നു. എന്നാൽ ശിവന്റെ രൂപമാണെന്നു സങ്കല്പിച്ച പടത്തെ വരഞ്ഞുകാണുന്നുണ്ട്. ആ പടത്തിൽ നോക്കുന്ന സമയം അതിന്നു മൂന്നു കണ്ണുകൾ ഇരിക്കുന്നു. അതിലൊന്നു തീക്കണ്ണാണെന്നും പറയുന്നു. എന്നാൽ ശിവൻ ആരാണെന്നുവെച്ചാൽ ജീവനാണ്. ആ ജീവനായിരിക്കുന്ന ശിവന്നു മൂന്നു കണ്ണുകൾ ഇരിക്കുന്നു. അതായതു് ഇഡ, പിംഗള, സുഷുമ്ന. ഇതിൽ ഇഡയും പിംഗളയും ചന്ദ്രസൂര്യന്മാരും, സുഷുമ്ന അഗ്നിയും ആണ്. ഇതുകൊണ്ടാണ ശിവന്നു മൂന്നു കണ്ണുകളുണ്ടെന്നും, അതുകളിൽ ഒന്ന്, അഗ്നി, നേത്രമാണെന്നും, അതു ഭ്രൂമദ്ധ്യത്തിലാണെന്നും പറയുവാൻ കാരണം. അതിന്നനുസരിച്ചുതന്നെയാണ് മുൻപറഞ്ഞ പടത്തിലും ഭ്രൂമദ്ധ്യത്തിൽ അഗ്നിനേത്രം വരഞ്ഞു കാണുവാൻ കാരണം. അപ്പോൾ ഭ്രൂമദ്ധ്യം എന്നു പറയുന്നതു്, സുഷുമ്നയെന്നു പറയുന്ന അഗ്നിനേത്രമാണ്. എന്നാൽ ആ ഭ്രൂമദ്ധ്യത്തിൽ അഗ്നിയില്ലെങ്കിൽ നമുക്കു പ്രകാശിക്കുവാൻ തരമുണ്ടോ?

ശി:—തരമില്ല:

ഗു:—എന്നാൽ നമ്മിൽ എവിടെനിന്നാണ പ്രകാശിക്കുന്നതു്?

ശി:—ഭ്രൂമദ്ധ്യത്തിലിരിക്കുന്ന സുഷുമ്നയായ അഗ്നിനേത്രത്തിൽനിന്ന്.

Since 1923

ഗു:—അതിന്നാണ് ഹൃദയം എന്നു പറഞ്ഞതു്. ഈ പ്രകാരത്തിൽ തന്നിൽ ആകാശമദ്ധ്യത്തിൽ, ഭ്രൂമദ്ധ്യമായി, ഹൃദയമായി, സുഷുമ്നയായിരിക്കുന്ന അഗ്നിനേത്രത്തിൽനിന്നാണ് നമുക്കു പ്രകാശിക്കുന്നതു്.

---

## മൂന്നാം അദ്ധ്യായം.

ശി:—താങ്കൾ ഇതുവരയിലും പറഞ്ഞുകേട്ടേടത്തോളം താൻതന്നെയാണ്, ഈശ്വരനെന്നും, അങ്ങിനെയിരിക്കുന്ന തന്റെ ശക്തി പുറത്തേക്കു വ്യാപിച്ചപ്പോൾ അതിങ്കൽനിന്നു ലോകം ഉണ്ടായി എന്നും മനസ്സിലായി. എന്നാൽ ലോകത്തിൽ സാധാരണയായി പുണ്യപാപങ്ങളെക്കൊണ്ടാണു ജനനമരണം എന്നു പൊതുവിൽ പറഞ്ഞുവരുന്നു. അതിന്റെ യഥാത്ഥം എന്താണ്?

ഗു:—പുണ്യം എന്നതും പാപം എന്നതും എന്താണെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളതു്?

ശി:—പുണ്യം അതായതു സുകൃതം എന്നതു നല്ല പ്രവൃത്തി ചെയ്യുന്നതു്. അതായതു യാതൊന്നിനേയും ഹിംസിക്കാതെ ദയയോടുകൂടിയിരിക്കലും, അന്നദാനം, ഗോദാനം മുതലായതു ചെയ്യുന്നതും, യാഗം ഹോമം, പൂജ മുതലായതു ചെയ്യുന്നതും ചെയ്യിക്കുന്നതും മറ്റുമാണ്. പാപം, അതായതു ദുഷ്കൃതം, എന്നതു ചീത്ത പ്രവൃത്തി ചെയ്യുന്നതു്. അതായതു ദാനധമ്മം ചെയ്യാതിരിക്കലും, ജന്തു ഹിംസധാരികൾ ചെയ്യുന്നതും മറ്റുമാണ്. ഇങ്ങിനെയാണെന്നാണു ഞാനും ധരിച്ചിട്ടുള്ളതു്

ഗു:—ഈ ധാരണ ഏറ്റവും അബദ്ധമാണ്. സുകൃതം എന്നതു നല്ല പ്രവൃത്തിയെന്നോ, ദുഷ്കൃതം എന്നതു ചീത്ത പ്രവൃത്തിയെന്നോ പറയുവാൻ പാടുള്ളതല്ല. അതെന്തുകൊണ്ടെന്നു വെച്ചാൽ, സുകൃതദുഷ്കൃതാദികളെക്കൊണ്ടാണു ജനനമരണം എന്നു നിങ്ങൾതന്നെ പറയുന്നു. അപ്പോൾ ആദി മുതൽ

Since 1923

ഉറുമ്പു വരെയുള്ള എല്ലാ ജന്തുക്കൾക്കും സുകൃതദുഷ്കൃതാദികൾ ബാധിക്കുന്നതാണല്ലൊ ഇതിൽ ഏതെല്ലാമാണു ദുഷ്കൃതംകൊണ്ടു ജനിച്ചതു്?

ശി:—മനുഷ്യരായ നാമൊക്കെയും സുകൃതംകൊണ്ടും ബാക്കിയുള്ള ജന്തുക്കളെല്ലാം ദുഷ്കൃതംകൊണ്ടും ജനിച്ചു.

ഗു:—മനുഷ്യരെന്നു പറഞ്ഞുവരുന്ന നാം മനുഷ്യന്മാരായി ജനിക്കുവാൻവേണ്ടി എപ്പോഴാണു സുകൃതം ചെയ്തതു്? ആന മുതൽ ഉറുമ്പുവരെ എന്നു പറഞ്ഞുവരുന്ന ജന്തുക്കൾ എല്ലാം അപ്രകാരം ജനിക്കുവാൻവേണ്ടി എപ്പോഴാണു ദുഷ്കൃതം ചെയ്തതു്?

ശി:—അതു മുൻജന്മത്തിലാണു്.

ഗു:—എന്നാൽ മുൻജന്മത്തിൽ നാം ആരായിരുന്നു? ഈ ജന്മത്തിൽ മനുഷ്യരായി ജനിക്കുവാൻവേണ്ടി നാം എന്തു സുകൃതമാണു ചെയ്തതു്? ഉറുമ്പു മുതലായ ജന്തുക്കൾ മുൻ ജന്മത്തിൽ ആരായിരുന്നു? ഈ ജന്മത്തിൽ മേൽപറഞ്ഞപ്രകാരമുള്ള ജീവികളായി ജനിക്കുന്നതിനു ചെയ്ത ദുഷ്കൃതം എന്തായിരുന്നു? പറയുവാൻ കഴിയുമൊ?

ശി:—പറയുവാൻ കഴികയില്ല.

ഗു:—എന്നാൽ അവനവന്നു് അനുഭവമില്ലാത്ത സംഗതികളെ വിശ്വസിച്ചിട്ടു ഫലമില്ല. അവനവന്റെ അനുഭവത്തിനും, യുക്തിക്കും, ശ്രുതിക്കും അനുസരിച്ചതു് ഏതൊന്നോ, അതാണു് വിശ്വസിക്കേണ്ടതു്. എന്തുകൊണ്ടെന്നുവെച്ചാൽ ഉറുമ്പു മുതൽ നാം ഉൾപ്പെടെ എന്തെല്ലാം സൃഷ്ടികൾ ലോകത്തിൽ കേൾക്കുന്നുവോ, കാണുന്നുവോ, അറിയുന്നുവോ അവയെല്ലാം ഒരേ ജീവനാണു്. ഇപ്രകാരം വ്യത്യാസമായി കാണുന്നതു രൂപവ്യത്യാസമാണു്. കൂടാതെ, അവനവന്റെ ജീവൻ പുറത്തേക്കു വ്യാപിച്ചപ്പോൾ ശക്തിയായി. ആ ശക്തിയിൽ തന്റെ ജീവനെ മറവുള്ളവകളായി പ്രതിബിംബിച്ചതാണു് ഈ കാണുന്ന ലോകം. അതിനെ വിസ്തരിച്ചു് പിന്നീടു പറയാം. എന്നാൽ സുകൃത ദുഷ്കൃതാദികളെക്കൊണ്ടാണു ജനനമരണം എന്നുവെച്ചാൽ രാജാക്കന്മാരെന്നഭിമാനിച്ചുവരുന്നവൎക്കു് അതു

ബാദ്ധ്യതപ്പെടുന്നതാണ്. എന്നുതന്നെയല്ല, സുകൃതദുഷ്കൃതാദികൾ ചെയ്താൽ അതിൻെറ ഗുണദോഷങ്ങൾ എപ്പോഴെപ്പോഴാണ് അനുഭവിക്കുന്നത്?

ശി:—മുൻജന്മത്തിൽ ചെയ്തത് ഈ ജന്മത്തിലും, ഈ ജന്മത്തിൽ ചെയ്യുന്നതു വരുന്ന ജന്മത്തിലും അനുഭവിക്കുന്നതാണ്.

ഗു:—അത് എങ്ങിനെ ഏതുപ്രകാരത്തിലനുഭവിക്കുന്നു?

ശി:—സുകൃതം ചെയ്തവർ ബ്രാഹ്മണരായും, രാജാക്കന്മാരായും, ധനവാന്മാരായും, ദുഷ്കൃതം ചെയ്തവർ ദരിദ്രന്മാരായും, രോഗികളായും ജനിച്ച് അനുഭവിക്കുന്നു

ഗു:—എന്നാൽ ബ്രാഹ്മണർക്കും, രാജാക്കന്മാർക്കും, ധനവാന്മാർക്കും രോഗം ഉണ്ടാകുന്നുണ്ടോ ഇല്ലയോ?

ശി:—ഉണ്ടാകുന്നുണ്ട്.

ഗു:—അതിന്നെന്താണു കാരണം? അവർ ഏതുകാലത്തു ചെയ്ത ദുഷ്കൃതമാണ്?

ശി:—മുൻ ജന്മത്തിൽ ചെയ്തതാണ്.

ഗു:—അങ്ങിനെയാണെങ്കിൽ അവർ എങ്ങിനെയാണു ബ്രാഹ്മണരാകുന്നതും, രാജാക്കന്മാരാകുന്നതും, ധനവാന്മാരാകുന്നതും? അങ്ങിനെയാണെങ്കിൽ നാമും മേൽപറഞ്ഞ പ്രകാരത്തിലുള്ളവരായി ജനിക്കേണ്ടതല്ലേ? എന്തുകൊണ്ടെന്നാൽ ദുഷ്കൃതം തീരെ ഇല്ലാതെ വരുമ്പോഴാണു ബ്രാഹ്മണനാകുന്നതും, രാജാക്കന്മാരാകുന്നതും. കൂടാതെ രാജാക്കന്മാർ പുണ്യോൽകൃഷ്ട ശരീരികളാണ് എന്നു പറഞ്ഞുവരുന്നു. അതായതു പുണ്യം ഉയൎന്നപദവിയായി. അപ്പോൾ പാപം എന്നതു തീരെ ഇല്ല. എന്തുകൊണ്ടെന്നാൽ പുണ്യം ഉയൎന്നപദവിയാകുമ്പോൾ ഈശ്വരനാകും. എന്തുകൊണ്ടെന്നാൽ ഉയൎന്ന വസ്തു ഈശ്വരനാണ് അപ്പോൾ പുണ്യം ഈശ്വരങ്കൽ ചെന്നു ഈശ്വരനായി തീൎന്നു അപ്പോഴാണു രാജാവാകുന്നതു്. ഈശ്വരാംശമാണ് രാജാവു്. അതിന്നനുസരിച്ചാണ് "രാജാ പ്രത്യക്ഷദേവത" എന്നു പറയുവാൻ കാരണം. ഓരോ സ്കൂളുകളുടെ ചുമരിന്മേലും മററും "രാജാപ്രത്യക്ഷദേവത" എന്നു എഴുതിയതാ

യി നമ്മാം കണ്ടുവരുന്നു. അപ്പോാം പ്രത്യക്ഷമായ ഈശ്വരനാണ് രാജാവ്. ആ രാജാവിന്നു യാതൊരു രോഗവും ഉണ്ടാകുവാൻ പാട്ടുള്ളതല്ല എന്നുതന്നെയല്ല; രാജാക്കന്മാൎക്കുണ്ടാകുന്ന വിധത്തിലുള്ള രോഗങ്ങളാം നമുക്കുണ്ടാകുന്നില്ല അവൎക്കു രാജയക്ഷ്മാവു അതായതു ക്ഷയം, രാജകുരു, ഭഗന്ദരം, ഗുദന്ദരം, പ്രമേഹം, പക്ഷവാതം മുതലായ വലുതായ രോഗങ്ങളാണ് ഉണ്ടാവുന്നത്. അതിനാൽ അവർ വലിയ കുററം ചെയ്യുവരാണ്. അങ്ങിനെ വലിയ ദുഷ്കൃതമായ കുററം ചെയ്യുവർ രാജാക്കന്മാരായി ജനിപ്പാൻ പാട്ടുണ്ടോ?

ശി:—പാടില്ല.

ഗു:—എന്നാൽ സുകൃതദുഷ്കൃതങ്ങാം ഉത്ഭവിക്കുന്നതു എവിടെനിന്നാണ്.

ശി:—അതു മനസ്സിൽനിന്നാണ്.

ഗു:—അപ്പോാം നമുക്കു മനസ്സില്ലെങ്കിൽ സുകൃതമോ ദുഷ്കൃതമോ ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—എന്നാൽ മനസ്സിൽനിന്നുത്ഭവിക്കുന്ന ദുഷ്കൃതങ്ങാം തീരെ ഉണ്ടാകാതിരുന്നാൽ എന്തായിരിക്കും?

ശി:—സുകൃതമായിരിക്കും.

ഗു:—സുകൃതം എന്നതു് എന്താണ്?

ശി:—ഈശ്വരനോട് ചേരുന്നതിന്നുള്ള ഒരവസ്ഥ.

ഗു:—എന്നാൽ ഈശ്വരൻ നമ്മളിൽ എവിടെ ഇരിക്കുന്നു?

ശി:—നമ്മളിൽ ഉയൎന്ന സ്ഥലത്തിൽ ഇരിക്കുന്നു.

ഗു:—ഈശ്വരൻ നമുക്കു ഉപരിയാണ്. എന്നാൽ നമുക്കു മേലെ ഇരിക്കുന്നതു ശിരസ്സാണ്. ആ ശിരസ്സിലാണ് ഈശ്വരൻ ഇരിക്കുന്നത്. അങ്ങിനെ മേലെ ശിരസ്സിലിരിക്കുന്ന ഈശ്വരങ്കൽ ചേൎന്ന് ഒരേ അവസ്ഥയായി ഇരിക്കേണമെങ്കിൽ ഈശ്വരങ്കലേക്കുതന്നെ ഒരേ ഗതിയായി ഇരിക്കണം. ആ അവസ്ഥക്കാണ് പുണ്യോൽകൃഷ്ടം എന്നു പറയുന്നതു്. പുണ്യം ഉൽകൃഷ്ടമായ ശരീരികളാണ് ഈശ്വരൻ. അതായതു പുണ്യം ഉയ

ന്ന പദവിയായിവന്ന ശരീരികളാരോ അവരാണ് ഈശ്വരൻ. അതുകൊണ്ടാണ്, ഈശ്വരാംശമാണ് രാജാവു എന്നു പറയുവാൻ കാരണം. അതിനാൽ തന്നിൽനിന്നുത്ഭവിക്കുന്ന ദുഷ്കൃതാദികൾ ഉണ്ടാകാതെ തന്നിൽ മേലെ ശിരസ്സിലിരിക്കുന്ന ഈശ്വരങ്കൽ ഏകഗതിയായി വരുമ്പോൾ പുണ്യം ഉൽകൃഷ്ടമായി രാജാവാകുന്നു. നിങ്ങൾ ചണ്ഡാളനെന്നു പറയുന്ന ഒരു പറയനായിരുന്നു മേൽപറഞ്ഞ പ്രകാരം ഭവിച്ചതു് എന്നു വെച്ചാൽ അവൻ ആരായി?

ശി:—അവൻ രാജാവായി.

ഗു:—അപ്പോൾ രാജാവു എന്ന സൃഷ്ടി ഉണ്ടോ?

ശി:—ഇല്ല.

ഗു:—എങ്ങിനെയാണ് രാജാവാകുന്നതു്?

ശി:—അവനവന്റെ പ്രവൃത്തികൊണ്ടാണ്.

ഗു:—അതു എങ്ങിനെയാണെന്നുവെച്ചാൽ, തന്റെ ശക്തി പുറത്തേക്കു വ്യാപിച്ചു പല വിഷയങ്ങളിലും ചെന്നു പതിഞ്ഞു മോഹമായി ഭ്രമിച്ചു കിടക്കുന്നതിനെ, പുറത്തേക്കു വന്നു വ്യാപിച്ചു യാതൊരു വിഷയത്തിലും പോകാതെ ഉത്ഭവസ്ഥാനമായ തന്നിൽതന്നെ ചേരുവാനുള്ള ഏകഗതിയായി വരുമ്പോഴാണ് രാജാവു എന്നു പറയുന്ന അവസ്ഥ. അതല്ലാതെ ഇപ്പോൾ നാം രാജാവു എന്നു അഭിമാനിച്ചുവരുന്നവരുടെ സ്ഥിതി, ലോകം മുഴുവനും വ്യാപിച്ചിരിക്കുന്ന ജീവികൾക്കു സമാവകാശമായിരിക്കുന്ന സ്വത്തിനെ "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന നിലയിൽ അക്രമമായി പിടിച്ചടക്കി സ്ഥാനമാനാദികൾ ഏപ്പെടുത്തിയതാണ്. ഒരാൾ അതിശക്തനും പരാക്രമിയും ജനസ്വാധീനമുള്ളവനും ആയാൽ, "ബാക്കിയുള്ള ജനങ്ങളെ പിടിച്ചുകെട്ടി അടിച്ചു തെച്ചു, 'നിങ്ങളെല്ലാവരും എനിക്കു കീഴൊതുങ്ങണം; ഞാൻ രാജാവാണ്'; എന്റെ ചൊല്പടിക്കനുസരിച്ചു നടക്കണം", എന്നൊക്കെയും ബലാല്ക്കാരമായി നിബ്ബന്ധിച്ചു തന്റെ അടിമകളാക്കി കീഴൊതുക്കി വാണുവന്നതാണ്. ഈ പ്രകാരത്തിലാണ് ഇപ്പോൾ

ഉള്ള രാജാക്കന്മാരെന്നും പ്രഭുക്കന്മാരെന്നും ധനികന്മാരെന്നും പറഞ്ഞുവരുന്നവർ. അതിന്നു ദൃഷ്ടാന്തം 1921_ൽ; അതായതു് കൊല്ലവർഷം 1096_ൽ മലബാറിൽ നടന്ന മാപ്പിളലഹളയിൽ നാഥനായിരുന്നതു കുഞ്ഞഹമ്മത് ഹാജി ആയിരുന്നുവല്ലൊ അയാൾ യഥാൎത്ഥത്തിൽ ഒന്നുരണ്ടു പ്രാവശ്യം ഗവൎമ്മേണ്ടു ജയിൽശിക്ഷ കൊടുത്തിട്ടുള്ള കേടിയാണെന്നും കേൾവിപ്പെട്ടിട്ടുണ്ടല്ലൊ? അയാൾക്കു വളരെ ജനസ്വാധീനമുണ്ടായി ശക്തി വൎദ്ധിച്ചതിനാൽ ഇന്ത്യാഗവൎമ്മേണ്ടിനോടു ലഹളകൾ പുറപ്പെട്ടു ജനങ്ങളെ കഠിനമായി ഉപദ്രവിച്ചു പിടിച്ചുകെട്ടി തറച്ചുകളയുവാനാരംഭിച്ചപ്പോൾ ആ രാജ്യവാസികൾ എല്ലാവരും ഭയന്നു ഒതുങ്ങി തനിക്കു കീഴായി വന്നാൽ ആയാളെ അപ്പോൾ ആരെന്നു പറയും?

ശി:—രാജാവെന്നു പറയാം.

ഗു:—അപ്പോൾ രാജാവു് എന്നതു പ്രത്യേകമായ ഈശ്വരസൃഷ്ടിയോ, അതല്ല അവനവൻെറ ദുഷ്പ്രവൃത്തികൊണ്ടു് ഉണ്ടായിത്തീരുന്നതോ?

ശി:—അവനവൻെറ ദുഷ്പ്രവൃത്തികൊണ്ടു്.

ഗു:—എന്നാൽ സുകൃതം, ദുഷ്കൃതം എന്നതു ഇന്നതാണെന്നറിയാത്തതുകൊണ്ടാണു് തെററായ ധാരണക്കു് ഇടവന്നതു്. ദുഷ്കൃതം എന്നതു ദുഷിച്ചേണ്ടുന്നതു്. അതായതു സുകൃതം ഇല്ലാതാകുന്നതു്. എന്നാൽ, ഒരാൾ രോഗം പിടിച്ചു അശക്തനായി കിടക്കുന്നു, അപ്പോൾ ആയാളെ സുകൃതി എന്നോ ദുഷ്കൃതി എന്നോ പറയുന്നതു് ?

ശി:—ദുഷ്കൃതി എന്നാണു്.

ഗു:—അങ്ങിനെ പറയുവാൻ പാടില്ല. കാരണം; സുകൃതം നശിച്ചാൽ ചത്തുപോയി. അതായതു പുണ്യം തീൎന്നാൽ ചാകുന്നു എന്നു പറയുന്നു. രോഗം പിടിച്ചുകിടക്കുന്ന ആൾക്കു ജീവനിരിക്കുന്നില്ലെ ? അയാൾ ചത്തിട്ടില്ലല്ലൊ? പാപം എന്നാൽ ഈശ്വര ചൈതന്യം ഇല്ലാത്തതാണു്. രോഗം പിടിച്ചു കിടക്കുന്ന സമയത്തു് അയാൾക്കു് ഈശ്വരചൈതന്യം ഇല്ലയോ?

ഈശ്വര ചൈതന്യം ഇല്ലെങ്കിൽ മരക്കഷണംകൊണ്ടുണ്ടാക്കിയ ഒരു പാവക്കു തുല്യമായി അപ്പോഴാണു പാപം എന്നു പറയുന്നതു്. പാപം എന്നതു് ഈശ്വരചൈതന്യം ഇല്ലാതെ ജീവൻ അതിങ്കൽനിന്നു നശിച്ചതാണു്. ജീവൻതന്നെയാണു് ഈശ്വരൻ; അതാണു പുണ്യം. ആ പുണ്യമായിരിക്കുന്ന വസ്തു നശിച്ചു ചന്ദ്രമണ്ഡലത്തിൽ മഞ്ഞിനു തുല്യമായി ചെന്നു പതിയുന്നു എന്നു പറഞ്ഞുവരുന്നു എന്നാൽ അതു ശരിയാണു്. അതു് എന്തുകൊണ്ടെന്നാൽ ചന്ദ്രൻ എന്നതു മനസ്സാണു്. ചന്ദ്രമണ്ഡലം എന്നു പറയുന്നതു മനോമണ്ഡലമാണു്. മഞ്ഞു് എന്നതു നീരായിരിക്കുന്ന ആവിയാണു്. അതായതു വിചാരമായിരിക്കുന്ന പുകയാണു്. അതു് എന്തെന്നാൽ ചന്ദ്രമണ്ഡലമായിരിക്കുന്ന മനോമണ്ഡലത്തിൽ ജീവനായിരിക്കുന്ന പുണ്യം അതു് ഇതു് എന്നുള്ള വിചാരാദികളായി നശിച്ചുപോകുന്നു. അപ്പോഴാണു ചത്തു പോകുന്നതു്. ഇതാണു പുണ്യം ഒടുങ്ങി ചന്ദ്രമണ്ഡലത്തിലേക്കു മഞ്ഞിനു തുല്യമായി ചെന്നു പതിയുന്നു എന്നു പറയുവാനുള്ള കാരണം. അങ്ങിനെ പോകുന്നതു് എന്താണു്?

ശി:—ജീവനായിരിക്കുന്ന പുണ്യമാണെന്നു വെളിപ്പെടുന്നു.

ഗു:—എന്നാൽ ആ പുണ്യം തന്നിൽനിന്നു നശിച്ചു പോകുമ്പോഴം ആകുന്നു ചത്തുപോകുന്നതു്. അതിനാൽ പുണ്യമായിരിക്കുന്ന ഒരു വസ്തു നമ്മളിൽ ഉണ്ടെന്നു വരുന്നു. അതായതു്, സുകൃതമായിരിക്കുന്ന ധനം; അതാണു പുരുഷാൎത്ഥം അതു പുരത്തിലിരിക്കുന്ന സുഷുമ്നയിലുള്ള അൎത്ഥമാണു്. പുരമെന്നാൽ വീടു്. അതു് ഈ ജഡം. സുഷുമ്നയെന്നതു ഹൃദയം. അൎത്ഥം എന്നാൽ ധനം. അതുകൊണ്ടു പുരത്തിലുള്ള സുഷുമ്നയായിരിക്കുന്ന ഹൃദയത്തിലുള്ള ധനം. ആ ധനം നശിക്കുമ്പോഴാണു നാം ചത്തുപോകുന്നതു്. അതേതുപ്രകാരമെന്നുവെച്ചാൽ ഇതാ നോക്കുവിൻ. ഒരു പെട്ടി, ഈ പെട്ടിനിറച്ചും ധനമുണ്ടായിരുന്നു! ആ ധനത്തെ ചിലവുചെയ്തു, ചെയ്തുകൊണ്ടിരുന്നാൽ ഒടുവിൽ എന്തായിത്തീരും?

ശി:—ധനം തീൎന്നുപോകും.

ഗു:—അപ്പോൾ എന്തു ബാക്കിയുണ്ടു്?

ശി:—പെട്ടിമാത്രം ബാക്കിയുണ്ടു്.

ഗു:—ഇതേപ്രകാരംതന്നെ ഈ കാണുന്ന ജഡം ഒരു പെട്ടിയാണെന്നു വിചാരിക്കുവിൻ. ഈ ജഡമായിരിക്കുന്ന പെട്ടിയിലാണു സുകൃതമെന്ന ധനമിരിക്കുന്നതു്. ആ ധനം ചെലവായിതീൎന്നുപോയാൽ ഒടുവിലെന്തായിത്തീരുന്നു?

ശി:—ചത്തുപോകുന്നു.

ഗു:—അപ്പോഴാണു സുകൃതമെന്ന ധനം നശിച്ചതു്. പിന്നീടു് അവിടെ എന്തു ബാക്കിയുണ്ടു്?

ശി:—ജഡമായിരിക്കുന്ന പെട്ടിമാത്രം ബാക്കിയുണ്ടു്.

ഗു:—ഈ ജഡമായിരിക്കുന്ന പെട്ടിയിലുണ്ടായിരുന്ന സുകൃതമെന്ന ധനം നശിച്ചപ്പോൾ ജഡമായിരിക്കുന്ന പെട്ടിമാത്രം ബാക്കിയായി, അതിനെ കുഴിച്ചിടുകയോ, ചുട്ടു ഭസ്മമാക്കുകയോ ചെയ്യുന്നു. ഇതു നമുക്കു പ്രത്യക്ഷമായ അനുഭവമാണല്ലൊ? അതുകൊണ്ടു് ഈ ജഡത്തിൽ ഒരു ധനമുണ്ടായിരുന്നുവെന്നും, ആ ധനം സുകൃതമായിരുന്നുവെന്നും വരുന്നു. സുകൃതമെന്നതു വിശേഷകൃതം. അതായതു്, വിശേഷം—അറിവു്, കൃതം—ചെയ്യപ്പെടുന്നതു്, അറിവിനാൽ ചെയ്യപ്പെടുന്നതു് എന്നാണു്. അതിനാൽ അറിവിനാൽ ചെയ്യപ്പെടുന്നതു സുകൃതവും, അറിവില്ലായ്മ ദുഷ്കൃതവും എന്നും ലോകത്തിൽ പറഞ്ഞുവരുന്നു. അതു യഥാൎത്ഥമാണു്. അതെന്തെന്നാൽ, അറിവെന്നു പറഞ്ഞതു എന്താണെന്നാണു മുൻവിവരിച്ചിട്ടുള്ളതു്.

ശി:—ജീവശക്തയായ വായുവെന്നാണു്.

ഗു:—അതു് എങ്ങിനെയിരിക്കുന്ന വായുവാണെന്നാണു് പറഞ്ഞിട്ടുള്ളതു്?

ശി:—ബ്രഹ്മരന്ധ്റത്തിൽ മുട്ടിക്കൊണ്ടിരിക്കുന്ന സമീരണൻ.

ഗു:—അപ്പോൾ അറിവായിരിക്കുന്ന വായുകൊണ്ടു ചെയ്യപ്പെടുന്നതു സുകൃതവും അതു് ഉള്ളിൽക്കൂടിയല്ലാതെ പുറത്തേക്കുപോയി തീരുന്നതിന്നു ദുഷ്കൃതവും എന്നു പേർ. ഇതുകൊണ്ടാണു

പുണ്യം നശിച്ചാൽ പാപം എന്നു പറയുവാൻ കാരണം അപ്പോൾ പാപം എന്നു പറയുന്നതു് എന്താണ്?

ശി:_ ജീവനെ നശിപ്പിക്കുന്നതു്.

ഗു:—നിങ്ങളുടെ ജീവനെ നിങ്ങൾ സ്നേഹിച്ചുവോ?

ശി:— ഓ! ഞാൻ സ്നേഹിച്ചിരിക്കുന്നു.

ഗു:—എന്നാൽ നിങ്ങൾ ചത്തുപോകുമോ?

ശി:—ഞാൻ ചത്തുപോകും.

ഗു:—നിങ്ങളുടെ ജീവനെ നിങ്ങൾ സ്നേഹിച്ചാൽ ചത്തുപോകുവാൻ ഇടയുണ്ടോ?

ശി—അതു് എങ്ങിനെയെന്നു ഞാൻ അറിയുന്നില്ല.

ഗു:—പറയാം; അതായതു നിങ്ങളുടെ ജീവനെ നിങ്ങൾ സ്നേഹിച്ചിട്ടുണ്ടെങ്കിൽ ആ ജീവനെ പുറത്തേയ്ക്കു വിടാതെ നിങ്ങളിൽതന്നെ ഒതുക്കുകയല്ലേ ചെയ്യേണ്ടതു്?

ശി:—അതേ, ഒതുക്കുകയാണു ചെയ്യേണ്ടതു്.

ഗു:—അപ്പോൾ നിങ്ങൾ ചത്തുപോകുവാൻ തരമുണ്ടോ?

ശി:—തരമില്ല.

ഗു:—എന്നുതന്നെയല്ല, നിങ്ങളുടെ ജീവനെ നിങ്ങൾ സ്നേഹിച്ചിരുന്നുവെങ്കിൽ മററൊന്നിനെ ഹിംസിക്കുവാൻ ഇടയുണ്ടാകുന്നതല്ല. എപ്പോൾ തന്നെത്താൻ സ്നേഹിച്ചുവോ, അപ്പോൾ മററൊന്നിനെ ഹിംസിക്കയില്ല. തന്നെത്താൻ സ്നേഹിച്ചാൽ തന്നെവിട്ടു പുറത്തേക്കു പോവുകയില്ല. തന്നെവിട്ടു പുറത്തേക്കു പോകുന്നില്ലെങ്കിൽ മററൊന്നിനെ ഹിംസിക്കുവാൻ തരമില്ല. അതു് ഏതുപ്രകാരമെന്നാൽ, ഇതാ നോക്കുവിൻ! ഒററ മുറിയായും രണ്ടുതട്ടായും അതിൽ മേലെ തട്ടിന്നു് അധികം ജനവാതിലുകൾ ഉള്ളതുമായ ഒരു വീട്ടു്. അതിൽ കീഴെയുള്ള അകത്തു കടന്നു വാതിലടച്ചു മേലെ തട്ടിലുള്ള അകത്തേക്കു പോയി അതിലുള്ള ജനവാതിലുകളിൽക്കൂടി നോക്കിയാൽ പുറത്തുള്ള എല്ലാ അവസ്ഥയും നിങ്ങൾക്കു കണ്ടുകൊണ്ടിരിക്കാം. എന്നാൽ പുറത്തിരിക്കുന്ന വല്ല ജന്തുക്കളേയും നിങ്ങൾ താഴത്തി

റങ്ങി പുറത്തുവരാതെ ഹിംസിക്കുവാൻ സാധിക്കുമോ?

ശി:—ഇല്ല, ഹിംസിക്കുവാൻ സാധിക്കുന്നതല്ല.

ഗു:—എന്നാൽ മേൽപറഞ്ഞ വീടിന്റെ ഉള്ളിൽ നിങ്ങറം ഇരിക്കുന്ന സമയത്തു പുറത്തുള്ളതെല്ലാം കാണാമായിരുന്നു. ഇതേ പ്രകാരംതന്നെ തന്നിൽ ഇരിക്കുന്ന ജീവൻ കീഴെ ഇറങ്ങി പുറത്തുവന്നു വ്യാപിക്കുന്നതുകൊണ്ടാണ പലേ ഹിംസാദികളും ചെയ്യാൻ ഇടവരുന്നത്. ആ ജീവനെ പുറത്തേക്കു വിടാതെ തന്നിൽതന്നെ ഉപരിയായി അതായതു മേൽഭാഗത്തു ഒതുക്കിയാൽ യാതൊന്നിനേയും ഹിംസചെയ്യാതെ എല്ലാം അറിഞ്ഞിരിക്കാം. അപ്പോറം മാത്രമേ ജീവനെ സ്നേഹിച്ചിരിക്കുന്നുവെന്നു പറയുവാൻ സാധിക്കുകയുള്ളൂ. അതുപ്രകാരം ജീവനെ സ്നേഹിക്കാതെ നമ്മുടെ ജീവൻ നാനാവിഷയങ്ങളിൽ പോയി വീഴുന്നതുകൊണ്ട് അതായതു മൂക്കിൽക്കൂടിയും വായിൽക്കൂടിയും മററും പുറത്തേക്കു പോയി നശിച്ചുകൊണ്ടിരിക്കുന്നതിന്നാണ പാപം എന്നു പറയുന്നത്. അതായതു തന്റെ സുകൃതമായി ഉള്ളിലുള്ള ജീവശക്തിയായിരിക്കുന്ന വായു ദുഷ്കൃതമായി പുറത്തേക്ക് അനുലോമപ്രതിലോമമായി പോയിത്തീരുന്നു. അതു് എങ്ങിനെയെന്നാൽ മൂക്കുകൊണ്ടും മററും പുറത്തേക്കു വിടുന്നതു് അനുലോമവും, ആ വഴിക്കുതന്നെ ഉള്ളിലേക്ക് എടുക്കുന്നതു പ്രതിലോമവും ആകുന്നു. ഇപ്രകാരം ഗമിക്കുകയും അനുഗമിക്കുകയും ചെയ്തു് അവസാനം തന്നിൽനിന്നു ജീവൻ നശിച്ചു ചത്തുപോകുന്നു. അതു് എങ്ങിനെയെന്നാൽ നമ്മുള്ളിൽ ഉള്ള സത്തായിരിക്കുന്ന ജീവൻ തന്നെ താനറിയാതെ അതു്, ഇതു്, എന്ന വിചാരാദികളാൽ ദുഷ്കൃതമായി പുറത്തേക്കുപോയി നശിച്ചുപോകുന്നു. ഈ അവസ്ഥയാണ പാപം. അപ്പോറം ഇതുവരെയും നിങ്ങറം നിങ്ങളുടെ ജീവനെ സ്നേഹിച്ചുവോ?

ശി:—ഇല്ല.

ഗു:—നിങ്ങളുടെ ജീവനെ നിങ്ങറം സ്നേഹിച്ചതായിരുന്നാൽ നിങ്ങറം ചത്തുപോകുമോ?

ശി:—ചത്തുപോകില്ല.

ഗു:—എന്നാൽ നമ്മളെന്തിനുവേണ്ടിയാണ് സുകൃതം ചെയ്യേണ്ടതു്?

ശി:—ചാകാതിരിക്കുവാൻ.

ഗു:—ചത്തുപോയപ്പോൾ ആ ശരീരത്തിന്നു വല്ല ഓർമ്മയോ, ബോധമോ, മറ്റോ ഉണ്ടോ?

ശി:—യാതൊന്നുമില്ല.

ഗു:—എന്തുകൊണ്ട്.

ശി:—ചത്തുപോയതുകൊണ്ട്.

ഗു:—ചത്തപ്പോൾ അതിലെന്തില്ല?

ശി:—ജീവശക്തിയായ വായുവില്ല.

ഗു:—അപ്പോൾ നമ്മെ രക്ഷിക്കുന്നതു് ആരാണ്?

ശി:—ജീവശക്തിയായ വായുവാണ്.

ഗു:—അതിന്നാണ് ഈശ്വരനെന്നു പേർ.

---

## നാലാം അദ്ധ്യായം.

ശി:—സ്വാമിൻ! മുൻഅദ്ധ്യായത്തിൽ, ജീവശക്തിയായ വായുവിനെ ഈശ്വരൻ എന്നു കല്പിച്ചുവല്ലൊ. അതു് എങ്ങിനെയാണെന്നു വിസ്തരിച്ചുതന്നു് അരുളിച്ചെയ്യണം.

ഗു:—എന്നാൽ, ഈശ്വരൻ എന്നതിന്റെ അർത്ഥം ഭരണശ്രേഷ്ഠൻ എന്നാണ് അതായതു്, ഈശ്+വരൻ ഈശ് = ഭരണം അതായതു രക്ഷിക്കൽ; വരൻ = ശ്രേഷ്ഠൻ. അപ്പോൾ ഈശ്വരൻ എന്നതിന്റെ അർത്ഥം ഭരണശ്രേഷ്ഠൻ എന്നാണ്. അങ്ങിനെ നമ്മളെ ഭരിച്ചുകൊണ്ടിരിക്കുന്നതു് അതായതു രക്ഷിച്ചുകൊണ്ടിരിക്കുന്നതു് ആരാണ്.

ശി:—ജീവശക്തിയായിരിക്കുന്ന വായുവാണ്.

ഗു:—ആ വായുവില്ലെങ്കിൽ നമുക്കു ജലപാനം മുതലായ ഭക്ഷണാ

ദികൾ കഴിക്കുവാനോ, സംസാരിക്കുവാനോ, ഇളകുവാനോ മറ്റോ സാധിക്കുമോ?

ശി:__സാധിക്കയില്ല.

ഗു:__എന്നുതന്നെയല്ല സൃഷ്ടി, സ്ഥിതി, സംഹാരാദികൾ ചെയ്യുന്നതു് ഈശ്വരനാണെന്നു പറയുന്നു അതു ശരിതന്നെ. അങ്ങിനെ ചെയ്യുന്നതു ജീവശക്തിയായ വായുവാണ് അതിന്നു ദൃഷ്ടാന്തം; ഇവിടെ ഒരു തീക്കനൽ വെക്കുക. അതിന്മേൽ കുറച്ചു ഓലക്കൊടിയുംവെക്കുക. എന്നാൽ അതു തന്നാലെ കത്തുമോ?

ശി:__കത്തുകയില്ല.

ഗു:__അതു കത്തേണമെങ്കിൽ എന്തു ചെയ്യണം?

ശി:__ഊതണം.

ഗു:__എങ്ങിനെയാണ് ഊതുന്നതു്?

ശി:__ജീവശക്തിയായ വായുവിനെ കൊണ്ടാണ്.

ഗു:__ആ വായുകൊണ്ടു് എന്തുണ്ടായി?

ശി:__അഗ്നിയുടെ പ്രകാശം ഉണ്ടായി.

ഗു:__ആ പ്രകാശത്തെ നിങ്ങൾ കാണുന്നുണ്ടോ?

ശി:__കാണുന്നുണ്ടു്.

ഗു:__കാണേണമെങ്കിൽ എന്തുണ്ടായിരിക്കണം?

ശി:__രൂപം ഉണ്ടായിരിക്കണം.

ഗു:__വായുവിന്നു രൂപം ഉണ്ടോ?

ശി:__ഇല്ല

ഗു:__ആൎക്കാണു രൂപം ഉണ്ടായതു്?

ശി:__അഗ്നിക്കു

ഗു:__അഗ്നിയുടെ രൂപം എന്താണ്?

ശി:__പ്രകാശം.

ഗു:__അപ്പോൾ പ്രകാശമായ രൂപത്തെ സൃഷ്ടിച്ചതു് ആരാണ്?

ശി:__വായുവാണ്.

ഗു:__അപ്പോൾ സൃഷ്ടി കൎത്താവ് ആർ?

Since 1923

ശി:__ജീവശക്തിയായിരിക്കുന്ന വായു.

ഗു:__അപ്രകാരം വായുവാൽ സൃഷ്ടിക്കപ്പെട്ട പ്രകാശമായ രൂപ

ത്തെ, ഒരു വിളക്കിൽ എണ്ണവീഴ്ത്തി അതിൽ തിരി വെച്ചു, ആ തിരി കത്തിച്ചു, ആ വിളക്കിനെ പെട്ടിക്കകത്തുവെച്ചു പൂട്ടിയാൽ അതു കത്തുമോ?

ശി:—കത്തുകയില്ല.

ഗു:—കാരണം എന്തു്?

ശി:—അതിന്നുള്ളിൽ വായുവില്ലാത്തതുകൊണ്ടു്.

ഗു:—അപ്പോൾ അതു കത്തിക്കൊണ്ടിരിക്കേണമെങ്കിൽ എന്തു വേണം?

ശി:—വായുവേണം.

ഗു:—അപ്പോൾ സ്ഥിതിചെയ്യുന്നതു് ആരാണു്?

ശി:—വായുവാണു്.

ഗു:—കത്തിക്കൊണ്ടിരിക്കുന്ന പ്രകാശമായ രൂപത്തെ കെടുക്കേണമെങ്കിൽ എന്തുവേണം?

ശി:—വായുവേണം.

ഗു:—വായുവിനെക്കൊണ്ടു് എങ്ങിനെയാണു കെടുക്കുന്നതു്?

ശി:—ഊതി കെടുക്കുന്നു.

ഗു:—അപ്പോൾ സംഹാരം ചെയ്യുന്നതു് ആരാണു്?

ശി:—വായുവാണു്.

ഗു:—അപ്പോൾ അപ്രകാരം സൃഷ്ടി, സ്ഥിതി, സംഹാരാദികൾ ചെയ്യുന്നതു് ആരാണു്?

ശി:—ജീവശക്തിയായിരിക്കുന്ന വായുവാണെന്നു വെളിപ്പെടുന്നു.

ഗു:—എന്നാൽ ആ വായുവാണു ശക്തി. ആ ശക്തിയിൽനിന്നാണു സൃഷ്ടി, സ്ഥിതി, സംഹാരാദികൾ ഉണ്ടാകുന്നതു്. ഇതിന്നാണു് ശിവശക്തി എന്നു പറയുന്നതു്. അതുകൊണ്ടാണു "ശക്തി ഒഴിഞ്ഞാൽ ശിവനും ശവരൂപമാം", എന്നു പറയുവാൻ കാരണം. കൂടാതെ സർവ്വ അർത്ഥങ്ങളും, അനർത്ഥങ്ങളും ഉണ്ടാകുന്നതും വിശ്വത്തിന്റെ ഏകകാരണമായിട്ടുള്ളതും, വിശേഷമായിട്ടുള്ളതും ശരീരമാണു്.

ശി:—അല്ലയോ സ്വാമിൻ! ഇതേവരെ കല്പിച്ചതെല്ലാം ജീവ

ശക്തിയായിരിക്കുന്ന വായുവാണെന്നും, ഇപ്പോഠം ശരീരമാണെന്നും പറയുന്നു. ഇതിന്നു കാരണം എന്താണ്?

ഗു:—ശരീരം എന്താണെന്നു നിങ്ങഠം അറിയുമോ?

ശി:—ഓ! അറിയും.

ഗു:—അതു് എന്താണ്?

ശി:—അതു് ഈ ജഡം.

ഗു:—നിങ്ങഠം ഇപ്പോഠം തൊട്ടുകാണിച്ചതിന്നു ശരീരം എന്നു പേരില്ല. അതിൻെറ പേർ നെഞ്ചു എന്നാണ്. ശരീരത്തെ തൊട്ടുകാണിക്കുവാൻ സാധിക്കുമോ?

ശി:—മുഴുവൻ അംഗങ്ങളും കൂടിയ ഒരു രൂപത്തിന്നാണു ശരീരം എന്നു പേർ.

ഗു:—എന്നാൽ മുഴുവൻ അംഗങ്ങളും ഇല്ലാതിരുന്നാൽ അതിനെ ശരീരം എന്നു പറഞ്ഞുകൂടയോ?

ശി:—പറഞ്ഞുകൂട.

ഗു:—എന്നാൽ ഒരാഠംക്കു കാലില്ല. ഒരാഠംക്കു കയ്യില്ല. ഒരാഠംക്കു കണ്ണില്ല. മററൊരാഠംക്കു മൂക്കില്ല. വേറെ ഒരാഠംക്കു മുൻപറഞ്ഞ അവയവങ്ങളായ കാൽ, കൈ, കണ്ണു, മൂക്കു ഇവകഠം ഇല്ലെങ്കിൽ അവക്കു ശരീരം ഇല്ലെന്നു പറയുവാൻ പാടുണ്ടോ?

ശി:—പറയുവാൻ പാടില്ല.

ഗു:—എന്നുതന്നെയല്ല, ദേഹത്തിലുള്ള എല്ലാ അവയവങ്ങഠംക്കും പ്രത്യേകം പ്രത്യേകം ഓരോ പേരുണ്ടു് അതുകൊണ്ടു് അവയൊന്നും ശരീരമല്ല എന്നു മാത്രമല്ല, തോൽ, ഞരമ്പു, അസ്ഥി, ഇവകഠം ശരീരത്തെസംബന്ധിച്ചിട്ടുള്ളതാണെന്നും പറയുന്നു. അങ്ങിനെയായിരുന്നുവെങ്കിൽ, തോലും, ഞരമ്പും, അസ്ഥിയും എടുത്തുകളഞ്ഞാൽ ശരീരത്തെ കാണുമോ?

ശി:—കാണുകയില്ല.

ഗു:—അതെന്തുകൊണ്ടു്? നിങ്ങളെ രണ്ടുമൂന്നു ആളുകഠം തൊട്ടുകൊണ്ടിരിക്കുന്നു. ആ സമയത്തിൽ അവർ നിങ്ങളെ സംബന്ധിച്ചു് ഇരിക്കുകയല്ലെ?

ശി:—അതെ.

ഗു:—അവർ നിങ്ങളെ തൊടാതിരിക്കുമ്പോഠം നിങ്ങളോടു സംബന്ധിച്ചിരിക്കുന്നോ?

ശി:—ഇല്ല.

ഗു:—അപ്പോഠം നിങ്ങളെ വേറിട്ടു കാണുന്നില്ലെ?

ശി:—കാണുന്നുണ്ട്.

ഗു:—അതേപ്രകാരം ശരീരത്തെ സംബന്ധിച്ചിരിക്കുന്ന തോൽ, ഞരമ്പു, അസ്ഥി മുതലായവ വേറിട്ടു എടുത്താൽ ശരീരത്തെ തനിയെ കാണേണ്ടതല്ലെ?

ശി:—അതേ, കാണണം.

ഗു:—എന്നാൽ അങ്ങിനെ കാണുന്നുണ്ടോ?

ശി:—കാണുന്നില്ല.

ഗു:—അതുകൊണ്ടു ഈ കാണുന്നതിന്നു ശരീരം എന്നു പറയുവാൻ പാടില്ല. ശരീരം എന്നതു് എന്തെന്നാൽ, ദ്രവിച്ചുകൊണ്ടിരിക്കുന്നതു്, അതായതു ദ്രാവകം; അതെങ്ങിനെയെന്നാൽ വെള്ളം ഉറവുവന്നു ഓടിക്കൊണ്ടിരിക്കുന്നതുപോലെ ഓടിക്കൊണ്ടിരിക്കുന്നതു; അല്ലെങ്കിൽ ക്ഷയിക്കുന്നതു് അതായതു കുറഞ്ഞുകുറഞ്ഞു പോകുന്നതു് അല്ലെങ്കിൽ ക്ഷീണിക്കുന്നതു്; അതായതു മെലിഞ്ഞുമെലിഞ്ഞു പോകുന്നതു്. അല്ലെങ്കിൽ നശിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങിനെയിരിക്കെ നിങ്ങഠം തൊട്ടു കാണിച്ചതായിരുന്നു ശരീരം എന്നുവെച്ചാൽ ഇതു നശിക്കുന്നുണ്ടോ?

ശി:—ഓ, നശിക്കുന്നുണ്ട്.

ഗു:—എപ്പോഠം?

ശി:—ചത്തുപോയപ്പോഠം.

ഗു:—ചത്തുപോയപ്പോഠം ഇതു നശിച്ചുവോ?

ശി:—ഓ, നശിച്ചുപോയി.

ഗു:—അതു തെററാണ്. ഒരിക്കലും നശിക്കുന്നില്ല. നിങ്ങഠം ഇതായിരുന്നു ശരീരം എന്നു തൊട്ടുകാണിച്ചു പറയുന്നു. അങ്ങിനെയിരിക്കെ ചത്തുപോയപ്പോഴും ഇതു കാണുന്നുണ്ടു്;

നശിച്ചിട്ടില്ല. പിന്നെ അതു കുഴിച്ചുമൂടിയാലോ, തീവെച്ചു കത്തിച്ചാലോ അതു മുഴുവനും നശിക്കുന്നില്ല.

ശി:—ഒ, നശിക്കുന്നുണ്ട്.

ഗു:—അതെങ്ങിനെ?

ശി:—കുറെദിവസം വെച്ചുകൊണ്ടിരുന്നാൽ.

ഗു:—കുറെദിവസം വെച്ചുകൊണ്ടിരുന്നാൽ അത് എങ്ങിനെ നശിക്കുന്നു?

ശി:—ആയതു ജീൎണ്ണിച്ച് കെട്ടു പുഴു മുതലായതു തിന്നുനശിക്കുന്നു.

ഗു:—എന്നാലും അതു മുഴുവനും നശിക്കുന്നില്ല. അതെന്തുകൊണ്ടെന്നാൽ, അതിന്നു വേറൊന്നിനാൽ ഉപദ്രവം നേരിടാതെ കണ്ടു സൂക്ഷിച്ചിരുന്നാൽ തീരെ നശിക്കുന്നില്ല. അതിന്നു ദൃഷ്ടാന്തം, ഈജിപ്ത് മുതലായ പലേ സ്ഥലങ്ങളിലെ രാജധാനികളിലും അനേകായിരം വൎഷങ്ങൾ കഴിഞ്ഞിട്ടുള്ള ശവങ്ങൾ ഇപ്പോഴും ഇരിപ്പുണ്ടെന്നു കേൾവിയുണ്ട്. എന്നാൽ അതു നമ്മൾ കണ്ടിട്ടില്ല. കണ്ടതിനെ പറയാം. ആയതു പല മ്യൂസിയങ്ങളിലും അതായതു കാഴ്ചബങ്കളാവുകളിൽ പലേ ശവങ്ങളേയും ദ്രാവകത്തിലിട്ടു സൂക്ഷിച്ചിരിക്കുന്നു. അവകൾ നശിച്ചുപോകുന്നില്ല. എന്നാൽ അത് എല്ലാവരും കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ലോകത്തിൽ എല്ലാ ജനങ്ങളും കണ്ടുകൊണ്ടിരിക്കുന്ന ഒരു ദൃഷ്ടാന്തം പറയാം. അതെന്തെന്നാൽ സമുദ്രത്തിലുള്ള എട്ട, സ്രാവ്, തിരണ്ടി, തിമിംഗലം മുതലായ പലേതരത്തിലുള്ള മത്സ്യാദികളെ പിടിച്ചു ഉപ്പിട്ടുണക്കി പത്തു്, ആയിരം സംവത്സരം കഴിഞ്ഞിട്ടുള്ളതു് ഇപ്പോഴും ഇരിപ്പുണ്ട് അതു് ഇപ്പോഴും നമ്മൾ കണ്ടുവരുന്നു. അതേപ്രകാരംതന്നെ ഇതിനെ സൂക്ഷിച്ചാൽ നശിച്ചുപോകുമൊ?

ശി:—നശിക്കില്ല.

ഗു:—എന്നാൽ അതു നശിക്കുന്നതു് എങ്ങിനെയെന്നാൽ മേൽപറഞ്ഞ മത്സ്യാദികളായ ശവങ്ങളെ മനുഷ്യനെന്നഭിമാനിച്ചുവരുന്ന കൃമികൾ തിന്നുതീൎക്കുന്നപോലെ ആ ശവത്തിന്റെ തോൽ, മാംസങ്ങൾ മുതലായതുകളെ തിന്നുന്നതല്ലാതെ അതു മുഴു

വനും തിന്നുവാൻ സാധിക്കുന്നില്ല. ഇപ്രകാരമല്ലാതെ അതു മുഴുവനും നശിക്കുന്നില്ല. അതെങ്ങിനെയെന്നാൽ ഒരാൾ ചത്താൽ ശവമായി ആ ശവത്തെ കഴിച്ചിട്ടു പത്തുനൂറു വർഷം കഴിഞ്ഞതിനുശേഷം അവിടെ കുഴിച്ചുനോക്കിയാൽ എന്തുണ്ടാകുന്നു?

ശി:__അസ്ഥി, തലയോട്ട മുതലായിട്ടുള്ളതു കാണുന്നു.

ഗു:__അതങ്ങിനെ നശിച്ചുപോയാൽ, കാണുവാൻസാധിക്കുമോ?

ശി:__സാധിക്കില്ല.

ഗു:__എന്നാൽ അതിന്നൊരുദാഹരണം; വളരെ കാതലുള്ള ഒരു മരത്തിൻെറ കണ്ണം കുഴിച്ചിട്ടു പത്തു, നൂറു വർഷം കഴിഞ്ഞതിൻെറശേഷം അതിനെ ഒരാൾ കുഴിച്ചുനോക്കിയാൽ അവിടെ എന്തുണ്ടായിരിക്കും?

ശി:__ആ മരത്തിൻെറ കാതൽമാത്രം കാണാം.

ഗു:__അതെങ്ങിയെന്നാൽ മരത്തിൻെറ തോൽ ശതകളെല്ലാം ചിതൽതിന്നു ആ കാതൽമാത്രം കാണുന്നു. ഇതേപ്രകാരം ഒരു ശവത്തിനെ മേൽപറഞ്ഞ മരക്കണ്ണത്തെപ്പോലെ ഒരു കുഴിയിലിട്ടു മൂടിയാൽ കൃമി ക്രീഡാദി മുതലായ ജീവികൾ ആ ശവത്തിൻെറ തോൽ, ശത മുതലായതു തിന്നു് അതിൻെറ അസ്ഥിമാരമായിരിക്കുന്ന അസ്ഥി, തലയോട്ട മുതലായതു കാണുന്നു. തോൽചതകളെക്കൊണ്ടു സൃഷ്ടിയില്ല. അതിനു് അസ്ഥിമാരമായ തലയോട്ട്, അസ്ഥികൾ ഇവ നശിക്കുന്നില്ല. അതുമല്ലാതെ, തീയിലിട്ടു കത്തിച്ചാലും മുഴുവനും നശിക്കുന്നില്ല അതെന്തുകൊണ്ടെന്നാൽ, കൊടിൽകൊണ്ടോ മറേറാ ആ അഗ്നിയിലിരുന്നു് അതിൻെറ എല്ലുകളെ പെറുക്കിയെടുക്കുന്നു. അതുകളെ ഗംഗയിൽ കൊണ്ടുപോയിടുകയോ സേതുവിൽ കൊണ്ടുപോയിടുകയോ, അല്ലെങ്കിൽ അസ്ഥിത്തറകെട്ടി ആ അസ്ഥികളെ അതിനുള്ളിൽ സ്ഥാപിച്ചുവരുകയോ ചെയ്യുന്നു. ഇതെല്ലാം നോക്കുമ്പോഴും ആലോചിക്കുമ്പോഴും ജഡം നശിക്കുകയോ മുഴുവൻ നശിപ്പിക്കുവാൻ സാധിക്കുകയോ ഇല്ലെന്നു വരുന്നു. എന്നാൽ ഈ ജഡം നശിച്ചുപോകുന്നു എന്നു പറ

യുന്നതല്ലാതെ യഥാൎത്ഥത്തിൽ എന്താണ് ഇതിൽനിന്നു നശിക്കുന്നതെന്ന് ആലോചിക്കുന്നതില്ല. അതിനാൽ ചത്തപ്പോൾ ഇതിൽനിന്ന് എന്താണ് നശിച്ചത്?

ശി:—ജീവശക്തിയായ വായു.

ഗു:—ഇതിൽനിന്നു ജീവശക്തി നശിച്ചു ചത്തുപോയാൽ ഇതിന്നു എന്താണു പേർ?

ശി:—ശവം എന്നു പേർ.

ഗു:—അതുവരേയും ഇതിന്ന് എന്താണു പേർ?

ശി:—ശരീരം എന്നാണു പേർ.

ഗു:—അങ്ങിനെയാണെങ്കിൽ എപ്പോൾ ശരീരം എന്നും, എപ്പോൾ ശവമെന്നും പറയുന്നു?

ശി:—ജീവശക്തിയായ വായു ഉള്ളതുവരെ ശരീരമെന്നും അത് ഇല്ലാതായതിന്നുശേഷം ശവമെന്നും പറയുന്നു.

ഗു:—അതുകൊണ്ടു ജീവശക്തിയായ വായുവിന്നാണു ശരീരം എന്നു പറയേണ്ടത്. ആ ശരീരമായിരിക്കുന്ന വായു ഈ ജഡത്തിൽ സ്ഥിതിചെയ്യുന്ന കാലത്തോളം ശരീരമെന്നും, എപ്പോൾ ഈ ജഡത്തിൽനിന്ന് ആ വായു നാശമായിതീൎന്നുപോകുന്നുവോ അപ്പോൾ ശവമെന്നും പറയുന്നു. അത് എങ്ങിനെയെന്നാൽ ഒരു വാഴപഴം ഇവിടെ കൊണ്ടുവന്നുവെച്ചാൽ അതിന്ന് എന്താണു പേർ പറയുക?

ശി:—വാഴപഴമെന്ന്.

ഗു:—ആ പഴത്തിലിരിക്കുന്ന കഴമ്പ് എടുത്താൽ ബാക്കി എന്താണുള്ളത്?

ശി:—തോൽ

ഗു:—അപ്പോൾ അതിന്ന് എന്താണു പറയുക?

ശി:—പഴത്തോൽ എന്ന്.

ഗു:—അങ്ങിനെ പറയുവാൻ കാരണമെന്ത്?

ശി:—അതിനുള്ളിൽ കഴമ്പ് ഇല്ലാത്തതുകൊണ്ട്.

ഗു:—അതിനുള്ളിൽ കഴമ്പിരിക്കുമ്പോൾ എന്താണു പേർപറയുക?

ശി:—പഴം എന്ന്.



Since1923

ഗു:—എന്നാൽ കഴമ്പിരിക്കുമ്പോൾ അതിന്നു പഴം എന്നും, കഴമ്പില്ലാതിരിക്കുമ്പോൾ അതിന്നു തോൽ എന്നും പറയുന്നു. അപ്രകാരം ജീവൻ ഇതിന്നുള്ളിൽ ഇരിക്കുന്നതുവരെ ശരീരമെന്നും, ജീവൻ ഇതിൽനിന്നു നശിച്ചുപോയശേഷം അതിന്നു ശവം എന്നും പറയുന്നു. അപ്രകാരംതന്നെ ശരീരമായിരിക്കുന്നവായു ഉടലിൽനിന്നു വേർവിട്ടപ്പോൾ ശവമായി. അതുകൊണ്ടു വായുവാകും ശരീരം കൂടാതെ ശരീരം ഉള്ളപ്പോൾ മാത്രമേ ഭക്ഷണാദികൾ എടുക്കുന്നതും ചേഷ്ടകൾ ചെയ്യുന്നതും, കേൾക്കുക, കാണുക, അറിയുക മുതലായ പ്രവൃത്തികളും ഉണ്ടാകുന്നതു്. ശരീരം ഇല്ലാതിരുന്നാൽ ഭക്ഷിപ്പാനും, ചേഷ്ടകൾ ചെയ്വാനും, കേൾപ്പാനും, കാണ്മാനും, അറിവാനും, പ്രവൃത്തിപ്പാനും സാധിക്കുന്നതല്ല. ഈ ജഡമാണു ശരീരമെന്നു വെച്ചാൽ ചത്തുപോയപ്പോഴും ഈ ജഡത്തെ കാണുന്നില്ലയോ?

ശി:—കാണുന്നുണ്ടു്.

ഗു:—അപ്പോൾ മുൻപറഞ്ഞ വല്ല ചേഷ്ടകൾ മുതലായവ ഇതിനുണ്ടായിരുന്നുവോ?

ശി:—ഇല്ല.

ഗു:—ഇതു ശരീരമായിരുന്നുവെങ്കിൽ മുൻപറഞ്ഞ ചേഷ്ടകൾ ഉണ്ടാവേണ്ടതല്ലേ?

ശി:—ഉണ്ടാവേണ്ടതായിരുന്നു.

ഗു:—അപ്പോൾ ഇതിന്നു ശരീരം എന്നു പറയുവാൻ പാടുണ്ടോ?

ശി:—പാടില്ല.

ഗു:—എന്നാൽ ശരീരം എന്നതു് ഏതു്?

ശി:—ജീവശക്തിയായിരിക്കുന്ന വായുവാണെന്നു വെളിപ്പെട്ടു.

ഗു:—എന്നാൽ ജീവശക്തിയായിരിക്കുന്ന വായുവാണു് ഈ ജഡത്തിൽനിന്നു കുറഞ്ഞുകുറഞ്ഞു നശിച്ചുപോകുന്നതു്. അതു് എങ്ങിനെയെന്നാൽ വെള്ളം ഉറന്നു ഓടും പ്രകാരം പഞ്ചേന്ദ്രിയങ്ങൾ എന്നു പറഞ്ഞുവരുന്ന അഞ്ചു ദ്വാരങ്ങളിൽക്കൂടി അലിഞ്ഞു അലിഞ്ഞു പുറത്തേക്കുപോയി ക്ഷയിച്ചു അതായതു കുറഞ്ഞു കുറഞ്ഞു, ക്ഷീണിച്ചു അതായതു മെലിഞ്ഞു നശിച്ചില്ലാ

താകുന്നു. അപ്രകാരം നശിച്ചുപോകുന്ന വസ്തു എന്ത്?

ശി:--ജീവശക്തിയായിരിക്കുന്ന വായു.

ഗു:--അതിന്നുതന്നെ ശരീരമെന്നും, ദേഹമെന്നും പറയുന്നത്. കൂടാതെ ഒരാളുടെ കാലിന്റെ മുട്ടിന്നു രക്തവാതത്തിനാൽ വീക്കമുണ്ടായാൽ ആ കാൽ അയാൾക്ക് അനക്കുവാൻ സാധിക്കുമോ?

ശി:--സാധിക്കയില്ല.

ഗു:--കാരണം?

ശി:--ആ കാൽമുട്ടിന്മേൽ രക്തം ഉറച്ചതിനാൽ ജീവശക്തിയായിരിക്കുന്ന വായുവിന്റെ ഗതാഗതത്തിന്നു തടസ്ഥം തട്ടിയതുകൊണ്ടാണ്.

ഗു:--അതിന്നുപുറമെ, പക്ഷവാതം പിടിച്ച കൈകാലുകൾ കുഴഞ്ഞിട്ടുള്ളവരുടെ ആ കൈക്കും കാലിന്നും വല്ല ശക്തിയോ, നുള്ളിയാൽ വേദനയോ ഉണ്ടോ? അല്ലെങ്കിൽ ആ കയ്യേയും കാലേയും തന്നെത്താൻ ഇളക്കുവാൻ സാധിക്കുമോ?

ശി:--സാധിക്കയില്ല.

ഗു:--അതു് എന്തുകൊണ്ട്?

ശി:--ജീവശക്തിയായ വായുവിന്റെ ഗതാഗതം ഇല്ലാത്തതുകൊണ്ട്.

ഗു:--അപ്പോൾ ക്ഷീണിക്കുന്നതു് എന്താണ്?

ശി:--ജീവശക്തിയായ വായുവാണ്.

ഗു:--ആ ജീവശക്തിയായ വായുവാണ് ദേഹം. ദേഹം എന്നുവെച്ചാൽ ദഹിക്കുന്നതു എന്നത്ഥം. അങ്ങിനെ ദഹിക്കുന്നതു ജീവശക്തിയായ വായുവാണ്. അതു് എങ്ങിനെയെന്നാൽ ഒരു കല്ലറ ഉണ്ടാക്കി അതിൽ ചിരട്ടയും ഉണങ്ങിയ വിറകും കൂടി ഇട്ടു ചിമ്മിനി എണ്ണയും പകന്നു അതിൽ ഒരു ദേഹത്തെ വെച്ചു തീയിട്ടു അതിന്നകത്തു വായു കടക്കാതെ അടച്ചു ഭദ്രമാക്കിയാൽ അതു കത്തുമോ?

ശി:--കത്തുകയില്ല.

ഗു:--കാരണം എന്തു്?

ശി:--വായു അതിന്നുള്ളിൽ പ്രവേശിക്കാത്തതുകൊണ്ട്.

ഗു:--എന്നാൽ അഗ്നി ഏതിലിരിക്കുന്നു?

ശി:--വായുവിലാണ്.

ഗു:--ഈ കാണുന്ന വിറകിൽ തീ പിടിച്ചു കത്തിക്കൊണ്ടിരിക്കുമ്പോൾ അതിനോടു സംബന്ധിക്കാത്ത മറെറാരു വിറകു കത്തുമോ?

ശി:--കത്തുകയില്ല.

ഗു:—ഏതൊരു വസ്തുവിൽ അഗ്നിയിരിക്കുന്നുവോ ആ വസ്തുവാണ് കത്തുക. അതിനാൽ വായുവിൽ അഗ്നിയുള്ളതുകൊണ്ട് ആ വായുവാണ് ദഹിക്കുന്നത്. അതെങ്ങിനെയെന്നാൽ ശബ്ദം അഗ്നിസ്വരൂപമാണ്. ആ ശബ്ദരൂപേണ ജീവശക്തിയായിരിക്കുന്ന വായു ദഹിച്ചു നശിച്ചുപോകുന്നു അതുകൊണ്ടാണ് അതിന്നു ദേഹം എന്നു പറയുന്നത്. ഇതാണ് തമിഴിൽ "കത്താതെ", "കത്താതെ" എന്നു പറയുന്നത്. അതുമല്ലാതെ, മലയാളത്തിൽ ചിലേടങ്ങളിൽ കരയുന്നതിന്നു "കാളുക" എന്നും പറയുന്നു അങ്ങിനെ പറയാൻ കാരണം, കത്തുന്നതും കാളുന്നതും അഗ്നിയാണ്. അതിനാൽ അഗ്നിസ്വരൂപമായിരിക്കുന്ന ശബ്ദരൂപേണ ജീവശക്തിയായിരിക്കുന്ന വായു നശിച്ചുപോകുന്നതുകൊണ്ടാണ് വായുവിന്നു ദേഹം എന്നു പറയുന്നത്. അതുകൊണ്ടു ജീവശക്തിയായിരിക്കുന്ന വായുവാണ് ഈശ്വരൻ. ആ ഈശ്വരനാണ് സൃഷ്ടി, സ്ഥിതി, സംഹാരം മുതലായതുകളെ ചെയ്യുന്നത്. കൂടാതെ നമ്മെ സൃഷ്ടിക്കുന്നതും ജീവശക്തിയായിരിക്കുന്ന വായുവാണ്. അതിന്നു ദൃഷ്ടാന്തം; ശവം സംയോഗം ചെയ്യുമോ?

ശി:—ചെയ്യില്ല.

ഗു:—കാരണമെന്ത്?

ശി:—ശവത്തിൽ ജീവശക്തിയായിരിക്കുന്ന വായു ഇല്ലാത്തതുകൊണ്ട്.

Since 1923

ഗു:—എന്നാൽ ജഡത്തിൽ ജീവശക്തിയായിരിക്കുന്ന വായു ഗതാഗതം ചെയ്യുമ്പോൾ മാത്രമേ സൃഷ്ടിക്കുവാൻ സാധിക്കുയുള്ളു.

ആ സമയം മാത്രമേ സംയോഗത്തിനു ആഗ്രഹവും, സംയോഗം ചെയ്യുവാൻ സാധിക്കയും ഉള്ളൂ. സംയോഗം ഇല്ലെങ്കിൽ സന്താനം ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല

ഗു:—എന്തുകൊണ്ട്?

ശി:—സംയോഗം ഇല്ലാത്തതുകൊണ്ട്.

ഗു:—അപ്പോൾ സംയോഗം ചെയ്യുവാൻ എന്തുണ്ടായിരിക്കണം?

ശി:—ജീവശക്തിയായിരിക്കുന്ന വായുവുണ്ടായിരിക്കണം.

ഗു:—അപ്പോൾ ആരാണ സൃഷ്ടിക്കുന്നതു്?

ശി—ജീവശക്തിയായ വായുവാണ്.

ഗു:—എന്നാൽ ആ വായു മാത്രമായാൽ സൃഷ്ടിയുണ്ടാകുമോ?

ശി:—ഉണ്ടാകുന്നതല്ല.

ഗു:—എന്നാൽ ആ വായു എന്തിനെക്കൊണ്ടാണ സൃഷ്ടിക്കുന്നതു്?

ശി:—പഞ്ചഭൂതങ്ങളെക്കൊണ്ട്.

ഗു:—പഞ്ചഭൂതങ്ങൾ എന്നു പറയുന്നതു് എന്തൊക്കെയാണ്?

ശി:—പൃഥിവി, അപ്പ്, അഗ്നി, വായു, ആകാശം ഇതുകളാണ്.

ഗു:—ഇതുകളെല്ലാം രൂപമില്ലാതിരിക്കുന്ന ഈശ്വരൻ ഒരു സ്ത്രീയുടെ വയററിൽ കൊണ്ടുപോയി ഏതുപ്രകാരത്തിലാണ സൃഷ്ടിക്കുന്നതു്? അങ്ങിനെ സൃഷ്ടിപ്പാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല

ഗു:—എന്നാൽ എന്തുകൊണ്ടാണ സൃഷ്ടിക്കുന്നതെന്നാണ നമ്മൾ ആലോചിക്കേണ്ടതു്? അതിന്നു ദൃഷ്ടാന്തം; നാലൊ അഞ്ചോ വയസ്സായ ഒരു കുട്ടി സംയോഗം ചെയ്താൽ ആ സംയോഗം നിമിത്തം സന്താനം ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—എന്താണ കാരണം?

ശി:—ആ കുട്ടിക്കു ഇന്ദ്രിയം ഇളകാത്തതുകൊണ്ട്.

ഗു:—ഇന്ദ്രിയം എന്നു വെച്ചാൽ എന്താണ്?

ശി:—ശുക്ലമാണ്.

ഗു:—ശുക്ലമായിരിക്കുന്ന ബീജം സ്ത്രീയിങ്കൽചെന്നു വീഴാ

ഞ്ഞാൽ ഗർഭം ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—അപ്പോഠം എന്തുകൊണ്ടാണ സൃഷ്ടിക്കുന്നതു്?

ശി:— ശുക്ലംകൊണ്ട്.

ഗു;—ആ ശുക്ലം ജീവന്നു കീഴായോ മേലായോ ഇരിക്കുന്നതു്?

ശി:—ജീവന്നു കീഴായിട്ടാണ്.

ഗു:—ആ ജീവൻ ഇരിക്കുന്നതു എവിടെയാണ്?

ശി:—ആകാശത്തിൽ.

ഗു: —ആകാശം ഏതാണെന്നാണ് മുമ്പു പറഞ്ഞിട്ടുള്ളതു്?

ശി:—ശിരസ്സെന്നാണ്.

ഗു:—എന്നാൽ ആ ആകാശം ഭ്രമദ്ധ്യത്തിന്നു മേലെ തലക്കുള്ളിൽ അററം വരെയാണ്. ആ ആകാശത്തിലാണ് ജീവനിരിക്കുന്നതു്. ആ ജീവൻെറ ചലനത്തിന്നാണ് ജീവശക്തിയായിരിക്കുന്ന വായു എന്നു പറയുന്നതു്. ആ വായു ഉത്ഭവിച്ചതായ ഭ്രമദ്ധ്യത്തിങ്കലാണ് ശുക്ലം ഇരിക്കുന്നതു്. ശുക്ലം ഭ്രമദ്ധ്യത്തിങ്കലാണെന്നുള്ളതിന്നു ദൃഷ്ടാന്തം; രോഗം നിമിത്തം ജഡം ക്ഷീണിച്ചിട്ടോ, അല്ലെങ്കിൽ നാഡികഠംക്ക ക്ഷീണം തട്ടിയിട്ടോ, അധികം വഴിനടന്നു ധാതുക്കഠംക്ക ക്ഷീണം ഉണ്ടായതിനാലോ, മുമ്പു വല്ല സ്ത്രീയേയും കാമിച്ചിട്ടോ മറേറാ സ്വസ്ഥാനമായ കാമകലയിൽനിന്നു ഇളകി നിന്നതായിരുന്ന ശുക്ലം സംയോഗസമയത്തിൽ ഇന്ന ദിക്കിൽനിന്നാണ് വരുന്നതെന്നറിയുവാൻ സാധിക്കുന്നതല്ല. മേൽപറഞ്ഞ യാതൊരു സംഗതിവശാലും കാമകലയായ സ്വസ്ഥാനത്തിൽനിന്നു മുമ്പു തന്നെ ഇളകാതെ സംയോഗത്തിലുള്ള ശ്രമംകൊണ്ടു മാത്രം ശുക്ലം ഇളകുന്നതായാൽ ജഡം വിറച്ചുപോകയും, കണ്ണുകഠം മൂടിമൂടി പോകയും, തലക്ക വിറയലും ഉണ്ടാകുന്നു. അതിന്നു കാരണം, സർവ്വ നാഡികളും വന്നുചേരുന്ന സ്ഥലമാണ് ഭ്രമദ്ധ്യം. അതാണ് സുഷുമ്നയെന്നു പറയുന്ന അഗ്നിനേത്രം· നാഡികളിൽനിന്നുത്ഭവിക്കുന്ന വീര്യമാണ് ശുക്ലം അതു് അഗ്നിനേത്രമായ ഭ്രമദ്ധ്യത്തിലാണ് ഇരിക്കുന്നതു. അ

തിന്നാണ് അഗ്നിസ്വരൂപമായിരിക്കുന്ന ശുക്ലം എന്നു പറയുന്നതു്. ജീവനിൽ നിന്നുത്ഭവിക്കുന്ന ശക്തിയായിരിക്കുന്ന വായു ജഡത്തിൽ കീഴോട്ടും മേലോട്ടും ഗതാഗതം ചെയ്യുകയും, അപ്രകാരമുള്ള ശക്തി മേൽപ്രകാരമുള്ള ചലനം നിമിത്തം പഞ്ചേന്ദ്രിയങ്ങൾ വഴിയായി പുറത്തേക്കു പോയി നശിക്കുകയും ചെയ്യുന്നു. ഇപ്രകാരം നശിച്ചുംകൊണ്ടിരിക്കുന്ന ശക്തിയാണ് മായ. സൃഷ്ടിയുണ്ടാകുന്നതു സംയോഗത്തിനാലാണ്. എന്നാൽ സംയോഗസമയത്തു മേൽപ്രകാരം പഞ്ചേന്ദ്രിയങ്ങൾ വഴിയായി പുറത്തേക്കു പോകുന്ന ശക്തി പുറത്തേക്കു പോകാതെ തന്നുള്ളിൽക്കൂടി ഏകഗതിയായി, കിതപ്പായി, മേൽഭാഗത്തു തന്റെ ഉത്ഭവസ്ഥാനമായ ഭ്രൂമദ്ധ്യത്തിൽ ചെന്നു അവിടെ സ്ഥിതി ചെയ്തുകൊണ്ടിരിക്കുന്ന ജീവനോടു ചേരുന്നു. അതായതു ഉള്ളിൽക്കൂടി ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന ശക്തി സ്ത്രീയും, ഭ്രൂമദ്ധ്യത്തിൽ സ്ഥിതിചെയ്തുകൊണ്ടിരിക്കുന്ന ജീവൻ പുരുഷനും ആണ്. ഇതുപ്രകാരമുള്ള സ്ത്രീപുരുഷസംയോഗത്തിനാൽ അഗ്നിസ്വരൂപമായിരിക്കുന്ന ശുക്ലത്തെ ഇളക്കി ആ ശുക്ലത്തെ മുൻപറഞ്ഞ ജീവൻ ശക്തിയോടുചേർന്നു കീഴോട്ടു കൊണ്ടുവന്നു ശക്തിമാർഗ്ഗേണ ശുക്ലത്തെകൊണ്ടു ആ ജീവശക്തിയായിരിക്കുന്ന വായു സൃഷ്ടിക്കുന്നു. ഈ പ്രകാരത്തിലാണ് സൃഷ്ടി ഉണ്ടാകുന്നതു്.

ശി:— ഗുരോ! നാലുപ്രകാരത്തിലാണ് സൃഷ്ടി എന്നും, അതായതു സ്വേദജം, അണ്ഡജം, ഉദ്ഭിജം, ജരായുജം എന്നിങ്ങിനെയാണെന്നും പറയുന്നു. അതുകൊണ്ടു ആ സൃഷ്ടിയുടെ സ്ഥിതി വിസ്തരിച്ചു പറഞ്ഞുകേൾപ്പാൻ ആഗ്രഹിക്കുന്നു.

ഗു:— നിങ്ങൾ സ്വേദജം, അണ്ഡജം, ഉദ്ബീജം, ജരായുജം എന്നിങ്ങിനെ നാലുവിധമാണ് സൃഷ്ടിയെന്നു പറഞ്ഞുവല്ലോ. അതു എന്തൊക്കെയാണെന്നാണ് നിങ്ങൾ ധരിച്ചിട്ടുള്ളതു്?

ശി:— സ്വേദജം എന്നാൽ വിയർപ്പിൽനിന്നുണ്ടാകുന്ന പേൻ, മൂട്ട ഇതുകളും അണ്ഡജം എന്നാൽ മുട്ടയിൽനിന്നുണ്ടാകുന്ന പക്ഷി, പാമ്പ്, മത്സ്യം മുതലായതുകളും ഉദ്ബീജം എന്നാൽ ഭൂമിയി

ൽനിന്നു മുളച്ചുണ്ടാകുന്ന പുല്ലുമുതൽ വൃക്ഷങ്ങൾവരേയും, ജരായുജം എന്നാൽ പ്രസവിച്ചുണ്ടാകുന്ന മനുഷ്യർ, പശു മുതലായവകളെന്നും ആണ്.

ഗു:—എന്നാൽ ഇപ്രകാരം ഒരിക്കലും ഉണ്ടാകാൻ പാടുള്ളതല്ല എന്തുകൊണ്ടെന്നുവെച്ചാൽ, നിങ്ങൾ ധരിച്ചപ്രകാരം വിയപ്പിൽനിന്നുണ്ടാകുന്നതു വേറെ, മുട്ടയിൽ നിന്നുണ്ടാകുന്നതു വേറെ, ഭൂമിയിൽനിന്നുണ്ടാകുന്നതു വേറെ, പ്രസവിച്ചുണ്ടാകുന്നതു വേറെ ഇങ്ങിനെയല്ല. ഇതെല്ലാം ഒരേ പ്രകാരത്തിൽ തന്നെയാണ് ഉണ്ടാകുന്നതു്. അതു എങ്ങിനെയെന്നാൽ, മൂട്ടയും പേനും മുട്ടയിൽനിന്നാണുത്ഭവിക്കുന്നതു്. മൂട്ടകൾ കുടികെട്ടി താമസിക്കുന്ന ദ്വാരത്തിലോ മറേറാ നോക്കിയാൽ അനവധി മൂട്ടകൾ കാണാം. ആ മൂട്ടകൾ പൊട്ടിയിട്ടാണ് മൂട്ടകൾ ഉണ്ടാകുന്നതു്. അതേപ്രകാരംതന്നെ പേനിന്നും മുട്ടയുണ്ടു്. പേനിന്റെ മുട്ടയാണു ഈര്. ആ ഈരു മുറിഞ്ഞിട്ടാണ് പേൻ ഉണ്ടാകുന്നതു് ഇതു നമുക്കു പ്രത്യക്ഷമായ അനുഭവമാണല്ലൊ? എന്നാൽ ഈ രണ്ടു വർഗ്ഗങ്ങളും മനുഷ്യരെന്നഭിമാനിച്ചുവരുന്നവരുടെ രക്തപാനം ചെയ്താണ് ഉപജീവിക്കുന്നതു് അതുകൊണ്ടാകുന്നു മൂട്ട ജനങ്ങൾ അധികം വാസം ചെയ്യുന്ന സ്ഥലങ്ങളിലും, പേൻ ജനങ്ങളുടെ ശിരസ്സിലും കാണപ്പെടുന്നതു്. ഇതല്ലാതെ വിയപ്പിൽ നിന്നാണു ഉണ്ടാവുന്നതെങ്കിൽ എല്ലാവക്കും വിയപ്പുണ്ടു്. എന്നാൽ എല്ലാവരിലും പേൻ ഉണ്ടായി കാണുന്നില്ല കൂടാതെ ജനങ്ങൾ വാസംചെയ്തുവരുന്ന എല്ലാ സ്ഥലങ്ങളിലും മൂട്ടകളെ കാണപ്പെടുന്നതും ഇല്ല. എന്നാൽ ബ്രഹ്മാണ്ഡകടാഹമേ സ്വേദജോത്ഭവം, അതായതു ലോകം മുഴുവനും സ്വേദത്തിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതാണ് സ്വേദം=സ്വയമായി ഉണ്ടാകുന്ന വിയപ്പു്. ആ വിയപ്പുണ്ടാവാൻ കാരണം എന്താണ്?

ശി:—ഉഷ്ണം ജാസ്തിയായതുകൊണ്ടു്.

ഗു:—ഉഷ്ണം ഉണ്ടാവാൻ കാരണം എന്തു്?

ശി:—ചൂടു വദ്ധിച്ചതുകൊണ്ടു്.

ഗു:—ചൂട് എവിടെനിന്നുണ്ടാകുന്നു?

ശി:—അഗ്നിയിൽനിന്ന്.

ഗു:—അഗ്നി എവിടെനിന്നുണ്ടാകുന്നു?

ശി:—വായുവിൽനിന്ന്.

ഗു:—വായു എന്നുവെച്ചാൽ എന്താണ്?

ശി:—ജീവശക്തിയായിരിക്കുന്ന ദേഹം.

ഗു;—എന്നാൽ ആ വായുവായിരിക്കുന്ന ദേഹത്തിങ്കൽ അഗ്നി വർദ്ധിച്ചപ്പോൾ അതിൽനിന്നു ആവിയായി ഉത്ഭവിച്ച വിയർപ്പാണ് ശുക്ലം. ഇപ്രകാരമുള്ള ശുക്ലത്തെകൊണ്ടാണ് സർവ്വ സൃഷ്ടികളും ഉണ്ടാകുന്നതു്. അപ്പോൾ എല്ലാ ഉത്ഭവങ്ങളും സ്വേദത്തിൽ നിന്നുണ്ടാകുന്നതല്ലാതെ നമ്മളുടെ ജഡത്തിൽ നിന്നുണ്ടാകുന്ന വിയർപ്പുകൊണ്ടു യാതൊരു സൃഷ്ടിയും ഇല്ല. ദേഹത്തിൽ വിയർപ്പുകൊണ്ടാണ് സൃഷ്ടി. ദേഹം ഇന്നതു് എന്നറിയാത്തതുകൊണ്ടാണ് ലോകത്തിൽ തെററിദ്ധാരണ വന്നതു്. ദേഹം എന്നതു മുൻപറഞ്ഞ വായുവാണ്. ആ യഥാർത്ഥത്തെ എപ്പോൾ ലോകം അറിയുന്നുവോ അപ്പോഴേ ആ തെററിദ്ധാരണ വിട്ടു പോകയുള്ളു. കൂടാതെ ഒരു കുട്ടി ജനിച്ചപ്പോൾ അതിന്നു ശുക്ലം വൃദ്ധിയായിരുന്നില്ല. അതിൽ അഗ്നി വർദ്ധിച്ചപ്പോൾ ക്രമേണ ശുക്ലവും വർദ്ധിച്ചു കാമാദികൾ ഉണ്ടായിവരുന്നു. ഇപ്രകാരത്തിൽ എല്ലാം സ്വേദത്തിൽ നിന്നാണു ഉത്ഭവം.

ശി:—ഗുരോ! ശുക്ലത്തെകൊണ്ടു ഏതുപ്രകാരമാണു സൃഷ്ടിക്കുന്നതെന്നു വ്യക്തമായി പറഞ്ഞുതരുവാൻ അപേക്ഷിക്കുന്നു.

ഗു:—ഈ സ്വേദമായിരിക്കുന്ന ശുക്ലം ആദ്യം മുട്ടയായിത്തീരുന്നു. ആ മുട്ടയിൽ നിന്നാണു ഉത്ഭവം. അതു എങ്ങിനെയെന്നു വെച്ചാൽ കടലാവണക്കിന്റെ പാൽ എടുത്തു ഒരു ഇലയിൽ ആക്കി ഈർക്കിൽ കൊണ്ടു വട്ടത്തിൽ കെട്ടി ആ പാലിൽ മുക്കി എടുത്തു അതിനെ ഊതിയാൽ എന്തായിട്ടു പോകുന്നു?

ശി:—അതു മുട്ടയുടെ ആകൃതിയിൽ പോകുന്നു.

ഗു: അതിന്നു എന്താണു കാരണം?

Since 1923

ശി:—അതു ഊതിയപ്പോൾ വായു അതിൽ കുടുങ്ങിയതുകൊണ്ടാണ്.

ഗു:—എന്നാൽ ആ പാൽ ഒരു പശയുള്ളതാണ്. ആ പശയുള്ള പാലിൽ വട്ടത്തിൽ കെട്ടിയ ഈർക്കിൽ മുക്കിയപ്പോൾ അതിനുള്ളിൽ പശയായിരിക്കുന്ന പാൽ വട്ടമായി പററിയിരിക്കും. അതിൽ ഊതിയപ്പോൾ ആ പശയായിരിക്കുന്ന പാൽ ഈർക്കിലിൽനിന്നു വിടാതെ നീണ്ടു അതിൽ വായു നിറഞ്ഞു ഒരു മുട്ടയുടെ ആകൃതിയായി ഈർക്കിലിൽനിന്നു വേർവിട്ടു പോകുന്നു. ചിലതിൽ ഒന്നോ, രണ്ടോ ചിലതിൽ അഞ്ചോ, പത്തോ ഇപ്രകാരവും, ചിലതിൽ ചെറുചെറുതായി അധികമായിട്ടും ചിലതിൽ ഒന്നും ഇല്ലാതെയും പോകുന്നു. ഇതു ഊതലിൻെറ ക്രമപ്രകാരമാണ് സംഭവിക്കുന്നതു്. ഇപ്രകാരം തന്നെ ശുക്ലം എന്നതു ഒരു പശയാണ്. ആ പശയായിരിക്കുന്ന ശുക്ലത്തെ സംയോഗസമയത്തു ജീവശക്തിയായിരിക്കുന്ന വായു ഇളക്കി, ആ ശക്തിയായിരിക്കുന്ന വായു മൂത്രദ്വാരം വഴിയായി തള്ളിക്കൊണ്ടുവരുന്നു മൂത്രദ്വാരത്തിന്നററത്തു് എത്തിയപ്പോൾ ഒരേപ്രകാരത്തിലുള്ള ശക്തിയോടുകൂടിയായിരുന്നു ആ വായുവിൻെറ ഗതി എന്നു വന്നാൽ ആ ശുക്ലം മൂത്രദ്വാരത്തിന്നററത്തുനിന്നു സ്വല്പം നീണ്ടു, അതിൽ ആ ജീവശക്തിയായിരിക്കുന്ന വായു നിറഞ്ഞു അതു ഒരു മുട്ടയുടെ ആകൃതിയായി മൂത്രദ്വാരത്തിൽനിന്നും വേർവിട്ടു ഗർഭപാത്രത്തിൽ ചെന്നു വീഴുന്നു. പിന്നെയും ഒരു തുള്ളിയിലും കൂടി മേൽപറഞ്ഞ പ്രകാരമുള്ള ശക്തിയോടുകൂടി വായു നിറഞ്ഞാൽ അതും മേൽപറഞ്ഞപ്രകാരം മുട്ടവടിവായി ഗർഭപാത്രത്തിൽ ചെന്നു വീഴുന്നു. ഈ പ്രകാരത്തിൽ എത്ര തുള്ളിയിൽ മേൽപറഞ്ഞ പ്രകാരത്തിലുള്ള ശക്തിയോടുകൂടി വായു നിറഞ്ഞു മുട്ടാകൃതികളായി ഗർഭപാത്രത്തിൽ ചെന്നു വീഴുന്നുവോ അത്ര കുട്ടികൾ ഉണ്ടാകുന്നു. കൂടാതെ ചിലർ പാമ്പുംമുട്ടയെ പ്രസവിച്ചു എന്നു പറയുന്നുണ്ട്. എന്നാൽ ആയതു പാമ്പ് സംയോഗം ചെയ്തിട്ടല്ല. ധാതുശക്തി ജാസ്തിയായതിനാൽ സംയോഗസമയത്തു കിതപ്പു ജാസ്തിയായി ജീവശ

ക്തിയായ വായു ശുക്ലത്തെ ഇളക്കി കൊണ്ടുവരുമ്പോറം പനിനീർ വീശികൊണ്ട് പനിനീർ വീശുമ്പോറം ഏതുപ്രകാരം പനിനീർ വീശിയിൽനിന്നു പനിനീർ വേർവിട്ടു അണു അണുവായി തൊട്ടു തൊട്ടു വീഴുന്നുവോ, അതേപ്രകാരംതന്നെ മൂത്രദ്വാരത്തിൻെറ അററത്തുനിന്നു വായുവിൻെറ ശക്തികൊണ്ടു ശുക്ലം ചെറുചെറുങ്ങനെ ചിതറി അതിലെല്ലാം ജീവശക്തിയായ വായു നിറഞ്ഞു വേറിടാതെ തെങ്ങിൻപൂക്കലപോലെ ഗഭപാത്രത്തിൽ ചെന്നു വീഴുന്നു. അപ്രകാരം ഉത്ഭവിച്ച പ്രസവിച്ചതിന്നാണ് പാമ്പേയും മുട്ടയേയും പ്രസവിച്ചു എന്നു ലോകത്തിൽ പറയുന്നതു്. ഇപ്രകാരത്തിലാണ് സൃഷ്ടിയുടെ സ്ഥിതി. ഇപ്രകാരമല്ലാതെ വേറെ വിധമായി സൃഷ്ടിയുണ്ടാവാൻ തരമുണ്ടോ?

ശി:—ഈ പറഞ്ഞതിനെ ആലോചിച്ചുനോക്കിയപ്പോറം ഇപ്രകാരമല്ലാതെ മററു യാതൊരു പ്രകാരത്തിലും സൃഷ്ടിയുണ്ടാവാൻ തരമുണ്ടാവില്ലെന്നു തീച്ചയായി.

ഗു:—അപ്പോറം നമ്മളെ സൃഷ്ടിച്ചതു ആരാണ്?

ശി:—ജീവശക്തിയായ വായുവാണ്.

ഗു:—അപ്പോറം സൃഷ്ടികത്താവു് ആരായി?

ശി:—ജീവശക്തിയായ വായുവായി.

ഗു:—നാം ജീവിച്ചിരിക്കേണമെങ്കിൽ എന്തുണ്ടായിരിക്കണം?

ശി:—വായുവുണ്ടായിരിക്കണം.

ഗു:—അപ്പോറം നമ്മെ സ്ഥിതിചെയ്യുന്നതു അതായതു രക്ഷിക്കുന്നതു ആർ?

ശി:—വായുവാണ്.

ഗു:—ഒരാറം ചത്തുപോയപ്പോറം ആയാളിൽ എന്തില്ലാതെയായി?

ശി:—ജീവശക്തിയായ വായു ഇല്ലാതെയായിപ്പോയി.

ഗു:—അപ്പോറം സംഹാരം ചെയ്യുന്നതാരാണ്?

ശി:—വായുവാണ്.

ഗു:—അപ്പോറം സൃഷ്ടി, സ്ഥിതി, സംഹാരം ചെയ്യുന്നതു ആരായി വരുന്നു?

ശി:—ജീവശക്തിയായ വായുവാണെന്നു തീൎച്ചയായി.

ഗു:—ഈ വായുവിന്നാണ് ഈശ്വരൻ എന്നു പറയുന്നതു്. ഇതിനാലാണ് ഈശ്വരന്നു നാമരൂപമില്ലെന്നും അകവും പുറവും ആദ്യന്തവുമില്ലാതെ സൎവ്വവ്യാപിയെന്നും അകത്തും പുറത്തും നിറയപ്പെട്ട വസ്തുവെന്നും പറയുവാൻ കാരണം. അതു എന്താണെന്നു വെച്ചാൽ വായുവിന്നു നാമമോ രൂപമോ ഉണ്ടോ?

ശി:—ഇല്ല.

ഗു:—അതാണ് ഈശ്വരന്നു നാമരൂപമില്ലെന്നു പറയുവാൻ കാരണം. വായുവിന്നു അകമോ പുറമോ ഉണ്ടോ?

ശി:—ഇല്ല.

ഗു:—ഇതുകൊണ്ടാണ് ഈശ്വരന്നു അകവും പുറവുമില്ലെന്നു പറയുവാൻ കാരണം. വായുവിന്നു ആദിയോ അന്തമോ ഉണ്ടോ?

ശി:—ഇല്ല.

ഗു:—അതാണ ഈശ്വരന്നു ആദ്യന്തമില്ലെന്നു പറവാൻ കാരണം. എന്നാൽ വായു എങ്ങിനെ ഇരിക്കുന്നതാണ്.

ശി:—സൎവ്വ വ്യാപിയാണ്.

ഗു:—അതുകൊണ്ടാണ് ഈശ്വരൻ സൎവ്വവ്യാപിയെന്നു പറയുവാൻ കാരണം. കൂടാതെ ഈശ്വരൻ അകത്തും പുറത്തും നിറയപ്പെട്ട വസ്തുവാണെന്നു പറയുന്നു. അകം പുറം ഇല്ലാത്ത വസ്തു അകത്തും പുറത്തും നിറയുവാനുണ്ടോ?

ശി:—ഇല്ല.

ഗു:—എന്നാൽ നാം ഇല്ലെങ്കിൽ നമുക്കു അകവും പുറവും ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല

ഗു:—എപ്പോഴാണ് അകവും പുറവും ഉണ്ടായതു്?

ശി:—നാം ഉണ്ടായതിന്നു ശേഷമാണ്.

ഗു:—കൂടാതെ നമ്മൾ ഉറങ്ങുന്നസമയത്തു നമുക്കു അകവും പുറവും ഉണ്ടോ?

ശി:—ഇല്ല.

Since 1923

ഗു:—എപ്പോഴാണു അകവും പുറവും ഉണ്ടാകുന്നതു്?

ശി:—ഉറക്കു ഉണൎന്നപ്പോൾ.

ഗു:—അതു എവിടുന്നാണു ഉണ്ടാകുന്നതു്?

ശി:—നമ്മിൽനിന്നു തന്നെയാണു്.

ഗു:—അപ്പോൾ നിത്യമായിരിക്കുന്ന താൻ ആകാശമായിഭവിച്ചു അകവും പുറവും ഉണ്ടായി. അതു തന്നിൽ നിന്നുത്ഭവിച്ചതാണു്. അപ്പോൾ തങ്കൽനിന്നുത്ഭവിച്ചു അകവും പുറവും നിറയപ്പെട്ടിരിക്കുന്ന വസ്തു എന്താണു്?

ശി:—വായുവാണു്.

ഗു:—അതുകൊണ്ടാണു ഈശ്വരൻ അകവും പുറവും നിറയപ്പെട്ടിരിക്കുന്നതാണു എന്നു പറയുവാൻ കാരണം. അപ്പോൾ ഈശ്വരനായിരിക്കുന്ന വസ്തു എന്താണു്?

ശി:—നമുക്കുള്ളിലുള്ള ജീവനായിരിക്കുന്ന വായുവാണു്.

ഗു:—അറിവായിരിക്കുന്ന വസ്തുവോ?

ശി:—വായുവാണു്.

ഗു:—രക്ഷിതാവായിരിക്കുന്ന വസ്തുവോ?

ശി:—അതും വായുതന്നെ.

ഗു:—അപ്പോൾ ഈശ്വരനായി, അറിവായി, രക്ഷിതാവായിരിക്കുന്ന വസ്തു വായുവാണെന്നു വെളിപ്പെടുന്നു. അതു നാം അറിയാതെ കല്ല്, മരം മുതലായതു കൊണ്ടുണ്ടാക്കിയ പ്രതിമകളെ ഈശ്വരനാണെന്നു സങ്കല്പിച്ചു നമ്മുള്ളിൽ സ്ഥിതി ചെയ്യുന്ന ജീവശക്തിയായ വായുവെ അധോഗതിയായി പുറത്തേക്കു വിട്ടു തീരുമ്പോഴാണു നാം ചത്തുപോകുന്നതു്. അതിനാൽ അതിനെ പുറത്തേക്കു വിടാതെ തന്റെ ഉള്ളിൽ കൂടി നടത്തി ഈശ്വരങ്കൽ ചേരുന്നതാണു മോക്ഷം, ഇതിന്നാണു ഈശ്വരസേവ എന്നു പറയുന്നതു്. എന്നാൽ ഇപ്പോൾ ലോകത്തിൽ ഈശ്വരസേവ എന്നു പറഞ്ഞു ചെയ്തു വരുന്നതു എന്താണു്?

ശി:—കുളിച്ചു അമ്പലത്തിൽ പോയി വിളക്കു കത്തിച്ചു ബിംബത്തിനെ ഇളന്നീർ, പാൽ മുതലായതുകളെക്കൊണ്ടു അഭിഷേകം

Since 1923

ചെയ്തു, വസ്ത്രപുഷ്പാദികളാൽ അലങ്കരിച്ചു, പഴം, തേങ്ങ മുതലായതുകളെ വെച്ചു പൂജ, നിവേദ്യം, ഹോമം, മുതലായതുകൾ ചെയ്യുകയും, ചെയ്യിക്കയും ആകുന്നു.

ഗു:—ഇതിന്നു ഈശ്വരസേവ എന്നു പറയുവാൻ പാടുണ്ടോ?

ശി:—പറയുവാൻ പാടില്ല.

ഗു:—ഈശ്വരസേവ എന്നു പറഞ്ഞാൽ എന്താണ്?

ശി:—ഈശ്വരനെ സേവിക്കുക എന്നാണ്.

ഗു:—ഈശ്വരനെ സേവിക്കുക എന്നു പറയുന്നതു എന്താണ്?

ശി:—ഈശ്വരനെ ഭജിക്കുക എന്നാണ്.

ഗു:—എന്നാൽ ലോകത്തിൽ ഈശ്വരനെ സേവിക്കുന്നതു എങ്ങിനെയെന്നതിന്നു ഒരു ഉദാഹരണം പറയാം. നിങ്ങൾക്കു ഒരു സുഖക്കേടിന്നു ഒരു വൈദ്യൻ കഷായത്തിന്നു എഴുതി തന്നു. അതായതു്; ആറു കഴിഞ്ചു് ചിററമൃതു, നാലു കഴിഞ്ചു് കടുക്കാത്തോടു, രണ്ടു കഴിഞ്ചു് ചുക്കു ഇവകൾ ഇരുനാഴി വെള്ളത്തിൽ കഷായം വെച്ചു, കുറുക്കി ഉഴക്കാക്കി, പിഴിഞ്ഞരിച്ചു അതിൽ ഒരാണി ശക്കരയും ചെത്തി ചേൎത്തു എന്തു ചെയ്യണം എന്നാണു എഴുതി തരുന്നതു്?

ശി:—അതു സേവിക്കണം എന്നാണ്.

ഗു:—അപ്പോൾ സേവിക്കുക എന്നതു എന്താണ്?

ശി:—കുടിക്കുക എന്നാണ്.

ഗു:—നമ്മൾ ഈശ്വരമയമായി ഈശ്വരനോടു ഐക്യമാവുകയല്ലെ വേണ്ടതു്?

ശി:—അതെ.

ഗു:—അപ്പോൾ, ഈശ്വരമയമാകുവാൻ വേണ്ടി ഈശ്വരനെ ഉൾക്കൊള്ളാതെ പുറത്തേക്കു വിട്ടാൽ ഈശ്വരമയമാകുമോ?

ശി:—ഇല്ല.

ഗു:—അപ്പോൾ ഈശ്വരമയമാകുവാൻ വേണ്ടി ഈശ്വരനെ അറിഞ്ഞു സേവിക്കണം. ഈശ്വരനെ അറിയാഞ്ഞാൽ ഈശ്വരനെ സേവിക്കുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—നാം ഇതുവരെയും ഈശ്വരൻ ആരാണെന്നാണ ധരിച്ചിരുന്നതു എന്നു വെച്ചാൽ ശിവൻ, രാമൻ, കൃഷ്ണൻ, കുട്ടിച്ചാത്തൻ, ഭദ്രകാളി, ഭഗവതി, ഗണപതി, സുബ്രഹ്മണ്യൻ എന്നും മററു പലവിധത്തിലും ആയിരുന്നു. ഇപ്പോൾ ഈശ്വരൻ ആരാണെന്നാണ് വെളിപ്പെട്ടതു്.

ശി:—ജീവശക്തിയായ വായുവാണെന്നാണ്.

ഗു:—ആ വായുവെ സേവിക്കുന്നതിനാണ് ഈശ്വര സേവ എന്നു പറയുന്നതു്. എന്നുതന്നെയല്ല ജീവൻ ബ്രഹ്മരന്ധ്റത്തിൽ ചേരാഞ്ഞാൽ മോക്ഷം കിട്ടുമോ?

ശി:—കിട്ടുകയില്ല.

ഗു:—ബ്രഹ്മരന്ധ്റം എന്നതു എവിടെയിരിക്കുന്നു?

ശി:—അതു നമ്മളിൽ മേൽഭാഗത്തിരിക്കുന്നു.

ഗു:—എന്നാൽ ജീവൻ നമുക്കു അകത്തോ, പുറത്തോ ഇരിക്കുന്നതു്?

ശി:—അകത്താണിരിക്കുന്നതു്.

ഗു:—അകത്തിരിക്കുന്ന ജീവൻ നമുക്കു ഉപരിയായി നമ്മളിൽ തന്നെ ഇരിക്കുന്ന ബ്രഹ്മരന്ധ്റത്തിൽചേന്നു മോക്ഷംകിട്ടുവാൻ വേണ്ടി നമുക്കു മാർഗ്ഗം അകത്തോ പുറത്തോ ഉണ്ടായിരിക്കുക?

ശി:—അകത്താണുണ്ടായിരിക്കുക.

ഗു:—എന്നാൽ അകത്തിരിക്കുന്ന ജീവനെ നമുക്കുപരിയായി നമ്മളിൽതന്നെ ഇരിക്കുന്ന ബ്രഹ്മരന്ധ്റത്തിൽ ചേൎത്തി മോക്ഷം കിട്ടുവാൻവേണ്ടി പുറത്തുകൂടി കൊണ്ടുപോയാൽ ചേരുമോ? ചേൎക്കുവാൻ സാധിക്കുമോ?

ശി:—ഇല്ല, സാധിക്കയില്ല.

ഗു:—അകത്തിരിക്കുന്ന ജീവൻ പുറത്തുപോയിതീൎന്നാൽ അപ്പോൾ എന്തായിത്തീരും.

ശി:—ചത്തുപോകും.

ഗു:—ചത്തുപോയാൽ എന്തായിരിക്കും?

ശി:—ശവമായിരിക്കും.

ഗു:—ശവത്തിനു മോക്ഷം ഉണ്ടോ?

Since1923

ശി:—ഇല്ല.

ഗു:—എന്തുകൊണ്ടു്?

ശി:—ജീവനില്ലാത്തതുകൊണ്ടു്.

ഗു:—അപ്പോഠം ആർക്കാണ് മോക്ഷം?

ശി:—ജീവന്നു്.

ഗു:—ജീവന്നു എന്താണ് മോക്ഷം? ജീവനെ ആരെങ്കിലും ബന്ധിച്ചിട്ടുണ്ടോ? ജീവൻ നിർബ്ബന്ധൻ, നിർമ്മുക്തൻ, നിരഹങ്കാരൻ, നിർമ്മോഹി, നിസ്സംഗൻ ആണ്. അങ്ങിനെയിരിക്കുന്ന ജീവന്നു എന്താണു മോക്ഷം. മോക്ഷം എന്നു വെച്ചാൽ എന്താണ്?

ശി:—മോക്ഷം എന്നതു മോചനമാണ്.

ഗു:—മോചനം എന്നു വെച്ചാൽ എന്താണ്?

ശി:—വിടുതൽ.

ഗു:—വിടുതൽ എന്നു വെച്ചാലോ?

ശി:—ബന്ധനത്തിൽനിന്നു വേറിട്ടുകിട്ടൽ.

ഗു:—ജീവനെ വല്ലവരും ബന്ധിച്ചിട്ടുണ്ടോ?

ശി:—ഇല്ല.

ഗു:—എന്നാൽ തന്നിലിരിക്കുന്ന ജീവൻ പുറത്തേക്കു വ്യാപിച്ചു വിഷയത്തെ പിടിച്ചു നിലവിളിക്കുന്നതാണു ബന്ധം. അതു ഏതുപ്രകാരത്തിലെന്നു വെച്ചാൽ, ഇതാ നോക്കുവിൻ! ഈ പലകയെ നാം ഇപ്പോഠം എന്തുചെയ്തിരിക്കുന്നു?

ശി:—ഈ പലകയെ മാറോടടുപ്പിച്ചു രണ്ടു കൈ കൊണ്ടും മുറുകെ കെട്ടി പിടിച്ചിരിക്കുന്നു.

ഗു:—നാം ഇതിനെ രണ്ടു കൈകൊണ്ടും കെട്ടിപിടിച്ചു "അയ്യയ്യോ! നമ്മെ വിടണമേ, നാം പോയിക്കൊള്ളട്ടെ" എന്നിപ്രകാരത്തിൽ നിലവിളിച്ചാൽ ഈ പലക നമ്മെ വിടുമൊ?

ശി:—ഇല്ല.

ഗു:—അതെന്തുകൊണ്ടു്?

ശി:—പലകയെ താങ്കഠം മാറോടുചേർത്തുകെട്ടിപിടിച്ചിരിക്കുന്നതുകൊണ്ടു്.

Since 1923

ഗു:—പലക നമ്മെ ഇങ്ങോട്ടു കെട്ടിപിടിച്ചിട്ടുണ്ടോ?

ശി:—ഇല്ല.

ഗു:—എന്നാൽ നാം എന്തു ചെയ്യണമെന്നാൽ ആരാണ് കെട്ടിപിടിച്ചതെന്നു നോക്കണം. അതായതു് നാം പലകയെ പിടിച്ചിരിക്കുകയോ, അതല്ല പലക നമ്മെ പിടിച്ചിരിക്കുകയോ ചെയ്തതു് എന്നു നോക്കുമ്പോൾ പലക നമ്മെ പിടിച്ചിട്ടില്ല. പലകയെ നാം പിടിച്ചിരിക്കയാണ് ചെയ്തിരിക്കുന്നതു്. എന്നാൽ ഇതാ നോക്കുവിൻ നാം ഈ പലകയെ വിടുന്നു. ഇപ്പോൾ എന്തായി?

ശി:—പലക വേറിട്ടുപോയി.

ഗു:—ഇതേപ്രകാരത്തിൽതന്നെ താനായ ശിവൻ ശക്തിയായി പുറത്തേക്കു വ്യാപിച്ചു. അപ്പോൾ ശിവഃശക്തിയായി. ആ ശക്തിയിൽനിന്നു സൃഷ്ടികളുമുണ്ടായി. അതിനെ അമ്മ, അച്ഛൻ, ഭാര്യ, ഭർത്താവ്, പുത്രൻ, പുത്രി, ഗൃഹം, ധനം, സ്ഥാനം, മാനം, ജാതി, ശുദ്ധം, അശുദ്ധം ഈ പ്രകാരത്തിൽ പൊത്തിപ്പിടിച്ചു നിലവിളിക്കുന്നു. എന്നാൽ ഇവകളൊന്നും നമ്മെ കെട്ടിപിടിച്ചിട്ടില്ല. നാം അവകളെയാണു കെട്ടിപിടിച്ചിരിക്കുന്നതു്. അതെങ്ങിനെയെന്നാൽ നാം ഉറങ്ങുന്ന അവസരത്തിൽ അമ്മയെന്നോ, അച്ഛൻ എന്നോ യാതൊന്നും ഇല്ല. എന്നുതന്നെയല്ല, നമുക്കു ഏററവും പ്രിയപ്പെട്ടിരിക്കുന്ന പുത്രനോ സഹോദരനോ നമ്മുടെ അരികിൽ കിടന്നുറങ്ങുന്നുണ്ടായിരുന്നു. നാമും ഉറങ്ങുന്നു. ആ സമയം നമ്മുടെ കയ്യോ കാലോ ആ പ്രിയപ്പെട്ട പുത്രൻേറയോ, സഹോദരൻേറയോ മേൽ വീഴുന്നു. അപ്പോൾ യാതൊന്നും അറിയുന്നില്ല. കൂടാതെ നമ്മൾ ഇരിക്കാലികളുടെ കൂട്ടത്തിൽ പറയനെന്നു പറഞ്ഞുവരുന്നവരെ നമ്മുടെ ദുരഭിമാനം നിമിത്തം നമുക്കു ഏററവും കീഴായ ഒരു ജാതിയാണെന്നു സ്ഥാപിച്ചു വെച്ചിരിക്കുന്നു. അപ്രകാരമുള്ള ഒരു പറയൻ നമ്മൾ ഉറങ്ങുന്ന സമയം നമ്മളുടെ അരികത്തുവന്നു തൊട്ടാൽ നമ്മൾ അറിയുന്നുണ്ടോ?

ശി:— അറിയുന്നില്ല.

ഗു:—ഉറക്കം ഞെട്ടിയാൽ "നാം ഉറങ്ങുമ്പോൾ നമ്മെ ഒരു പറയൻ തൊട്ടിരിക്കുന്നു. നാം കുളിക്കണം," എന്നു വിചാരിക്കാറുണ്ടോ?

ശി:—ഇല്ല

ഗു;—എന്നു മാത്രമല്ല, മേൽപറഞ്ഞ പറയൻ ഏററവും നികൃഷ്ടമായിരിക്കുന്ന ഒരു ഭക്ഷണം കഴിക്കുന്നു. അതായതു ചത്ത പശുവിന്റെ ശവത്തെ കുഴിച്ചിട്ടു അതു പുഴുക്കുമ്പോൾ മാന്തിയെടുത്തു ആ പുഴുക്കളെക്കൊണ്ടു പുഴുക്കഞ്ഞി ഉണ്ടാക്കി അവൻ കുടിക്കുന്നു. എന്നാൽ നമ്മൾ ഉറങ്ങുന്ന സമയത്തു മേല്പറഞ്ഞ പുഴുക്കഞ്ഞിയെ ആ പറയൻ ഒരു പിലാവിലയിൽ മുക്കി നമ്മളുടെ വായ തുറന്നു വായിൽ പകർന്നാൽ അതു് എന്തായിത്തീരുന്നു.

ശി:— ഉറക്കിലായതിനാൽ അതു് പൊടുന്നനവെ ഇറങ്ങിപ്പോകുന്നു.

ഗു:—അപ്പോൾ നമ്മൾ അറിയുന്നുണ്ടോ?

ശി:—ഇല്ല.

ഗു: അതു് എന്തുകൊണ്ടു്?

ശി:—നമ്മൾ ഉറങ്ങുന്നതായതുകൊണ്ടു്.

ഗു:— നമ്മൾ ഉറങ്ങുന്ന സമയം നമ്മുടെ ശക്തി അകത്തോ പുറത്തോ?

ശി:—അകത്തു ഒതുങ്ങിയിരിക്കുന്നു.

ഗു:—തന്റെ ശക്തി തന്നിൽനിന്നു പുറത്തേക്കു വ്യാപിച്ചു ആ ശക്തിയിൽനിന്നു സൃഷ്ടികളുണ്ടായി. തന്നാൽ സൃഷ്ടിക്കപ്പെടുന്ന വിഷയങ്ങളെ താൻതന്നെ പൊത്തിപ്പിടിച്ചു നിലവിളിക്കുന്നു. അതു ഏതുപ്രകാരമെന്നാൽ നാം ഇപ്പോൾ ഒരു പലകയെ പൊത്തിപ്പിടിച്ചു നിലവിളിച്ചിരുന്നില്ലേ? അതുപ്രകാരത്തിൽ തന്നെ, മേൽപറഞ്ഞ വിഷയത്തേയും പൊത്തിപ്പിടിച്ചു നിലവിളിക്കുന്നു. ആ പിടുത്തത്തെ അതിൽനിന്നു വേർവിടുത്തി ആ ശക്തിയെ തന്റെ ഉള്ളിൽക്കൂടി നടത്തി ബ്രഹ്മര

ഡ്റത്തിൽ ലയിക്കുകചെയ്യുന്നതാണ് മോക്ഷം. അതിന്നാണ് ഉപദേശം. ഉപദേശം എന്നതു് എന്തിന്നു വേണ്ടിയാണ്.

ശി:—മോക്ഷം സിദ്ധിപ്പാൻ വേണ്ടിയാണ്.

ഗു:—മോക്ഷം സിദ്ധിപ്പാൻ ജീവന്നു ഊൎദ്ധ്വഗതിയോ അധോഗതിയോ വേണ്ടതു്?

ശി:—ജീവന്നു ഊൎദ്ധ്വഗതിയാണ വേണ്ടതു്.

ഗു:—എന്നാൽ ജീവന്നു ഊൎദ്ധ്വഗതി കിട്ടത്തക്കവണ്ണമുള്ള വല്ല ഉപദേശവും ലോകത്തിൽ നടപ്പുള്ളതായി നിങ്ങൾ കേൾക്കുകയോ അറിയുകയോ ചെയ്തിട്ടുണ്ടോ?

ശി:—ഉണ്ടു്. ശിവ, രാമ മുതലായ നാമങ്ങളും, പഞ്ചാക്ഷരം മുതലായ മന്ത്രാദികളും, മഹാവാക്യമായ ബ്രഹ്മോപദേശവും, ഇപ്പോൾ ലോകത്തിൽ നടപ്പുള്ളതായി ഞാൻ കേൾക്കുകയും അറിയുകയും ചെയ്തിട്ടുണ്ടു്

ഗു:—എന്നാൽ ഇത്യാദികളെക്കൊണ്ടു ജീവന്നു ഊൎദ്ധ്വഗതി കിട്ടുന്നതല്ല. എന്തുകൊണ്ടെന്നു വെച്ചാൽ, ശിവ, രാമ, നാരായണ എന്നും മററുമുള്ള നാമങ്ങളും, അതല്ലാതെ നമശ്ശിവായ, ഓം* ഐം* ക്ലീം* സൌം* വദവദ വാഗ്വാദിനി ബാലപരമേശ്വരി സ്വാഹാ എന്നും, ഓം ഹ്രീം നമശ്ശിവായ എന്നും, ഓം നമോനാരായണായ എന്നും, എന്നുവേണ്ട അഷ്ടാക്ഷരി, ത്ര്യക്ഷരി, ഏകാക്ഷരി, ത്രിപുരസുന്ദരി, സ്വയംവരം, ഇത്യാദികളായ മന്ത്രങ്ങളും. അതിന്നുംപുറമെ ബ്രഹ്മോപദേശമെന്നു പറയുന്ന പ്രജ്ഞാനം ബ്രഹ്മം, അഹം ബ്രഹ്മാസ്മി, തത്വമസി, അയം ആത്മബ്രഹ്മം, ഇപ്രകാരമുള്ള വാക്യങ്ങളേയും ഗായത്രി എന്നു പറയപ്പെടുന്ന ഓം ഭൂഃ ഓം ഭുവഃ ഓം ഭുവർ ഭവസ്വഃ ഓം തത് സവിതുർവരേണ്യം ഭൎഗ്ഗോ ദേവസ്യ ധീമഹി ധിയോയോനഃ പ്രചോദയാത് എന്ന വാക്യവും മററുമാണ് ഉപദേശം എന്നു പറഞ്ഞു ലോകത്തിൽ നടന്നുവരുന്നതു്. ഇപ്രകാരം നമ്മൾ ഉച്ചാരണം ചെയ്യുന്നതുകൊണ്ടോ, ധ്യാനിക്കുന്നതുകൊണ്ടോ നമ്മുടെ ജീവന്നു ഊൎദ്ധ്വഗതി കിട്ടുമെന്നു വിചാരിപ്പാൻ തരമുണ്ടോ?

ശി:—തരമില്ല.

ഗു:—എന്നാൽ ഇപ്രകാരം ഉച്ചാരണം ചെയ്യുന്നതുകൊണ്ട് നമ്മുടെ ജീവൻ ഊർദ്ധ്വഗതിയായോ, അധോഗതിയായോ പോകുന്നത്?

ശി:—അധോഗതിയായിപ്പോകുന്നു.

ഗു:—അധോഗതിയാവുന്നതെങ്ങിനെയെന്നു വെച്ചാൽ, അഗ്നിസ്വരൂപമായിരിക്കുന്ന ശബ്ദരൂപേണ ജീവനായി, ദേഹമായിരിക്കുന്ന വായു തന്നിൽനിന്നു ദഹിച്ചു അധോഗതിയായി പോകുന്നു. അപ്പോഴാണ് നാം ചത്തുപോകുന്നത്. അപ്രകാരം അധോഗതിയാവാതെ ഊർദ്ധ്വഗതി കിട്ടുവാൻ വേണ്ടിയാണ് ഉപദേശം. ഉപദേശം എന്നു വെച്ചാൽ, ഉപ+ദേശം. ഉപ എന്നുവെച്ചാലെന്താണ്?

ശി:—സമീപം.

ഗു:—ദേശം എന്നു വെച്ചാലോ?

ശി:—സ്ഥാനം.

ഗു:—അപ്പോൾ ഉപദേശം എന്നുവെച്ചാൽ എന്താണ്?

ശി:—സമീപസ്ഥാനം.

ഗു:—സമീപസ്ഥാനം ആൎക്ക്?

ശി:—നമുക്ക്.

ഗു:—നമുക്കു ജീവനില്ലെങ്കിൽ സ്ഥാനം ഉണ്ടോ?

ശി:—ഇല്ല.

ഗു:—എന്തുകൊണ്ട്?

ശി:—ജീവനില്ലാത്തതുകൊണ്ട്.

ഗു:—അപ്പോൾ സ്ഥാനം ആൎക്ക്?

ശി:—ജീവന്ന്.

ഗു:—നാം ഏതെങ്കിലും വഴിയിൽക്കൂടി നടക്കുന്ന സമയത്തു പിന്നിൽനിന്നു അറിയാതെ വല്ല ശബ്ദവും ഉണ്ടായി ഞെട്ടിപ്പോകുകയോ, വല്ല കുഴിയിലും വീഴുകയോ ചെയ്താൽ നമ്മുടെ ജീവൻ ആ സമയത്തു എന്തായിത്തീരുന്നു?

ശി:—അപ്പോൾ ഭയപ്പെട്ടു ജീവൻ ഒരേഗതിയായി മേല്പോട്ടു

പോകുന്നു.

ഗു:—അതു നമുക്ക എവിടെനിന്നാണ് മേല്പോട്ട പോകുന്നതു? അകത്തുനിന്നോ പുറത്തുനിന്നോ?

ശി:—അതു് നമ്മുടെ അകത്തുനിന്നു്.

ഗു:—അപ്പോഠം ജീവൻെറ സ്ഥാനം ഏതാണ്?

ശി:—മേൽഭാഗം.

ഗു:—എന്നാൽ നമ്മുടെ ജീവൻ നമ്മുടെ ഉള്ളിൽ വ്യാപിച്ച മൂത്രദ്വാരത്തിൻെറ അററത്തോളം വന്നു കിടക്കുന്നു. ആ ജീവനില്ലെങ്കിൽ ശുക്ലം ഇല്ല. ആ ജീവൻതന്നെയാണ് ശുക്ലം. ആ ജീവൻ മൂത്രദ്വാരത്തിൻെറ പകുതിവരെ മാത്രമേ വരുന്നുള്ളു. എന്നാൽ ശുക്ലമോ മൂത്രമോ പുറത്തേക്ക വരുന്നതല്ല. അതു മൂത്രദ്വാരത്തിൻെറ അററത്തോളം വന്നു ശുക്ലത്തേയും മൂത്രത്തേയും വെളിക്ക തള്ളുന്നു. അപ്പോഠം മൂത്രദ്വാരത്തിൻെറ അററത്തോളം കിടക്കുന്ന ജീവനാണ് നമ്മഠം ഭയപ്പെടുമ്പോഠം മേലോട്ട അതിവേഗത്തിൽ കയറുന്നതു്. ആ സമയം എവിടെനിന്നാണ് കയറുന്നതു്?

ശി:—മൂത്രദ്വാരത്തിൻെറ ഉത്ഭവസ്ഥാനത്തിൽ നിന്നാണ്.

ഗു:—ജീവൻ ഉള്ളിൽ ഇരിക്കന്നു. ആ പ്രകാരം ഉള്ളിൽ ഇരിക്കുന്ന ജീവൻെറ മാർഗ്ഗമാണ് നന്നാക്കേണ്ടതു്. ഇതാണ് ജീവൻെറ മാർഗ്ഗം നന്നാക്കുകയെന്നും ജീവന്നു ഊർദ്ധ്വഗതി കിട്ടണം എന്നും പറയുന്നതു്. എന്തെന്നാൽ തന്നകത്തു വ്യാപിച്ചുകിടക്കുന്ന ജീവനെ, അകത്തുള്ള മാർഗ്ഗം നന്നാക്കി ആ മാർഗ്ഗത്തിൽക്കൂടി ഒരേഗതിയായി സദാ നടത്തുക. അപ്പോഴാണ് ജീവന്നു ഗതി വരുന്നതു്. മററു ഏതു പ്രകാരത്തിലായാലും ജീവന്നു ഗതി വരുന്നതല്ല. എന്നുതന്നെയല്ല, വല്ലവരും ചത്തുപോകുന്ന സമയത്തിൽ നിങ്ങഠം കണ്ടിട്ടുണ്ടോ?

ശി:—കണ്ടിട്ടുണ്ട്.

ഗു:—ആ സമയത്തിലുള്ള ശ്വാസഗതി ഏതു ഭാഗത്തിലേക്കാണ്?

ശി:—മേലോട്ടാണ്.

ഗു:—ആ സമയത്തു വേണ്ടുന്ന ഗതിതന്നെ ഇപ്പോഠം നാം പറ

Since 1923

ഞ്ഞിട്ടുള്ള ഗതി. അതു എന്തിനെയെന്നു വെച്ചാൽ ഇതാ നോക്കുവിൻ..............ഇപ്രകാരത്തിലാണ് വേണ്ടുന്നത്. ഈ ഗതി അപ്പോഴും കിട്ടുന്നുണ്ടോ?

ശി:—കിട്ടുന്നില്ല.

ഗു:—അതു എന്തുകൊണ്ടെന്നു വെച്ചാൽ, നമ്മൾ ജനിച്ചാൽ ചത്തുപോകുമെന്നു ഗ്രഹിച്ചിരിക്കുന്നു ആ ഗ്രഹിച്ചതു ശരിയല്ല. ചത്തുപോകാതിരിപ്പാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോ ഇല്ലയോ എന്നാലോചിക്കാത്തതിനാലാണു അപ്രകാരം തീർച്ചപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നാം മരിക്കാൻ പഠിക്കണം, മരിക്കാൻ പഠിക്കാത്തതിനാലാണ് നരകം അനുഭവിക്കുന്നതിനും ചത്തുപോകുന്നതിനും കാരണം ഉണ്ടാകുന്നത്. മരിക്കുവാൻ പഠിച്ചാൽ നരകം അനുഭവിക്കുന്നതിന്നോ ചത്തുപോകുന്നതിന്നോ ഇടയില്ല. മരിക്കുക എന്നുവെച്ചാൽ മറക്കുക എന്നർത്ഥം. മറക്കേണ്ടതു എന്തെന്നാൽ ഞാൻ എന്നു പറയുന്ന നിലയും ലോകവും തന്നെ. അപ്രകാരം മറന്നു തന്നുടെ ജീവനെ ഉള്ളിൽ അടക്കണം. ആ മാർഗ്ഗത്തെ പഠിച്ചു ജീവനെ അടക്കംചെയ്താൽ നാം ചത്തുപോകുവാൻ ഇടയുണ്ടോ?

ശി:—ഇടയില്ല.

ഗു:—മറക്കാൻ വേണ്ടുന്ന ഗതിയാണ് മുമ്പെ നാം കാണിച്ചുതന്നത്. അതിനെ ആദ്യത്തിൽതന്നെ പഠിക്കാത്തതുകൊണ്ട് ചത്തുപോകുന്ന സമയത്തിൽ ആ ഗതി കിട്ടാതെ നാലും, അഞ്ചും, പത്തും, ഇരുപതും, മുപ്പതും ദിവസവും ഒരു കൊല്ലവും കിടന്നു ശ്വാസം മേലോട്ടു വലിച്ചു ശ്വാസം മുട്ടി ജഡം പുണ്ണായി പഴുത്തുപുഴുത്തു, ആ പുഴുക്കൾ കുത്തിത്തുരന്നു, ബോധമില്ലാതെ കിടന്നു വളരെ കഷ്ടപ്പെട്ടു ചത്തുപോകുന്നു. അതു നാം കാണുന്നില്ലെ?

ശി:—കാണുന്നുണ്ട്.

ഗു:—അപ്പോഴും അവർ അനുഭവിക്കുന്ന നരകകഷ്ടങ്ങൾ ഇന്ന പ്രകാരത്തിലാണെന്നു അവർക്കു പറയുവാൻ കഴിയുമോ?

ശി:—കഴികയില്ല

ഗു:—കാണികളായ നമ്മൾക്കൊക്കെയും എത്ര കഷ്ടം തോന്നുന്നുണ്ട്. അപ്പോൾ അവരുടെ കഷ്ടം ഇന്നപ്രകാരത്തിലാണെന്നു് പറയുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല

ഗു:—എന്നാൽ ഇപ്പോൾ കാണിച്ച ഗതി നമ്മൾ അഭ്യസിച്ചിരുന്നുവെങ്കിൽ ആ സമയത്തു ഇപ്രകാരമുള്ള കഷ്ടം അനുഭവിക്കേണ്ടിവരുമായിരുന്നുവോ?

ശി:—ഇല്ല.

ഗു:—എന്നാൽ നമുക്കു ഇപ്പോൾ ബ്രഹ്മരന്ധ്രം അടഞ്ഞിട്ടോ തുറന്നിട്ടോ കിടക്കുന്നതു്?

ശി:—അടഞ്ഞു കിടക്കുകയാണ്.

ഗു:—അടഞ്ഞു കിടക്കുന്ന ബ്രഹ്മരന്ധ്രം തുറക്കാഞ്ഞാൽ ജീവനു ബ്രഹ്മരന്ധ്രത്തിൽ പോയി ചേരുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതു എന്തിനെന്നെന്നുവെച്ചാൽ, തന്നിൽ ഇരിക്കുന്ന ജീവശക്തി ബ്രഹ്മരന്ധ്രം തുറക്കാതെ അതിനോടു പോയിമുട്ടി അധോഗതിയായി പുറത്തേക്കുപോയി നശിച്ചുപോകുന്നതിനാലാണ് മാഞ്ഞുപോകുന്നതു്. അതിനാൽ തന്റെ ജീവശക്തിയെ പുറത്തേക്കു വിടാതെ തന്നുള്ളിൽകൂടി ഊർദ്ധ്വഗതിയായി നടത്തി ആ ജീവനെക്കൊണ്ടു് ബ്രഹ്മരന്ധ്രത്തെ തട്ടി തുറക്കണം. അപ്രകാരം ചെയ്തു ജീവൻ ബ്രഹ്മരന്ധ്രത്തിൽ ലയിച്ചു, താദാദി, തന്മയമായിത്തീരുന്നതാണ് മോക്ഷം. ഇപ്രകാരമല്ലാതെ മറ്റു യാതൊരു വിധത്തിലും നമുക്കു മോക്ഷം സിദ്ധിക്കുന്നതല്ല. എന്നാൽ ഇതുവരെയും നമ്മുടെ ജീവനു അധോഗതിയോ, ഊർദ്ധ്വഗതിയോ?

ശി:—അധോഗതിയാണ്.

ഗു:—ഈ ജീവൻ അധോഗതിയായിപ്പോയി തന്നിൽ ഇല്ലാതെയായിത്തീർന്നാൽ എന്തായിത്തീരും?

ശി:—ശവമായിത്തീരും.

ഗു:—ഇപ്പോൾ നിങ്ങളുടെ ജീവന്നു ഗതി എന്താകുന്നു?

ശി:—ഊൎദ്ധ്വഗതി.

ഗു:—അധോഗതിയായിരുന്ന ജീവന്നു ഇപ്പോൾ ഊൎദ്ധ്വഗതി വന്നു. എന്നാൽ നിങ്ങളിൽ നിങ്ങൾക്കുപരിയായ വസ്തു എന്താണ്?

ശി:—ഈശ്വരൻ.

ഗു:—അപ്പോൾ ജീവൻ ഈശ്വരനോടു ഐക്യമായി. ഇതിന്നാണ ജീവേശ്വരൈക്യമെന്നു പറയുന്നത്. ജീവൻ ഈശ്വരനോടു ഐക്യമായാൽ എന്താകുന്നു?

ശി:—മോക്ഷമാകുന്നു.

ഗു:—ഇതിന്നാണ പ്രാണാപാനന്മാരെ ഐക്യമാക്കുക എന്നു പറയുന്നത്. പ്രാണൻ നമ്മുടെ ഉള്ളിലിരിക്കുന്നത്, അപാനൻ പുറത്തേക്കു പോകുന്നതു. അപ്രകാരം പുറത്തേക്കു പോകുന്ന അപാനനെ പുറത്തേക്കു വിടാതെ പ്രാണനോടു ചേൎത്തി ഉള്ളിൽ ഒരേഗതിയായി നടത്തുന്നതിന്നാണ പ്രാണായാമം എന്നു പറയുന്നത്. പ്രാണായാമം എന്നതു പ്രാണനെ ആയാമം ചെയ്യുന്നതു. ആയാമം ചെയ്യുക എന്നാൽ തടുത്തു നിൎത്തുക, അല്ലെങ്കിൽ നേരെ കൊണ്ടുപോകുക, അല്ലെങ്കിൽ ദീൎഘിപ്പിക്കുക. അതായതു ഉള്ളിലിരിക്കുന്ന പ്രാണനെ അപാനനായി പുറത്തു പോകാതെ ഉള്ളിൽ തന്നെ തടഞ്ഞു നിൎത്തുക. അപ്പോൾ പ്രാണന്നു നേൎഗതിയായി. ഇപ്പോൾ പ്രാണൻ നേരെ പോകാതെ വളഞ്ഞു അഞ്ചു ദ്വാരങ്ങളിൽ കൂടി പുറത്തേക്കു പോയി നശിച്ചുകൊണ്ടിരിക്കുന്നു. അപ്രകാരം പുറത്തു പോകാതെ തന്നുള്ളിലടങ്ങി മേൽകീഴ ഒരേ ഗതിയായി വരുമ്പോൾ നേരെയായി. അതാണ പ്രാണനെ നേരെ കൊണ്ടുപോകണമെന്നു പറയുന്നത്. ദീൎഘിപ്പിക്കുക എന്നാൽ നീളം വരുത്തുക എന്നാണ്. എന്തിനെ നീളം വരുത്തേണമെന്നാൽ നമ്മുള്ളിലിരിക്കുന്ന പ്രാണൻ നീളമില്ലാതെ വളഞ്ഞു അപാനനായി പുറത്തുപോയി നശിച്ചുകൊണ്ടിരിക്കുന്നതിനേയാണ്. ആ അപാനനെ പുറത്തു വിടാതെ പ്രാണനോടു ചേ

ത്തു മേലെ കൊണ്ടു പോകുമ്പോാം നീളംവന്നു. ഇതിന്നാണു ദീർഘലിപ്പിക്കുക എന്നു പറയുന്നത്. അപ്പോാം നാം ഉറങ്ങുന്ന സമയത്തിൽ നമ്മുടെ ഗതി ഏതുപ്രകാരത്തിലോ, അതേ പ്രകാരത്തിൽ ഉറങ്ങാതിരിക്കുന്ന സമയത്തിലും ആയിത്തീരും. എന്നാൽ ഉറങ്ങുന്ന സമയത്തിൽ ഉള്ള ഗതി അകത്തുകൂടിയോ പുറത്തുകൂടിയോ?

ശി:—അകത്തു കൂടിയാണ്.

ഗു:—ഉറങ്ങുന്ന സമയത്തിൽ നമുക്കു പലവിധത്തിൽ ശ്വാസഗതിയുണ്ട്. അതു എങ്ങിനെയെന്നാൽ ചിലക്കു കൂക്കം ഉണ്ടാകുന്നു. ആയതു ചിലർ ഉറങ്ങുമ്പോാം ഉള്ളിൽ കൂടിയുള്ള ഗതിയിങ്കൽ നിന്നു "കുർകു" എന്നും, ചിലർ "ക്രും" എന്നും, ചിലർ മൂരിമൊക്ര പോലെ "ക്രൊ" എന്നും പലവിധ ശബ്ദങ്ങളും ഉണ്ടാകുന്നു. അതൊന്നും ശരിയായ ഗതിയല്ല. ശരിയായ ഗതി ജീവശക്തിയായ വായുവിന്നു നേർമ്മയായി യാതൊരു ഗോഷ്ഠികളും ശബ്ദവും ഇല്ലാതെ ശ്വാസം ഉണ്ടോ എന്നറിയുവാൻ കൂടി സാധിക്കാതെ നെഞ്ഞിൻെറ കുഴിയിൽ നിന്നോ തൊണ്ടക്കുഴിയിൽനിന്നോ ഒരു തെള്ളൽ മാത്രമായി കാണാം. അതാണു ശരിയായ ഗതി ആ ഗതി നമുക്കു ഉറങ്ങാത്ത സമയത്തും കിട്ടണം. അതാണു നമുക്കു മോക്ഷത്തിന്നുള്ള മാർഗ്ഗം. ആ ഗതിയാകുമ്പോാം നമ്മളിൽ തന്നെ പ്രകാശിക്കുന്നു. അതു എങ്ങിനെയെന്നുവെച്ചാൽ, ഇവിടം ഒരു തീക്കനൽ വെച്ചു, കനൽ ഇല്ലാത്ത മറെറാരു ഭാഗത്തു ഊതിയാൽ ആ തീക്കനൽ പ്രകാശിക്കുമോ?

ശി:—പ്രകാശിക്കയില്ല.

ഗു:—ആ തീക്കനൽ പ്രകാശിക്കേണമെങ്കിൽ എന്തു വേണം?

ശി:—ആ കനലിന്മേൽ ഊതണം.

ഗു:—അതേ പ്രകാരത്തിൽ തന്നെ അവനവൻെറ അഗ്നിനേത്രമായ സുഷുമ്നയിങ്കൽ ഊതാതെ പുറത്തേക്കു ഊതിയാൽ നമുക്കു പ്രകാശിക്കുന്നതല്ല. ആയതിനാൽ ജീവശക്തിയായിരിക്കുന്ന വായുവിനെക്കൊണ്ട് നമ്മുടെ ഭ്രമദ്ധ്യമായ സുഷുമ്നയായിരിക്കു

ന്ന അഗ്നിനേത്രത്തിൽ ഊതി രാഗദ്വേഷാദികളായ ദുർവൃത്തികളെ അതായതു ദുസ്സ്വഭാവങ്ങളെ എപ്പോഴം അവിടെ ദഹിപ്പിക്കുന്നുവോ അപ്പോഴാണു നമ്മുള്ളിൽ പ്രകാശിച്ചു ജ്ഞാനം ഉണ്ടാവുക. അങ്ങിനെയല്ലാതെ മററു യാതൊരു പ്രകാരത്തിലും നമുക്കു ജ്ഞാനം ഉണ്ടാകുന്നതല്ല. മേൽപറഞ്ഞ പ്രകാരം ചെയ്യുന്നതിന്നാണു പ്രാണായാമം എന്നു പേർ. ഇതിനെ ലോകത്തിൽ അറിയാതെയും ഈ വാക്കിൻെറ അൎത്ഥം തെററി ധരിച്ചിട്ടും പലേ പ്രകാരത്തിൽ പ്രവൃത്തിക്കുകയും ചെയ്യുന്നു. ചിലർ മൂക്കിൻെറ ഒരു ദ്വാരം പൊത്തി മററെ ദ്വാരത്തിൽ കൂടി വായുവിനെ മേല്പോട്ടു വലിച്ചു കയററി അടക്കിപ്പിടിച്ചു നിൎത്തി തലച്ചോറിളക്കി ഭ്രാന്തു, ക്ഷയരോഗം, നാഡിപ്പിഴ, മുതലായതു ഉണ്ടാക്കി ചത്തുപോകുകയും ചെയ്യുന്നു. അതു നിമിത്തം ലോകത്തിൽ പ്രാണായാമത്തെ വളരെ നിന്ദിച്ചു വരുന്നു. എന്നാൽ സദാ പ്രാണായാമിക്കു രോഗമില്ലെന്നു ഋഷീശ്വരന്മാർ പറഞ്ഞിരിക്കുന്നു പ്രാണൻ നമ്മുടെ അകത്താണ്. അങ്ങിനെ ഉള്ളിലിരിക്കുന്ന പ്രാണനെ മൂക്കിൻെറ ഒരു ദ്വാരത്തെ അടച്ചു മറേറ ദ്വാരം വഴിയായി പുറത്തുനിന്നു പ്രാണനെന്നു വിചാരിച്ചു പിടിച്ചു വലിച്ചാൽ കിട്ടുമോ?

ശി:—കിട്ടുകയില്ല.

ഗു:—അതിന്നു ദൃഷ്ടാന്തം? ഒരു ചാക്കു നിറച്ചും നെല്ലു വെച്ചിരിക്കുന്നു. അതിന്നു പുറമെ അനവധി നെല്ലുണ്ട്. ആ നെല്ലും ഈ ചാക്കിൽ തന്നെ കൊള്ളിക്കേണമെന്നു വിചാരിച്ചാൽ സാധിക്കുമോ?

ശി:—ഇല്ല.

ഗു:—അതുനോക്കാതെ കുറെക്കൂടി നെല്ലു അതിൽ വാരിയിട്ടു ചവിട്ടി അമൎത്തിയാൽ ആ ചാക്കു എന്തായിപ്പോകും.

ശി:—പൊട്ടിപ്പോകും

ഗു:—ഇതുപ്രകാരം തന്നെ നമ്മുടെ അകത്തുള്ള ജീവശക്തിയായിരിക്കുന്ന വായുവിൻെറ കൂടെ പുറത്തിരിക്കുന്ന വായുവെ കൂടി ചേൎക്കേണമെന്നു വിചാരിച്ചു പുറത്തുനിന്നു വായുവെ വലിച്ചു

Since 1923

കയററിയാൽ അബദ്ധം നേരിട്ടു ചത്തു പോകുവാൻ ഇടയാകുന്നതാണ്. അതിനാൽ പ്രാണായാമം എന്നു പറയുന്നതു നമ്മുടെ അകത്തിരിക്കുന്ന പ്രാണനെ പുറത്തേക്കു വിടാതെ അകത്തു കൂടി തന്നെ നടത്തുന്നതിന്നാണ്. അങ്ങിനെ ചെയ്യുന്നവൎക്കു യാതൊരു രോഗവും ഉണ്ടാകുന്നതല്ല. അതാണു സദാ പ്രാണായാമിക്കു രോഗമില്ലെന്നു പറയുവാൻ കാരണം.

## അഞ്ചാം അദ്ധ്യായം.

ശി:—സ്വാമിൻ! മുൻ അദ്ധ്യായത്തിൽ പറഞ്ഞിട്ടുള്ള പ്രകാരത്തിലാണ് സൃഷ്ടി എന്നു എനിക്കു പൂൎണ്ണബോദ്ധ്യമായി. എങ്കിലും പഞ്ചഭൂതങ്ങളെക്കൊണ്ടാണ് സൃഷ്ടി എന്നു പറഞ്ഞു വരുന്നതു്. അതിന്നുള്ള കാരണം എന്താണെന്നു വിശദമായി അരുളിചെയ്തു കേൾപ്പാൻ ആഗ്രഹിക്കുന്നു.

ഗു:—പഞ്ചഭൂതങ്ങൾ എന്നതു എന്തൊക്കെയാണ്.

ശി:—പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം എന്നിവകളാണ്.

ഗു:—പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം ഇതുകളെ പഞ്ചഭൂതങ്ങൾ എന്നു പറഞ്ഞുവരുന്നു. എന്നാൽ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച വായുവും പഞ്ചഭൂതങ്ങളിൽ പെട്ട ഒന്നാണെന്നു വരുന്നുണ്ട്. ഏതായാലും പഞ്ചഭൂതങ്ങളെക്കൊണ്ടാണ് സൃഷ്ടി. എന്നാൽ പഞ്ചഭൂതങ്ങൾ ഇന്നതാണെന്നു ലോകവാസികൾ അറിയുന്നില്ല. എന്നാൽ പഞ്ചഭൂതങ്ങളുടെ ഉത്ഭവം പറയാം. അതായതു, അക്ഷരത്തിൽനിന്നാണ് ആകാശവും, ആകാശത്തിൽനിന്നു വായുവും, വായുവിൽനിന്നു അഗ്നിയും, അഗ്നിയിൽനിന്നു അപ്പും, അപ്പിൽനിന്നു പൃഥ്വിയും ഉണ്ടാകുന്നതെന്നു പറയുന്നു. പൃഥ്വി എന്നു പറയു

ന്നതു ഭൂമിയും, അപ്പ് എന്നു പറയുന്നതു വെള്ളവും ആണ്. ആ വെള്ളത്തിൽനിന്നാണ് ഭൂമി ഉണ്ടായതു് എന്നു പറയുന്നു. ഇതിനെ നമുക്കു ഒരിക്കലും വിശ്വസിക്കുവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ, ഭൂമിയെന്നൊരവസ്ഥയില്ലെങ്കിൽ വെള്ളം മുതലായ യാതൊരു വസ്തുവും ഉണ്ടാകുന്നതല്ല ഭൂമിയിലാണ് വെള്ളം നില്ക്കുന്നതു്. വെള്ളത്തിൽ ഭൂമി നില്ക്കുന്നില്ല. കാരണം സമുദ്രം എന്നു പറയുന്നതു ഭൂമിയിൽ വെള്ളം നിറയപ്പെട്ട ഒരു വലിയ ഭാഗമാണ്. ആ വെള്ളംനില്ലാൻ അടിസ്ഥാനമായി ഭൂമി ഇല്ലെങ്കിൽ വെള്ളം നില്ക്കുന്നതല്ല. കൂടാതെ അതിൽ പല ദ്വീപുകളും ഉണ്ടാകുന്നു. അടിയിൽ ഭൂമിയില്ലെങ്കിൽ ആ വക ദ്വീപുകളും ഉണ്ടാവാൻ തരമില്ല. അതിനുംപുറമെ, നാം കിണർ കുഴിച്ചു കുറെ താഴോട്ടു ചെന്നാൽ വെള്ളം കാണുന്നു. ആ വെള്ളം നില്ക്കുന്നതും ഭൂമിയിൽതന്നെയാണ്. അതുകൊണ്ടു വെള്ളത്തിൽനിന്നു ഭൂമി ഉണ്ടാവുന്നു എന്നു വിശ്വസിപ്പാൻ തരമില്ല. അതു ഏതു പ്രകരത്തിലോ ഇരിക്കട്ടെ. നാം ധരിച്ചിരിക്കുന്ന പ്രകാരം പഞ്ചഭൂതങ്ങളെക്കൊണ്ടാണ് സൃഷ്ടിക്കുന്നതെന്നു ഒരിക്കലും വിശ്വസിപ്പാൻ തരമില്ല. എന്തുകൊണ്ടെന്നുവെച്ചാൽ പഞ്ചഭൂതങ്ങളിൽ പൃഥ്വി എന്നു പറയുന്നതു ഭൂമിയും അതായതു മണ്ണും, അപ്പ് എന്നു പറയുന്നതു ജലവും അതായതു വെള്ളവും, അഗ്നി എന്നതു തേജസ്സും അതായതു പ്രകാശവും, വായു എന്നതു ചലിച്ചുകൊണ്ടിരിക്കുന്നതും അതായതു കാററും, ആകാശം എന്നതു കാണ്മാൻ സാധിക്കാത്തതും, അധികം പ്രകാശിച്ചുകൊണ്ടിരിക്കുന്നതും അതായതു ഒഴിവും ആണ്. ഈ പ്രകാരമുള്ള അഞ്ചു വസ്തുക്കളെ കൂട്ടിച്ചേർത്തു സൃഷ്ടിചെയ്യാൻ സാധിക്കുന്നതല്ല. അതെന്തുകൊണ്ടെന്നാൽ ഇതാ ഈ കാണുന്ന ഒഴിവു ആകാശമാണ്. ഇതിനെ പിടിച്ചു ബാക്കി നാലു ഭൂതങ്ങളോടുകൂടി ചേർത്തുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—വായു എന്നു പറയുന്നതു് ചലിച്ചുകൊണ്ടിരിക്കുന്ന ഈ

കാററ്. ഇതിനെ പിടിച്ചു ബാക്കി നാലു ഭൂതങ്ങളോടുകൂടി ചേൎത്തുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അഗ്നിയെന്നു പറയുന്നതു തേജസ്സായിരിക്കുന്ന പ്രകാശം, ഇതിനെയും പിടിച്ചു ബാക്കിയുള്ള ഭൂതങ്ങളോടു ചേൎത്തുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—എന്നാൽ പഞ്ചഭൂതങ്ങൾ തന്നിൽതന്നെയിരിക്കുന്നതാണ്. അതേതുപ്രകാരത്തിലാണിരിക്കുന്നതെന്നു വെച്ചാൽ, ഇതാ! ഒരു മേശവിളക്ക്. ഇതിൽ കത്തിച്ചു അതിന്മേൽ ചിമ്മിനികുഴലും വെച്ചാൽ അതിന്നു നല്ല പ്രകാശമുണ്ടാകുന്നു. ചിമ്മിനിക്കുഴൽ ഒഴിവില്ലാതെ മുഴുവനും കട്ടിയായ ഒന്നായിരുന്നുവെങ്കിൽ അതു വിളക്കിന്മേൽ വെച്ചാൽ എന്തായിത്തീരും?

ശി:—അപ്പോൾ അതു കത്താതെ കെട്ടുപോകും.

ഗു:—എന്നാൽ ആ വിളക്കിൽനിന്നു കത്തിക്കൊണ്ടിരിക്കുന്ന അഗ്നിക്കു ചിമ്മിനിക്കുഴൽ വെച്ചില്ലെങ്കിലോ?

ശി:—ശരിയായ പ്രകാശം കിട്ടുന്നതല്ല.

ഗു:—അപ്പോൾ പരന്നുകിടക്കുന്ന പ്രകാശമായിരിക്കുന്ന ശക്തിക്കു ചിമ്മിനികുഴൽ വെച്ചപ്പോൾ ആ പ്രകാശം പരന്നുപോകാതെ പ്രകാശശക്തി ഒന്നായിനിന്നു. അതു ഒന്നായി നിന്നപ്പോൾ ആ കുഴലായിരിക്കുന്ന ചില്ലിൽകൂടി പ്രതിബിംബിച്ചു നമുക്കു അധികം പ്രകാശമുണ്ടാകുന്നു. എന്നാൽ ചില്ലുകൊണ്ടുണ്ടാക്കിയിരിക്കുന്ന ആ കുഴലിന്നു ഒഴിവുണ്ട്. അതു ആകാശമാണ്. ആ ആകാശമായിരിക്കുന്ന ഒഴിവിൽകൂടി വായു ഗതാഗതം ചെയ്യുന്നുണ്ട്. അപ്രകാരം അതിൽ വായു ഗതാഗതം ചെയ്യുന്നില്ലായിരുന്നുവെങ്കിൽ അതു കത്തുമായിരുന്നുവോ?

ശി:—കത്തുന്നതല്ല.

ഗു:—എന്നാൽ ചിമ്മിനി കുഴലിന്നും അഗ്നിക്കും തമ്മിൽ യാതൊരു ബാദ്ധ്യതയുമില്ല. ചിമ്മിനിക്കുഴലിന്നു ഒഴിവുണ്ടായിരുന്നു. ആ ഒഴിവായിരിക്കുന്ന ആകാശത്തിൽ വായു ഗതാ

ഗതം ചെയ്യുന്നു. ആ വായുവിൻെറ ഗതാഗതം നിമിത്തം ആ അഗ്നി അതിൽ കത്തിക്കൊണ്ടിരിക്കുന്നു. ചിമ്മിനിക്കുഴൽ വെച്ചിട്ടില്ലെങ്കിൽ ആ പ്രകാശം പരന്നുകിടക്കുന്നതായിരുന്നു. ആയതിനു ആ ചിമ്മിനിക്കുഴൽ നിമിത്തം തടസ്ഥം വന്നപ്പോൾ പരക്കാതെ ആ പ്രകാശം ഒന്നായ ഒരേ ശക്തിയായി ത്തീൎന്നു. കുഴലായിരിക്കുന്ന ചില്ലിൽകൂടി ആ ഒന്നായിരിക്കുന്ന ശക്തി പ്രതിബിംബിച്ചു വളരെ പ്രകാശമായി നാം കാണുന്നു. കുഴലെടുത്തപ്പോൾ അഗ്നി അവിടെത്തന്നെയുണ്ടായിരുന്നു. ആകാശവും വായുവും ഉണ്ടായിരുന്നു. എന്നാൽ മുമ്പിലത്തെ പ്രകാശം കിട്ടുന്നില്ല. അതെന്തുകൊണ്ടെന്നാൽ, ആ പ്രകാശശക്തി വ്യാപിച്ചുപോയി, അപ്പോൾ മുമ്പിലെത്തെപ്പോലെ പ്രകാശം കിട്ടുന്നുണ്ടോ?

ശി:—കിട്ടുന്നില്ല.

ഗു:—എന്തുകൊണ്ട്?

ശി:—ആ പ്രകാശമായ ശക്തിക്കു കുഴലിനാൽ തടസ്ഥം നേരിട്ടു പ്രതിബിംബിക്കുവാൻ ഇടയില്ലാത്തതുകൊണ്ട്.

ഗു:—ഇപ്രകാരം തന്നെയാണു നമ്മുടേയും സ്ഥിതി. നമ്മിലും ആകാശവും, വായുവും, അഗ്നിയും ഉണ്ട്. നമുക്കു ഞാൻ എന്ന അവസ്ഥയായ ഒരു ചിമ്മിനികുഴലും ഉണ്ട്. എപ്പോൾ ഞാനെന്നവസ്ഥയായ ചിമ്മിനിക്കുഴൽ വെക്കുന്നുവോ അപ്പോൾ അതിൽകൂടി പ്രതിബിംബിച്ചു കാണുന്നതാണു ഈ ലോകം. എപ്പോൾ ഞാനെന്നു ചിമ്മിനികുഴൽ എടുക്കുന്നുവോ അപ്പോൾ ലോകത്തെ കാണുന്നില്ല. ഇതല്ലാതെ പഞ്ചഭൂതങ്ങളെ ക്കൊണ്ടാണു സൃഷ്ടിക്കുന്നതെന്നു പറയുവാൻ യാതൊരു യുക്തിയുമില്ല. കാരണം, പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം ഇതുകളെ കൂട്ടിച്ചേൎത്തു സൃഷ്ടിച്ചതായിരുന്നുവെങ്കിൽ നാം ഒരിക്കലും ചത്തുപോകുവാനിടയില്ല. എന്നുതന്നെയല്ല, നാം ഒരാളുടെ മൂക്കും, വായയും, അടക്കിപ്പിടിക്കുക. അപ്പോൾ അയാൾ ചത്തുപോകുന്നു അതെന്തുകൊണ്ടു ചത്തുപോകുന്നു? ആകാശമെന്നുപറയുന്ന ഭൂതത്തെ കൂട്ടിച്ചേൎത്തു സൃഷ്ടിച്ച

തല്ലെ? നാം മൂക്കും വായയുമായിരിക്കുന്ന ഒഴിവിനെ മാത്രമല്ലെ അടക്കിപിടിച്ചിട്ടുള്ളു? വായുവെന്ന ഭൂതവും അതിലുണ്ടായിരുന്നു. ആ വായുവിന്നു വായ, മൂക്കു എന്നുള്ള രണ്ടൊഴിവു കഴിച്ചു ബാക്കിയുള്ള ഒഴിവിൽ കൂടി സഞ്ചരിക്കാമല്ലയൊ? അഗ്നിയെന്ന പ്രകാശവും അതിലുണ്ടായിരുന്നു. മുൻ അടക്കിപിടിച്ച രണ്ടു ഒഴിവുകളിൽ കൂടി പ്രകാശിക്കുവാൻ സാധിക്കുന്നില്ലയെന്നല്ലാതെ ബാക്കിയുള്ള ഒഴിവുകളിൽകൂടി പ്രകാശിച്ചുകൂടയോ? ഇതെല്ലാംകൂട്ടിച്ചേർത്തല്ലെ സൃഷ്ടിയെന്നു പറയുന്നതു? അങ്ങിനെയായിരുന്നുവെങ്കിൽ മുൻപറഞ്ഞ രണ്ടു ഒഴിവുകൾ അതായതുവായയേയും, മൂക്കെയും മാത്രം അടക്കിപ്പിടിച്ചപ്പോൾ ചത്തുപോകുവാൻ കാരണമെന്തു? എന്നാൽ മുൻപറഞ്ഞ മേശവിളക്കിൽനിന്നു കത്തിക്കൊണ്ടിരിക്കുമ്പോൾ അതിന്നു വെച്ചിരിക്കുന്ന കുഴലിന്റെമീതെ അതിന്റെ ഒഴിവടക്കി എന്തെങ്കിലും ഒരു സാധനം വെച്ചാൽ ആ വിളക്കിൽ കത്തികൊണ്ടിരിക്കുന്ന അഗ്നി എന്തായിപ്പോകുന്നു?

ശി:—കെട്ടുപോകുന്നു.

ഗു:—അതിന്നു കാരണമെന്താണെന്നുവെച്ചാൽ, അതിൽനിന്നു കത്തിജ്വലിച്ചു മേല്പോട്ടുവരുന്ന ആവിയായിരിക്കുന്ന പുക പുറത്തേക്കു പോകാൻ തടസ്ഥം ഉണ്ടായതുകൊണ്ടു അതിൽതന്നെ കുടുങ്ങി തിങ്ങിവിങ്ങിയതിനാൽ അഗ്നിക്കു കത്തുവാൻ സാധിക്കാതെ കെട്ടുപോകുന്നു. ഈ പ്രകാരംതന്നെ നമുക്കും വിളക്കായ ജഡത്തിൽനിന്നു അഗ്നികത്തിജ്വലിച്ചു ഞാനെന്നവസ്ഥയായ ചിമ്മിനിക്കുഴലിൽകൂടി വിചാരാദികളായ പുകയായിരിക്കുന്ന ആവി പുറത്തേക്കു പോകുന്നതിന്നു തടസ്ഥം നേരിട്ടു ആ ആവി ചേരേണ്ടസ്ഥലത്തു ചേരാതെ ജഡത്തിൽ തന്നെ തിങ്ങിവിങ്ങി കത്തൽ കെട്ടുപോയി. അപ്പോഴാണു ചത്തുപോകുന്നതു്. എന്നുതന്നെയല്ല, അഗ്നിയുണ്ടായിരുന്നുവെന്നുള്ളതിന്നു ദൃഷ്ടാന്തം, ഇപ്പോൾ ഈ ജഡത്തെ തൊട്ടുനോക്കിയാലോ, ഉരച്ചുനോക്കിയാലോ ചൂടുണ്ടു്. എന്നാൽ ഒരു ശവത്തിന്നു ചൂടില്ല. കാരണം മേൽപറഞ്ഞ മേശവിളക്കിൽ

നിന്നു കത്തിക്കൊണ്ടിരിക്കുമ്പോഠം അതിന്നു വെച്ചിട്ടുണ്ടായിരുന്ന ചിമ്മിനിക്കുഴലിൻെറ അടിയിൽനിന്നു ആ ചിമ്മിനിക്കുഴലുമായി യാതൊരു ബന്ധവുമില്ലാതെയായിരുന്നു അഗ്നി കത്തിക്കൊണ്ടിരുന്നതു്. ആ സമയം ആ കുഴലിൻെറ വല്ലഭാഗവും കൈകൊണ്ടു തൊടാമോ?

ശി:—തൊട്ടുകൂടാ.

ഗു:—കാരണം?

ശി:—അതിന്നു സവ്വദിക്കിലും ചൂടുള്ളതിനാൽ.

ഗു:—എന്നാൽ ആയതിന്നു കാരണം ചിമ്മിനിക്കുഴലിന്നു ഒഴിവുള്ളതിനാലും അതിൽ വായുഗതാഗതം ചെയ്യുന്നതുകൊണ്ടും ആ വായുവിനോടു അഗ്നിചേൻു ആ ചിമ്മിനിക്കുഴലിൻെറ ഒഴിവുവരേയും വ്യാപിക്കുന്നതിനാലും ആ ചിമ്മിനിക്കുഴലിന്നു ചൂടുണ്ടായി. അതുകൊണ്ടാണു ആ ചിമ്മിനിക്കുഴലിനെ തൊടുവാൻ സാധിക്കാതെ വന്നതു്. ഇതുപോലെതന്നെ ഈ ജഡത്തിന്നു ഒഴിവുണ്ടു്. ആ ഒഴിവിൽകൂടി ജീവശക്തി സഞ്ചരിക്കുന്നു. ഇതിൻെറ ഒരു ഭാഗത്തു അഗ്നിയുമുണ്ടു്. ആ അഗ്നി ജീവശക്തിയായിരിക്കുന്ന വായുവോടു യോജിച്ചു ഈ ജഡത്തിൽ ഒഴിവുള്ള എല്ലാ ഭാഗങ്ങളിലും വ്യാപിക്കുന്നു. അപ്പോഠം ഈ ജഡത്തെ തൊട്ടാൽ ചൂടുണ്ടാകുന്നു. അഗ്നികെട്ടുപോയാൽ ചൂടുണ്ടാകയില്ല. അതേതുപ്രകാരമെന്നുവെച്ചാൽ, മുൻപറഞ്ഞ മേശവിളക്കിൽനിന്നു കത്തിക്കൊണ്ടിരിക്കുമ്പോഠം അതിന്നു വെച്ചിരുന്ന ചിമ്മിനിക്കുഴലിന്നു ചൂടുണ്ടായിരുന്നു. ആ കത്തൽ കെട്ടതിന്നു ശേഷം ആ ചിമ്മിനിക്കുഴൽ പിടിച്ചു നോക്കിയാൽ ചൂടില്ല; തണുത്തിരിക്കും. ഇപ്രകാരംതന്നെ ഈ ജഡത്തിൽ ജീവശക്തിയായിരിക്കുന്ന വായുവൊന്നിച്ചു അഗ്നിചേൻു ഗതാഗതം ചെയ്യുന്നേടത്തോളം ചൂടുണ്ടായിരുന്നു. എപ്പോഠം ജീവശക്തിയായ വായുവിൻെറ ഗതാഗതവും അഗ്നിയും ഇതിൽനിന്നു നശിച്ചുപോകുന്നുവോ അപ്പോഴാണു ചത്തുപോകുന്നതു്. ചത്തുപോയതിന്നു ശേഷം ഈ ജഡത്തെ തൊട്ടു നോക്കിയാലോ ഉരച്ചുനോക്കിയാലോ ചൂടിരിക്കുന്നില്ല. എന്നാൽ

Since 1923

നിങ്ങൾ പറഞ്ഞ പ്രകാരമുള്ള പഞ്ചഭൂതങ്ങളെ കൊണ്ടായിരുന്നു സൃഷ്ടിയെന്നു വരികിൽ ചത്തുപോകുവാൻ ഇടയില്ല. എന്തുകൊണ്ടെന്നാൽ ആകാശം, വായു, അഗ്നി, ജലം, ഭൂമി ഇതുകൾ തനിതനിയായി നശിക്കുവാൻ ഇടയില്ല. എപ്പോൾ നശിക്കുന്നുവോ അപ്പോൾ എല്ലാം ഒന്നായിനശിക്കണം. അതിന്നു ദൃഷ്ടാന്തം, പഞ്ചലോഹങ്ങളായ സ്വർണ്ണം, വെള്ളി, ചെമ്പു, ഇരുമ്പ്, ഈയം ഇത്യാദികൾ കൂട്ടിച്ചേർത്തു ഒന്നായി ഒരു രൂപം ഉണ്ടാക്കുക. അതു നശിക്കുമ്പോൾ ഓരോന്നും വെവ്വേറെയായി നശിക്കുന്നില്ല. എല്ലാം ഒന്നായി നശിക്കുന്നു. ഇപ്രകാരം തന്നെ പഞ്ചഭൂതങ്ങളെ കൊണ്ടു ഈ ജഡം സൃഷ്ടിച്ചതായിരുന്നുവെങ്കിൽ, പഞ്ചലോഹങ്ങളെ കൊണ്ടുണ്ടാക്കപ്പെട്ട രൂപം വെവ്വേറെയായി നശിക്കാതെ ഒന്നായി നശിച്ചപ്രകാരം ഈ ജഡവും നശിക്കേണ്ടതായിരുന്നു. അതുകൊണ്ടു ഈ ജഡത്തെ ഒരിക്കലും പഞ്ചഭൂതങ്ങളെക്കൊണ്ടു സൃഷ്ടിച്ചതെന്നു പറയുവാൻ ന്യായമില്ല. എന്നാൽ പഞ്ചഭൂതങ്ങൾ ഇന്നിന്നതാണെന്നും അതുകൊണ്ടുണ്ടാവുന്ന സൃഷ്ടി ഇന്നപ്രകാരമാണെന്നും വെളിപ്പെടുത്തി പറയാം; കേൾക്കുവിൻ. പഞ്ചഭൂതങ്ങൾ എന്നതു ആകാശം, വായു, അഗ്നി, അപ്പ്, പൃഥ്വി ഇതുകളാണ്. ഇതുകളിൽ ആകാശമെന്നു പറയുന്നതു സദാശിവനായിരിക്കുന്ന ജ്യോതി, അതു ഭ്രൂമദ്ധ്യത്തിനു മേൽഭാഗം ഇരിക്കുന്നത്. അതിൽനിന്നു അധോഭാഗമായി ഭ്രൂമദ്ധ്യംവരെ ശിവനായി ജീവശക്തിയായിരിക്കുന്ന വായുവും, ശിവനായിരിക്കുന്ന വായുവിൽ നിന്നു ഭ്രൂമദ്ധ്യത്തിൻെറ അധോഭാഗം മൂക്കുവരെ രുദ്രനായിരിക്കുന്ന വായു പ്രകാശിച്ചും കൊണ്ടിരിക്കുന്ന തേജസ്സായ അഗ്നിയും, ആ തേജസ്സായ അഗ്നിയിൽ നിന്നു നാസികയുടെ ചെററംവരെ അധോഭാഗമായി ജലാംശമായി വിഷ്ണുവായിരിക്കുന്ന മനസ്സും, വിഷ്ണുവായ മനസ്സിൽ നിന്നു അധോഭാഗമായി പൃഥ്വിയായിരിക്കുന്ന ബ്രഹ്മാവു അന്ധകാരമായും ഉറപ്പായും ഇരിക്കുന്ന അഹങ്കാരവും ആണ്. ആസ്ഥ ഏതുപ്രകാരത്തിലാണെന്നു വെച്ചാൽ ആകാശരൂപിയായി സദാശിവനായിരി

കുന്ന ജ്യോതിസ്സിൽനിന്നു സർവ്വവ്യാപിയായി, ജീവനായി, ശിവനായിരിക്കുന്ന വായുവും, അതിങ്കൽനിന്നു ദ്രവിച്ചു അതായതു ദ്രാവകരൂപമായി നശിച്ചുംകൊണ്ടു, രുദ്രനായി, അഗ്നിസ്വരൂപമായിരിക്കുന്ന തേജസ്സും, ആ തേജസ്സിൽ നിന്നു വിയർപ്പായി, ജലമായി, വ്യാപകശീലമായി, വിഷ്ണുവായിരിക്കുന്ന മനസ്സും, അതിൽനിന്നു ഉറപ്പായി അന്ധകാരമായി, പൃഥ്വിയായി, ബ്രഹ്മാവായിരിക്കുന്ന അഹങ്കാരവും ആണ്. ഇതാണു പഞ്ചഭൂതങ്ങൾ. ഇതുകളെകൊണ്ടു തന്നെയാണു സൃഷ്ടി. ഇതാണു പഞ്ചഭൂതങ്ങളെ കൊണ്ടാണു സൃഷ്ടിക്കുന്നതു എന്നു പറയുവാനുള്ള കാരണം. ഇപ്രകാരമല്ലാതെ മണ്ണു, വെള്ളം, തീ, വായു, ആകാശം ഇതുകൾ കൂട്ടിച്ചേർത്തു ഒരു സൃഷ്ടി ഉണ്ടാകുന്നതല്ല. അതെന്തുകൊണ്ടെന്നാൽ താനായി സദാശിവനായിരിക്കുന്ന ജ്യോതിസ്സു ചലിച്ചു വ്യാപിച്ചു ജീവശക്തിയായിരിക്കുന്ന വായുവായി, തേജസ്സായ അഗ്നിയായി, ജലമായ മനസ്സായി, പൃഥ്വിയായ അഹങ്കാരമായിത്തീർന്നതാണ്. അപ്പോഴാണു ലോകം ഉണ്ടായതു്. ഇപ്രകാരത്തിലാണു ലോകത്തിന്റെ സ്ഥിതി. ആയതിന്നു ദൃഷ്ടാന്തം, ഉറങ്ങുന്നു എന്നു പറയുന്ന സമയത്തിൽ തങ്കൽനിന്നു ജീവശക്തിയായിരിക്കുന്ന വായു പ്രകാശിച്ചു പുറത്തേക്കു വ്യാപിക്കാത്തതു കൊണ്ടു ലോകത്തെ കാണുകയോ അറിയുകയോ ഇല്ല എപ്പോൾ ഉറക്കഞെട്ടി ആ ജീവശക്തിയായ വായു പ്രകാശമായി പുറത്തേക്കു വ്യാപിക്കുന്നുവോ അപ്പോൾ മനസ്സും അഹങ്കാരവും ഉണ്ടായി. ആ സമയത്തു ലോകവും ഉണ്ടായി. കൂടാതെ, ശവത്തിന്നു ലോകമില്ല. കാരണം, തങ്കൽനിന്നു ഗതാഗതം ചെയ്യുന്ന ജീവശക്തിയായ വായുവിന്റെ ഗതാഗതം ഇല്ലാത്തതിനാലാണ്. ആയതിനാൽ തന്റെ ശക്തി എപ്പോൾ പുറത്തേക്കു വ്യാപിക്കുന്നുവോ അപ്പോൾ ലോകം ഉണ്ടാവുകയും, എപ്പോൾ തന്റെ ശക്തി തന്നിൽ ലയിക്കുന്നുവോ അപ്പോൾ തന്നിൽ നിന്നുത്ഭവിച്ച ലോകം തന്നിൽ ചേർന്നു താനായി തന്മയമായിത്തീരുകയും ആകും. ഇപ്രകാരമാണു സൃഷ്ടിയുടേയും

ലോകത്തിൻേറയും സ്ഥിതി. ഈ പ്രകാരത്തിലുള്ള ശക്തികാംക്കാണ പഞ്ചബ്രഹ്മമെന്നും, പഞ്ചഭൂതമെന്നും, പഞ്ചേന്ദ്രിയങ്ങാം എന്നും പറയുന്നതു്. അതിനാൽ പഞ്ചഭൂതങ്ങളിൽ ആകാശം എന്നതു സദാശിവനായിരിക്കുന്ന ജ്യോതിയും, വായു എന്നതു ശിവനായിരിക്കുന്ന ജീവനും, അഗ്നി എന്നതു രുദ്രനായിരിക്കുന്ന തേജസ്സും, അപ്പ് എന്നതു വിഷ്ണുവാകുന്ന മനസ്സും, പൃഥ്വി എന്നതു ബ്രഹ്മാവാകുന്ന അഹങ്കാരവും ആണ്. എന്നാൽ പഞ്ചഭൂതങ്ങളെല്ലാം ഉത്ഭവിച്ചതു അക്ഷരത്തിൽ നിന്നാണ്. ആ അക്ഷരം താനായിരിക്കുന്ന ബ്രഹ്മം. ഇതിനെപ്പററി മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അപ്രകാരമുള്ള താൻ തന്നെ ഒഴിവായിരിക്കുന്ന ആകാശമായിത്തീൎന്നു. അപ്പോഠം അതോടുകൂടി അഞ്ചു ഗുണങ്ങാം ഉണ്ടായി ആ ഗുണങ്ങളാണ മുൻപറഞ്ഞ അവസ്ഥകാം ഈ അഞ്ചു ഗുണങ്ങളായിരിക്കുന്ന പഞ്ചഭൂതങ്ങാം ഉണ്ടെങ്കിൽ മാത്രമേ സൃഷ്ടിക്കുവാൻ സാധിക്കുന്നുള്ളു. സൃഷ്ടി ഉണ്ടാവുന്നതു സംയോഗം കൊണ്ടാണ്. ഈ അഞ്ചിൽ ഒന്നുപോലും ഇല്ലെങ്കിൽ സംയോഗം ഉണ്ടാവുന്നതല്ല. അതിനു ദൃഷ്ടാന്തം; ഉറങ്ങുമ്പോഠം അഹങ്കാരവും മനസ്സും പ്രകാശവും ഉണ്ടായിരുന്നില്ല. ആ സമയത്തും ജീവനും ആകാശവും തന്നിൽ തന്നെ ഉണ്ടായിരുന്നു. എപ്പോഠം ഉറക്കുതെളിയുന്നുവോ അപ്പോഠം പ്രകാശമായിരിക്കുന്ന രുദ്രനും, മനസ്സാകുന്ന വിഷ്ണുവും, അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവും ഉണ്ടായി. അപ്പോഠം അഞ്ചുഭൂതങ്ങളും പൂൎത്തിയായി. ആ അവസരത്തിൽ പഞ്ചഭൂതങ്ങളും യോജിച്ച ഏകഗതിയായി, വ്യാപകമില്ലാതെ ഒന്നായിചേൎന്ന സംയോഗം നിമിത്തം സൃഷ്ടി ഉണ്ടായി. ഇതുകൊണ്ടാണ പഞ്ചഭൂതങ്ങളെ കൊണ്ടു സൃഷ്ടിയുണ്ടാകുന്നു എന്നു പറയുവാൻ കാരണം. ഈ വക യാതൊരു തത്വവും ലോകത്തിൽ ഗ്രഹിക്കാതെ, അനുഭവസ്ഥന്മാർ എഴുതി വെക്കപ്പെട്ടിരിക്കുന്നേ ശാസ്ത്രാദികളുടെ അൎത്ഥത്തെ തെററിദ്ധരിച്ച യാതൊരു യഥാൎത്ഥ വിവരവും ഇല്ലാതെ ലോകത്തിൽ ജനങ്ങാം തമ്മിൽ തമ്മിൽ തൎക്കിച്ച വാദപ്രതി

വാദങ്ങൾ ചെയ്തു ലഹളപിടിച്ചു കൊണ്ടിരിക്കുന്നു. അതേതു പ്രകാരത്തിലെന്നു വെച്ചാൽ, ഒരാൾ ഒരു നേന്ത്രവാഴക്കന്നു കൊണ്ടുവന്നു കുഴിച്ചിട്ടു. അതിന്നു വളം ചേൎത്തു നനച്ചു അതു ഉയൎന്നുവന്നു കുലച്ചു. അതിലുണ്ടായ കായകൾ മൂത്തു. അതിൽ ഒരു കായയെടുത്തു ഉപ്പേരിയും, ഒരു കായയെടുത്തു കാളനും, ഒരു കായയെടുത്തു സാമ്പാറും, ഒരു കായയെടുത്തു എരിശ്ശേരിയും, ഒരു കായയെടുത്തു കൂട്ടുകറിയും, കുറെകായകളെടുത്തു പഴുപ്പിച്ചു മൂന്നു നാലു പഴങ്ങളെടുത്തു തോൽ പോക്കി നുറുക്കി പാത്രത്തിലിട്ടു വേവിച്ചു മന്തിട്ടു ഉടച്ചുകലക്കി ശൎക്കരയും ചേൎത്തു വരട്ടി തേങ്ങാപ്പാലും ചേൎത്തു പ്രഥമൻ ഉണ്ടാക്കി ഇവകളേയും ഒരു പഴത്തെ തനിയായും ഒരാൾ ഭക്ഷിച്ചു അനുഭവിച്ചിരുന്നു. എന്നാൽ ഇതൊക്കെയും ആരുടെ അനുഭവമാണ്.?

ശി:—ആ നേന്ത്രവാഴക്കന്നു വെച്ചു മേൽ പ്രകാരം ചെയ്തു ഭക്ഷിച്ചവരുടെ അനുഭവമാണ്.

ഗു:—എന്നാൽ നാം നേന്ത്രവാഴയേയോ അതിൽ നിന്നുണ്ടാക്കിയിരുന്ന കായയേയോ, പഴത്തേയോ, അതുകൊണ്ടുണ്ടാക്കിയിരുന്നപദാൎത്ഥങ്ങളേയോ കേൾക്കുകയും, കാണുകയും, അറിയുകയും ഉണ്ടായിട്ടില്ല എന്നു വിചാരിക്കുവിൻ. എന്നാൽ മേൽപറഞ്ഞ സാധനങ്ങളൊക്കെയും കണ്ടതും അറിഞ്ഞതും ആരാണ്?

ശി:—അതുകൾ ഉണ്ടാക്കിയവർ

ഗു:—ആ അനുഭവം ആരുടേതാണ്?

ശി:—അതുകൾ ഉണ്ടാക്കി അനുഭവിച്ചവരുടേതു്.

ഗു:—അതുകൾ ഉണ്ടാക്കാത്തവൎക്കോ, മേൽപറഞ്ഞ പദാൎത്ഥങ്ങൾ കേൾക്കാതെയോ, കാണാതെയോ, അനുഭവിക്കാതെയോ, ഇരിക്കുന്നവൎക്കോ അതുകളെപ്പററി വല്ല അനുഭവവും ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—അപ്പോൾ അവകളുടെ രുചി അറിഞ്ഞതു ആർ?

ശി:—അതുകൾ ഭക്ഷിച്ചവർ.

ഗു:—എന്നാൽ മേൽപറഞ്ഞ പ്രകാരം നേന്ത്രവാഴക്കന്നു വെച്ചു അതിൽനിന്നു ഉണ്ടായിരിക്കുന്ന ഫലത്തെ എടുത്തു പലവിധ പദാൎത്ഥങ്ങളുണ്ടാക്കി അനുഭവിച്ചിട്ടുള്ളവർ തന്റെ അനുഭവവിവരങ്ങൾ ഓലയിലോ കടലാസ്സിലോ എഴുതി വെച്ചതു നമ്മുടെ കൈവശത്തിൽ കിട്ടി. നമ്മൾ അതിനെ വായിച്ചു മനസ്സിലാക്കിയതിനാൽ മുൻപറഞ്ഞ വാഴക്കന്നിനേയോ, അതിൽനിന്നുണ്ടായ ഫലത്തേയോ, ആ ഫലം കൊണ്ടുണ്ടാക്കിയിരിക്കുന്ന പദാൎത്ഥങ്ങളെയോ, കാണുകയോ, അനുഭവിക്കുകയോ, അതുകളുടെ രുചിയെ അറിയുകയോ മറേറാ ഉണ്ടായോ?

ശി:—ഉണ്ടായില്ല.

ഗു:—എന്നാൽ ആ അനുഭവസ്ഥന്മാർ എഴുതി വെച്ചിട്ടുള്ളതിനെ വായിച്ചു പഠിച്ചു, അതിൽ പറഞ്ഞ സാധനങ്ങളുടെ രുചിയെ അറിയാതെ ലോകത്തിൽ ഇരിക്കുന്നവർ തമ്മിൽ കലഹിക്കുന്നു. അതു ഏതു പ്രകാരത്തിലെന്നു വെച്ചാൽ, ഒരുവൻ പ്രഥമനു എരു അധികമായി എന്നും, മറെറയാൾ കാളനു മധുരം അധികമായിയെന്നും, വേറൊരാൾ ഓലനു പുളി അധികമായിയെന്നും പറഞ്ഞു തമ്മിൽ കലഹിക്കുന്നു. എന്നാൽ ഇവരിൽ ആരും മേൽ പറഞ്ഞ സാധനങ്ങളെ യഥാൎത്ഥമായി കാണുകയോ തിന്നുകയോ, ചെയ്തിട്ടുള്ളവരല്ല. തിന്നവർ തങ്ങളുടെ അനുഭവങ്ങളെ എഴുതി വെച്ചിരിക്കുന്നു. ആ അനുഭവങ്ങളുടെ രുചി അറിയാതിരിക്കുന്നവർ തമ്മിൽ തമ്മിൽ അടികൂടുന്നു. അതു ഏതുപ്രകാരമെന്നു വെച്ചാൽ, കാളൻ ഓലൻ, പ്രഥമൻ, മുതലായ പദാൎത്ഥങ്ങൾ ഒരു ഇലയിൽ വെച്ചു ഒരുവൻ ഭക്ഷിച്ചു ആ ഇലയിലുള്ള രസത്തെ മുഴുവൻ തുടച്ചെടുത്തു ഭക്ഷിച്ചു. ഒടുവിൽ ആ ഇല പുറത്തുകളഞ്ഞു. ആ ഇല ഒരു നായവന്നു നക്കുന്നു. ആ നായ, ആ ഇലയിൽ ഇന്നിന്ന പദാൎത്ഥങ്ങൾ വിളമ്പീട്ടുണ്ടായിരുന്നു എന്നോ, അതിൽ വിളമ്പിയ ഓരോ പദാൎത്ഥങ്ങളുടേയും രുചി ഇന്നിന്നതാണെന്നോ ആ ഇല നക്കിയാൽ അറിയുമോ?

ശി:—അറിയുന്നില്ല.

ഗു:—ആ സമയം മറെറാരു നായയും വന്നു ആ ഇല നക്കുവാൻ തുടങ്ങിയാൽ എന്തായിരിക്കും?

ശി:—അവതമ്മിൽ കടിപിടികൂടി, കണ്ണു, മൂക്കു, ചുണ്ടു മുതലായതു പൊട്ടി ചോര ഒലിപ്പിച്ചു പോകും.

ഗു;—എന്നാൽ ആ നായ്ക്കൾ കടിപിടി കൂടിയതു മേൽപറഞ്ഞ സാധനങ്ങളുടെ വല്ല രുചിയേയും അറിഞ്ഞിട്ടായിരുന്നുവോ?

ശി:—അറിഞ്ഞിട്ടല്ല.

ഗു:—എന്നാൽ അവയുടെ രുചി അറിഞ്ഞതു ആരായിരുന്നു?

ശി:—അവ അനുഭവിച്ചവർ.

ഗു:—ഇതേപ്രകാരത്തിൽതന്നെ അനുഭവസ്ഥന്മാരാൽ ഉണ്ടാക്കപ്പെട്ടതാണ് ഗ്രന്ഥാദികൾ. ആ വക ഗ്രന്ഥത്തിന്നാണ് ശ്രുതികൾ എന്നു പറയുന്നതു്. ശ്രുതി എന്നതു അറിവാണ്. ആ അറിവു ആരുടേതെന്നു വെച്ചാൽ അനുഭവസ്ഥന്മാരുടേതാണ്. ആ അനുഭവസ്ഥന്മാരുടെ അറിവിനെയാണ് ഗ്രന്ഥാദികളിൽ എഴുതിവെച്ചിരിക്കുന്നതു്. ആ ഗ്രന്ഥാദികളെ വായിച്ചു പഠിച്ചാണ് ലോകത്തിൽ അവനവൻ അനുഭവസ്ഥന്മാരെന്നു നടിച്ചു, ആ അനുഭവസ്ഥന്മാർ എഴുതിവെച്ച അറിവു ഇന്നതാണെന്നറിയാതെ അൎത്ഥം തെററിദ്ധരിച്ചു മുൻ വിവരിച്ച നായകളെപ്പോലെ ജനങ്ങൾ തമ്മിൽ കലഹിക്കുന്നതു്. അതിന്നു കാരണം, ലോകത്തിൽ തനിക്കു അനുഭവം ഉണ്ടാകേണമെന്നോ, ആ അനുഭവത്തെ അറിയേണമെന്നോ ആഗ്രഹമില്ലാതെ എനിക്കു ശ്രേയസ്സുണ്ടായിരിക്കണം, സ്ഥാനംവേണം, മാനംവേണം, യശസ്സുവേണം, കീൎത്തിയുണ്ടാവണം, വിദ്വാനെന്നു നാട്ടുകാരാൽ പുകഴ്ത്തപ്പെടണം, എന്നിങ്ങനെയുള്ള വെറും ദുരഭിമാനത്തിൽ മുഴുകിക്കിടന്നു യാതൊരു വിവരവുമില്ലാതെയും അക്ഷരാഭ്യാസം ചെയ്യാതെയും മഹാഗൎവ്വിഷ്ഠരായി അധഃപതനമായിപ്പോകുന്നു. അതുകൊണ്ടാണ് ലോകത്തിൽ തത്വജ്ഞാനമോ അറിവോ ഇല്ലാതെയായിപ്പോയതു്.

മറച്ചുകെട്ടിയ ചെററപ്പുരകളും, അതിന്നും സാധിക്കാത്തവർ ഈന്തും പട്ടയെകൊണ്ടും, തേക്കിന്റെ ഇല മുതലായ മററു പലേ ഇലകളെകൊണ്ടും പർണ്ണശാല മുതലായിട്ടുള്ള ചാളകളും കെട്ടിയുണ്ടാക്കി അതുകളുടെ ഉള്ളിൽ താമസിക്കുന്നു. ഇപ്രകാരം താമസിക്കുന്നവരൊക്കെയും ആരെന്നാണു പറയേണ്ടതു്?

ശി:—മനുഷ്യരാണെന്നാണു്.

ഗു:—ഇപ്രകാരം തന്നെ എട്ടുകെട്ടു, നാലുകെട്ടു, മുതലായ മാളിക വീടുകൾ തുടങ്ങി ഇലകളെക്കൊണ്ടും മററും മറച്ചുകെട്ടിയ ചാളകൾ വരെയുള്ളതു നാം പലേ ജീവികളെന്നഭിമാനിച്ചു വരുന്ന നാം മുതൽ സർവ്വ ജീവികൾക്കും ഇരിക്കാനുള്ള കൂടുകളാണു് ഈ പ്രകൃതി വ്യത്യാസമായി കാണപ്പെടുന്ന ശരീരമെന്നഭിമാനിച്ചു വരുന്ന ജഡങ്ങൾ. ഈ പ്രകാരം പ്രകൃതിവ്യത്യാസമായ കൂടുകളിൽ ഇരിക്കുന്നതു എന്താണു്?

ശി:—ജീവനാണു്.

ഗു:—ജീവൻ എത്രയുണ്ടു്?

ശി:—ജീവൻ ഒന്നുമാത്രം.

ഗു:—അപ്പോൾ ഇതുകളെ രൂപവ്യത്യാസം കൊണ്ടു ഭിന്നിച്ചു ഉൽകൃഷ്ടമെന്നും നികൃഷ്ടമെന്നും പറയുവാൻ പാടുണ്ടോ?

ശി:—പറയുവാൻ പാടില്ല.

ഗു:—എന്നാൽ എട്ടുകെട്ടു മാളികയിൽ ഇരിക്കുന്നവരേക്കാൾ ഇല കൊണ്ടു മറച്ചതിന്നുള്ളിൽ ഇരിക്കുന്നവൎക്കു ബുദ്ധിശക്തി ഉണ്ടായിക്കൂടെ?

ശി:—ഉണ്ടാവാം.

ഗു:—എന്നാൽ അതിന്നു വല്ല കാരണവും പറയുവാനുണ്ടോ?

ശി:—പലേ കാരണങ്ങളും പറയുവാനുണ്ടു്. അതെന്തെന്നാൽ പലേ രാജാക്കന്മാരായും, പ്രഭുക്കന്മാരായും അവർ നീചരെന്നു വിചാരിച്ചു വരുന്നവരായ പുലയർ, പറയർ, ഇവരായും ഞാൻ ഇടപെട്ടിട്ടുണ്ടു്. അവരിൽ രാജാക്കന്മാരേക്കാളും പ്രഭുക്കന്മാരേക്കാളും യോഗ്യതയും, കാൎയ്യപ്രാപ്തിയും, തന്റേടവും,

അറിവും ഉള്ള പുലയർ, പറയർ ഇവരേയും കണ്ടിട്ടുണ്ട്. അതു മാത്രമല്ല, തിരുവള്ളുവർ, പാക്കനാർ, നന്ദനാർ മുതലായ മഹായോഗ്യന്മാരായ ജ്ഞാനികൾ ഉണ്ടായിരുന്നു എന്നും അവരെ ഇപ്പോഴും പുകഴ്ത്തുകയും അവരുടെ നിശ്ചയങ്ങളേയും, ശാസ്ത്രപ്രമാണങ്ങളേയും ശരിയാണെന്നുഅനുസരിച്ചു നടന്നു വരുന്നതായും അറിയുകയും കാണുകയും ചെയ്യുന്നുണ്ട്. അവരുടെ യോഗ്യത മുൻ പറഞ്ഞ രാജാവു എന്നും പ്രഭുഎന്നും അഭിമാനിച്ചു വരുന്നവർക്കുള്ളതിനേക്കാളും വലുതാണെന്നാണ എന്റെ വിശ്വാസം.

ഗു:—അപ്പോൾ ഇന്ന ആൾക്കേ ബുദ്ധിശക്തിയുണ്ടായിക്കൂടയെന്നുണ്ടോ?

ശി:—എന്നില്ല.

ഗു:—എന്നാൽ നിങ്ങൾ പറഞ്ഞതായ പുലയർ, പറയർ മുതലായവരും മഹാജ്ഞാനികളായ തിരുവള്ളുവർ, പാക്കനാർ നന്ദനാർ മുതലായവരും എവിടെയാണ താമസിച്ചിരുന്നത്?

ശി:—ഞാൻ പരിചയപ്പെട്ടതായ പുലയർ, പറയർ മുതലായവർ ഓലകൊണ്ടും മററും മറച്ചുകെട്ടിയതായ "ചാള" എന്നു പറഞ്ഞു വരുന്നതുകളിലും താമസിച്ചു വരുന്നതു കാണുകയും തിരുവള്ളുവർ, പാക്കനാർ, നന്ദനാർ മുതലായവർ കാട്ടുകളിൽ ഇല മുതലായതുകളെക്കൊണ്ടു മറച്ചുകെട്ടിയ ചാളകളിലും ആയിരുന്നു താമസിച്ചിരുന്നതെന്നു കേട്ടറിഞ്ഞുമിരിക്കുന്നു

ഗു:—എന്നാൽ ഇപ്പോൾ, ഇന്ന ഗൃഹത്തിൽ താമസിക്കുന്നവർക്കേ വിശേഷബുദ്ധിയും അറിവുംഉണ്ടാവൂ എന്നുണ്ടോ?

ശി:—എന്നില്ല.

ഗു:— ഇതേ പ്രകാരത്തിൽ തന്നെ മനുഷ്യരെന്നഭിമാനിച്ചു വരുന്നവർക്കു ഇരിപ്പാനുള്ള ഗൃഹമാകുന്ന ഈ ജഡം എട്ടുകെട്ടും, മൃഗങ്ങൾ എന്നു നാം പറഞ്ഞുവരുന്ന നാല്ക്കാലികൾക്കു ഇരിപ്പാനുള്ള വീടാകുന്ന ജഡം നാലുകെട്ടും, ഇപ്രകാരംതന്നെ ഉറമ്പു മുതലായതുകൾ ഇരിക്കുന്ന വീടാകിയ ജഡങ്ങളാകും ചാളാ മുതലായതുകൾ. എന്നാൽ ഉറമ്പു എന്നു പറഞ്ഞുവരുന്ന

ചാളയായ വീടായിരിക്കുന്ന ജഡത്തിലുള്ള ജീവനും മനുഷ്യനെന്നു പറഞ്ഞുവരുന്ന എട്ടുകെട്ട മാളികയായിരിക്കുന്ന വീടായ ജഡത്തിലുള്ള ജീവനും വല്ല വ്യത്യാസവുമുണ്ടോ?

ശി:—യാതൊരു വ്യത്യാസവുമില്ല.

ഗു:—എന്നാലെന്തിന്നാണു വ്യത്യാസമുള്ളതു്?

ശി:—ഗ്രഹമായിരിക്കുന്ന ജഡത്തിന്നു.

ഗു:—ഗ്രഹം വ്യത്യാസപ്പെട്ടതുകൊണ്ടു ബുദ്ധിശക്തിയും അറിവും ഇല്ലാതെയായിപ്പോകുമോ?

ശി:— ഇല്ല.

ഗു:—എന്നാൽ ചാള, പർണ്ണശാല മുതലായതുകളിൽ വാസംചെയ്യുന്നവൎക്കു തുല്യമായിട്ടുള്ള, ഉറമ്പു, ഈച്ച മുതലായതുകളുടെ ജഡത്തിൽ വാസംചെയ്യുന്ന ജീവനുള്ള ശക്തിയും ബുദ്ധിയും മനുഷ്യനെന്നഭിമാനിച്ചുവരുന്ന ഗ്രഹങ്ങളിലിരിക്കുന്ന ജീവികൾക്കില്ലെന്നു തെളിയിക്കാം. അതെങ്ങിനെയെന്നു വെച്ചാൽ ഉറമ്പു തന്നേക്കാൾ വലുപ്പമുള്ളതിനേയും ഘനമുള്ളതിനേയും തനിയെ എടുത്തുകൊണ്ടു പോകുന്നതു കണ്ടിട്ടില്ലയോ? അതുപോലെ മനുഷ്യരെന്നഭിമാനിച്ചുവരുന്ന ജീവികൾക്കു തന്നേക്കാൾ ഘനവും വലുപ്പവുമുള്ളതിനെ തനിയെ എടുത്തു പൊക്കുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—എന്നുതന്നെയല്ല, ഉറമ്പു വളരെ ബുദ്ധിശക്തിയുള്ളതാണ്. അതു തനിക്കു വേണ്ടുന്ന പ്രവൃത്തിക്കു തടസ്ഥമുള്ളതിനെ തടസ്ഥം തീൎക്കുന്നതും, മുൻകൂട്ടി തൻെറ ഉപജീവനത്തിന്നുള്ളതു അതിജാഗ്രതയിലും മടികൂടാതേയും ശേഖരിക്കുന്നതും നാം കണ്ടിട്ടുണ്ടല്ലോ.

ശി:—കണ്ടിട്ടുണ്ടു്.

ഗു:—എന്നുമാത്രമല്ല, അതിൻെറ വേഗതയുടെ അവസ്ഥയെങ്ങിനെയെന്നാൽ ഉറമ്പുസംഘം ഒരു എടവഴിയിൽകൂടി ഗതാഗതം ചെയ്യുമ്പോൾ മനുഷ്യരെന്നഭിമാനിച്ചുവരുന്ന ഒരാൾ അതിവേഗത്തിൽ ആ എടവഴിയിൽകൂടി പോകുന്നു. അപ്പോൾ

ആ എറമ്പുസംഘം അയാളെ എന്തുചെയ്യുന്നു?

ശി:—അയാളുടെ പാദംമുതൽ മസ്തകംവരെ കയറുന്നു.

ഗു:—അപ്പോൾ ആർക്കാണ് ജാസ്തിവേഗത?

ശി:—ഉറുമ്പിന്നാണ്.

ഗു:—അതുമാത്രമല്ല പലേ ജീവികളും പലേതരത്തിലുള്ള യുക്തിയോടുകൂടിയും അതിനിപുണതയിലും ഓരോ പ്രവൃത്തിയും ചെയ്തുവരുന്നു. അതേപ്രകാരത്തിൽതന്നെ നാമും ഒരു ജീവി. പലേ യുക്തികളും പ്രവൃത്തികളും നാമും ചെയ്യുന്നു. എന്നാൽ നമ്മാലൊരുകാലത്തും ചെയ്യുവാൻ സാധിക്കാത്തവിധം കസ്സേലകൾ കുരിയാററ, കടന്നൽ, തേനീച്ച, എട്ടുകാലി മുതലായ പലേ ജീവികളും ചെയ്തുവരുന്നു. എന്നാൽ മേൽപറഞ്ഞ ജീവികളിൽ പ്രത്യേകിച്ച തേനീച്ചകൾ മരക്കൊമ്പിന്റെ കവരടിഭാഗത്തു ഏററവും വലുതായ കൂടുണ്ടാക്കി അതിൽ അഞ്ചും പത്തും അതിലധികവും ഇടങ്ങഴി തേൻ കൊണ്ടുവന്നു സൂക്ഷിച്ചു വാസംചെയ്യുന്നു. എന്നാൽ മനുഷ്യരെന്നഭിമാനിച്ചുവരുന്നവരല്ലാതെ മറെറല്ലാ ജീവികളും കൂടുകൾ കെട്ടുന്നതു അവരുടെ സ്വശക്തിയാൽ ഏതെങ്കിലും സാമാനങ്ങളെക്കൊണ്ടുണ്ടാക്കുന്നതല്ലാതെ വേറൊന്നിന്റെ സഹായത്തോടുകൂടി അപ്രകാരം ചെയ്യുന്നില്ല. അപ്രകാരം കെട്ടുന്നതിൽ മററു യാതൊരു ജീവികൾക്കും യാതൊരു പ്രകാരത്തിലും അവരാൽ ഏതൊരു വിധ ഉപദ്രവമോ കഷ്ടനഷ്ടങ്ങളോ അവർ ഉണ്ടാക്കുന്നില്ല. നാം ഒരു വീടുകെട്ടണമെങ്കിൽ എത്രയോ ജീവികളെ നശിപ്പിക്കണം. എത്രയോ മരങ്ങൾ നശിപ്പിക്കണം. എത്രയോ ഈൎച്ചക്കാർ മുതലായ വേലക്കാർ വേണം. എന്നാലും അവനവന്റെ സ്വശക്തിയാൽ ഒരു വീടുണ്ടാക്കുവാനോ, എന്തെങ്കിലും ചെയ്വാനോ, മറെറാന്നിന്റെ സഹായംകൂടാതെ സാധിക്കുന്നില്ല. അധികം എന്തിന്നു പറയുന്നു, നാം പല്ലുതേക്കുവാൻവേണ്ടി പേരാലിന്റെ വേടോ, കരുവേലച്ചുള്ളിയോ, വേപ്പിൻചുള്ളിയോ മുതലായ്തുകളെ മുറിച്ചെടുക്കുവാൻവേണ്ടി എന്തെങ്കിലും ഒരു ആയുധത്തിന്റെ സഹായംകൂടാതെ സാധി

കുന്നതല്ല. എന്നാൽ മേൽപറഞ്ഞ ജീവികൾക്കു അന്യത്വമായ സഹായം കൂടാതെ തങ്ങളുടെ സ്വശക്തിയെക്കൊണ്ടു അതിന്നാവശ്യമുള്ള വസ്തുക്കളെ ശേഖരിച്ചു അവക്കു വാസം ചെയ്യാനുള്ള വീടുണ്ടാക്കുവാൻ സാധിക്കുന്നു. അപ്രകാരമുണ്ടാക്കിയ തങ്ങൾക്കിരിക്കേണ്ടുന്ന കൂടായ ഭവനം എവ്വിധമായ കൊടുങ്കാററിനാലോ, അതിഘോരമായ മഴയാലോ വീണുനശിക്കുകയോ മററു യാതൊരുപദ്രവങ്ങളും നേരിടുകയോ ഉണ്ടാകുന്നില്ല. മനുഷ്യരെന്നഭിമാനിച്ചു വരുന്ന നാം നമുക്കു വാസം ചെയ്യാൻ വേണ്ടി കോടി ഉറപ്പിക്കയോളം ചിലവുചെയ്തു കരിങ്കല്ലിനാൽ വളരെ ഉറപ്പായും ബലമായും അസ്ഥിഭാരം കെട്ടി അതിന്മേൽ ഒരു വീടുകെട്ടിയാൽ ആ വീടു അതിഘോരമായ മഴയും കൊടുങ്കാററും വന്നാൽ ഉടഞ്ഞുവീണു നശിച്ചുപോകുന്നു. എന്നാൽ മേൽപറഞ്ഞ തേനീച്ചക്കൂടു അപ്രകാരം വീണു നശിക്കുന്നില്ല. കാരണം അവ കൂടുണ്ടാക്കുന്ന സ്ഥലത്തെ ആലോചിച്ചു ഈ സ്ഥലത്തു കൂടുണ്ടാക്കിയാൽ ഏതു പ്രകാരത്തിലുള്ള കാററോ, മഴയോ വന്നാലും ഇവിടെ ഉപദ്രവം നേരിടുകയില്ലെന്നുള്ള ബോദ്ധ്യമുള്ളതിനാൽ ഉണ്ടാക്കുന്നതാണ്. നമുക്കു അപ്രകാരത്തിലുള്ള ബോധമില്ലാത്തതിനാലാണു നാം കെട്ടുന്നതു നശിച്ചുപോകുവാൻ കാരണം. അതിനാൽ മേല്പറഞ്ഞ ജീവികളുടെ ജ്ഞാനം എത്രയോ ശ്രേഷ്ഠമായും അത്ഭുതകരമായും ഉള്ളതാണെന്നും നാം അറിയേണ്ടിയിരിക്കുന്നു. കൂടാതെ ഒരു പക്ഷിക്കു ഗർഭം ഉണ്ടായാൽ ആ പെൺ പക്ഷിയും അതിന്റെ ഭർത്താവായ ആൺപക്ഷിയും കൂടി പലേ പുല്ലുകളും മററും കൊത്തിക്കൊണ്ടു വന്നു വിചിത്രമായ കൂടുണ്ടാക്കുകയും, അതിന്നു ശേഷം പെൺപക്ഷി ആ കൂട്ടിൽ മുട്ടയിടുകയും, അതിന്നു മേൽ ആണും പെണ്ണും മാറിമാറി അടയിരിക്കുകയും ചെയ്യുന്നു. ഇങ്ങിനെയിരുന്നു ആ മുട്ട മൂപ്പെത്തി അതിന്നകത്തു കുട്ടിയായിയെന്നറിയുമ്പോൾ ആ മുട്ടയെ കൊത്തിവിരിച്ചു അതിലിരുന്നതായ കുട്ടികളെ വളരെ വാത്സല്യത്തോടുകൂടി വളത്തുന്നു. ആ കുട്ടികൾക്കു ആ അവസരത്തിൽ സ്വയശക്തി

യില്ലാത്തതിനാൽ അതുകളുടെ സ്വയരക്ഷക്ക അതുകൾക്ക അസാദ്ധ്യമാണെന്നു കരുതി അമ്മയച്ഛന്മാരായ രണ്ടു പക്ഷികളും അതുകൾക്കവേണ്ടി വളരെകഷ്ടപ്പെട്ടു ബുദ്ധിമുട്ടി തീൻ മുതലായതുകളെ കൊത്തിപെറുക്കി വായയിൽ കൊടുത്തു രക്ഷിച്ചുവരുന്നു. ചിറകു മുതലായതു ഉണ്ടായപ്പോൾ ആ കുട്ടികളെ കൊത്തിപ്പുറപ്പിച്ചും, ആഹാരാദികൾ എടുക്കുവാനും പഠിപ്പിക്കുന്നു. അതുകൾക്ക തന്നത്താൻ പറന്നുപോയി ഉപജീവനാദികൾ കഴിക്കുവാനായിട്ടു സ്വയശക്തിയുണ്ടായപ്പോൾ അമ്മയച്ഛന്മാൎക്ക അതുകളുടെ നേരെ അതേവരെയുണ്ടായിരുന്ന ബന്ധത്തേയും അതുകളെ കുറിച്ചുള്ള യത്നങ്ങളേയും വിട്ടു അതുകളെ സമഭാവനയിൽ കരുതി സംഘത്തിലേക്ക ചേൎത്തുന്നു. അതിനുശേഷം അമ്മയെന്നോ അച്ഛനെന്നോ, മകനെന്നോ, മകളെന്നോ, യാതൊരു ബന്ധവും അവൎക്ക തമ്മിലില്ല. അമ്മയാണെങ്കിൽ എല്ലാം അമ്മ, അച്ഛനാണെങ്കിൽ എല്ലാം അച്ഛൻ, പുത്രനാണെങ്കിൽ എല്ലാം പുത്രൻ, ഇപ്രകാരം സമഭാവനയായി നടക്കുന്നു. അതിനാൽ അവരുടെ വിശേഷബുദ്ധി ഏററവും അത്ഭുതകരമായിട്ടു തോന്നുന്നു. അതെന്തെന്നാൽ, സ്വയശക്തിയില്ലാതെയും, യാതൊരു വകതിരിവില്ലാതെയും, യാതൊരു ബോധവുമില്ലാതെയും കിടക്കുന്ന കാലത്തു ഇപ്രകാരമുള്ള ആ കുട്ടികൾക്ക സ്വയശക്തിയുണ്ടായി താന്താങ്ങൾ പറന്നുപോയി ഉപജീവനങ്ങളെടുത്തു ജീവിച്ചിരിക്കുവാൻ പ്രാപ്തിയാകുന്നതുവരെ ആ കുട്ടികളെ രക്ഷിപ്പാൻ താങ്കളേ ഉത്തരവാദികളെന്നുള്ള ഒരു വിശേഷബുദ്ധി അമ്മയച്ഛന്മാരായ അവൎക്കുണ്ടായതിനാൽ മുൻപറഞ്ഞ പ്രകാരത്തിലുള്ള കഷ്ടതകൾ അനുഭവിച്ചു ആ കുട്ടികളെ രക്ഷിക്കുകയും, അതുകളുടെ ഉപജീവനത്തിനുള്ള പൂൎണ്ണശക്തി ആയിരിക്കുന്നുവെന്നുള്ള പൂൎണ്ണവിശ്വാസം അമ്മയച്ഛന്മാൎക്ക വന്നപ്പോൾ അതുകളെ തങ്ങളുടെ സംഘത്തിൽ ചേൎത്തി നടക്കുന്നു. അപ്രകാരം തന്നെ ആ കുട്ടികളും ഇവൎകൾ ഞങ്ങളുടെ അമ്മയച്ഛന്മാരാണെന്നുള്ള മമതയെ വിട്ടു സംഘത്തിൽ ചേൎന്നു ഏകോപിച്ചു സമഭാവന

യായി നടന്നു വരുന്നു. ഇതൊക്കെയും നമുക്കു അനുഭവ ദൃഷ്ടാന്തങ്ങളല്ലേ?

ശി:—അതെ, അനുഭവദൃഷ്ടാന്തങ്ങളാണ്.

ഗു:—മനുഷ്യരാണെന്നും വിശേഷബുദ്ധിയുള്ളവരാണെന്നും അഭിമാനിച്ചുവരുന്നവരായ നമുക്കു ഒരു സന്താനമുണ്ടായാൽ ആ സന്താനത്തിന്നു മേൽപറഞ്ഞ പക്ഷികൾ കഷ്ടപ്പെട്ടു രക്ഷിക്കുന്ന പ്രകാരത്തിലുള്ള യാതൊരു രക്ഷയും ചെയ്യുന്നില്ല. ആ കുട്ടിയെ വല്ല പായയിലോ മറ്റോ കിടത്തി അമ്മമാർ അവരവരുടെ പ്രവൃത്തിക്കായി പല ദിക്കിലേക്കും പോകുന്നു. അവരുടെ പ്രവൃത്തി കഴിഞ്ഞസമയം എപ്പോഴെങ്കിലും വന്നു കുട്ടിക്കു ആഹാരാദികൾ കൊടുക്കുന്നു. അപ്പോൾ കുട്ടിയുടെ വയറു കാഞ്ഞസമയമായിരിക്കും. കൂടാതെ ഈ ആഹാരമായ മുലപ്പാൽ വളരെ തിളച്ചു നിറഞ്ഞു, പലേ നീരുകളും ചേർന്നു ദുഷിച്ചതായിരിക്കും. അതല്ലെങ്കിൽ പലേ രോഗാദികളും ഉള്ളതായ സ്ത്രീകളുടെ മുലപ്പാലും, അല്ലെങ്കിൽ വല്ല പഴങ്ങളും യാതൊരാലോചനയും ബുദ്ധിവിവേകവും കൂടാതെ അമ്മമാർ കൊടുക്കുന്നു. അതിനാൽ ആ കുട്ടിക്കു പലേ രോഗങ്ങളും സംഭവിച്ചു കഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ പക്ഷികളിൽ ഒന്നു ആഹാരത്തിന്നു വേണ്ടി പുറത്തേക്കു പോകുമ്പോൾ മറ്റൊന്നു കുട്ടികളുടെ അരികത്തിരുന്നു വേണ്ടുന്ന രക്ഷകൾ ചെയ്തു വരുന്നു. ഇപ്രകാരം നാം ചെയ്യുന്നില്ല. എന്നുതന്നെയല്ല, മനുഷ്യരാണെന്നും, വിശേഷബുദ്ധിയുള്ളവരാണെന്നും അഭിമാനിച്ചു വരുന്നവൎക്കുണ്ടാവുന്ന സന്താനത്തിന്നു നൂറുവയസ്സായാലും ആയാളുടെ അച്ഛനും അമ്മയും ഉണ്ടെങ്കിൽ അവർ, "എന്റെ മകൻ, എന്റെ മകൾ, എന്റെ മകന്നു കൊടുക്കണം, എന്റെ മകൾക്കു കൊടുക്കണം, അവൻ അന്യൻ, അവന്നു കൊടുക്കരുതു, അവൻ വരുന്നു ഒളിച്ചു വെക്കണം", എന്നും അപ്രകാരംതന്നെ ആ മക്കൾ "എന്റെ അമ്മ, എന്റെ അച്ഛൻ, എന്റെ അമ്മക്കു കൊടുക്കണം, അച്ഛന്നു കൊടുക്കണം, ഇതു അമ്മയുടേതു, അച്ഛന്റേതു, ഇവർ നമുക്കു സ്വന്തം, മററുള്ളവർ നമുക്കന്യർ, അവൎക്കു കൊടുക്ക

വേണ്ട, അവക്ക കാണിക്കരുതു", എന്നും മററുമുള്ള ദുർവ്വിചാര ങ്ങളായ രാഗദ്വേഷാദി കഠോരാന്ധകാരത്തിൽ യാതൊരു വിശേഷബുദ്ധിയും അറിവും ഇല്ലാതെ മൃഗങ്ങളായിട്ടാണ ലോകത്തിൽ മനുഷ്യരെന്നഭിമാനിച്ചുവരുന്ന ഇക്കാലികളുടെ സ്ഥിതി കാണുന്നതു്. ഇതു് നമുക്ക അനുഭവദൃഷ്ടാന്തമല്ലെ?

ശി:- അതെ, അനുഭവദൃഷ്ടാന്തമാണ്.

ഗു:—എന്നാൽ ഈ വക അവസ്ഥകറം നാം ആലോചിക്കാത്തതു കൊണ്ടാണ നമുക്ക ജ്ഞാനം ഉണ്ടാകാത്തതു്. എന്തെന്നാൽ, ഞാൻ മനുഷ്യനാണ, എല്ലാ ജീവികളിലുംവെച്ചിട്ട ശ്രേഷ്ഠനാ ണ, ഞാൻ ചെയ്യുന്നതു മാത്രമേ ബുദ്ധിശക്തിയോടും, യുക്തി യോടും, അറിവോടും കൂടി ചെയ്യുന്നുള്ളവെന്നും, മററു ജീവിക ഠംക്ക ശ്രേഷ്ഠതയില്ല, അവ നമ്മുടെ കീഴാണ എന്നും മററും ദു രഭിമാനം നിമിത്തം ഒരു അന്ധവിശ്വാസം ലോകത്തിൽ എ വരും പൊതുവെ ധരിച്ചുവന്നിരിക്കുന്നു. എന്തുകൊണ്ടാണങ്ങി നെ വന്നതെന്നു വെച്ചാൽ മനുഷ്യരെന്നഭിമാനിച്ചുവരുന്നവ ക്ക യാതൊരുവിവേകവും ഇല്ലാത്തതുകൊണ്ടാണ്. എന്നാൽഏ തൊരു വസ്തുവേയും കേറംക്കുകയോ, കാണുകയോ, അറിയുക യോ, ചെയ്താൽ അതിനെപ്പററി നാം ശരിയായി മനസ്സുകൊ ണ്ടു കാൎയ്യകാരണങ്ങളെകൊണ്ടു ആലോചിച്ചാൽ അതിൻെറ യഥാൎത്ഥത്തെ മനസ്സിലാക്കാം. അപ്രകാരം ആലോചിക്കാതെ ഞാൻ ശ്രേഷ്ഠനാണ, മറെറല്ലാം നികൃഷ്ടമാണ, നമുക്ക താഴെ യാണ എന്നുള്ള അന്ധവിശ്വാസം നിമിത്തം ഉണ്ടായ ദുരഭി മാനത്താൽ ജനങ്ങറം യാതൊന്നും അറിയാത്തവരായിപ്പോ യി. അതെന്തുകൊണ്ടെന്നാൽ, ഈശ്വരൻ ജീവനാണ്. ആ ജീവനായിരിക്കുന്ന ഈശ്വരൻ തൻെറ ഹൃദയത്തിൽ സ്ഥിതി ചെയ്തു, മായയായിരിക്കുന്ന യന്ത്രം നിമിത്തം സൎവ്വഭൂതങ്ങളിലും ചലിച്ചുകൊണ്ടിരിക്കുന്നു. സൎവ്വഭൂതങ്ങളിലുമിരിക്കുന്ന വസ്തു ഈ ശ്വരനാണ്. ആ ഈശ്വരചൈതന്യത്തിന്നു ഒരേ ശക്തിയല്ലാ തെ രണ്ടു ശക്തിയില്ല. നാം അതിൻെറ യഥാൎത്ഥത്തെ ഗ്രഹി ക്കാത്തതുകൊണ്ടാണ നമ്മുടെ ശക്തി വേറെയെന്നും മററുള്ളതി ന്നു ശക്തി വേറെയെന്നും വിചാരിക്കുന്നതു്. എപ്പോറം യഥാ ൎത്ഥത്തെ ഗ്രഹിക്കുന്നുവോ അപ്പോറം രണ്ടു ശക്തിയില്ലെന്നും,

Since 1923

ഒരേ ശക്തിയേ ഉള്ളവെന്നും, അതു തന്റെ ശക്തിയാണെന്നും അറിഞ്ഞു. അപ്പോൾ ദുരഭിമാനം വിട്ടു രാഗദ്വേഷാദികൾ നശിച്ചു താനാകുന്നു.

ശി:—സ്വാമിൻ! ഇപ്രകാരം കല്പിച്ചവസ്ഥയിൽ എനിക്കൊരു സംശയം നേരിടുന്നു. അതായതു, ലോകത്തിൽ യാതൊരു ജീവികൾക്കും വ്യത്യാസമില്ലെന്നാണല്ലൊ ഇതുവരെ അരുളിചെയ്തതു്. എന്നാൽ ലോകത്തിൽ സ്ത്രീപുരുഷവ്യത്യാസം പ്രത്യക്ഷത്തിൽ കണ്ടുവരുന്നതാണല്ലൊ? അതില്ലെന്നുപറയുവാൻ തരമുണ്ടൊ?

ഗു:—ഇതുവരെ പറഞ്ഞതിൽ നിങ്ങൾക്കു എന്താണു തോന്നുന്നതു്?

ശി:—എല്ലാം ഒരേശക്തിയാണെന്നു പറഞ്ഞതിൽ പിന്നെ മറ്റൊന്നു വേറിട്ടുണ്ടാവാൻ തരമില്ല.

ഗു:—എങ്കിലും ആയതിനേയും വിവരിച്ചുപറയാം കേൾക്കുവിൻ. സ്ത്രീപുരുഷൻ എന്നതിൽ ആരാണു സ്ത്രീ? ആരാണു പുരുഷൻ? എന്നു പറയുവാൻ സാധിക്കുമോ?

ശി:—ഓ! പറയുവാൻ സാധിക്കും. നാമെല്ലാം പുരുഷന്മാരും നമ്മെ പ്രസവിച്ച അമ്മമാർ സ്ത്രീകളുമാണ്.

ഗു:—എന്നാൽ, ആദിമുതലിതുവരെ ലോകത്തിൽ പറഞ്ഞുവരുന്നതും നാം ധരിച്ചിട്ടുള്ളതും നാമൊക്കെയും സ്ത്രീകളാണെന്നും സ്ത്രീകളെല്ലാം പുരുഷന്മാരാണെന്നും ആയിരുന്നു പറഞ്ഞുവന്നതെങ്കിൽ ഇപ്പോൾ നമ്മെയെല്ലാം ആരെന്നാണു പറയുക?

ശി:—അങ്ങിനെയായിരുന്നുവെങ്കിൽ നമ്മെ സ്ത്രീകളെന്നാണു പറയുക.

ഗു:—അപ്പോൾ നാം സ്ത്രീയോ പുരുഷനോയെന്നു നമുക്കറിയുന്നില്ല. ലോകത്തിൽ പറഞ്ഞുവന്നതിനെ മാത്രം നാം ധരിച്ചു അതിന്റെ യഥാർത്ഥം ഏതുപ്രകാരത്തിലാണെന്നു ആലോചിക്കുന്നും ഇല്ല. എന്നാൽ പുരുഷനെന്നു പറയുന്നതിന്റെ താല്പര്യം എന്താണ്?

ശി:—പുരത്തിൽ വസിക്കുന്നവൻ പുരുഷനെന്നാണ്.

ഗു:—അപ്പോൾ ആനമുതൽ ഉറുമ്പുവരെയുള്ള ജീവികൾ എവിടെയാണു വസിക്കുന്നതു്?

Since1923

ശി:—അവ താന്താങ്ങളുടെ പുരത്തിലാണ്.

ഗു:—അവരവരുടെ പുരം എന്നു പറഞ്ഞതു എതിനെ സംബന്ധിച്ചാണ്?

ശി:—നമുക്കൊക്കെയും നമ്മാൽ ഏൎപ്പെടുത്തപ്പെട്ട വീടും മററുള്ള ജീവികൾക്കു താമസിപ്പാൻ വേണ്ടി ഏതേതു പ്രകാരം സ്ഥലങ്ങൾ അതുകൾ ഏൎപ്പെടുത്തിയിരിക്കുന്നുവോ ആ സ്ഥലങ്ങൾക്കും ആണ്.

ഗു:—എന്നാൽ, ജീവനില്ലെങ്കിൽ നിങ്ങൾ പറഞ്ഞ പ്രകാരമുള്ള വീടുകൊണ്ടോ സ്ഥലംകൊണ്ടോ വല്ല ഉപയോഗവുംഉണ്ടോ?

ശി:—യാതൊരു ഉപയോഗവുമില്ല.

ഗു:—അപ്പോൾ പുരം എന്തിനു വേണ്ടിയാണ്?

ശി:—അവരവൎക്കു സുഖമായി വസിക്കുവാൻ വേണ്ടിയാണ്.

ഗു:—ജീവനില്ലെങ്കിൽ സുഖമായി വസിക്കാമോ?

ശി:—വസിച്ചുകൂടാ.

ഗു:—അതെന്തുകൊണ്ടു്?

ശി:—ജീവനില്ലാത്തതുകൊണ്ടു.

ഗു:—അപ്പോൾ ആൎക്കാണു സുഖമായി വസിപ്പാൻ പുരം വേണ്ടതു്?

ശി:—ജീവന്നു്.

ഗു:—ജീവൻ വസിക്കുന്ന പുരം ഏതാണു?

ശി:—ഈ കാണുന്ന ജഡമാണ്.

ഗു:—അപ്പോൾ ഈ ജഡത്തിന്നു എന്തുപേർ പറയണം?

ശി:—പുരം എന്നു പറയണം.

ഗു:—എന്നാൽ ഈ പുരത്തിങ്കൽ എപ്പോൾ ജീവൻ ഒതുങ്ങി പുറത്തേക്കു ചലിക്കാതെ വരുന്നുവോ അപ്പോൾ പുരുഷനായി. ആ പുരുഷനാണു ശിവൻ. ഏതുപ്രകാരമെന്നു വെച്ചാൽ ഒരാൾ ഇതാ ഈ കാണുന്ന വീട്ടിന്റെ അകത്തുകടന്നു വാതിലടച്ചിരുന്നാൽ അയാൾക്കു പുറത്തുള്ള വല്ല അവസ്ഥയും കേൾപ്പാനോ, കാണ്മാനോ, അറിയുവാനോ സാധിക്കുമോ?

ശി:—സാധിക്കുന്നതല്ല.

ഗു:—എന്നാൽ ആയാൾ ആ വീട്ടിൽനിന്നു എഴുന്നീറ്റ വാതിൽ തുറന്നു കോലായിൽ അതായതു തിണ്ണയിൽ വന്നിരുന്നാൽ ആയാൾ പുറത്തുള്ള എല്ലാ അവസ്ഥയും കേൾപ്പാനും കാണ്മാനും, അറിയുവാനും സാധിക്കുന്നില്ലേ?

ശി:—സാധിക്കുന്നുണ്ട്.

ഗു:—എന്നാൽ അകത്തിരുന്നപ്പോൾ പുറത്തിരിക്കുന്നതുകളെ കേൾക്കാതിരിപ്പാനും കാണ്മാതിരിപ്പാനും അറിയാതിരിപ്പാനും കാരണമെന്തു്?

ശി:—ആയാൾ പുറത്തുള്ള എല്ലാ വൃത്തികളേയും വിട്ട അകത്തു കടന്നു വാതിലടച്ചു സ്വസ്ഥമായിരുന്നതുകൊണ്ടാണ്.

ഗു:—പുറത്തു കോലായിൽ വന്നപ്പോഴോ?

ശി:—പുറത്തുള്ള എല്ലാ അവസ്ഥകളും കേൾക്കുവാനും, കാണുവാനും, അറിയുവാനും സാധിക്കുന്നു.

ഗു:—എന്നാൽ പുറത്തുള്ളവസ്ഥകൾ കേൾക്കുവാനും അറിയുവാനും സാധിച്ചപ്പോൾ ആയാൾ വീട്ടിന്നകത്തോ പുറത്തോ ഇരുന്നതു്?

ശി:—പുറത്താണ്.

ഗു:—അതെങ്ങിനെയാണ്? അയാൾ വീട്ടിന്റെ പുറത്തായിരുന്നു ഇരുന്നതെങ്കിൽ ഈ വീട്ടിനെ വിട്ടുപോകണം. അപ്രകാരം വിട്ടുപോയി എന്നുവെച്ചാൽ ഈ വീട്ടിന്റെ വല്ല അവസ്ഥയും കേൾക്കുവാനും, കാണുവാനും അറിയുവാനും സാധിക്കുന്നതല്ല. എന്നുതന്നെയല്ല, അയാൾ ഈ വീട്ടിന്റെ കോലായിൽ നിന്നു പുറത്തിറങ്ങീട്ടില്ല. പുറത്തിറങ്ങാതെ, വീട്ടിന്റെ പുറത്താണെന്നു പറയുവാൻ തരമുണ്ടോ?

ശി:—തരമില്ല.

ഗു:—വീട്ടിന്റെ അകത്താണെന്നു പറയുവാൻ തരമുണ്ടോ?

ശി:—തരമില്ല.

ഗു:—അപ്പോൾ അയാൾ വീട്ടിന്നകത്തും പുറത്തും അല്ലാതെ വീട്ടിൽ കോലായിൽ ഇരിക്കുന്നു. ആ സമയത്താണ് വീട്ടിന്റെ പുറത്തുള്ള എല്ലാ അവസ്ഥകളും കേൾപ്പാനും കാണുവാനും,

അറിയുവാനും ഇടവരുന്നതു്. വീടുവിട്ടു പുറത്തുപോയിരുന്നാലും, വീട്ടിന്നകത്തിരുന്നതായിരുന്നാലും വീട്ടിന്റെ പുറത്തുള്ള യാതൊരവസ്ഥകളും അറിയുന്നതല്ല. ഇതുപ്രകാരം നാം ഉറങ്ങിക്കിടക്കുമ്പോൾ നമ്മുടെ ജീവനെവിടെയാണ്?

ശി:—അപ്പോൾ നമ്മുടെ ജീവൻ അകത്തു അടങ്ങിയിരിക്കുന്നു.

ഗു:—ഉറക്കം തെളിഞ്ഞു ഇവയെല്ലാം കേൾക്കുകയും, കാണുകയും അറിയുകയും ചെയ്യുമ്പോൾ ജീവനെവിടെയാണ്?

ശി:—പുറത്താണ്.

ഗു:—നമ്മുടെ ജീവൻ എപ്പോൾ പുറത്തേക്കു പോയതോ അപ്പോൾ നമുക്കു ഇതുകൾ കേൾപ്പാനും, കാണ്മാനും, അറിയുവാനും സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—അതെന്തുകൊണ്ടു? ജീവൻ പുറത്തുപോയിതീർന്നാൽ എന്തായിരിക്കും?

ശി:—ശവമായിരിക്കും.

ഗു:—അകത്തായിരുന്നുവെങ്കിൽ പുറത്തുള്ള വല്ലതും അറിവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—എന്തുകൊണ്ടു്?

ശി:—ജീവൻ പുറത്തു വ്യാപിക്കാതെ അകത്തുതന്നെ സ്വസ്ഥമായിരിക്കുന്നതുകൊണ്ടു്.

ഗു:—അതെവിടെയാണിരിക്കുന്നതു്?

ശി:—ജീവന്റെ പുരത്തിലാണ്.

ഗു:—എന്നാൽ ജീവന്റെ പുരത്തിൽ ജീവൻ യാതൊന്നിലും ചലിക്കാതെ സ്വസ്ഥമായിരുന്നപ്പോൾ ആരായിത്തീരും?

ശി:—പുരുഷനായിത്തീരും.

ഗു:—അതെന്തുകൊണ്ടു്?

ശി:—ജീവശക്തി പുറത്തേക്കു വ്യാപിക്കാതെ പുരത്തിൽതന്നെ അടങ്ങിയതുകൊണ്ടു്.

ഗു:—അപ്രകാരം പുരത്തിൽ സ്വസ്ഥമായി അടങ്ങിയവർ ആരാകുന്നു.

Since 1923

ശി:—അവരൊക്കയും പുരുഷന്മാരാണ്.

ഗു:—അപ്രകാരം വീട്ടിൽ അടങ്ങാത്തവർ ആരായിരിക്കും?

ശി:—അവർ അവരവരുടെ ജീവൻ അകത്തും പുറത്തും അല്ലാത്ത സ്ഥിതിയിൽ ഇരിക്കുന്നവർ.

ഗു:—എപ്പോഴാണ് പുറത്തുള്ള അവസ്ഥകൾ കേൾക്കുകയും കാണുകയും, അറിയുകയും ചെയ്യുന്നതു്?

ശി:—ഉറക്കുണന്ന ജീവൻ അകത്തും പുറത്തും അല്ലാതിരിക്കുമ്പോഴാണ്.

ഗു:—എന്നാൽ എപ്പോൾ ജീവൻ പുരത്തിങ്കൽ ഒതുങ്ങുന്നുവോ അപ്പോൾ പുരുഷനും എപ്പോൾ ഉറക്കുണന്ന് അകത്തുനിന്നു ജീവശക്തിയായി പുറത്തേക്കു വ്യാപിക്കുന്നുവോ അപ്പോൾ ശിവശക്തിയുമായി. അതായതു പുരുഷപ്രകൃതിയാണ്. പുരുഷപ്രകൃതിയെന്നു പറയുന്നതു, പുരുഷൻ പുരത്തിങ്കൽനിന്നു പുരത്തിനുള്ളിൽ ശക്തിയായി ചലിക്കുന്നതാണ്. പുരുഷനെന്നതു ജീവനായിരിക്കുന്ന ശിവനും, ശക്തിയെന്നതു സ്ത്രീയായ പ്രകൃതി അതായതു മായയും ആണ്. ആ ജീവനായിരിക്കുന്ന ശിവനായ പുരുഷനു പുറത്തേക്കു ചലനം സംഭവിച്ചപ്പോഴാണ് പുരുഷപ്രകൃതിയെന്നു പറയുന്നതു്. ആ പ്രകൃതിയാണ് ശക്തി. അതാണ് അമ്മ. അതിൽനിന്നാണ് ജനനം ഉണ്ടാകുന്നതു്. അപ്പോൾ നമ്മുടെ അമ്മ ആർ?

ശി:—മായയായിരിക്കുന്ന ശക്തി.

ഗു:—ജീവൻ ആരാണ്?

ശി:—ശിവനാണ്.

ഗു:—ശക്തി നമുക്കു അമ്മയാകുമ്പോൾ ശിവൻ ആർ?

ശി:—അച്ഛൻ

ഗു:—അപ്പോൾ ശിവൻ അച്ഛനും, അതു പുരുഷനും, ശക്തി അമ്മയും, അതു സ്ത്രീയും ആയി. അപ്പോൾ നമുക്കു പുരുഷനെന്നോ, സ്ത്രീയെന്നോ പറയുവാൻ പാടുണ്ടോ?

ശി:—പാടില്ല.

ഗു:—അപ്പോൾ പുരുഷനും സ്ത്രീയും, അച്ഛനും അമ്മയുമായി.

Since 1923

അതിനാൽ നാം പുരുഷനും സ്ത്രീയും അല്ലാതെയാകുന്നു. : അപ്പോൾ നമ്മെ എന്താണ് പറയേണ്ടതു്?

ശി:—പുരുഷനും സ്ത്രീയും അല്ലാത്തവരെന്നു പറയണം

ഗു:—പുരുഷനും സ്ത്രീയുമല്ലാത്തവരെ ആരാണെന്നാണ് പറയേണ്ടതു ?

ശി;_നപുംസകമെന്നു്.

ഗു:—എന്നാൽ നമ്മിൽ പുരുഷനായി ശിവനായിരിക്കുന്ന ജീവൻ പുറത്തേക്കു വ്യാപിച്ചു ചലനം സംഭവിച്ചപ്പോൾ ശക്തിയായിത്തീന്നു. ആ ശക്തിയാണ് മനസ്സ്. ആ മനസ്സാകുന്ന ശക്തിയിൽനിന്നാണ് ഞാനെന്നഭിമാനിക്കുന്ന അഹങ്കാരമായ നപുംസകത്തിന്റെ ഉത്ഭവം. അതിനു ദൃഷ്ടാന്തം; നമ്മൾ ഏററവും പരിചയമുള്ള ഒരകത്തു വാതിലടച്ചു തഴുതിട്ടു, കിടന്നുറങ്ങുമ്പോൾ പെട്ടന്നവെ ഉറക്കുണന്നു എഴുന്നീററാൽ യാതൊരു പരിചയവുമില്ലാത്തപ്രകാരം വാതിലിനെ അറിയാതെ തപ്പിനടന്നു, തല, മുഖം മുതലായതു ചുമരിന്മേലും മററും അടിച്ചുപൊട്ടുന്നു. അതിന്നു കാരണം, ഉറക്കുണന്നപ്പോൾ പുരുഷനായിരിക്കുന്ന ശിവൻ ശക്തിയായി പുറത്തേക്കുവന്നു. ആ ശക്തി മനസ്സായിരുന്നു. അപ്പോൾ മനസ്സമാത്രമേയുണ്ടായിരുന്നുള്ളു. അതുകൊണ്ടാണ് വാതിലിനെ തിരിച്ചറിയുവാൻ സാധിക്കാതിരുന്നതു്. തിരിച്ചറിയേണമെങ്കിൽ ഞാനെന്നുള്ള അഹങ്കാരമായ നപുംസകം വേണം ആ നപുംസകത്തിന്നാണ് വകഭേദങ്ങളുള്ളതു്. ഞാനെന്നുള്ള അഹങ്കാരമായ നപുംസകത്തിൽകൂടിയാണ് മനസ്സാകുന്ന ശക്തി ഭിന്നമായി പ്രകാശിച്ചതു്. ആ അഹങ്കാരമാകുന്ന ഞാൻ എന്നുള്ള അവസ്ഥയില്ലെങ്കിൽ യാതൊന്നുമില്ല. ബാഹ്യവൃത്തിയായി നാം എന്തൊന്നിനെ കേൾക്കുന്നുവോ, കാണുന്നുവോ, അറിയുന്നുവോ ചെയ്യുന്നുവോ അതെല്ലാം അഹങ്കാരമാണ്. ആ അഹങ്കാരമാണ് ബ്രഹ്മാവു്. അപ്രകാരമുള്ള ബ്രഹ്മാവു മനസ്സായിരിക്കുന്ന ശക്തികൊണ്ടാണ് സൃഷ്ടിക്കുന്നതു്. അതിന്നാണ് ബ്രഹ്മസൃഷ്ടിയെന്നു പറയുന്നതു്. ആ ബ്രഹ്മാവില്ലെങ്കിൽ

യാതൊരു സൃഷ്ടിയുമില്ല. ആ ബ്രഹ്മാവു എപ്പോഴും യജ്ഞത്തിലിരിക്കുന്നു. യജ്ഞം എന്നതു യാഗമാണ്. ആ യാഗകുണ്ഡം ഭ്രൂമദ്ധ്യമാണ്. ആ ഭ്രൂമദ്ധ്യം സുഷുമ്നയെന്ന അഗ്നിനേത്രമാണ്. അപ്രകാരമുള്ള അഗ്നികുണ്ഡത്തിന്നരികെ ഞാനെന്ന അഹങ്കാരമായ ബ്രഹ്മാവു ഇരുന്നു, വിചാരാദികളായ സാധനങ്ങളെ ആ അഗ്നികുണ്ഡത്തിൽ ഹോമംചെയ്യുന്നു. ആ ഹോമത്തിൽനിന്നുത്ഭവിച്ച ധൂമം അതായതു പുകയാണ് ഈ കാണപ്പെടുന്ന ലോകം. ലോകമെന്നു പറയുന്നതു പുകയാണ്. ആ പുകക്കുള്ളിൽ പെട്ടതുകൊണ്ടാണ് നമുക്കു സ്ത്രീപുരുഷന്മാർ ഇന്നതാണെന്നറിവാൻ സാധിക്കാതെ വന്നതു്. എപ്പോൾ ലോകമായിരിക്കുന്ന ആ പുക നീങ്ങുന്നുവോ അപ്പോൾ വ്യക്തമായി നമുക്കറിയപ്പെടും. പുക നീങ്ങണമെങ്കിൽ ഹോമിച്ച സാധനങ്ങൾ കത്തണം. കത്തിയാൽ പ്രകാശിക്കും. പ്രകാശിക്കുമ്പോൾ സർവ്വവും തന്റെ ജീവന്റെ ശക്തിയായിരിക്കുന്ന മനസ്സാണെന്നു അറിയപ്പെടും. അപ്പോൾ ആ ജീവശക്തിയായിരിക്കുന്ന മനസ്സു തന്നിൽതന്നെ അടങ്ങി താനായിരിക്കും. ഈ യഥാർത്ഥത്തെ ഗ്രഹിക്കുമ്പോൾ മാത്രം നപുംസകം വിട്ടു പുരുഷനായിതീരും.

ശി:—അല്ലയോ ഗുരോ! നമുക്കു അമ്മ, മായയാണെന്നും അതു ശക്തിയാണെന്നും മുമ്പു പറഞ്ഞുവല്ലൊ. എന്നാൽ ലോകത്തിൽ സ്ത്രീകൾക്കു ഗർഭമുണ്ടാവുകയും അവർ മക്കളെ പ്രസവിക്കുകയും ചെയ്യുന്നു. ഇങ്ങിനെ പ്രസവിക്കുന്നവരെയാണ് നാം അമ്മയെന്നു പറയുന്നതു്, ഇതെപ്രകാരമാണെന്നു വിവരമായി പറഞ്ഞുതരുവാൻ അപേക്ഷിക്കുന്നു.

ഗു:—ആരാകുന്നു പ്രസവിക്കുക?

ശി:—സ്ത്രീകൾ.

ഗു:—സ്ത്രീകൾ പ്രസവിക്കുവാൻ കാരണമെന്തു്?

ശി:—ഗർഭം ഉണ്ടായിരുന്നതിനാൽ.

ഗു:—ഗർഭം ഏതുപ്രകാരമാണുണ്ടാകുന്നതു്?

ശി:—സംയോഗംകൊണ്ടു്.

ഗു:—സംയോഗമില്ലെങ്കിൽ ഗർഭം ഉണ്ടാകുമോ?

Since 1923

ശി:—ഉണ്ടാവില്ല.

ഗു:—സംയോഗംചെയ്താൽ ഗർഭം ഉണ്ടാവാൻ കാരണമെന്ത്?

ശി:—ശുക്ലം വെന്നു വീഴുന്നതുകൊണ്ട്,

ഗു:—ശുക്ലമില്ലെങ്കിൽ ഗർഭം ഉണ്ടാകുമോ?

ശി:—ഉണ്ടാവില്ല.

ഗു:—അപ്പോൾ ഗർഭം ഉണ്ടാകുന്നതിന്നു ശുക്ലം എന്തായിത്തീൎന്നു?

ശി:—ബീജമായിത്തീൎന്നു.

ഗു:—ബീജം എന്നുവെച്ചാൽ എന്താണ്?

ശി:—വിത്താണ്.

ഗു:—വിത്തില്ലാതെ വല്ലതും ഉണ്ടാകുമോ?

ശി:—ഉണ്ടാവില്ല

ഗു:—നിങ്ങളുടെ കൈവശം കുറേ നെൽവിത്തുണ്ട്. അതു കൃഷി ചെയ്യണം. അതു ഏതുപ്രകാരത്തിൽ ചെയ്യുന്നു.

ശി:—വയലിൽ ഒരു കണ്ടത്തിൽ ഉഴുതു, മണ്ണിളക്കി, ചേറാക്കി, സമനിരപ്പാക്കി, അതിൽ വിത്തിടുന്നു.

ഗു:—ആ വിത്തിനെ, വിതക്കേണ്ടുന്ന സ്ഥലത്തല്ലാതെ മറവ സ്ഥലത്തു വിത്തിട്ടാൽ മുളക്കുമോ?

ശി:—മുളക്കും.

ഗു:—ഒരിക്കലും മുളക്കയില്ല. വിത്തിടേണ്ടുന്ന സ്ഥലത്തല്ലാതെ മറ്റൊരു സ്ഥലത്തു വിത്തിട്ടാൽ ഒരിക്കലും മുളക്കുന്നതല്ല. നിങ്ങൾ ആ വിത്തു സൂക്ഷിച്ചിരുന്ന അറയിൽനിന്നോ പത്തായത്തിൽനിന്നോ അതു മുളക്കുമോ?

ശി:—മുളക്കില്ല.

ഗു:—ആ വിത്തിനെ പാറമേൽ കൊണ്ടുപോയിട്ടാലോ, അല്ലെങ്കിൽ വെള്ളമുള്ള ഒരു കിണററിലോ, കുളത്തിലോ, പുഴയിലോ അതല്ല സമുദ്രത്തിലോ ഇട്ടാലോ അതു മുളക്കുമോ?

ശി:—മുളക്കയില്ല

ഗു:—എന്തുകൊണ്ട്?

ശി:—വിത്തു വിതക്കുവാൻ വേണ്ടി ഏൎപ്പെടുത്തിയ സ്ഥലത്തല്ലാത്തതുകൊണ്ട്.

ഗു:—അപ്പോൾ വിത്തു വിതക്കുവാനേൎപ്പെടുത്തിയ സ്ഥലത്തല്ലാതെ വിത്തിട്ടാൽ മുളക്കുന്നതല്ല. ആ വിത്തുവിതക്കുവാനേൎപ്പെ

ടത്തിയ സ്ഥലത്തു റിത്തിട്ടു, അതു മുളച്ചുയൎന്നു മൂപ്പെത്തി കതിരാവുന്നു. എന്നാൽ ആ കതിരിനെ നിങ്ങൾ നെല്ലിൻെറ കതിരെന്നോ, റയലിൻെറ കതിരെന്നോ പറയുക?

ശി:—നെല്ലിൻെറ കതിരെന്നാണ്.

ഗു:—കതിർ റയലിലല്ലെ ഉണ്ടായതു്. എന്തുകൊണ്ടാണു നെല്ലിൻെറ കതിരെന്നു പറയുന്നതു്?

ശി:—ആ കണ്ടത്തിൽ നെല്ലറിത്തു ഇട്ടിട്ടില്ലെങ്കിൽ ആ നെൽകതിർ ഉണ്ടാവുന്നതല്ല. അപ്പോൾ ആ നെൽറിത്തിൽ നിന്നാണു ആ കതിർ ഉത്ഭവിച്ചതു്. അതാണു നെല്ലിൻെറ കതിരെന്നു പറയുവാൻ കാരണം.

ഗു:—ആ കണ്ടം കൊണ്ടുള്ള ആവശ്യമെന്തായിരുന്നു?

ശി:—റിത്തിട്ടു കൃഷിചെയ്യേണ്ടുന്ന ആവശ്യത്തിലേക്കായിരുന്നു.

ഗു:—ആ റിത്തു കണ്ടത്തിൽ കൃഷിചെയ്തു കതിരുണ്ടായപ്പോൾ ആ കതിർ കണ്ടത്തിൽ നിന്നുത്ഭവിച്ചുവെന്നു പറയുവാൻ പാടുണ്ടോ?

ശി:—പാടില്ല.

ഗു:—എന്നാൽ ആ കതിർ ഏതിൽനിന്നുത്ഭവിച്ചുവെന്നാണു പറയേണ്ടതു്?

ശി:—വിത്തിൽനിന്നു.

ഗു:—അപ്പോൾ ആ കതിരിനെ പ്രസവിച്ചതു ആരാണ്, കണ്ടമോ റിത്തോ?

ശി:—റിത്താണു പ്രസവിച്ചതു്.

ഗു:—എന്നാൽ ആ റിത്തു ഇടേണ്ടുന്ന സ്ഥലത്തല്ലാതെ ഇട്ടാൽ മുളക്കുന്നില്ല. എന്നുതന്നെയല്ല, ആ കണ്ടം ഉഴുതു നിരപ്പാക്കി, അതിൽ റിത്തിട്ടാൽ, സമമായി ഒഴവായിരിക്കുന്ന ചളിയിൽ ആ വിത്തു വീണു, ചളിയിൽ അമൎന്നു, ആ ചളിക്കു അഴവുള്ളതുകൊണ്ടു വിത്തിന്നു ചീക്കാനും മുളക്കാനും വേരുകളിറങ്ങാനും സാധിക്കുന്നു. അപ്പോൾ അതിന്നു യാതൊരു തടസ്ഥവും കൂടാതെ അതു വളൎന്നുവരുന്നു. ആ സ്ഥലത്തു ഒഴവില്ലായിരുന്നുവെങ്കിൽ ചളിമുറുകി, വിത്തുകുടുങ്ങി, മുളക്കാനും വേരിറങ്ങു

വാനും സാധിക്കാതെ നശിച്ചു പോകുമായിരുന്നു. അപ്പോൾ വിത്തു വിതക്കേണ്ടുന്ന സ്ഥലം ഉഴുതു നിരപ്പായതും ഒഴവുള്ളതു മായിരിക്കണം. ഇപ്രകാരം തന്നെ ശുക്ലം എന്ന വിത്തിനെ ഇട്ടു മുളപ്പിക്കുന്നസ്ഥലമാണ ഗർഭം ഉണ്ടായിയെന്നും,പ്രസവിച്ചു വെന്നും പറഞ്ഞുവരുന്ന സ്ത്രീകൾക്കുള്ള സംയോഗസ്ഥലം എന്നു വിചാരിക്കരുത്. ആ സ്ഥലത്തൊഴികെ മററു വല്ലെ ടത്തും ശുക്ലമാകുന്ന വിത്തിനെ ഇട്ടാൽ ഗർഭം ഉണ്ടാകുമോ?

ശി:—ഗർഭം ഉണ്ടാകയില്ല.

ഗു:—കാരണം?

ശി:— ശുക്ലമാകുന്ന വിത്തിടേണ്ടുന്ന സ്ഥലത്തല്ലാതെ വിത്തിട്ടതു കൊണ്ട്.

ഗു:— ശുക്ലമാകുന്ന വിത്തിടേണ്ടുന്ന സ്ഥലമായ കണ്ഠത്തിൽ ഒഴവാ കുന്നതാണ സംയോഗം. ആ സംയോഗത്തിങ്കൽ ആ സ്ഥലം ഒഴവായിവരുന്നു. അപ്പോൾ 4-ാം അദ്ധ്യായത്തിൽ പറഞ്ഞ പ്രകാരം മുട്ടയുടെ ആകൃതിയായി ശുക്ലം ചെന്നു വീഴുകയും, ആ ഒഴവായസ്ഥലം അതിന്നു പററായിനിന്നു, മുട്ടയുടെ ആ കൃതിയായ വിത്തു മുളച്ചു വരുവാൻവേണ്ടി അയവായിത്തീരു കയും, അപ്പോൾ അതു വലുതായി, അതിൻെറ മൂപ്പെത്തി പൊട്ടി പുറത്തേക്കു വരുന്നതാണ സന്താനം. അപ്പോൾ ആ സ്ത്രീ പ്രസവിച്ചു എന്നു പറയുവാൻ പാടുണ്ടോ?

ശി:—പാടില്ല.

ഗു:—എന്തുകൊണ്ട്?

ശി:—അതു ശുക്ലത്തിൽ നിന്നാണതുദ്ഭവിച്ചതു്. ശുക്ലമില്ലെങ്കിൽ പ്രസവിക്കുന്നില്ല.

ഗു:— എന്നാൽ പുരുഷൻ ശുക്ലത്തെ ധരിക്കുന്നതാണ് ഗർഭം. അ തെന്തെന്നുവെച്ചാൽ ജഡമായ പുരത്തിങ്കൽ ശുക്ലത്തെ ഗർഭി പ്പിക്കുക. അതായതു പുറത്തുപൊഴിയാതെ സൂക്ഷിച്ചു വർദ്ധിപ്പി ക്കുക. അപ്പോഴാണ ഗർഭം ധരിച്ചതു്. അപ്രകാരം ചെയ്തിട്ടി ല്ലെങ്കിൽ ശുക്ലം ഉണ്ടായി സന്താനം ഉണ്ടാകുവാൻ സാധി ക്കുമോ?

ശി: —സാധിക്കയില്ല.

ഗു:—അപ്പോൾ ആരാണ് ഗർഭം ധരിച്ചിട്ടുള്ളത്?

ശി:—പുരുഷൻ

ഗു:—എന്നാൽ ആരാകുന്നു പ്രസവിക്കുന്നത്?

ശി:—പുരുഷൻ.

ഗു:—അപ്രകാരം പറഞ്ഞുവരുന്ന പുരുഷൻ, ധരിച്ചിരിക്കുന്ന ഗർഭത്തെ സ്ത്രീകൾ എന്നു പറഞ്ഞുവരുന്നവരുടെ സംയോഗസ്ഥലമായ വിത്തിടേണ്ടുന്ന സ്ഥലത്തു സംയോഗം ചെയ്തു ഒഴവാക്കി, ആ ഒഴവിൽ വിത്താകുന്ന ശുക്ലത്തെ പുരുഷൻ പ്രസവിച്ചു. ആ ശുക്ലത്തിൽനിന്നു മനുഷ്യരെന്നഭിമാനിച്ചുവരുന്നവരായ പ്രകൃതിസ്വായിരിക്കുന്ന രൂപത്തോടു കൂടിയവർ ഉത്ഭവിച്ചു കാണുകയും അതിൽ പുരുഷൻ എന്നു പറഞ്ഞുവരുന്നവരിൽ ഒതുങ്ങിയിരിക്കുന്ന ശുക്ലത്തിൽ നിന്നുത്ഭവിച്ചാൽ പുരുഷനെന്നു പറഞ്ഞുവരുന്ന രൂപവും, സ്ത്രീയെന്നു പറഞ്ഞുവരുന്നവരിൽ ഒതുങ്ങിയിരിക്കുന്ന ശുക്ലത്തിൽ നിന്നുത്ഭവിച്ചാൽ സ്ത്രീയെന്നു പറഞ്ഞുവരുന്ന രൂപവും ഉണ്ടായിത്തീരുകയും ചെയ്യുന്നു.

ശി:—സ്വാമിൻ! സ്ത്രീക്കു ശുക്ലമുണ്ടോ? ഉണ്ടെങ്കിൽ തന്നെയും അതു എങ്ങിനെ ഗർഭപാത്രത്തിൽ വീഴുന്നു?

ഗു:—സ്ത്രീക്കും ശുക്ലമുണ്ട്. സ്ത്രീക്കു ശുക്ലമുത്ഭവിച്ചു വരുന്നതായ ഒരു സാധനം, അതായതു പുരുഷരെന്നഭിമാനിച്ചു വരുന്നവർക്കുള്ള മൂത്രക്കുഴലിനു തുല്യമായ ഒരു സാധനം, ഉണ്ട്. അതിൽ കൂടിയാണ് അവർക്കു മൂത്രവും ശുക്ലവും വരുന്നത്. നമുക്കും അപ്രകാരം തന്നെ മൂത്രക്കുഴലിൽ കൂടിയാണു മൂത്രവും ശുക്ലവും വരുന്നത്. എന്നാൽ സ്ത്രീകൾക്കുള്ള കുഴലിനു താഴെ ഗർഭപാത്രമായ സഞ്ചിപോലെയുള്ള ഒരു തോൽ ചേർന്നു മൂടിക്കിടക്കുന്നുണ്ട്. ആയതു സംയോഗസമയത്തു വായുശക്തിയാൽ തുറക്കുന്നു. അതേതുപ്രകാരമെന്നാൽ ഒരു തോൽപന്തിന്റെ അകത്തു പമ്പുകൊണ്ടു വായു കടത്തുംപ്രകാരമാണ്. അതു തുറന്നസമയത്തിൽ അതിൽ രക്തം, നീര് മുതലായവ ചെന്നു വീണു ഒഴവാക്കുന്നു. അതിൽ പുരുഷൻ എന്നു പറഞ്ഞു വരുന്നവരുടെയോ, സ്ത്രീയെന്നു പറഞ്ഞു വരുന്നവരുടെയോ ശുക്ലം

Since 1923

മുട്ടയുടെ ആകൃതിയിൽ ഒന്നു വീഴുകയും, അതു ഒഴറവിൽ നിന്നു വലുതായി, മൂപ്പെത്തി, പൊട്ടി, പുറത്തുവരികയും ചെയ്യുന്നു. അതിൽ സ്ത്രീയെന്ന രൂപവും, പുരുഷനെന്ന രൂപവും ഉണ്ടാകുന്നു.

ശി:—സ്ത്രീശുക്ലം സ്ത്രീരൂപമാണെന്നും, പുരുഷശുക്ലം പുരുഷരൂപമാണെന്നും പറഞ്ഞുവല്ലൊ ആ സ്ത്രീരൂപം ചിലതു അച്ഛന്റെ നിറവും, പുരുഷരൂപം ചിലതു അമ്മയുടെ നിറവും ആയി കാണപ്പെടുന്നുവല്ലൊ. അതിന്നെന്താണു കാരണം.

ഗു:—സംയോഗസമയത്തു പുരുഷനും സ്ത്രീയിൽ അതിപ്രേമത്തോടുകൂടിയ ഏകവിചാരത്തിലാണ് ശുക്ലം ഇളകിയതെങ്കിൽ ആ സ്ത്രീയുടെ രൂപം ശുക്ലത്തിൽ പ്രതിബിംബിക്കുന്നു. സ്ത്രീക്കും അതേപ്രകാരംതന്നെ പുരുഷനിൽ അതിപ്രേമം ഉണ്ടായാൽ ആ പുരുഷരൂപം സ്ത്രീയുടെ ശുക്ലത്തിലും പ്രതിബിംബിക്കുന്നു. അപ്പോൾ അന്യോന്യം പ്രതിബിംബിക്കുന്നതു രൂപമായി ഭവിക്കുന്നു. കാരണം, വിചാരമാണ് രൂപം. വിചാരമില്ലെങ്കിൽ രൂപമില്ല. ആ വിചാരം മനസ്സിൽനിന്നാണ് ഉത്ഭവിക്കുന്നതു്. ആ മനസ്സാണ് ശുക്ലം. ആ ശുക്ലത്തെകൊണ്ടാണ് സൃഷ്ടി. ആ സൃഷ്ടിയാണ് രൂപം. ആ രൂപമാണ് വിചാരം. ഇപ്രകാരമായതുകൊണ്ടാണ് നിറവ്യത്യാസത്തിന്നു ഇട വന്നിട്ടുള്ളതു്. അതിന്നു ദൃഷ്ടാന്തം; കുതിരയെ ഇണചേക്കുന്നതെങ്ങിനെയെന്നാൽ, നല്ല അഴകുള്ളതായ ഒരു ആൺകുതിരയെ പെൺകുതിരയുടെ മുമ്പിൽ നിൎത്തി, അതിന്നു ശേഷം ആ പെൺകുതിരയുടെ കണ്ണുകൾ കെട്ടി, ഒരു കോവർ കഴുതയെ മേൽ പറഞ്ഞ പെൺകുതിരയറിയാതെ അതിനോടു ഇണചേക്കുന്നു. ആ സമയത്തിൽ തന്റെ മുമ്പിൽ നിന്നിരുന്ന ആൺകുതിരയാണു തന്നോടു ഇണ ചേരുന്നതെന്നു അതു വിചാരിക്കുന്നു. അപ്പോൾ ആ കോവർ കഴുതയുടെ ബീജമായിരിക്കുന്ന ശുക്ലം ഇളകുന്ന സമയം ആ ശുക്ലത്തിൽ പെൺകുതിരയുടെ വിചാരം പ്രതിബിംബിച്ചു ഗൎഭപാത്രത്തിൽ പോയിവീഴുന്നു. അതിന്നു ശേഷം കഴുതയെ ദൂരപ്പെടുത്തി പെൺകുതിരയുടെ കണ്ണുകൾ കെട്ടിയതഴിക്കുന്നു. അ

മായി, വായുവായിരിക്കുന്ന റൂൽ കൊണ്ടാണ ലോകത്തെ ബന്ധിച്ചിട്ടുള്ളത്. അതുകൊണ്ടാണ കർമ്മബന്ധം എന്നു പറയുവാൻ കാരണം. കൂടാതെ ഒരാറം ചത്തുപോയാൽ അയാളുടെ കർമ്മം എന്തായിപോയി എന്നാണ പറയുന്നത്?

ശി:—അയാളുടെ കർമ്മം തീൎന്നുപോയി എന്നാണ്.

ഗു:—ഒരാറം ഉറങ്ങിക്കിടന്നു എന്നു പറയുന്ന സമയത്തു അയാളുടെ കർമ്മം അവസാനിച്ചുപോയി എന്നു പറയുന്നുണ്ടോ?

ശി:—ഇല്ല.

ഗു:—ചത്തപ്പോറം കർമ്മം അവസാനിച്ചുപോയി എന്നു പറയുവാനും, ഉറങ്ങിയെന്നു പറയുന്ന സമയം കർമ്മം അവസാനിച്ചിട്ടില്ലെന്നു പറയുവാനും കാരണമെന്തു?

ശി:—ചത്തപ്പോറം വായു അതിന്നുള്ളിൽ ഗതാഗതം ചെയ്യുന്നില്ല. ഉറങ്ങികിടക്കുന്നുവെന്നു പറയുന്ന സമയത്തു അയാളുടെ ഉള്ളിൽ കൂടി വായു ഗതാഗതം ചെയ്യുന്നുണ്ട്. അതുകൊണ്ടാണ അങ്ങിനെ പറയുവാൻ കാരണം.

ഗു:—എന്നുതന്നെയല്ല, ഒരു നിമിഷനേരം പോലും കർമ്മം കൂടാതെ യാതൊന്നിനും ജീവിച്ചിരിപ്പാൻ സാധിക്കയില്ലെന്നു പറയുന്നു. എന്നാൽ കർമ്മം എന്നതു പ്രവൃത്തിയാണെന്നും ലോകത്തിൽ പറയുന്നു. കർമ്മം എന്നതു പ്രവൃത്തിയാണെങ്കിൽ ഉറങ്ങുന്നു എന്നു പറയുന്ന സമയത്തു വല്ല പ്രവൃത്തിയും ഉണ്ടോ?

ശി:—ഉണ്ട്.

ഗു:—എന്താണ്?

ശി:—ഉറങ്ങുന്നതു്.

ഗു:—അതെങ്ങിനെയാണ്? ഉറങ്ങുന്നു വെന്നു പറയുന്ന സമയത്തു 'ഞാൻ ഇപ്പോറം ഉറങ്ങുകയാണ' എന്നുള്ള വിചാരം നിങ്ങറക്കുണ്ടോ?

ശി:—ഇല്ല.

ഗു:—എന്തുകൊണ്ട്?

ശി:—മനസ്സാകുന്ന ശക്തി ജീവനിൽ ചേൎന്നു അടങ്ങിയതിനാൽ.

ഗു:—എപ്പോറം വിചാരവും പ്രവൃത്തിയും ഉണ്ടായതു്?

മാതൃഭൂമി

ശി:—ഉറക്ക തെളിഞ്ഞപ്പോൾ.

ഗു:—എവിടെ നിന്നു?

ശി:—മനസ്സിൽ നിന്നു.

ഗു:—മനസ്സില്ലെങ്കിൽ വല്ലതും കേൾക്കുവാനോ, പ്രവൃത്തിപ്പാനോ, അറിയുവാനോ, സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—എന്നാൽ നിങ്ങൾ ഉറങ്ങുന്നു എന്നു പറയുന്ന സമയം പ്രവൃത്തിയുണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ കർമ്മമില്ലെ? പ്രവൃത്തി എന്നതു കർമ്മമെന്നാൽ, അറിയേണ്ടതല്ലെ?

ശി:—കർമ്മം ഉണ്ട്. കർമ്മം എന്നതു പ്രവൃത്തിയല്ല. അതിനാൽ അറിഞ്ഞില്ല.

ഗു:—കർമ്മമില്ലെങ്കിൽ ഒരു നിമിഷനേരം ഇരിപ്പാൻ സാധിക്കയില്ലെന്നു പറയുന്നു. ഉറങ്ങുന്നു എന്നു പറയുന്ന സമയത്തു കർമ്മം ഉണ്ടെന്നും വരുന്നു. അതിനാലും കർമ്മം പ്രവൃത്തിയല്ലെന്നും വായുവാണെന്നും വന്നു ആ കർമ്മമായതു ജീവശക്തിയായിരിക്കുന്ന വായുവാണ്. ആ വായു പുറത്തേക്കു വ്യാപിച്ചു ലോകത്തെ സൃഷ്ടിച്ചു, ലോകമായി ബന്ധിക്കപ്പെട്ടു. അപ്പോൾ ലോകം കർമ്മബന്ധമായി, എപ്പോൾ ചത്തുപോകുന്നുവോ അപ്പോൾ വായുവായിരിക്കുന്ന കർമ്മം തീർന്നുപോയി. അതുകൊണ്ടാണു കർമ്മം തീർന്നുപോയി എന്നു ലോകർ പറയുന്നത്. അതിനാൽ ലോകമെന്ന വിഷയത്തെ ബന്ധിച്ചിരിക്കുന്ന കർമ്മമായി വായുവായിരിക്കുന്ന ശക്തിയെ ആ ബന്ധത്തിൽനിന്നു വേർപ്പെടുത്തി തന്നിൽക്കൂടി നടത്തി അതിൻെറ ഉത്ഭവസ്ഥാനമായ ആകാശത്തിൽ അതായതു ബ്രഹ്മരന്ധ്രത്തിൽ ചേർത്തി ലയിക്കുന്നതാണ് മോക്ഷം എന്നു പറയുന്നതു്. ഇതാണ് കർമ്മയോഗം. കർമ്മം എന്നതു വായു, യോഗം എന്നതു ചേർച്ച. കർമ്മയോഗം എന്നതു വായുവിൻെറ ചേർച്ച. അതായതു, വായുവിൻെറ ഉത്ഭവസ്ഥാനമായ ആകാശമായ ബ്രഹ്മരന്ധ്ര

ത്തിൽ അതു ചേരുന്നതാണ്. അങ്ങിനെ ചെയ്യാതെ നാനാത്വമായി ഈശ്വരനെന്നു സങ്കല്പിച്ചു പൂജിക്കുക, ഭജിക്കുക, തൊഴുക, മന്ത്രങ്ങൾ എന്നു കരുതി നാമാദികൾ ജപിക്കുക, ദാനംകൊടുക്കുക, വ്രതം അനുഷ്ഠിക്കുക മുതലായതു ചെയ്തു ജനങ്ങൾ പട്ടിണികിടന്നു ബുദ്ധിമുട്ടി യാതൊരു വിവരവും ഇല്ലാതെ അധഃപതനമായി നശിച്ചു പോകുന്നതല്ലാതെ യാതൊരു ജ്ഞാനവും ഉണ്ടാകുന്നില്ല. ജ്ഞാനം ഉണ്ടാകേണമെങ്കിൽ മുൻപറഞ്ഞപ്രകാരം പ്രവൃത്തിക്കണം. അപ്പോൾ ജ്ഞാനമുണ്ടാവും. അതേ കർമ്മയോഗം.

## ഒമ്പതാം അദ്ധ്യായം.

ശി:—ഗുരോ! ലോകത്തിൽ ഇതുവരെ ധരിച്ചതിനു നേരെ എതിരായിട്ടാണ് ഇപ്പോൾ കല്പിക്കുന്നതു്. പഞ്ചഭൂതങ്ങളെപ്പററി പറഞ്ഞപ്പോൾ അഹങ്കാരം, മനസ്സ്, ജീവൻ ഇവകളാണ് ബ്രഹ്മാവു, വിഷ്ണു, ശിവൻ എന്നു പറഞ്ഞുവല്ലൊ. എന്നാൽ ലോകത്തിൽ പാരമ്പര്യമായി പറഞ്ഞുവരുന്നതു ത്രിമൂർത്തികളാണ് സൃഷ്ടി, സ്ഥിതി, സംഹാരം ചെയ്യുന്നതെന്നും അതിൽ ബ്രഹ്മാവു രജോഗുണമാണെന്നും, വിഷ്ണു സാത്വീകഗുണമാണെന്നും, ശിവൻ തമോഗുണമാണെന്നും ആണ്. അതിനാൽ ഈ വിഷയം വെളിപ്പെടുത്തി പറഞ്ഞുതരുവാനായി അപേക്ഷിക്കുന്നു.

ഗു:—ലോകം യഥാർത്ഥതത്വത്തിനു വിപരീതമായിട്ടുള്ളതിനാൽ വിപരീതം തോന്നിയതാണ്. അതിനെപ്പററിയും, ബ്രഹ്മം, വിഷ്ണു, ശിവൻ, ഇവർ ആരാണെന്നുവെച്ചാൽ അവരെപ്പററിയും പറയാം. ബ്രഹ്മാവായതു അഹങ്കാരവും, വിഷ്ണുവായതു മനസ്സും, ശിവനായതു ജീവനും ആണ് എന്നതിനെപ്പററിയും അഞ്ചാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. അതല്ലാതെ

മേൽപറഞ്ഞ ത്രിമൂർത്തികൾ മൂന്നു ഗുണമാണെന്നും, ആ ഗുണങ്ങൾ താമസം, രാജസം, സാത്വീകം, ഇവകളാണെന്നും പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ശിവൻ താമസഗുണമാണെന്നും, വിഷ്ണു സാത്വീകഗുണമാണെന്നും, ബ്രഹ്മാവു രാജസഗുണമാണെന്നും നിങ്ങൾ ഇപ്പോൾ പറയുന്നു. അങ്ങിനെ ഒരിക്കാലും വരുവാൻ പാടുള്ളതല്ല. അതെന്തുകൊണ്ടെന്നുവെച്ചാൽ, ബ്രഹ്മാവു സൃഷ്ടികർത്താവല്ല. ബ്രഹ്മാവു എന്നതു അഹങ്കാരമാണ്. ആ അഹങ്കാരമായ ബ്രഹ്മാവു മനസ്സിൽനിന്നാണ് ഉത്ഭവിച്ചതു്. ആ മനസ്സാണ് വിഷ്ണു. അതെങ്ങിനെയെന്നാൽ വിഷ്ണുവിൻെറ നാഭിയിൽനിന്നാണ് ബ്രഹ്മാവുണ്ടായതെന്നു പറയുന്നു. അപ്പോൾ വിഷ്ണുവില്ലെങ്കിൽ ബ്രഹ്മാവും സൃഷ്ടിയും ഇല്ല. നിങ്ങൾ ബ്രഹ്മാവാണ് സൃഷ്ടിച്ചതെന്നു പറയുന്നു. സൃഷ്ടികർത്താവായിരിക്കുന്ന ബ്രഹ്മാവു വിഷ്ണുവിങ്കൽനിന്നാണ് ഉത്ഭവിച്ചതെന്നും ആ ബ്രഹ്മാവാണ് സൃഷ്ടിച്ചതെന്നും വന്നാൽ ആ ബ്രഹ്മനെ സൃഷ്ടിച്ചതു വിഷ്ണുവാണ്. അതിനാൽ വിഷ്ണുവില്ലെങ്കിൽ ബ്രഹ്മാവും സൃഷ്ടിയുമില്ല. എന്നുതന്നെയല്ല, ബ്രഹ്മാവിന്നു അണ്ഡജൻ എന്ന നാമവും ഉണ്ട്. അണ്ഡജൻ എന്നാൽ മുട്ടയിൽനിന്നു ജനിച്ചവൻ എന്നർത്ഥമാണ്. ആ മുട്ട ഏതാണെന്നുവെച്ചാൽ ഈ കാണുന്ന ലോകമാണ്. ഈ ലോകം എന്നു പറയുന്നതു് നമ്മിൽനിന്നു ഒരു മുട്ടയുടെ ആകൃതിയായി പ്രതിബിംബിച്ചിട്ടുള്ളതാണ്. ആയതിന്നു ദൃഷ്ടാന്തം, ഭൂമിയിൽ എവിടെനിന്നു നോക്കിയാലും നാം കാണുന്ന ആകാശം നാലുഭാഗവും ഭൂമിയോടു തൊട്ടപോലെയും, ഉരുണ്ട ഒരു മുട്ടയുടെ ആകൃതിയിലും കാണപ്പെടുന്നു. അതിൻെറ ഉത്ഭവം തൻെറ മനസ്സിൽനിന്നാണ്. അതെങ്ങിനെയെന്നുവെച്ചാൽ, മനസ്സാണ് ശക്തി, അതാണ് വിഷ്ണു. അപ്പോൾ, ശക്തിയായി മനസ്സായിരിക്കുന്ന വിഷ്ണു ശുക്ലമാണ്, ആ ശുക്ലം നമ്മുടെ ശിരസ്സായിരിക്കുന്ന ആകാശത്തിൽ ധരിച്ചിട്ടുള്ളതാണ്. ആ ആകാശത്തിൽ ധരിക്കപ്പെട്ടിരിക്കുന്ന ശുക്ലമാണ് വിഷ്ണു. ആ വിഷ്ണുവായിരിക്കുന്ന ശുക്ലം നമ്മിൽനിന്നു വേർ

പെടാതെ നമ്മിൽതന്നെ ഒരു മുട്ടയുടെ ആകൃതിയിൽ നീപ്പോളപോലെ പുറത്തേക്കു തള്ളിയിരിക്കുന്നു. അതിനേയും വഹിച്ചുകൊണ്ടാണ് നമ്മുടെ ഇരിപ്പ്. അതേതുപ്രകാരമെന്നുവെച്ചാൽ 4_ാംഅദ്ധ്യായത്തിൽ പറഞ്ഞ കടലാവണക്കിന്റെ പാലിൽ ഒരു ഈർക്കിലെടുത്തു വട്ടത്തിൽ കെട്ടിമുക്കി ഊതിപിടിച്ചാൽ അതു അതിന്മേൽനിന്നു വിട്ടുപോകാതെ, പൊള്ളയായി മുട്ടാകൃതിയിൽ പുറത്തേക്കു തള്ളിനില്ക്കുന്നു. അല്പസമയം കൊണ്ടു അതു പൊട്ടിപ്പോകയുംചെയ്യുന്നു. ഇപ്രകാരംതന്നെയാണ് ജീവൻ മനസ്സാകുന്ന ശുക്ലത്തെ തള്ളിക്കൊണ്ടു തന്നിലിരുന്നു പുറത്തേക്കു വരുന്നത്. ആ മനസ്സാകുന്ന ശുക്ലം തന്നിൽനിന്നു വിട്ടുപോകാതെ മുട്ടയുടെ ആകൃതിയിൽ പൊള്ളയായി പുറത്തേക്കു തള്ളി വീർത്തുനില്ക്കുന്നു. അതിന്നാണ് ബ്രഹ്മാണ്ഡം എന്നു ലോകത്തിൽ പറയുന്നത്. എന്നാൽ അതു ശരിയല്ല. നമ്മിൽനിന്നു പുറത്തേക്കു തള്ളിക്കാണുന്ന ഈ ലോകം പിണ്ഡാണ്ഡമാണ്, ബ്രഹ്മാണ്ഡമല്ല. ബ്രഹ്മാണ്ഡം എന്നു പറയുന്നതു ബ്രഹ്മസ്വരൂപമായ ശുക്ലമിരിക്കുന്ന ശിരസ്സിന്നാണ്. ആ ശിരസ്സിൽനിന്നു മേൽപറഞ്ഞ ലോകത്തെ ജീവശക്തിയായി പരമാത്മാവായിരിക്കുന്ന വായു പ്രകൃതിയായിരിക്കുന്ന മായാസ്വരൂപമായി പുറത്തേക്കു തള്ളിക്കൊണ്ടു വന്നതാണ് ഈ കാണുന്ന ലോകം. അതിനാൽ നാം ഇപ്പോഠം ലോകമെന്നു പറഞ്ഞുവരുന്നതായി ഈ കാണുന്ന ലോകം പിണ്ഡാണ്ഡമാണ് ഈപിണ്ഡാണ്ഡമായിരിക്കുന്ന ലോകം ബ്രഹ്മാണ്ഡത്തിൽനിന്നു് മുട്ടാകൃതിയായി ഉത്ഭവിച്ച സമയത്തിൽ ഞാൻ എന്ന അഹങ്കാരം ഉണ്ടായി ഇതിനാലാണ ബ്രഹ്മാവിന്നു അണ്ഡജൻ എന്ന പേരുണ്ടായതു്. ആ അഹങ്കാരത്തിന്നാണ ബ്രഹ്മാവു എന്നു പേർ. ഇപ്രകാരമാണ ബ്രഹ്മാവിന്റെ ഉത്ഭവം.

ശി:—സ്വാമി! ബ്രഹ്മാവിന്റെ ഉത്ഭവം മേൽ പറഞ്ഞ പ്രകാരമാണെന്നു പൂർണ്ണവിശ്വാസമായി. എന്നാൽ സ്വാമിപറയുന്നതു കേഠംക്കുമ്പോഠം അവനവൻ തന്നെയാണ ബ്രഹ്മാവു എന്നു സ്പഷ്ടമാകുന്നു. എന്നാൽ വേദ ശാസ്ത്രാദികളിൽ ബ്ര

മാവിന്നു നാലു മുഖം ഉണ്ടെന്നും, അപ്രകാരം നാലു മുഖങ്ങളോടുകൂടിയ ബ്രഹ്മാവു സൃഷ്ടിക്കുന്നവനാണെന്നും കാണുന്നു. ഇപ്രകാരമാണു ലോകത്തിൽ ഗ്രഹിച്ചു പറഞ്ഞുവരുന്നത്. ഇതിന്റെ താല്പര്യം എന്താണെന്നു വിചാരിച്ചു പറഞ്ഞു തരുവാൻ അപേക്ഷിക്കുന്നു.

ഗു—അതു ശരി, എന്നാൽ മുഖം എന്നതു എന്താണെന്നാണ് നിങ്ങൾ ഗ്രഹിച്ചിരിക്കുന്നത്?

ശി:—മുഖം എന്നതു ഈ കാണുന്ന ശിരസ്സിൽ ചെവി, കണ്ണ്, മൂക്കു, വായ് ഇതുകൾ അടങ്ങിയിരിക്കുന്ന ഭാഗമാകുന്നു.

ഗു:—ഈ മുഖം ഇല്ലാതിരുന്നാൽ യാതൊരറിവുകളും ഉണ്ടാകുമോ?

ശി:—ഇല്ല.

ഗു:—എന്നാൽ മുഖമെന്നതെന്താണെന്നാണ് നാം അറിയേണ്ടത്?

ശി:—അറിവാകുമെന്ന്.

ഗു:—എന്നാൽ നിങ്ങൾ പറയുന്ന ഭാഗം മുഖമെന്നാൽ ഒരു ശവത്തിന്നു ഈ മുഖം ഇല്ലയോ?

ശി:—ഉണ്ട്.

ഗു:—അതിന്നെന്തെങ്കിലും അറിവുണ്ടോ?

ശി:—ഇല്ല.

ഗു:—അതിന്നെന്താണു കാരണം?

ശി:—അതിൽ ജീവനില്ലാത്തതുകൊണ്ടു.

ഗു:—അപ്പോൾ ജീവനില്ലെങ്കിൽ അറിവിരിക്കുമോ?

ശി:—ഇരിക്കയില്ല.

ഗു:—അപ്പോൾ അറിവെന്നതെന്താണ്.

ശി:—ജീവനാണ്.

ഗു:—അപ്പോൾ അറിവായി മുഖമായിരിക്കുന്ന വസ്തു ജീവനാകുന്നു. ആ മുഖമായിരിക്കുന്ന ജീവനിൽ നിന്നാണു ലോകം ഉത്ഭവിച്ചതു്. അതെങ്ങിനെയെന്നാൽ, ഒരു വിത്തിന്റെ ഏതു ഭാഗത്തിൽനിന്നാണു മുളയുണ്ടാകുന്നതു്?

ശി:—അതിന്റെ മുഖത്തിൽനിന്നു.

ഗു:—അപ്പോൾ അതിന്റെ ഉല്പത്തി എവിടെനിന്നു?

Since 1923

ശി:—മുഖത്തിൽനിന്നു.

ഗു:—ഒരു വസ്തുവില്ലെങ്കിൽ മുഖം ഉണ്ടോ?

ശി:—ഇല്ല.

ഗു:—ആ വസ്തുവായിരിക്കുന്ന ബീജത്തിന്നു ആദ്യമായുണ്ടായതു ഏതുഭാഗമാണ്.

ശി:—അതിൻെറ മുഖം.

ഗു:—എന്നാൽ ആദ്യമുണ്ടായതു മുഖം. ആ മുഖത്തിൽനിന്നാണു എല്ലാം ഉണ്ടാകുന്നതു്. എന്നു മാത്രമല്ല, ആ മുഖം വിത്തിൻെറ മേൽ ഭാഗമോ കീഴ്ഭാഗമോ?

ശി:—മേൽഭാഗം.

ഗു:—എന്നാൽ മുഖമെന്നു പറയുന്നതു അറിവായും, മേൽഭാഗമായും, ആദ്യമുണ്ടാകുന്നതായും, ഉത്ഭവസ്ഥാനമായും ഇരിക്കുന്നതാണ്. അപ്രകാരമുള്ള വസ്തു നമുക്കു ലോകമാകുന്നു. ലോകമില്ലെങ്കിൽ നമുക്കു ഇപ്രകാരം എന്തെങ്കിലും ഉണ്ടാകുമോ?

ശി:—ഇല്ല.

ഗു:—ഒരു ശവത്തിന്നു ലോകമുണ്ടോ?

ശി:—ഇല്ല.

ഗു:—കാരണമെന്തു?

ശി:—ജീവനില്ലാത്തതിനാൽ.

ഗു:—ജീവനില്ലെങ്കിൽ ലോകമുണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ ലോകം എവിടെനിന്നാണുണ്ടായതു്?

ശി:—ജീവനിൽനിന്നു.

ഗു:—അപ്പോൾ ജീവൻ ലോകത്തിന്നെന്തായി?

ശി:—ലോകത്തിൻെറ മുഖമായി.

ഗു:—അതുകൊണ്ടു മുഖമെന്നതു ജീവനാകുന്നു. അതാണു അറിവ്. അപ്പോൾ ജീവനായി, അറിവായിരിക്കുന്ന മുഖം നാലു അറിവുകളായിരിക്കുന്ന മുഖങ്ങളാകുന്നു. അതെന്തെന്നാൽ, മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം; ഈ നാലു മുഖങ്ങളില്ലെങ്കിൽ

സൃഷ്ടി ഉണ്ടാകുന്നതല്ല: ഈ നാലു മുഖങ്ങളോടുകൂടിയാണ അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവു് സൃഷ്ടിച്ചു വന്നതു്. അതിനാൽ ഞാനെന്ന അവസ്ഥയില്ലെങ്കിൽ നമുക്കെന്തെങ്കിലും ഉണ്ടാക്കുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—എന്നാൽ ഉണ്ടാക്കുന്നതു ആർ?

ശി:—ഞാൻ തന്നെ.

ഗു:—നിങ്ങളെന്തെങ്കിലും ഉണ്ടാക്കിയാൽ ആർ ഉണ്ടാക്കിയതെന്നു പറയുന്നു?

ശി:—ഞാനുണ്ടാക്കിയതെന്നു പറയുന്നു.

ഗു:—ഇതു മാത്രമല്ല, നിങ്ങൾക്കു ഒരു മകനുണ്ടായിരുന്നു. അവനെ വേറൊരുവൻ പിടിച്ചടിക്കുന്നു. അപ്പോൾ നിങ്ങൾക്കു കോപം വന്നു നിങ്ങൾ ആയാളോടു, ആർ ഉണ്ടാക്കിയ മകനെ നിങ്ങൾ അടിച്ചുവെന്നാണ് ചോദിക്കുക?

ശി:—'ഞാനുണ്ടാക്കിയ മകനെ നിങ്ങളാണോ അടിക്കുവാൻ', എന്നു ചോദിക്കും.

ഗു:—ആ സമയത്തിൽ ആയാളോടു ബ്രഹ്മാവുണ്ടാക്കിയ മകനെയാണോ നിങ്ങൾ അടിച്ചതു എന്നു ചോദിക്കുന്നുണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ ആരാണുണ്ടാക്കിയതു്?

ശി:—ഞാൻതന്നെ.

ഗു:—അതുകൊണ്ടു ബ്രഹ്മാവിന്നു നാലു മുഖമുണ്ടെന്നു പറയുന്നതു മേലെ പറയപ്പെട്ട മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരാദികളാണ്. ഈ നാലും കൂടാതെ യാതൊന്നും ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. അതിന്നു ദൃഷ്ടാന്തം എന്തെന്നാൽ, എന്തെങ്കിലും ഉണ്ടാക്കുവാൻ ശിശുക്കൾക്കു സാധിക്കുന്നതല്ല. അവൎക്കു മനസ്സും ചിത്തവും ഉണ്ടു്. കുറച്ചു മുതിൎന്നതിന്റെ ശേഷം അവൎക്കു ബുദ്ധിയുണ്ടാവുന്നു. ആ സമയം നാം പറയുന്നതിനെ അവർ ശ്രദ്ധിച്ചു ആലോചിക്കുന്നുണ്ടു്. ഞാനെന്ന അവസ്ഥ അവൎക്കു പൂൎത്തിയാകാത്തതുകൊണ്ടു യാതൊന്നും ഉണ്ടാക്കുന്നതിന്നു

സാധിക്കുന്നതല്ല. അവക്കു ഞാനെന്ന അഹങ്കാരം പൂണ്ണമാകു മ്പോൾ അവർ എന്തെങ്കിലും ഉണ്ടാക്കുന്നു. അതിന്നു വേറെ ദൃഷ്ടാന്തമെന്തെന്നാൽ, പ്രായമുള്ളവർ എഴുന്നേൽക്കുവാൻ സാധിക്കാത്ത ഒരു വിധം വ്യാധിവന്നു കിടക്കുമ്പോൾ അവക്കു മനസ്സ, ചിത്തം, ബുദ്ധി, ഇതുകളില്ലയോ?

ശി:__ഉണ്ട്

ഗു:__ആ സമയത്തിൽ അവക്കു ഞാനെന്ന അഹങ്കാരം ഉണ്ടോ?

ശി:—അഹങ്കാരം ഉണ്ട്. എന്നാൽ ആ അഹങ്കാരത്തിന്നു യാതൊന്നും പ്രവൃത്തിക്കുവാൻ ശക്തിയില്ല.

ഗു:__അപ്പോൾ അവക്കു എന്തെങ്കിലും ഉണ്ടാക്കുവാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല

ഗു:__കാരണമെന്തു്?

ശി:__ഞാനെന്ന അഹങ്കാരത്തിന്റെ ശക്തി കുറഞ്ഞുപോയതിനാൽ.

ഗു:—എന്നാൽ എന്തെങ്കിലും ഒന്നുണ്ടാക്കേണമെങ്കിൽ എന്തെല്ലാം വേണം?

ശി:__മനം, ചിത്തം, ബുദ്ധി, അഹങ്കാരം മുതലായതു നാലും വേണം.

ഗു:—അതിനാൽ മേൽപറഞ്ഞ നാലവസ്ഥകളും കൂടാതെ എന്തെങ്കിലും ഉണ്ടാക്കുവാനോ സ്ഥാപിക്കുവാനോ സാധിക്കുമോ?

ശി:__സാധിക്കയില്ല.

ഗു:__അതുകൊണ്ടാണ് ഈ നാലു അവസ്ഥകൾക്കു നാലു മുഖങ്ങളെന്നു പറയുന്നതു്. അതിനാലാണ് ബ്രഹ്മാവിന്നു നാന്മുഖനെന്നു പറഞ്ഞുവരുന്നതു്. ഈ നാലു മുഖങ്ങൾ ഇല്ലെങ്കിൽ ബ്രഹ്മാവിന്നു യാതൊരു സൃഷ്ടിയും ഇല്ല. ഇതുകൊണ്ടാണ് ബ്രഹ്മാവിന്നു ചതുർമുഖനെന്നും, ആ ചതുർമുഖനാണ് സൃഷ്ടിക്കുന്നതെന്നും പറയുവാൻ കാരണം.

ശി;__സ്വാമി! മനസ്സ, ചിത്തം, ബുദ്ധി, അഹങ്കാരാദികളായ നാലു മുഖങ്ങളോടുകൂടിയ ഞാൻതന്നെ ബ്രഹ്മാവെന്നു സ്പഷ്ടമാ

കുന്നു. എന്നാൽ ബ്രഹ്മാവിന്നു ഭാൎയ്യയുണ്ടെന്നും, അവാരം തന്റെ മകളാണെന്നും അവാരക്ക സരസ്വതിയെന്നു പേരെന്നും, സരസ്വതി ബ്രഹ്മാവിന്നു അമ്മയാണെന്നും, സഹോദരിയാണെന്നും വേദശാസ്ത്രാദികളിലെല്ലാം പറയുന്നു. അപ്രകാരത്തിലുള്ള ബ്രഹ്മാവു ഞാനെന്നു സ്പഷ്ടമായിരിക്കുമ്പോരം ഇതിന്റെ താല്പൎയ്യം എന്തു്?

ഗു:—സരസ്വതി ബ്രഹ്മാവിന്റെ മകളാണെങ്കിൽ മുമ്പു ഒരുവളെ വിവാഹംചെയ്തു, അവളിൽ ഒരു മകരം ജനിച്ചു, അവാരക്ക സരസ്വതിയെന്നു പേരിട്ടു, അവളെ ബ്രഹ്മാവു വിവാഹം ചെയ്തുവെന്നു ഏതെങ്കിലും ഒരു വേദശാസ്ത്രാദികളിൽ പറഞ്ഞിട്ടുണ്ടോ?

ശി:—ഇല്ല.

ഗു:—അല്ലെങ്കിൽ ബ്രഹ്മാവു വ്യഭിചാരം ചെയ്വാൻ പോയി. അവരിൽ ആൎക്കെങ്കിലും ഒരു മകരം ജനിച്ചു, ആ മകരക്ക സരസ്വതിയെന്നു പേരിട്ടു, അവളെ ബ്രഹ്മാവു വിവാഹംചെയ്തു എന്നു വേദശാസ്ത്രാദികളിൽ പറഞ്ഞിട്ടുണ്ടോ?

ശി:—ഇല്ല.

ഗു:—കൂടാതെ, ഒരു സ്ത്രീ അമ്മ, സഹോദരി, ഭാൎയ്യ, മകരം ഈ നാലു സ്ഥിതിയിലും വരുന്നതു ഏതുപ്രകാരം? ഏതുപ്രകാരത്തിൽ നോക്കിയാലും യുക്തമായി തോന്നുന്നില്ല. എന്തെന്നാൽ, ബ്രഹ്മാവു അമ്മയെതന്നെ വിവാഹംചെയ്തു ഭാൎയ്യയാക്കിയെന്നു വിചാരിക്കുക. അപ്പോരം സഹോദരിയായും, മകളായും വരുവാൻ അടിസ്ഥാനമുണ്ടോ?

ശി:—ഇല്ല.

ഗു:—അല്ലെങ്കിൽ താൻ സഹോദരിയെ വിവാഹംചെയ്തു ഭാൎയ്യയാക്കിയെന്നു വിചാരിക്കുക. അപ്പോരം അവാരം അമ്മയായും, മകളായും ഇരിപ്പാൻ ഇടയുണ്ടോ?

ശി:—ഇല്ല.

ഗു:—അതുകൊണ്ടു ഏതുവിധത്തിൽ നോക്കിയാലും ഒരു സ്ത്രീ മുൻപറഞ്ഞ നാലുവിധമായി തീരുന്നുവെന്നു പറയുന്നതിന്നു

യാതൊരു യുക്തിയുമില്ല. എന്നുതന്നെയല്ല, അങ്ങിനെയുണ്ടാവാൻ ഒരിക്കലും തരമില്ല ഇപ്രകാരമാണെങ്കിൽ വേദശാസ്ത്രപുരാണാദികളെ വിശ്വസിക്കുവാൻ തരമുണ്ടോ?

ശി:—തരമില്ല.

ഗു:—അതൊരിക്കലും പറയുവാൻ പാടില്ല. വേദശാസ്ത്രപുരാണാദികൾ ഒന്നുമേ കളവല്ല. എന്തെന്നാൽ വേദശാസ്ത്രപുരാണാദികൾ ആരാൽ ഉണ്ടാക്കപ്പെട്ടതാണെന്നാണ് നിങ്ങളുടെ വിശ്വാസം?

ശി:—അനുഭവസ്ഥന്മാരായി, മഹാത്മാക്കളായ ഋഷീശ്വരന്മാരാൽ ഉണ്ടാക്കപ്പെട്ടതാണെന്നാണ് എന്റെ വിശ്വാസം.

ഗു:—അപ്രകാരമുള്ള അനുഭവസ്ഥന്മാരായ ഋഷീശ്വരന്മാർ കളവെഴുതിയതെന്നു പറയാൻ പാടുണ്ടോ?

ശി:—അയ്യോ! അതൊരിക്കലും പറയാൻ പാടില്ല.

ഗു:—എന്നാൽ അനുഭവസ്ഥന്മാർ എഴുതിവിട്ടിരിക്കുന്ന അനുഭവങ്ങളെ ലോകർ അറിയാതെ തെററിദ്ധരിച്ചതാണ്. അനുഭവസ്ഥന്മാർ ബ്രഹ്മാവിനേയും, സരസ്വതിയേയും അറിഞ്ഞു ഇന്നിന്ന സംഗതികളെക്കൊണ്ടു സരസ്വതി ബ്രഹ്മാവിന്റെ മകളെന്നും, ഭാര്യയെന്നും, അമ്മയെന്നും സഹോദരിയെന്നും അറിഞ്ഞു അനുഭവപ്പെട്ടു, ആ അനുഭവത്തെ വേദശാസ്ത്രാദികളിൽ എഴുതിവെച്ചതാണ്. അതിനാൽ ബ്രഹ്മാവു ആരെന്നും, സരസ്വതി ആരെന്നും ആലോചിക്കണം. ബ്രഹ്മാവെന്നതു ദേഹമല്ലാതേയിരിക്കുന്ന ഈ ജഡത്തെ ദേഹമെന്നു അഭിമാനിച്ചുകൊണ്ടിരിക്കുന്ന അഹങ്കാരമാണെന്നു 4-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അപ്രകാരം അഭിമാനിച്ചുകൊണ്ടിരിക്കുന്നതു ഈ ജഡത്തിനെയാണ്. അപ്പോൾ ഈ ജഡമാണ് ബ്രഹ്മാവ്. സരസ്വതിയെന്നതു ആരെന്നാലോചിക്കുന്നതായാൽ നാവാണ്. എങ്ങിനെയെന്നാൽ സരസ്വതിക്കു പലേ പേരുകളുണ്ട്. എന്തെന്നാൽ ബ്രാഹ്മി, ഭാരതി, ഭാഷ, ഗീർ, വാക്ക, വാണി, സരസ്വതി, വ്യാഹാര, ഉക്തിർ, അഭികതി, ഭാഷിതം, വചനം, വച; ഇതുകളെല്ലാം സരസ്വതിയുടെ പേരുക

ളാണ്. ഇവകളെല്ലാം ഓരോ സംഗതിവശാൽ വന്നിട്ടുള്ള പേരുകളാണ്. ഇതല്ലാതെ പഞ്ചേന്ദ്രിയങ്ങളിൽ ഒന്നു സരസ്വതിയാകുന്നു. അതായതു വാക്ക എന്ന ഇന്ദ്രിയം. ഈ ഇന്ദ്രിയത്തിന്നു സരസ്വതിയെന്നു പറയുന്നു. സരസ്വതിയെന്ന പേർ നാവിന്നാകുന്നു. ഇതു മാത്രമല്ല ലോകവാസികഠം ഒരാളുടെ വിഷയമായി പറയുമ്പോഠം "അവൻെറ കെട്ട വാണി, കെട്ട സരസ്വതി, കെട്ട നാവ്" എന്നു പറയുന്നു. ഇതെല്ലാം നാവിനെപ്പററി പറയുന്ന വാക്കകളാണ്. അതിന്നാൽ ഈ വാക്കാണ് സരസ്വതി. ഇവഠം ബ്രഹ്മാവിന്നു മകളെന്നു പറയുവാൻ കാരണം എന്തെന്നാൽ, ഈ ജഡമാണ് അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവെന്നു മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ. ഈ അഹങ്കാരമായിരിക്കുന്ന ജഡമില്ലെങ്കിൽ നാവുണ്ടാകുമോ?

ശി:—ഇല്ല.

ഗു:—അപ്പോഠം നാവു എവിടെനിന്നുണ്ടായി?

ശി:—ഈ ജഡത്തിൽനിന്നു.

ഗു:—ഈ ജഡത്തിൽ നാവുണ്ടായതുകൊണ്ടു ഈ ജഡത്തിന്നു നാവ് ആരാകുന്നു?

ശി:—സന്താനമാകുന്നു.

ഗു:—അതുകൊണ്ടാണ് ബ്രഹ്മാവിന്നു മകഠം സരസ്വതിയെന്നു പറയുവാൻ കാരണം. അതെന്തെന്നാൽ ദേഹമല്ലാതെയിരിക്കുന്ന ജഡത്തിനെ ദേഹമെന്നഭിമാനിച്ചുകൊണ്ടിരിക്കുന്ന അഭിമാനമാണ് ഞാനെന്നു പറയുന്ന അഹങ്കാരമായ ബ്രഹ്മാവ്. ആ ബ്രഹ്മാവാണ് ജഡം. ആ ജഡത്തിൽനിന്നു നാവുണ്ടായതുകൊണ്ടു തനിക്കു മകളായി.

ശി:—ഗുരുവേ! മകളെന്നു പറയുന്നതു സ്ത്രീയല്ലയോ? അപ്പോഠം ഈ നാവു സ്ത്രീയോ പുരുഷനോ? ഏതുപ്രകാരത്തിലാണ് തീർച്ചപ്പെടുത്തേണ്ടതു്.

ഗു:—സ്ത്രീയെന്നാൽ ശക്തിയാകുന്നു. ശക്തിയില്ലെങ്കിൽ ലോകമില്ല. ഈ ലോകം ശക്തിയിൽനിന്നുത്ഭവിച്ചതാകുന്നു ആ ശക്തിതന്നെയാണ് ശബ്ദം. ശബ്ദമില്ലെങ്കിൽ ശക്തിയില്ല.

ശക്തിയില്ലെങ്കിൽ ശബ്ദവുമില്ല. അപ്പോഠം ശബ്ദവും ശക്തിയും ഒന്നുതന്നെയാണ്, രണ്ടല്ല. ശക്തിയില്ലെങ്കിൽ വാക്കും വായുവും ഇല്ല അപ്പോഴത്തെ സ്ഥിതിയാണ് സമീരണൻ എന്നു പറയുന്നത്. അതു നാം ഉറങ്ങുമ്പോഴുള്ള അവസ്ഥ. അതായതു ശക്തി, വായുരൂപമായി പുറത്തേക്കു ചലിക്കാതെ തന്റെ ഉള്ളിൽകൂടി മേല്പോട്ടും കീഴ്പോട്ടും മാത്രമായി ഗതാഗതം ചെയ്യുന്ന അവസ്ഥ. അതെന്തെന്നാൽ, തന്റെ ശക്തി വായുരൂപേണ പുറത്തേക്ക് ചലിക്കാത്തതിനാൽ താനായിരിക്കുന്ന ശിവൻ മാത്രമായി. അതേതുപ്രകാരത്തിലെന്നാൽ തന്റെ ശക്തിയായ ശബ്ദം തന്നിൽതന്നെ അടങ്ങി താൻ മാത്രമായിരിക്കുന്നു അതിനു ദൃഷ്ടാന്തം, നിങ്ങഠം സാൻേറാ രാമമൂത്തിയെ കേട്ടിട്ടില്ലയൊ! അദ്ദേഹം തന്നുടെ ഒരു കൈ നീട്ടി പിടിച്ചാൽ ആ കൈയിനെ മടക്കുവാൻ അഞ്ചില്ലെങ്കിൽ പത്താളുകഠം പ്രയത്നംചെയ്താൽ സാദ്ധ്യപ്പെടുമോ?

ശി:—സാദ്ധ്യപ്പെടില്ല.

ഗു:—കാരണമെന്താണ്?

ശി:—അദ്ദേഹം ശക്തിവാനായിരുന്നതുകൊണ്ട്.

ഗു:—എന്നാൽ അദ്ദേഹം ഉറങ്ങിക്കിടക്കുന്ന സമയത്തിൽ നാലോ അല്ലെങ്കിൽ അഞ്ചു വയസ്സുള്ള ഒരു കുട്ടിക്കു അദ്ദേഹത്തിന്റെ കയ്യിനെ എടുത്തു മടക്കുവാൻ സാധിക്കുന്നതല്ലയോ?

ശി:—സാധിക്കുന്നതാണ്.

ഗു:—അതെന്തുകൊണ്ട്? അദ്ദേഹം ശക്തവാനല്ലയോ? അദ്ദേഹം തന്റെ ഒരു കയ്യിനെ നീട്ടി പിടിച്ചപ്പോഠം സുമാർ അഞ്ചു പത്തു ബലവാന്മാരായ ആളുകഠംക്കു ആ കയ്യിനെ മടക്കുവാൻ സാധിക്കാതെ വന്നതിനും, അദ്ദേഹം ഉറങ്ങിയ സമയത്തിൽ നാലോ അഞ്ചോ പ്രായമുള്ള കുട്ടിക്കു ആ കയ്യിനെ പിടിച്ചു പൊന്തിച്ചു മടക്കുവാൻ സാദ്ധ്യപ്പെടുന്നതിനും കാരണമെന്തു്?

ശി:—അദ്ദേഹം ഉറങ്ങിയതിനാൽ ശക്തിയില്ലാത്തതുകൊണ്ട്.

ഗു:—അപ്പോഠം അദ്ദേഹത്തിന്റെ ശക്തി എന്തായിപ്പോയി?

ശി:—തന്നിൽതന്നെ ലയിച്ചിരുന്നു.

Since 1923

ഗു:—എന്നാൽ ശക്തി എവിടെ നിന്നാണുണ്ടാകുന്നതു്?

ശി:—തന്നിൽനിന്നു തന്നെയാണുണ്ടാകുന്നതു്.

ഗു:—എന്നാൽ തന്നിൽനിന്നുത്ഭവിച്ച ശക്തി തന്നിൽതന്നെ ലയിച്ചു താനായിരിക്കുമ്പോഠ എന്തെങ്കിലും ഉണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോഠ ശബ്ദം ഉണ്ടോ?

ശി:—ഇല്ല.

ഗു:—അതിനാൽ ശബ്ദമില്ലെങ്കിൽ ഈ കാണുന്ന യാതൊരവസ്ഥകളേയും കേഠക്കുവാനോ, കാണുവാനോ അറിയുവാനോ സാദ്ധ്യമുണ്ടോ?

ശി:—സാദ്ധ്യമില്ല.

ഗു:—അപ്പോഠ ഇതുകഠക്കെല്ലാം കാരണമെന്തു?

ശി:—ശബ്ദം.

ഗു:—അപ്പോഠ ആ ശബ്ദം എന്തായി?

ശി:—ശക്തിയായി.

ഗു:—ആ ശബ്ദസ്വരൂപമായ ശക്തിയിൽനിന്നാണു ഈ കാണപ്പെടുന്ന എല്ലാ അവസ്ഥകളും ഉണ്ടായിട്ടുള്ളതു്. അതിനാൽ ശബ്ദസ്വരൂപമായിരിക്കുന്ന ശക്തി സ്ത്രീയോ പുരുഷനോ?

ശി:—സ്ത്രീ.

ഗു:—അപ്പോഠ ശബ്ദം എന്തായി?

ശി:—സ്ത്രീയായി.

ഗു:—ആ ശബ്ദം ഉണ്ടാവാൻ വേണ്ടിയ രൂപം എന്താണ്?

ശി:—നാവു്.

ഗു:—സ്ത്രീയായ ശബ്ദത്തെ ഉണ്ടാക്കുന്നതിനു കാരണമായിരിക്കുന്ന രൂപം നാവാകുന്നതുകൊണ്ടാണു അതിനെ സ്ത്രീയെന്നു പറയുവാൻ കാരണം. ആ ശബ്ദത്തിന്നാണു സരസ്വതിയെന്നു പേർ. അതുകൊണ്ടാണു നാവിന്നു സരസ്വതിയെന്നു പേർ വന്നതു്. ഈ നാവു ബ്രഹ്മാവായ മുഖത്തിൽനിന്നു ത്ഭവിച്ചതുകൊണ്ടു ബ്രഹ്മാവിന്നു നാവു മകളായി. ഇതിനാലാണു ബ്രഹ്മാവിന്നു മകഠ സരസ്വതി എന്നു പറയുവാൻ

കാരണം. ബ്രഹ്മാവിന്നു ഭാൎയ്യ സരസ്വതിയെന്നു പറയുവാൻ കാരണം, താൻ തൻെറ മകളായ സരസ്വതിയെകൊണ്ടു പ്രവൃത്തി ചെയ്യിപ്പിക്കുന്നതാണ്.

ശി:—നമുക്കെല്ലാം പെൺമക്കളുണ്ടല്ലൊ. ആ മക്കളെക്കൊണ്ടു നാമും പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നുണ്ടല്ലൊ. അപ്പോൾ അവർ നമുക്കു ഭാൎയ്യയാകുമോ?

ഗു:—നാം നമ്മുടെ മക്കളെക്കൊണ്ടു പ്രവൃത്തി ചെയ്യിപ്പിക്കുന്ന പ്രകാരമല്ല ബ്രഹ്മാവു തൻെറ മകളെക്കൊണ്ടു പ്രവൃത്തി ചെയ്യിക്കുന്നതു്. ബ്രഹ്മാവു തൻെറ മകളെ സംയോഗം ചെയ്തിട്ടാണു പ്രവൃത്തി ചെയ്യിക്കുന്നതു്. അതേതുപ്രകാരമെന്നാൽ നാം ഉറങ്ങുന്ന സമയത്തിൽ നമുക്കു യാതൊരു ശബ്ദവും ഉണ്ടാക്കുവാനോ, കേൾക്കുവാനോ സാദ്ധ്യമുണ്ടോ?

ശി:—സാദ്ധ്യമില്ല.

ഗു:—അതെന്തുകൊണ്ടു്.

ശി:—ഞാനെന്നവസ്ഥയില്ലാത്തതു കൊണ്ടു്.

ഗു:—ഇതല്ലാതെ ഒരു കൈ മാത്രം വീശിയാൽ ശബ്ദം ഉണ്ടാകുമോ?

ശി:—ഇല്ല

ഗു:—ഇപ്പോൾ നാം ഉറങ്ങുന്നതായാൽ ഞാനെന്ന അവസ്ഥയും ഇല്ല. അപ്പോൾ യാതൊരു ശബ്ദവും ഉണ്ടാക്കുവാൻ സാദ്ധ്യവുമില്ല. ഉറക്കം ഉണൎന്നപ്പോൾ ഞാനെന്ന അവസ്ഥയുണ്ടായി. ആ ഞാനെന്ന അവസ്ഥയാണു അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവു്. ആ അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവു, തന്നിൽ നിന്നുത്ഭവിച്ച തൻെറ മകളായിരിക്കുന്ന നാവിനെ സംയോഗം ചെയ്തു ശബ്ദമുണ്ടാക്കി, സംസാരിക്കുന്ന പ്രവൃത്തിക്കുപയോഗിച്ചു. ഇതുകൊണ്ടാണു ബ്രഹ്മാവിന്നു സരസ്വതി ഭാൎയ്യയെന്നു പറയുന്നതു്. സംയോഗം എങ്ങിനെയെന്നാൽ, ഞാനെന്ന അഹങ്കാരം ഇല്ലാതിരുന്നാൽ നാവിന്നു യാതൊരു ശബ്ദവും ഉണ്ടാക്കുവാൻ സാദ്ധ്യമില്ല. ഞാനെന്ന അഹങ്കാരം ഉണ്ടാകുമ്പോൾ, തൻെറ മകളായ നാവിനോടു ചേൎന്നു. ആ ചേൎച്ചയാണു സംയോഗം. സംയോഗമെന്നാൽ സം+യോ

ഗം; സം=അതു (അവാം)! യോഗം=ചേച്ച്; അവളോടു ചേരുന്നതു്. അപ്പോൾ അഹങ്കാരമായിരിക്കുന്ന ഞാൻ നാവൊന്നിച്ചു ചേൎന്നു ആ നാവിനെ മേലേയും കീഴേയും തട്ടി ശബ്ദം ഉണ്ടാക്കി, വാക്കായിരിക്കുന്ന പ്രവൃത്തി ഉണ്ടാകുന്നു. ഇതുകൊണ്ടാണ് ബ്രഹ്മാവിന്നു സരസ്വതി ഭാൎയ്യയെന്നു പറയുന്നതു്. അമ്മയെന്നു പറയുന്നതിന്നു കാരണമെന്തെന്നാൽ: ശബ്ദമില്ലെങ്കിൽ യാതൊന്നുമില്ല. ശബ്ദമില്ലെങ്കിൽ ഞാനെന്ന അവസ്ഥയുമില്ല. അതെങ്ങിനെയെന്നാൽ, നാം ഉറങ്ങുമ്പോൾ നമുക്കു ശബ്ദം കേൾക്കുവാനോ, ശബ്ദം ഉണ്ടാക്കുവാനോ സാദ്ധ്യമല്ല. എപ്പോൾ ശബ്ദം തട്ടുന്നുവോ, അപ്പോൾ ഉറക്കം തെളിയുന്നു. അപ്പോഴാണ് ഞാനെന്ന അവസ്ഥ ഉണ്ടായതു്. ആ ഞാനെന്ന അവസ്ഥ എവിടെനിന്നുണ്ടായി?

ശി:—ശബ്ദത്തിൽനിന്നുണ്ടായി.

ഗു:—ശബ്ദത്തിൽനിന്നു ഞാനുണ്ടായപ്പോൾ എനിക്കു ശബ്ദം ആരായി?

ശി:—അമ്മയായി.

ഗു:—അതുകൊണ്ടാണ് സരസ്വതി ബ്രഹ്മാവിന്നു അമ്മയെന്നു പറയുവാൻ കാരണം. ബ്രഹ്മാവിന്നു സരസ്വതി സഹോദരിയെന്നു പറയുവാൻ കാരണം; ശബ്ദത്തിൽനിന്നു ഞാൻ ആദ്യം ഉണ്ടായി. അതിൻെറ ശേഷം ശബ്ദമുണ്ടായി അപ്പോൾ ശബ്ദമുണ്ടാകുന്നതിന്നുമുമ്പു ഞാനുണ്ടായി. അതിൻെറശേഷം സ്ത്രീയായ ശബ്ദവും തന്നിൽനിന്നുണ്ടായി. ആയതിനാൽ മുമ്പു ഞാനും, അതിൽപിന്നെ തന്നിൽനിന്നു ശബ്ദമാകിയ സ്ത്രീയും ഉണ്ടായ്കകൊണ്ടു ആ സ്ത്രീ എനിക്കു ആരാകുന്നു.

ശി:—സഹോദരിയാകുന്നു

ഗു:—അതിനാൽ ഞാനെന്ന അവസ്ഥ ആദ്യമുണ്ടായി. അതിൻെറ ശേഷം ശബ്ദമായ സ്ത്രീ ഉണ്ടായതുകൊണ്ടു് തൻെറകൂടെ ജനിച്ചവൾ, അതായതു സഹോദരിയെന്നും ആയി. ഇതുകൊണ്ടാണ് ബ്രഹ്മാവിന്നു സഹോദരി സരസ്വതിയെന്നു പറഞ്ഞുവരുന്നതു്. അതുകൊണ്ടു മുൻപറഞ്ഞ രീതിയിലാണ് ബ്രഹ്മാവിൻെറയും സരസ്വതിയുടേയും സ്ഥിതികൾ. ഇതുകൊണ്ടാ

Since 1923

ണ് വേദശാസ്ത്രാദികളിൽ ഇങ്ങിനെ പറഞ്ഞിട്ടുള്ളത്. അതു കളുടെ യഥാൎത്ഥതത്വത്തെ ഗ്രഹിക്കാതെ ലോകത്തിൽ ജനങ്ങൾ ഇന്നിന്നതുകൾ അബദ്ധമെന്നു ഗ്രഹിക്കാതേയും, ന്യായാന്യായങ്ങളെ ആലോചിക്കാതേയും, യാതൊരു ലജ്ജയും ഇല്ലാതെ 'ഞാൻ പണ്ഡിതൻ, എനിക്കു പണ്ഡിതപട്ടം ധരിക്കണം', എന്നു അഭിമാനിച്ചും, അഹങ്കരിച്ചും എന്തെങ്കിലും പറഞ്ഞു അട്ടഹസിച്ചുംകൊണ്ടിരിക്കുന്നു. അതിനാൽ മേൽപറഞ്ഞ പ്രകാരമാണ് ബ്രഹ്മാവിൻേറയും, സരസ്വതിയുടേയും ഉത്ഭവം. അതു മനസ്സിൽനിന്നുത്ഭവിച്ചതാണ്. ആ മനസ്സാണ് വിഷ്ണു. ആ വിഷ്ണുവിൽനിന്നാണ് വിശ്വം ഉണ്ടായതു്. ആ വിഷ്ണുവാകുന്ന മനസ്സാണ് വിശ്വത്തെ ഭരിച്ചുംകൊണ്ടിരിക്കുന്നതു്. അതിനാൽ വിഷ്ണുവിന്നു വിശ്വംഭരൻ എന്ന പേരുണ്ടായി. വിശ്വം എന്നതു ലോകം. ഈ വിശ്വം, മനസ്സാകുന്ന വിഷ്ണുവില്ലെങ്കിൽ ഉണ്ടാകുന്നതല്ല അതെന്തുകൊണ്ടെന്നാൽ, ഒരാൾ ഉറങ്ങുന്നുവെന്നു പറയുന്ന സമയത്തു ആയാൾക്കു വിശ്വമില്ല. എപ്പോൾ ഉറക്കുണരുന്നുവോ അപ്പോൾ മനസ്സാകുന്ന വിഷ്ണു മുട്ടയുടെ ആകൃതിയായി പുറത്തേക്കുവന്നു. അപ്പോൾ വിശ്വമായിരിക്കുന്ന ലോകമുണ്ടായി. അപ്പോൾ മുൻ വിവരിച്ചപ്രകാരം പിണ്ഡാണ്ഡമായി, മുട്ടാകൃതിയായി, പുറത്തുതള്ളി നില്ക്കുന്ന ലോകത്തിൽ തന്നുള്ളിൽ ഇരിക്കുന്ന ജീവശക്തി തന്നിൽനിന്നു് വിട്ടുപോകാതെ പുറത്തുതള്ളിനില്ക്കുന്ന പിണ്ഡാണ്ഡമായിരിക്കുന്ന ലോകമായ പുറത്തിനുള്ളിൽ പ്രതിബിംബിച്ചുകാണുന്നതാണ് നാം കേൾക്കുന്നതും, കാണുന്നതും അറിയുന്നതുമായ എല്ലാ അവസ്ഥകളും. ഇതിന്നൊക്കെയും കാരണം മനസ്സാണ്. ആ മനസ്സാണ് വിശ്വംഭരനായിരിക്കുന്ന വിഷ്ണു. ആ വിശ്വംഭരനായിരിക്കുന്ന വിഷ്ണുവാണ് രജോഗുണം. അതെന്തുകൊണ്ടെന്നാൽ രാജ്യം ഭരിക്കുന്ന ആൾക്കു രാജാവെന്നു പറയുന്നു. കാരണം, ആ രാജ്യത്തിൻെറ എല്ലാ ഭരണകർത്തൃത്വങ്ങളും രാജാവിന്നിരിക്കുന്നതുപോലെ വിശ്വത്തിനെ ഭരിച്ചുംകൊണ്ടിരിക്കുന്നതുകൊണ്ടു മനസ്സാകുന്ന വിഷ്ണുവിന്നു വിശ്വംഭരൻ എന്നു പേർ. അപ്പോൾ വിശ്വമായ ലോകത്തിന്നു രാ

ജാവു മനസ്സായിരിക്കുന്ന വിഷ്ണുവാണ്. അതിനാൽ ഭരണകർത്തൃത്വം ആർക്കിരിക്കുന്നുവോ അദ്ദേഹം രാജാവാണ്. കൂടാതെ, വിഷ്ണുവെന്നും ശിവനെന്നും സങ്കല്പിച്ചു വരഞ്ഞതായ ഒരു പടത്തെ അതായതു ചിത്രത്തെ നോക്കിയാൽ വിഷ്ണുവെന്നതു അനന്തശയനനായി, കിരീടപതിയായി, മുത്തുമാല, കങ്കണം, മുതലായ ആഭരണങ്ങളും, പട്ടുവസ്ത്രവും ധരിച്ചു, സർവ്വാലങ്കാരഭൂഷിതനായി, ഭാര്യമാരായ ലക്ഷ്മി, ക്ഷമ ഇവരോടും പരിസേവകന്മാരായ തുംബുരു, നാരദൻ, വീണാനാരദൻ, ഗരുഡൻ മുതലായവരോടും, മഹാരജോഗുണമൂർത്തിയായി കാണപ്പെടുന്നു. എന്നുതന്നെയല്ല, കിരീടം രാജാക്കന്മാർക്കാണ്. അതിനാൽ രജോഗുണം വിഷ്ണുവാണ്. കൂടാതെ നിങ്ങൾ രജോഗുണംകൊണ്ടു സൃഷ്ടികർത്താവായിട്ടു ബ്രഹ്മാവിനെ പറയുന്നു. അതും ശരിയാണ്. അതെന്തെന്നുവെച്ചാൽ, രജോഗുണമായിരിക്കുന്ന മനസ്സാകുന്ന വിഷ്ണു ശുക്ലമാണ്. ആ ശുക്ലത്തെകൊണ്ടാണ് അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവു സൃഷ്ടിക്കുന്നതു്. അതേതു പ്രകാരമെന്നുള്ളതിനുദാഹരണം "വാൾകൊണ്ടു രാമൻ വാഴയെ മുറിച്ചു", എന്ന വാചകത്തിൽ ഒരിക്കലും വാൾ രാമനാകുന്നതല്ല, വാൾ എന്നു പറയുന്നതു ഒരു സാധനമാണ്. വാഴ എന്നു പറയുന്നതും ഒരു സാധനമാണ്. വാഴയെന്ന സാധനത്തെ വാൾ എന്ന സാധനത്തെക്കൊണ്ടു രാമൻ മുറിച്ചതാണ്. വാൾ എന്നും വാഴ എന്നും ഉള്ള സാധനങ്ങളില്ലെങ്കിൽ മുറിക്കുന്ന പ്രവൃത്തിയില്ല, ഇപ്രകാരംതന്നെ രജോഗുണമെന്നു പറയുന്ന വിഷ്ണുവെന്ന ശുക്ലം ഒരു സാധനമാണ്. ആ ശുക്ലമായിരിക്കുന്ന സാധനത്തെക്കൊണ്ടാണ് സൃഷ്ടികൾ. ആ സാധനമില്ലെങ്കിൽ സൃഷ്ടിയില്ല. സൃഷ്ടിക്കുന്നതു അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവാണ്. ആ അഹങ്കാരമില്ലെങ്കിൽ സംയോഗമില്ല. ആ അഹങ്കാരമുണ്ടായിട്ടും മനസ്സില്ലെങ്കിൽ സംയോഗം ഉണ്ടാകുന്നതല്ല. മനസ്സാകുന്ന ശുക്ലംനിമിത്തം അഹങ്കാരമായിരിക്കുന്ന ബ്രഹ്മാവു സംയോഗമാകുന്ന പ്രവൃത്തിയാൽ മേൽപറഞ്ഞ രജോഗുണമായിരിക്കുന്ന ശുക്ലത്തെക്കൊണ്ടു സൃ

ഷ്ടിക്കുന്നു. ഇതുകൊണ്ടാണ് രജോഗുണംകൊണ്ടു ബ്രഹ്മാവു് സൃഷ്ടിക്കുന്നു എന്നു പറയുന്നതു്. ആയതിനാൽ ബ്രഹ്മാവു രജോഗുണമല്ല. താമസഗുണമാണ്. ശിവൻ എന്നതു താമസരാജസഗുണങ്ങളെ വിട്ടു ശുദ്ധസാത്വീകം ഒന്നു മാത്രമായി ജടാവല്ക്കലവും ഭസ്മരുദ്രാക്ഷാദികളും ധരിച്ചു മൌനവൃത്തിയായി എപ്പോഴും തപോനിഷ്ഠയായി യാതൊരു അലങ്കാരവുംകൂടാതെ കാണപ്പെടുന്നു. അതു സാത്വീകഗുണമാണ്. അതായതു ശിവനായിരിക്കുന്ന ജീവനാണ്. ആ ജീവനാണ് രക്ഷിക്കുന്നതു്. അതുകൊണ്ടാണ് സത്വഗുണംകൊണ്ടു രക്ഷാകർത്താവാണ് വിഷ്ണുവെന്നു പറയുന്നതു്. അതിനാൽ മനസ്സാകുന്ന വിഷ്ണു രക്ഷിക്കണമെങ്കിൽ ജീവൻ വേണം. ജീവനെക്കൊണ്ടാണ് മനസ്സാകുന്ന വിഷ്ണു രക്ഷിക്കുന്നതു്. ജീവനില്ലെങ്കിൽ യാതൊന്നും ഇല്ല. രജോഗുണമായിരിക്കുന്ന മനസ്സിൽനിന്നു് ഭൂതമായിരിക്കുന്ന അഹങ്കാരം ഉത്ഭവിക്കുന്നു. ആ ഭൂതമായിരിക്കുന്ന അഹങ്കാരത്തെ സാത്വീകമായിരിക്കുന്ന ജീവൻ രക്ഷിക്കുന്നു. അതേതുപ്രകാരമെന്നുവെച്ചാൽ, മനസ്സാകുന്ന രജോഗുണത്തെക്കൊണ്ടു സംയോഗംനിമിത്തം അഹങ്കാരമായിരിക്കുന്ന ഈ കാണുന്ന ജഡത്തെ സൃഷ്ടിച്ചു. ഈ ജഡത്തെ സാത്വീകമായിരിക്കുന്ന ജീവനാണ് രക്ഷിക്കുന്നതു്. അതെങ്ങിനെയെന്നാൽ സംയോഗംനിമിത്തം രജോഗുണമായിരിക്കുന്ന ശുക്ലത്താൽ അഹങ്കാരമായി, ഭൂതമായിരിക്കുന്ന രൂപത്തെ സൃഷ്ടിക്കുന്നു. അതാണ് ജനിച്ചുവീണതായ കുട്ടി. ആ കുട്ടിയിങ്കൽ ജീവനായിരിക്കുന്ന സാത്വീകഗുണമില്ലെങ്കിൽ അതു ശവമാമാണ്. അതിനാൽ ജീവന്റെ ശക്തിയായിരിക്കുന്ന വായുവുള്ളപ്പോളം ജീവനുണ്ടെന്നും പറയുന്നു. ആ ജീവനായി, വായുവായി, സാത്വീകമായിരിക്കുന്ന ശിവങ്കൽനിന്നു രജോഗുണമായിരിക്കുന്ന മനസ്സുത്ഭവിച്ചു. അതിനാൽ സാത്വീകത്തിൽനിന്നു രാജസം ഉണ്ടായി എന്നും പറയുന്നു. സാത്വീകഗുണമായിരിക്കുന്ന ജീവന്റെ ചലനമായ വായുവെന്ന സാധനത്തെക്കൊണ്ടു രക്ഷിച്ചുവരുന്നതു ആ രാജസമാണ്. ഇതുകൊണ്ടാ

ണ് സത്വഗുണംകൊണ്ടു രക്ഷാകർത്താവായിട്ടു വിഷ്ണുവെ പറയുന്നതു്. തമോഗുണത്താൽ സംഹാരരുദ്രനായിട്ടു ശിവനെ പറയുന്നു. അതെന്താണെന്നുവെച്ചാൽ തമോഗുണം ഹേതുവാൽ ശിവൻ സംഹാരരുദ്രനായിത്തീരുന്നു. ആയതു, ആത്മാവായി, ജീവനായി, വായുവായി, തേജസ്സായിരിക്കുന്ന വസ്തുവാണ് ശിവൻ. രുദ്രൻ എന്നതിൽ, രുകാരം എന്നതു തേജസ്സ് അതു അഗ്നിയാണ്. ആ അഗ്നി ദ്രവിച്ചുനശിക്കുന്നു. അതിന്നാണ് രുദ്രനെന്നു പറയുന്നതു്. ആയതിനാൽ മുൻപറഞ്ഞ ശിവനായി, തേജസ്സായിരിക്കുന്ന വസ്തു ദ്രവിച്ചു നശിച്ചുകൊണ്ടിരിക്കുന്നതിനാൽ രുദ്രൻ എന്നു പറയുന്നു. അതിന്നു കാരണം, തമോഗുണമായിരിക്കുന്ന അന്ധകാരമാണ്. ആ അന്ധകാരമാണു അഹങ്കാരം. ആ അഹങ്കാരം നിമിത്തം തന്നെത്താനറിയാതെ അതു വേണം, ഇതു വേണം, ഞാൻ ശ്രേഷ്ഠൻ, സ്ഥാനി, മാനി, എന്നീപ്രകാരത്തിലുള്ള ദുരഭിമാനത്താൽ മോഹാന്ധന്മാരായി, ജീവനായി, തേജസ്സായിരിക്കുന്ന വസ്തു ദ്രവിച്ചു അധോഗതിയായി ജനങ്ങൾ നശിച്ചുപോകുന്നു. ഇതിനാലാണു ശിവൻ രുദ്രനായി ഭവിച്ചു സംഹാരം ചെയ്യുന്നുവെന്നു പറയുന്നതു്. ഇതല്ലാതെ നമ്മളിൽനിന്നു വേറിട്ടു ഒരു ശിവൻ രുദ്രനായി ജനിച്ചുവന്നു നമ്മെ കൊല്ലുന്നതല്ല. നമ്മളിലിരിക്കുന്ന ജീവനായി, വായുവായി പ്രകാശമായിരിക്കുന്ന വസ്തു അഹങ്കാരം നിമിത്തം തന്നെത്താനറിയാതെ മുൻ പറഞ്ഞ ദുരഭിമാനങ്ങളായ വിചാരങ്ങളാൽ നശിച്ചുപോകുന്നതാണ്. അതല്ലാതെ ലോകത്തിൽ പ്രതിഷ്ഠാദികൾ ചെയ്തു പൂജിച്ചു വരുന്നു. ഇതു നോക്കുമ്പോൾ തമോഗുണം ബ്രഹ്മാവും, രജോഗുണം വിഷ്ണുവും, സത്വഗുണം ശിവനുമായിട്ടാണു കാണുന്നതു്. എന്തുകൊണ്ടെന്നാൽ, ബ്രഹ്മാവിനെ ലോകത്തിൽ ആരും പൂജിക്കുന്നതു കാണുന്നില്ല. വിഷ്ണുവിനേയും ശിവനേയും മാത്രമേ പൂജിച്ചു വരുന്നുള്ളു. രജോഗുണം ബ്രഹ്മാവായിരുന്നാൽ നിശ്ചയമായും ബ്രഹ്മാവിനേയും പൂജിക്കേണ്ടതാണ്. അപ്രകാരം ലോകത്തിൽ തമോഗുണത്തെ ആരും

പൂജിക്കുന്നില്ല. സത്വഗുണത്തേയും, രജോഗുണത്തേയും മാത്ര
മേ പൂജിക്കുന്നതായി കാണുന്നുള്ളു. അതെന്തുകൊണ്ടെന്നാൽ
രജോഗുണം രാജാവായിരിക്കുന്നതിനാൽ രാജാവിനെ പൂജിക്ക
വേണം. എന്തുകൊണ്ടെന്നാൽ രാജാവു രക്ഷാകർത്താവാണു്.
അതുകൊണ്ടു രക്ഷിക്കുന്ന രാജാവിനെ സാധാരണയായി
പൂജിച്ചുവരുന്നു. അതു മല്ലാതെ രാജാവും ബാക്കി പ്രജകളും
സാത്വീകത്തെ പൂജിച്ചുവരുന്നു. സാത്വീകം സന്ന്യാസിയാ
ണു്. അതെങ്ങിനെയെന്നാൽ അവർ രാജസതാമസ ഗുണ
ങ്ങളെ വിട്ടു ശുദ്ധ സാത്വീക ഗുണത്തോടു മാത്രം നടക്കുന്നവ
രാണു്. അപ്രകാരമുള്ളവർ ലോകഗുരുക്കളാണു്. അങ്ങിനെ
യുള്ള ലോകഗുരുക്കളായ സന്ന്യാസികളെ രാജാവു മുതലായ
എല്ലാ ജനങ്ങളും പൂജിച്ചുവരുന്നു. അപ്പോൾ ലോകത്തിൽ
സാധാരണയായി സാത്വീക ഗുണത്തേയും, രാജസഗുണ
ത്തേയും മാത്രമേ പൂജിക്കുന്നുള്ളു. തമോഗുണക്കാരായി, രാഗ
ദ്വേഷികളായി നടക്കുന്നവരെ യാതൊരാളും പൂജിക്കാറില്ല.
ഇതിന്നനുസരിച്ചാണു ലോകത്തിൽ പൂജാക്രമങ്ങളും കാണുന്ന
തു്. അതെങ്ങിനെയെന്നാൽ വിഷ്ണുക്ഷേത്രങ്ങളിൽ വിഷ്ണു
വെന്നു സങ്കല്പിച്ചതായ ബിംബങ്ങളെ ഏതു പ്രകാരത്തിലാണു
പൂജിക്കുന്നതു്?

ശി:—അതിനെ കുളിപ്പിച്ചു പീതാംബരം അതായതു പട്ടുവസ്ത്രം
മുതലായതു കെട്ടിച്ചു സുഗന്ധദ്രവ്യം മുതലായതു ചാർത്തി, പല
ആഭരണങ്ങളും ധരിപ്പിച്ചു, കിരീടം വെച്ചു, അലങ്കാരങ്ങൾ
ചെയ്തു, വളരെ കൌതുകത്തോടെ നിർത്തി പലതരത്തിലുള്ള
പുഷ്പങ്ങളെ അർച്ചിച്ചു പൂജിക്കുന്നു.

ഗു:—മേൽപറഞ്ഞ അവസ്ഥകളെല്ലാം എന്താകുന്നു?

ശി:—അലങ്കാരമാകുന്നു.

ഗു:—അലങ്കാരമെന്നതു എന്തു ഗുണത്തിന്നാണു്?

ശി:—രജോ ഗുണത്തിന്നാണു്.

Since 1923

ഗു:—അപ്പോൾ വിഷ്ണുവിനെ എന്തു ഗുണമായിട്ടാണു പൂജിച്ചു
വരുന്നതു്?

ശി:—ശുദ്ധ രജോഗുണമായിട്ടാണ പൂജിച്ചുവരുന്നതു്.

ഗു:—അതിനാൽ രജോഗുണം എന്നതു ഏതു്?

ശി:—വിഷ്ണു

ഗു:—ശിവക്ഷേത്രങ്ങളിൽ ശിവലിംഗങ്ങളെ പൂജിക്കുന്നതു ഏതു പ്രകാരത്തിൽ?

ശി:—ശിവലിംഗത്തിന്നു അഭിഷേകമാണു് പ്രധാനമായിട്ടുള്ളതു്. കാശി, ഗോകൎണ്ണം മുതലായ ക്ഷേത്രങ്ങളിലുള്ള ശിവലിംഗങ്ങൾക്കു സദാകാലവും അഭിഷേകമാണ മുഖ്യമായിട്ടുള്ളതു്. അതു മാത്രമല്ല, ഗോകൎണ്ണത്തിൽ ശിവലിംഗത്തിന്നു മേൽ ഭാഗത്തിൽ ഒരു തോണിയെ കെട്ടി തൂക്കി അതിൽ വെള്ളം നിറച്ചിരിക്കുന്നു. ആ വെള്ളം സദാകാലവും ആ ശിവലിംഗത്തിന്നു മേലെ ധാരയായി വീണുകൊണ്ടിരിക്കുന്നു. ഇതല്ലാതെ അനേകക്ഷേത്രങ്ങളിലുള്ള ശിവലിംഗങ്ങൾക്കു മേൽഭാഗത്തിൽ ഓരോ ധാരാപാത്രം കെട്ടിത്തൂക്കിയിരിക്കുന്നു. അതിന്റെ അടിഭാഗത്തിൽ ചെറിയ ദ്വാരമുണ്ടാക്കി ആ പാത്രത്തിൽ വെള്ളം നിറച്ചിരിക്കുന്നു. ആ വെള്ളം എപ്പോഴും ശിവലിംഗത്തിന്നു മേലെ വീണുകൊണ്ടിരിക്കും. അതിനാൽ ശിവലിംഗത്തിന്നു പ്രധാനം ഏതു്?

ശി:—അഭിഷേകം.

ഗു:—മേൽപറഞ്ഞപ്രകാരം അതിന്റെ മേൽ സദാകാലവും വെള്ളം വീണുകൊണ്ടിരുന്നാൽ അതിനെ അലങ്കരിക്കുവാൻ സാദ്ധ്യമുണ്ടോ?

ശി:—സാദ്ധ്യമില്ല.

ഗു:—മുൻ പറഞ്ഞപ്രകാരം സദാകാലവും അഭിഷേകം ചെയ്താൽ അതിന്റെ മേൽ എന്തെങ്കിലും കളങ്കമോ അഴുക്കോ ഉണ്ടാകുമോ?

ശി:—ഉണ്ടാകയില്ല.

ഗു:—കളങ്കവും അഴുക്കും ഇല്ലാതേയും അലങ്കാരമില്ലാതേയും ഇരിക്കുന്നതു എന്തു ഗുണമാണു്.

ശി:—ശുദ്ധ സാത്വിക ഗുണമാണു്.

ഗു:—അപ്പോൾ ശിവനെ എന്തു ഗുണമെന്നാണ് പറയേണ്ടതു്?

ശി:—ശുദ്ധ സാത്വീകഗുണമെന്നാണ്.

ഗു:—അതുകൊണ്ട സാത്വീകഗുണം ശിവനെന്നും, രജോഗുണം വിഷ്ണുവെന്നും സ്പഷ്ടമാകുന്നു. ആ രജോഗുണത്തിൽനിന്നുണ്ടായ അഹങ്കാരമായിരിക്കുന്ന തമോഗുണമാണ് ബ്രഹ്മാവു്. അതുകൊണ്ട ലോകത്തിൽ സത്വഗുണമായിരിക്കുന്ന ശിവനേയും, രജോഗുണമായിരിക്കുന്ന വിഷ്ണുവിനേയും മാത്രമേ പൂജിച്ചുവരുന്നുള്ളു. തമോഗുണമായിരിക്കുന്ന ബ്രഹ്മാവിനെ പൂജിക്കാറില്ല. ലോകത്തിലുള്ള പൂജിക്കുന്ന ജനങ്ങൾ ഇന്നിന്നതാണ് ഗുണങ്ങളെന്നു ഗ്രഹിക്കാതേയും, അതിനെപ്പററി ചിന്തിക്കാതേയും താൻ ചെയ്യുന്ന പ്രവൃത്തി ഇന്നതെന്നറിയാതേയും, സത്വഗുണം വിഷ്ണുവെന്നും, തമോഗുണം ശിവനെന്നും, രജോഗുണം ബ്രഹ്മാവെന്നും പറഞ്ഞു യാതൊരു വിവരവുമില്ലാതെ ഘോഷിച്ചുനടക്കുന്നു ഇതു തെററാകുന്നു. എന്നാൽ യഥാൎത്ഥമെന്തെന്നാൽ സാത്വീകമെന്നതു ജീവനും, ആയതു ശിവനും, രാജസമെന്നതു സാത്വീകമായിരിക്കുന്ന ജീവനിൽനിന്നുത്ഭവിച്ചിരിക്കുന്ന മനസ്സും, ആയതു വിഷ്ണുവും, താമസമെന്നതു രാജസമായിരിക്കുന്ന മനസ്സിൽനിന്നുത്ഭവിച്ചിരിക്കുന്ന അഹങ്കാരവും, ആയതു ബ്രഹ്മാവും ആണ്. ഇതാണ് ത്രിമൂൎത്തികൾ. ത്രിമൂൎത്തികളായി ഇപ്രകാരമിരിക്കുന്ന മൂന്നു ഗുണങ്ങളും ഒന്നായി ചേൎന്നു ഉത്ഭവസ്ഥാനമായ ആകാശത്തിൽ എപ്പോൾ ലയിക്കുന്നുവോ അപ്പോൾ ത്രിഗുണരഹിതമായി, ത്രിഗുണാതീതമായിത്തീരുന്നു. അതാണ് മോക്ഷം.

## പത്താം അദ്ധ്യായം.

ശി:—ഗുരോ! മനസ്സെന്നതു വിഷ്ണുവാണെന്നും, ശക്തിയാണെന്നും, ജലമാണെന്നും, ശുക്ലമാണെന്നും കല്പിച്ചുവല്ലോ? ഒരേ വസ്തുവിനെത്തന്നെ ഇങ്ങിനെ മാറി മാറി പറയുന്നതിനു കാരണമെന്താണ്?

ഗു:—അതു ഒരേ വസ്തുതന്നെയാണ്. അതിനു സംശയമില്ല. എന്നാൽ അതിനു പലേ മാററങ്ങളും സംഭവിക്കുന്നതിനാൽ പലേ പേരുകളും ഉണ്ടായതാണ്. അതേതുപ്രകാരത്തിലെന്നുവെച്ചാൽ, അക്ഷരമായി താനായിരിക്കുന്ന വസ്തു ആകാശമായ ഒഴിവായി. ആ ഒഴിവായിരിക്കുന്ന ആകാശത്തിന്നാണ് സദാശിവനെന്നു പറയുന്നതു്. അതാണ് താനായിരിക്കുന്ന ജ്യോതി. ജ്യോതിയായിരിക്കുന്ന തനിക്ക ചലനമുണ്ടായതിനു ജീവനെന്നു പറയുന്നു. ആ ജീവനാണ് ആത്മാവായി ചൈതന്യമായിരിക്കുന്നതു്. അതാണ് ദേഹം. ആ ദേഹത്തിൽനിന്നു ആവിയായി, വിയപ്പായി, അഗ്നിസ്വരൂപമായ ശുക്ലം ഉത്ഭവിക്കുന്നു. ആ ശുക്ലമാണ് മനസ്സ്. അതു ജലാംശമാണ്. അതാണ് വിഷ്ണു. അതിനാണ് ശക്തിയെന്നു പറയുന്നതു്. അതുകൊണ്ടാണ് ശക്തിയിൽനിന്നു സൃഷ്ടി, സ്ഥിതി, സംഹാരം ഉണ്ടാവുന്നു എന്നു പറയുന്നതു്. ശക്തിയല്ലെങ്കിൽ സൃഷ്ടി, സ്ഥിതി, സംഹാരം ഉണ്ടാകുന്നതല്ല ആ ശക്തി ശുക്ലമാണ്. ശുക്ലമില്ലെങ്കിൽ യാതൊരു സൃഷ്ടിയും ഉണ്ടാകുന്നതല്ല. ആ ശുക്ലമായിരിക്കുന്ന സ്വേദജമാണ് ബ്രഹ്മാണ്ഡം. അതേതുപ്രകാരമെന്നാൽ സമുദ്രത്തിൽ വെള്ളമില്ലെങ്കിൽ സമുദ്രമെന്ന പേരില്ല. അപ്പോൾ അതു ഏററവും അഗാധമായ തരിശായിരിക്കുന്ന ഒരു സ്ഥലമായിരിക്കും. അതിൽ വെള്ളമുണ്ടായതിനാൽ സമുദ്രം എന്നു പേർ പറഞ്ഞുവരുന്നു. ആപ്രകാരമുള്ള സമുദ്രത്തിൽ ചില നീർപ്പോളകൾ ഉണ്ടാകുന്നു. അതുകളുണ്ടാവാൻ കാരണം വെള്ളം ചലിച്ചു തിര അടിക്കുന്നതിനാലാണ്. ആ വെള്ളത്തിനു ചലനം ഇല്ലാതിരിക്കയാണെങ്കിൽ മേൽപറഞ്ഞ നീർപോളകൾ ഉണ്ടാകുന്നതല്ല. തിരയടിച്ചപ്പോൾ ഉണ്ടായിട്ടുള്ളതു നീർപോളകളല്ല, നരയാണ്. ആ നരയില്ലെങ്കിൽ നീർപോളകളുണ്ടാകുന്നതല്ല. അതിനാൽ വെള്ളത്തിൽനിന്നുത്ഭവിച്ചുള്ള നരയും, അതിൽനിന്നുത്ഭവിച്ചുള്ള നീർപോളകളുമാണ്. ആ നീർപോള വെള്ളത്തിനു മീതെ പൊങ്ങി ഉരുണ്ട മുട്ടയുടെ ആകൃതിയിൽ പളുങ്കുവർണ്ണമായി കിടക്കുന്നു.

എന്നാൽ വെള്ളത്തിന്നുപരിയായി നര നീർപ്പോളയായി പൊങ്ങിക്കിടക്കുന്നു. ഇപ്രകാരംതന്നെ ആകാശം എന്നതു സമുദ്രത്തിൽ വെള്ളമില്ലാത്ത സ്ഥിതിയെപ്രകാരത്തിലോ, അപ്രകാരത്തിലാണെന്നു കരുതുക. വെള്ളമുണ്ടായപ്പോഴാണ് സമുദ്രമെന്നു പറഞ്ഞിട്ടുള്ളതു്. അതുപ്രകാരം ആകാശത്തിൽ വായുവുണ്ടായപ്പോൾ സമുദ്രമെന്നും, ആ സമുദ്രം മായാസമുദ്രമാണെന്നും വിചാരിക്കുവിൻ. സമുദ്രത്തിൽനിന്നു തിരയടിച്ചപ്പോൾ നരയുണ്ടായിയെന്നു പറഞ്ഞതിന്നു മായാസമുദ്രത്തിൽ വായുവായിരിക്കുന്ന വെള്ളത്തിന്റെ തിരയടിക്കുന്നതിൽനിന്നു മനസ്സായ നരയുണ്ടായി. സമുദ്രത്തിൽ തിരയടിച്ചതിനാലുണ്ടായ നര നീർപ്പോളയായി ഉരുണ്ട മുട്ടയുടെ ആകൃതിയിൽ പളുങ്കുവർണ്ണമായി വെള്ളത്തിന്നു മീതെ കിടക്കുന്നുവെന്നു പറഞ്ഞതു മായാസമുദ്രത്തിലെ ചലനമായ വായുവിൽനിന്നു നരയായിരിക്കുന്ന മനസ്സുണ്ടാവുകയും ആ മനസ്സു പൊക്കിളയായി ഉരുണ്ട മുട്ടയുടെ ആകൃതിയായി പളുങ്കുവർണ്ണമായി മായാസമുദ്രത്തിൻ മീതെ അഹങ്കാരമായി കിടക്കുകയുംചെയ്യുന്നു. എന്നാൽ സമുദ്രത്തിലുണ്ടായിരുന്ന വെള്ളംതന്നെ തിരയായും, നരയായും, നീർപ്പോളയായും ഉണ്ടായി വെള്ളത്തിന്നുപരികിടക്കുന്നതാണ്. അതെല്ലാം സമുദ്രത്തിലെ വെള്ളംതന്നെയായിരുന്നു. വെള്ളം ഉണ്ടായിരുന്നില്ലെങ്കിൽ ഈവകയൊന്നും ഉണ്ടാകുന്നതല്ല. അതുപോലെതന്നെ ആകാശത്തിൽ വായുവുണ്ടായതിനാൽ മായാസമുദ്രമെന്നും ആ മായാസമുദ്രത്തിലെ തിരകളുടെ ചലനംനിമിത്തം നരയാകുന്ന മനസ്സും അഹങ്കാരമായിരിക്കുന്ന പൊക്കിളയും ഉണ്ടായി. ഏതുപ്രകാരം വെള്ളം നരയായും, നീർപ്പോളയായും ഭവിച്ചുവോ, അപ്രകാരംതന്നെ ജീവശക്തിയായിരിക്കുന്ന വായു മനസ്സായും അഹങ്കാരമായും ഭവിച്ചതാണ്. നീർപ്പോള ഏതുപ്രകാരം വെള്ളത്തിൽതന്നെ വെള്ളത്തിന്നു മീതെ കിടന്നിരുന്നുവോ, അതുപ്രകാരംതന്നെ അഹങ്കാരമായിരിക്കുന്ന പൊക്കിളയും ജീവശക്തിയായ വായുവിങ്കൽതന്നെ വായുവിന്റെ മീതെ കിടക്കുന്നു. അതു പളു

ങ്കവർണ്ണമായതിനാൽ അതിൽക്കൂടി പ്രതിബിംബിച്ചു, താൻ ആരാണെന്നറിയാതെ, 'ഞാൻ എല്ലാററിന്നും ഉപരിയാണ്, സർവ്വവും എനിക്കു കീഴാണ്' എന്നിപ്രകാരം ദുരഭിമാനിച്ചു കിടക്കുന്നു. എന്നാൽ മുൻപറഞ്ഞ നീർപ്പോള ഒരു നിമിഷനേരംകൊണ്ടു പൊട്ടി അതുത്ഭവിച്ചതായ വെള്ളത്തിൽതന്നെ ലയിക്കുന്നു. ഇപ്രകാരംതന്നെ അഹങ്കാരമായിരിക്കുന്ന പൊക്കിള തന്നേത്താനറിയാതെ അഭിമാനിച്ചു, അല്പസമയംകൊണ്ടു പൊട്ടി, അതുത്ഭവിച്ച ജീവശക്തിയായ വായുവിൽതന്നെ ലയിക്കുന്നു. അതു ഒരേ വസ്തുതന്നെ ഇപ്രകാരമെല്ലാം ഭവിക്കുന്നതാണ്. അതിന്നു പലേ മാററങ്ങളും സംഭവിച്ചതിനാൽ ആ മാററങ്ങൾക്കനുസരിച്ചു പലേ പേരുകളും പറയുവാൻ കാരണമായതാണ്.

## പതിനൊന്നാം അദ്ധ്യായം

ശി:—സ്വാമിൻ! മുൻ അദ്ധ്യായത്തിലും അതിന്നു മുമ്പും കല്പിച്ച പ്രകാരം ദേഹം വായുവാണെന്നും, ഈ കാണുന്ന ജഡം ദേഹമല്ലെന്നും ദൃഷ്ടാന്തപ്പെട്ടു. എന്നാൽ ലോകത്തിൽ സ്ഥൂലം എന്നും സൂക്ഷ്മം എന്നും കാരണം എന്നും മൂന്നു ദേഹങ്ങളുണ്ടെന്നു പറയുന്നു. ദേഹം സ്വാമി കല്പിക്കും പ്രകാരമാണെങ്കിൽ മുൻപറഞ്ഞ മൂന്നു ദേഹങ്ങൾ ഏതേതാണെന്നു വിവരിച്ചു തരണം.

ഗു:—സ്ഥൂലം, സൂക്ഷ്മം, കാരണം ഇപ്രകാരം മൂന്നു ദേഹങ്ങൾ ഏതേതാണെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളത്?

ശി:—സ്ഥൂലം എന്നതു ഇതുവരെ ദേഹമാണെന്നു സങ്കല്പിച്ച ഈ കാണുന്ന ജഡമാണെന്നും, കാരണമെന്നതു അവിദ്യയായ ഒന്നും അറിയാതെയിരിക്കുന്ന സുഷുപ്തിയാണെന്നും, സൂക്ഷ്മം എന്നതു മനസ്സാണെന്നും ആണ്.

ഗു:—ഇതൊക്കെയും ഏററവും അബദ്ധം തന്നെ. എന്തുകൊണ്ടെന്നാൽ, നിങ്ങൾ പറഞ്ഞപ്രകാരം മൂന്നു ദേഹങ്ങളുണ്ടാവാൻ

Since 1923

പാടില്ല. എന്നാൽ സ്ഥൂലം, സൂക്ഷ്മം, കാരണം, എന്നു പറയുന്നതു ജീവനും ആ ജീവന്റെ ചലനമായിരിക്കുന്ന ശക്തിയായ മനസ്സും, അതിൽനിന്നുത്ഭവിച്ച മായയായിരിക്കുന്ന അഹങ്കാരവും ആണ്. ഈ കാണുന്ന ജഡത്തെ ഒരിക്കലും സ്ഥൂലദേഹമെന്നു പറയുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ സൂക്ഷ്മദേഹം എന്നതു മനസ്സാണെന്നു നിങ്ങൾ തന്നെ പറയുന്നു. ആ മനസ്സു സ്ഥൂലമെന്നു സങ്കല്പിക്കുന്നതായ ഈ ജഡത്തിലാണെന്നും പറയുന്നു. സ്ഥൂലം എന്നതു തടിച്ചതും, സൂക്ഷ്മം എന്നതു ചെറുതായിട്ടുള്ളതുമാകുന്നു. ഏററവും ചെറുതായിട്ടിരിക്കുന്ന വസ്തു മനസ്സാണ്. എത്രയും ചെറുതായിരിക്കുന്ന മനസ്സിൽ നിന്നാണു ഈ കാണുന്ന ലോകമുണ്ടായതു്. ആ മനസ്സിൽ തന്നെയാണു ലോകം ഇരിക്കുന്നതും. അതിനാൽ മനസ്സിന്റെ കല്പിതമാണു ലോകമെന്നു പറയുന്നു. അപ്പോൾ എത്രയും ലഘുവായും, ചെറുതായും, സൂക്ഷ്മമായും ഇരിക്കുന്ന മനസ്സിൽനിന്നു ലോകം ഉത്ഭവിക്കുകയും, ആ മനസ്സിൽ തന്നെ ലോകം അടങ്ങുകയും ചെയ്യുന്നു എന്നു വരുന്നു. ഈ കാണുന്ന ജഡവും ആ മനസ്സിൽനിന്നു തന്നെ ഉത്ഭവിച്ചതാണ്. മനസ്സില്ലെങ്കിൽ ജഡം ഉണ്ടാകുന്നതല്ല. അതിനാൽ സൂക്ഷ്മമാകുന്ന മനസ്സിനാൽ ഉണ്ടാക്കപ്പെട്ടതാണു ജഡം. എന്നുതന്നെയല്ല, ഒരാൾ ചത്തപ്പോൾ ശവമായിരിക്കുന്ന ജഡത്തെ നാം കാണുന്നു. അതിൽ മനസ്സുണ്ടായിരുന്നില്ല. അതിനാൽ ശവത്തിന്നു ലോകമില്ല. ഈ ജഡമായിരുന്നു സ്ഥൂലദേഹമെന്നു വെച്ചാൽ ചത്തപ്പോൾ ശവമായ ജഡത്തെ കാണുന്നു. അതിന്റെ അവയവങ്ങൾക്കു യാതൊരു ഹാനിയും കാണുന്നില്ല. സ്ഥൂലം ഉള്ളകാലത്തോളം സൂക്ഷ്മം ഉണ്ടെന്നും, സ്ഥൂലം ഇല്ലാതാകുമ്പോഴും സൂക്ഷ്മം നശിക്കുന്നില്ലെന്നും പറയുന്നു. എന്നാൽ ഈ ജഡം സ്ഥൂലമായിരുന്നുവെങ്കിൽ സൂക്ഷ്മം നശിച്ചിട്ടും സ്ഥൂലമെന്നു പറയുന്ന ജഡം നശിക്കാതെയും കാണുന്നു. അതുകൊണ്ടു ഈ ജഡത്തിന്നു ഒരിക്കലും സ്ഥൂലമെന്നു പറയുവാൻ പാടില്ല. ചത്തു എന്നു പറയുന്ന സമയത്തു എന്തായിരുന്നു അതിൽ ഇല്ലാ

തെന്തായതെന്നു വെച്ചാൽ ജീവനാണ്. അതിനാൽ ജീവനാണു സ്ഥൂലദേഹം. ആ ജീവനായിരിക്കുന്ന സ്ഥൂലദേഹത്തിലുള്ളതാണു സൂക്ഷ്മമായിരിക്കുന്ന മനസ്സ്. കാരണദേഹമെന്നു പറയുന്നതു അവിദ്യയായി ഒന്നും അറിയാത്ത സുഷുപ്തിക്കാണെന്നു നിങ്ങൾ തന്നെ പറയുന്നു. അതായതു, ജീവൻ പുറത്തേക്കു ശക്തിയായി ചലിക്കുമ്പോൾ ആ ശക്തിയിൽ നിന്നുത്ഭവിച്ച അഹങ്കാരത്തിന്നാണു മായ എന്നു പേർ. ആ മായയാണു ഒന്നും അറിയാത്ത സുഷുപ്തിയെന്നു 7_ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ളതു്. എന്നാൽ ഈ ജഡത്തിന്നു സ്ഥൂലമെന്നു പറയുവാൻ കാരണം, സ്ഥൂലമായ ജീവനെ അറിയാത്തതുകൊണ്ടാണ്. അതേതുപ്രകാരമെന്നു വെച്ചാൽ ഒരു വസ്ത്രത്തിൻെറ രണ്ടു പുറത്തും ഘനത്തിൽ പശതേച്ചുണക്കിയാൽ അതിനെ തേച്ചവരൊഴികെ ബാക്കി ആക്കെങ്കിലും അതിനെ കണ്ടാൽ അതു വസ്ത്രമാണെന്നറിയാതെ, അതു എന്തോ പശതേച്ചുണക്കിയ ഒരു സാധനം എന്നേ പറയുന്നുള്ളൂ. അപ്രകാരം പശതേച്ചിട്ടുള്ള സാധനത്തിന്മേൽ ചായം കൊണ്ടു ലോകത്തിന്നു സാമ്യപ്പെടുത്തി ഒരു പടം വരച്ചു, അതായതു ആകാശവും ഭൂമിയും, സമുദ്രവും കൂടാതെ മനുഷ്യൻ, മൃഗം, പക്ഷി, ഇഴജാതി എന്നും മററും നാം പറഞ്ഞു വരുന്നവയും അടങ്ങിയ ഒരു ചിത്രം വരഞ്ഞിരുന്നു. എന്നാൽ സൃഷ്ടികളിൽ മൃഗം, പക്ഷി, ഇഴജാതി എന്നും മററും പറഞ്ഞുവരുന്നവക്കു നടപ്പില്ലാത്തതായ ഒരവസ്ഥ മനുഷ്യനെന്നഭിമാനിച്ചു വരുന്നവരായ നമുക്കുണ്ടു്. അതെന്തെന്നാൽ വസ്ത്രം ധരിക്കുകയാണ്. മേൽപറഞ്ഞ പശ തേച്ചുണക്കിയ സാധനത്തിന്മേൽ മനുഷ്യരെന്നഭിമാനിച്ചു വരുന്ന രൂപത്തെയും വരച്ചിട്ടുണ്ടല്ലോ. അതിന്നു ഒരു വസ്ത്രം കെട്ടണം. ആ മനുഷ്യരൂപം പശ തേച്ചുണക്കിയ സാധനത്തിന്മേൽ വരഞ്ഞതായതുകൊണ്ടു ഒരു വസ്ത്രത്തെക്കൊണ്ടുവന്നു അതിനെ കെട്ടിപ്പാൻ സാധിക്കുന്നതല്ല. ആയതിനാൽ വസ്ത്രത്തിൻെറ വർണ്ണത്തിലുള്ള ചായം കൊണ്ടു മേൽപറഞ്ഞ രൂപത്തിന്നു വസ്ത്രം

കെട്ടിയപ്രകാരം തേച്ച അതു വസ്ത്രമാണെന്നഭിമാനിക്കുന്നു. എന്നാൽ അതു യഥാൎത്ഥത്തിൽ വസ്ത്രമല്ല. അതു വസ്ത്രത്തെപ്പോലെ എഴുതിയിട്ടുള്ള വൎണ്ണമാണ്, എന്നാൽ യഥാൎത്ഥ വസ്ത്രത്തെ കാണുന്നില്ല. യഥാൎത്ഥ വസ്ത്രത്തെ കാണുമ്പോൾ മുൻ പറഞ്ഞതൊന്നും അതിന്മേൽ ഉണ്ടായിരിക്കുന്നതല്ല. യഥാൎത്ഥ വസ്ത്രത്തെ കാണേണമെങ്കിൽ അതിന്മേൽ തേച്ചിരിക്കുന്ന പശയെ പോക്കണം. പശയെ പോക്കിയാൽ അതിന്മേൽ വരഞ്ഞിരിക്കുന്നതായ യാതൊന്നും കാണുന്നതല്ല. അപ്രകാരമുള്ള യഥാൎത്ഥ വസ്ത്രത്തെ കാണാതെ വസ്ത്രാകൃതിയിൽ ചായം തേച്ചിരിക്കുന്നതിനെ വസ്ത്രമാണെന്നഭിമാനിച്ചു വരുന്നു. ഈ വിധത്തിൽ വരയപ്പെട്ട ചിത്രങ്ങൾക്കും യഥാൎത്ഥ വസ്ത്രത്തിന്നും തമ്മിൽ യാതൊരു ബന്ധവും ഇല്ല. ഈ വസ്ത്രത്തിൽ പശ തേച്ചതു കൊണ്ടാണു മുൻ പറഞ്ഞതുകൾ വരയുവാൻ കാരണം. ആയതിനാൽ ആ പശയെ പോക്കുവാനുള്ള യത്നം ചെയ്യണം. അതെങ്ങിനെയെന്നാൽ പശ തേച്ചിരിക്കുന്നതായ വസ്ത്രം വെള്ളത്തിലിട്ടു കുത്തി തിരുമ്പിയാൽ അതിലിരിക്കുന്ന പശ പോയി യഥാൎത്ഥ വസ്ത്രം കാണപ്പെടും. അപ്പോൾ അതിൽ വരയപ്പെട്ട ചിത്രാദികൾ ഒന്നും കാണുന്നില്ല. ഇതിൽ വസ്ത്രം സ്ഥൂലവും, അതിന്മേൽ തേച്ചിരിക്കുന്ന പശ കാരണവും, അതിന്മേൽ വരഞ്ഞിരിക്കുന്ന ചിത്രങ്ങൾ സൂക്ഷ്മവും ആകുന്നു. ഇപ്രകാരംതന്നെ താനായിരിക്കുന്ന ജീവൻ വസ്ത്രമായിരിക്കുന്ന സ്ഥൂലവും, ജീവന്റെ ചലനത്തിൽനിന്നുത്ഭവിച്ചു യാതൊന്നും അറിയാതെ സുഷുപ്തിയായി മായയായിരിക്കുന്ന അഹങ്കാരം ആ വസ്ത്രത്തിന്മേൽ തേച്ചിരിക്കുന്ന പശയായ കാരണവും, താനായിരിക്കുന്ന ജീവന്റെ ചലനത്തിൽനിന്നുണ്ടായ മനസ്സു, കാരണമായ പശയിൽ വരയപ്പെട്ട ചിത്രങ്ങളായ സൂക്ഷ്മവും ആകുന്നു. അതിനാൽ മേൽപറഞ്ഞ പ്രകാരമുള്ള യഥാൎത്ഥ വസ്ത്രത്തെ അറിയാതെ ചായംകൊണ്ടു വസ്ത്രാകൃതിയായി വരയപ്പെട്ടതിനെയാണ് വസ്ത്രമായി അഭിമാനിച്ചതു്.

ഇപ്രകാരംതന്നെയാണ് മായയെക്കൊണ്ടുണ്ടാക്കിയ അഹങ്കാരമായ ഈ ജഡത്തെ സ്ഥൂലം എന്നഭിമാനിച്ചതു്. എപ്പോൾ തൻെറ യഥാൎത്ഥമായ ജീവനായിരിക്കുന്ന സ്ഥൂലത്തെ അറിയുന്നുവോ അപ്പോൾ മററൊന്നുമില്ല, അതേതുപ്രകാരമെന്നാൽ യഥാൎത്ഥ വസ്തുത്തെ കണ്ടറിഞ്ഞപ്പോൾ ഭിന്നമായി യാതൊന്നും ഇല്ല. ഭിന്നമായിട്ടുള്ളതിന്നു സ്ഥൂലമെന്നു പറവാൻ പാടില്ല. സ്ഥൂലമെന്നതു താനായിരിക്കുന്ന ജീവനും, കാരണമെന്നതു ആ ജീവൻെറ ചലനമായിരിക്കുന്ന ശക്തിയിൽനിന്നുണ്ടായ സുഷുപ്തിയായിരിക്കുന്ന മായയായ അഹങ്കാരവും, സൂക്ഷ്മം എന്നതു ജീവൻെറ ചലനശക്തിയായ മനസ്സും ആണ്. ഇതുകൾക്കാണ് സ്ഥൂലം, കാരണം, സൂക്ഷ്മം, എന്നു പറയുന്നതു്. കൂടാതെ, ഇപ്പോൾ നാം കാരണമായിരിക്കുന്ന സുഷുപ്തിയിലിരിക്കുന്നു. അങ്ങിനെ നാം സുഷുപ്തിയിലിരിക്കുന്നതുകൊണ്ടു നാം അനുഭവിച്ചുവെന്നു തോന്നുന്നതൊക്കെയും സ്വപ്നമാണ്. ഇതിനെപ്പററി വിവരിച്ച 7-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടു്, അപ്രകാരമുള്ള സ്വപ്നത്തിലായതുകൊണ്ടാണ് സ്ഥൂലം, കാരണം, സൂക്ഷ്മം എന്ന തോന്നൽ ഉണ്ടായതു്. മേൽപറഞ്ഞ പ്രകാരം എല്ലാ അവസ്ഥകളും നാം സുഷുപ്തിയിലിരിക്കുന്നതിനാൽ സ്വപ്നം തോന്നുന്നതല്ലാതെ ഇപ്രകാരം ഒന്നുംതന്നെ ഇല്ലാത്തതാണ്.

## പന്ത്രണ്ടാം അദ്ധ്യായം

ശി:—ഗുരോ! സുഷുപ്തി എന്നു പറയുന്നതു മായയാണെന്നും ആ മായ തൻെറ ശക്തി പുറത്തേക്കു ചലിച്ചു താനും ശക്തിയും കൂടി കലൎന്നു മയങ്ങിക്കിടക്കുന്നതാണെന്നും വരുന്നു. അപ്രകാരം കലൎന്നു മയങ്ങിക്കിടക്കുന്ന തന്നെ വേറിട്ടറിവാൻ ഏതു പ്രകാരത്തിൽ സാധിക്കുമെന്നു അരുളിചെയ്വാൻ വേണ്ടി അപേക്ഷിക്കുന്നു.

ഗു:—താനും തന്റെ ശക്തിയിൽനിന്നുത്ഭവിച്ച മായയും എന്നു പറയുന്നതു നിത്യവും അനിത്യവും ആണ്. അവയെ വേറിട്ടറിയേണ്ടതിന്നു ഒരുദാഹരണംകൊണ്ടു തെളിയിക്കാം. അതായതു ഒരു പാത്രത്തിൽ കുറെ വെള്ളം എടുത്തു അതിൽ ഉപ്പിട്ടാൽ ഉപ്പിനെ കാണ്മാൻ കഴികയില്ല. ഉപ്പു വെള്ളത്തിൽ ലയിച്ചുപോയി. വീണ്ടും ഉപ്പിനെ കാണേണമെങ്കിൽ വെള്ളത്തെ വററിക്കണം. അപ്പോൾ അതുവരെ കണ്ടുകൊണ്ടിരുന്ന വെള്ളം വററി, കാണാതെയിരുന്ന ഉപ്പിനെ കാണുകയുംചെയ്യുന്നു. അപ്രകാരം നിത്യമായിരുന്ന താൻ അനിത്യമായിരിക്കുന്ന മായയിൽ ലയിച്ചിരിക്കുന്നു. അപ്രകാരം ലയിച്ചു കിടക്കുന്ന തന്നെ അറിയേണമെങ്കിൽ മായയെ വററിക്കണം. അപ്പോൾ അതുവരെ കണ്ടുകൊണ്ടിരുന്ന മായയായിരിക്കുന്ന ലോകം നശിച്ചു, കാണാതെയിരുന്ന നിത്യമായ ബ്രഹ്മത്തെ കാണപ്പെടും. ഏതുപോലെയെന്നാൽ, മേൽപറഞ്ഞ ഉപ്പു കലന്നിരിക്കുന്ന വെള്ളത്തെ വററിക്കുവാൻ തീ വേണ്ടിവന്നുവല്ലോ, അതുപ്രകാരംതന്നെ ബ്രഹ്മം കലന്നതായ മായയായിരിക്കുന്ന ലോകത്തെ വററിക്കുവാൻ അഗ്നി വേണം. അതു വിവേകമെന്ന അഗ്നിയാണ്. എന്നാൽ മുൻപറഞ്ഞ ഉപ്പിന്നു നാശമില്ലയെന്നു കരുതി വെള്ളത്തിൽനിന്നു ഉപ്പിനെ വേറെയാക്കി വെള്ളത്തെ വററിക്കുവാൻ സാധിക്കുന്നതല്ല. അതിനാൽ നശിക്കുന്നതായ വെള്ളത്തെ അതിൽ ലയിച്ചിരിക്കുന്ന ഉപ്പുസഹിതം തീ കത്തിച്ചു കുറുക്കിയാൽ നാശമുള്ള വെള്ളം നശിച്ചു നാശമില്ലാത്ത ഉപ്പിനെ കാണാം. അപ്രകാരംതന്നെ നിത്യമായിരിക്കുന്ന 'താൻ' അനിത്യമായിരിക്കുന്ന മായയായ ലോകത്തിൽ ലയിച്ചതിനാൽ തനിക്കു നാശമില്ലെന്നു കരുതി മായയായിരിക്കുന്ന ലോകത്തിൽനിന്നു തന്നെ വേറെയാക്കി ലോകത്തെ നശിപ്പിക്കുവാൻ സാധിക്കുന്നതല്ല. അതിനാൽ നാശമുള്ളതായ ലോകത്തെ അതിൽ ലയിച്ചിരിക്കുന്ന നാശമില്ലാത്ത താനായിരിക്കുന്ന ബ്രഹ്മസഹിതം വിവേകം എന്ന വി

Since 1923

ശേഷ അഗ്നിയാൽ നാശമുള്ള മായയെ നശിപ്പിച്ചാൽ നിത്യമായിരിക്കുന്ന തന്നെ അറിയാം.

ശി:—സ്വാമിൻ! ഗുരോ!! മായയായിരിക്കുന്ന ലോകത്തെ വിവേകമെന്ന വിശേഷ അഗ്നികൊണ്ടു ഏതുപ്രകാരം ദഹിപ്പിക്കേണമെന്നു വ്യക്തമായി പറഞ്ഞുതരുവാൻ അപേക്ഷിക്കുന്നു.

ഗു:—നിങ്ങൾ നിത്യനോ, അനിത്യനോ?

ശി:—ഞാനെന്നുള്ള അവസ്ഥ അനിത്യം.

ഗു:—അപ്പോൾ നിങ്ങൾക്കു നാശമുണ്ടോ?

ശി:—ഞാനെന്നുള്ള അവസ്ഥക്കു നാശമുണ്ട്.

ഗു:—ഞാനെന്നുള്ള അവസ്ഥ നിങ്ങൾക്കില്ലെങ്കിൽ ഈ കാണുന്ന ലോകം നിങ്ങൾക്കുണ്ടോ?

ശി:—ഇല്ല.

ഗു:—അപ്പോൾ നിങ്ങൾക്കു ഈ ലോകം ഉത്ഭവിച്ചതു എവിടെനിന്നാണ്?

ശി:—എന്നിൽനിന്നാണ്.

ഗു:—എന്നാൽ നിങ്ങൾ ഈ കാണുന്ന എല്ലാ അവസ്ഥയും നിങ്ങളിലുള്ളതാണ് അതേതുപ്രകാരത്തിലെന്നുവെച്ചാൽ, സാധാരണയായി ലോകത്തിൽ പറഞ്ഞുവരുന്നതു 'എന്റെ രാജ്യം, എന്റെ അമ്മ, എന്റെ അച്ഛൻ, എന്റെ ഭാര്യ, എന്റെ മകൾ, എന്റെ ജാതി, എന്റെ ഗൃഹം, എന്റെ ധനം എന്നും, എനിക്കു സ്ഥാനം, മാനം, ശുദ്ധം, അശുദ്ധം, സുഖം, ദുഃഖം, സ്വർഗ്ഗം, നരകം, ക്ഷേത്രം, വാഹനം, ബന്ധു, ശത്രു' ഇപ്രകാരമെല്ലാമാണ് എന്നാൽ ഈവക യാതൊന്നും ഞാനെന്നുള്ള അവസ്ഥയും നിത്യമല്ല, അനിത്യമാണ്. അപ്പോൾ ഇതു വലുതായിരിക്കുന്ന ലോകത്തോടുകൂടി ഞാനെന്ന അഹങ്കാരം ഉത്ഭവിച്ചതു എവിടെനിന്നാണെന്നുവെച്ചാൽ മനസ്സാകുന്ന ശക്തിയിൽനിന്നാണ്. അതിനു ദൃഷ്ടാന്തം, "ഞാൻ ആ കുന്നു കയറി ഇറങ്ങിവന്നു. അതിനാൽ എന്റെ ജഡം ക്ഷീണിച്ചു വീണുപോയി" ഈ വാചകത്തിൽ ഞാൻ വീണിട്ടില്ല ജഡമാണ് വീണതു് കൂടാതെ, "എന്റെ കാലിൻ വി

രൽ കല്ലോടു വെച്ചു മുട്ടി വിരൽ മുറിഞ്ഞപ്പോൾ അയ്യോ! എന്റെ ജീവൻ പോയി'', എന്നു പറയുന്നു. ഈ വാചകത്തിലും ഞാൻ പോയിട്ടില്ല എന്റെ ജീവനാണ് പോയതു്. അതല്ലാതെ, ''ഞാൻ രാത്രി ശ്മശാനത്തിന്റെ അരികെയുള്ള വഴിയിൽക്കൂടി വരുമ്പോൾ എന്തോ ഒരു ഭയങ്കരമായ ശബ്ദത്തെ കേട്ടു ഭയന്നു. എന്റെ മനസ്സു വല്ലാതെ 'ഭ്രമിച്ചു അമ്പരന്നുപോയി'' ഈ വാചകത്തിലും ഞാൻ ഭ്രമിച്ചിട്ടില്ല എന്റെ മനസ്സാണ് ഭ്രമിച്ചതു്. അതിനാൽ മുൻപറഞ്ഞവരാരും ഞാനല്ല, എന്റെ ബന്ധുവാണ് എന്നുവരുന്നു. അതിന്നുപുറമെ നിങ്ങൾ വേറെ മൂന്നോ നാലോ ആളുകളോടുകൂടി ഒരു സ്ഥലത്തു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വേറെ ഒരാൾ വന്നു, നിങ്ങളെ അസഭ്യമായ വാക്കുകൾ പറഞ്ഞാൽ ആ സമയത്തു നിങ്ങൾക്കു അപമാനമോ, ലജ്ജയോ, വ്യസനമോ, അതുനിമിത്തം അസഹ്യതയോ ഉണ്ടാവുന്നു. അതിനുശേഷം നിങ്ങൾ അവിടെനിന്നു വിട്ടു വീട്ടിൽവന്നു നിങ്ങളുടെ സ്നേഹിതന്മാരോടോ, വീട്ടുകാരോടോ, ഞാൻ ഇന്നിന്നവരോടുകൂടി ഇന്ന സ്ഥലത്തിരുന്നു സംസാരിക്കുമ്പോൾ ഇന്നയാൾ വന്നു എന്നെ വളരെ ഹീനമായ വാക്കുകൾ പറഞ്ഞു. അതു കേട്ടപ്പോൾ ഞാനില്ലാതെയായിപ്പോയി എന്നു പറയുന്ന ആ വാചകത്തിൽ ആർ ഇല്ലാതെയായിപ്പോയി? ജഡം, ജീവൻ, മനസ്സു, ഇവയെല്ലാം ഉണ്ടു്. ഇതുകളൊന്നും പോയിട്ടില്ല. അപ്പോൾ ആരാണ് ഇല്ലാതെയായതെന്നുവെച്ചാൽ ഞാനെന്നഭിമാനിച്ചുവരുന്ന അഹങ്കാരമാണ്. കൂടാതെ, നിങ്ങൾ ഒരാളുമായി സംസാരിച്ചതിൽ അയാളെ തോല്പിച്ചു നിങ്ങൾക്കു ജയം വന്നാൽ നിങ്ങളെന്തു പറയും, ഞാനും ഇന്ന ആളുംകൂടി സംസാരിച്ചതിൽ ഞാൻ അയാളെ തോല്പിച്ചുവെന്നും, അയാളുടെ വായിലെ വെള്ളം വററിച്ചുവെന്നും, 'കൂടാതെ ഞാനാരാണ്, ഞാൻ സ്ഥാനിയാണ്, മാനിയാണ്, സമർത്ഥനാണ്, എന്നും മററും പറഞ്ഞു തന്നെത്താനെ പുകഴ്ത്തുകയുംചെയ്യുന്നു. ആയതിന്നാണ് അഭിമാനമായിരിക്കുന്ന അഹങ്കാരം എന്നു പ

Since 1923

റയുന്നതു്. ആ അഹങ്കാരം നശ്വരമാണു്. അങ്ങിനെ നശി
ക്കുന്നതായ അഹങ്കാരത്തിന്റെ ഉത്ഭവം മനസ്സിൽനിന്നാണെ
ന്നും വെളിവായി. ആ മനസ്സു ഉത്ഭവിച്ചതു ജീവനിൽനിന്നും
ആണു്. അതിന്നാണു് ശക്തിയെന്നു പറയുന്നതു്. ഇതാണു്
ജീവന്റെ ശക്തി. ആ ജീവൻ ശിവനാണു്. ആ ശിവൻ താ
നാണു്. താനായിരിക്കുന്ന ശിവന്റെ ശക്തിയാണു് മനസ്സു്.
അതിന്നാണു് ശിവഃശക്തിയെന്നു പറയുന്നതു്. ആ ശക്തി
യേയാണു് തന്നിൽ ഒതുക്കേണ്ടതു്. അതിനാൽ മേൽപറഞ്ഞ
പ്രകാരം വിചാരണചെയ്തു, തന്റെ ശക്തി ഇന്നതാണെന്നറി
ഞ്ഞു, ആ ശക്തിയെ പുറത്തിന്നുള്ളിൽ പ്രതിബിംബിപ്പിക്കാ
തെ വിവേകമായ വിശേഷ അഗ്നികൊണ്ടു മേൽപറഞ്ഞ ലോ
കത്തെ ദഹിപ്പിച്ചു, തന്നിൽ ചേർത്തു താനായിരിക്കുക. ഇതി
ന്നാണു് നിത്യാനിത്യവിവേകം എന്നു പറയുന്നതു്.

# പതിമൂന്നാം അദ്ധ്യായം

ശി:—സ്വാമിൻ! ദേഹം വായുവാണെന്നും അതിൽനിന്നുത്ഭ
വിക്കുന്നതാണു ബാക്കിയുള്ളതെല്ലാം എന്നും കല്പിച്ചുവല്ലോ?
ദേഹം എന്നതു അന്നമയ കോശമാണു് എന്നും, അതിനാൽ
അന്നം ഭക്ഷിച്ചാലേ ജീവിച്ചിരിക്കയുള്ളു എന്നും, ദേഹം അ
ന്നത്തെക്കൊണ്ടു പോഷിപ്പിക്കുന്നതാണു എന്നും പറയുന്നു.
അങ്ങിനെയിരിക്കെ വായുവാണു ദേഹമെന്നു വെച്ചാൽ അ
തിന്നു അന്നത്തെ ഭക്ഷിക്കേണ്ടതും, അന്നത്തെക്കൊണ്ടു പോ
ഷിക്കപ്പെടേണ്ടതും, അതായതു വടിപ്പിക്കപ്പെടേണ്ടതും
ഇല്ലല്ലോ?

ഗു:—അന്നമെന്നതെന്താണെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളതു്?

ശി;—അന്നമെന്നതു എന്തൊന്നു ഭക്ഷിക്കുന്നുവോ, കുടിക്കുന്നുവോ,
അതൊക്കെയും വിശേഷിച്ചു ചോറും ആണു്.

ഗു:—ഇത്യാദികൾ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്താൽ ജീവിച്ചിരിപ്പാൻ കഴിയുമോ?

ശി:—ഓ! കഴിയും.

ഗു:—എന്നാൽ ലോകത്തിൽ ഇതുവരെ ആരും ചത്തുപോയിട്ടില്ലേ?

ശി:—അനവധി ചത്തു പോയിട്ടുണ്ട്.

ഗു:—അതെന്തുകൊണ്ട്? "അന്നം ഭക്ഷിച്ചാലേ ജീവിച്ചിരിക്കു", എന്നു നിങ്ങൾ പറയുന്നു. എന്നാൽ ചത്തവരെല്ലാം നിങ്ങൾ പറഞ്ഞ അന്നം ഭക്ഷിക്കാത്തവരാണോ?

ശി:—അവരൊക്കെയും ഭക്ഷിച്ചിട്ടുള്ളവരാണ്.

ഗു:—അതെങ്ങിനെയാണ്? "അന്നം ഭക്ഷിച്ചാലേ ജീവിച്ചിരിക്കു", എന്നും, അന്നത്തെക്കൊണ്ടാണ ദേഹം പോഷിപ്പിക്കുന്നതെന്നും നിങ്ങൾ പറഞ്ഞുവല്ലൊ. അങ്ങിനെ ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ അവർ ചത്തുപോകുവാൻ കാരണമെന്തു?

ശി:—ആയുസ്സു കുറഞ്ഞുപൊയതുകൊണ്ട്.

ഗു:—ആയുസ്സു കുറഞ്ഞുപോയതുകൊണ്ടു എന്നു പറയുന്നതു വലിയ തെററാണ്. എന്നാൽ ലോകത്തിൽ അന്നത്തെ ഭക്ഷിക്കുന്നില്ല. അന്നത്തേക്കൊണ്ടേ ജീവിച്ചിരിക്കയുള്ളു എന്നതിന്നു സംശയമില്ല. പക്ഷെ ആ അന്നത്തെ നാം അറിയുന്നില്ല. അന്നം എന്നതു അശനം. അശനം എന്നാൽ അശ്രുവായിരിക്കുന്ന പ്രാണനെ അയനം ചെയ്യുന്നതു്. അയനം എന്നാൽ തടുത്തുനിൎത്തൽ. അതായതു തനുള്ളിലുള്ള പ്രാണനെ പുറത്തിന്നുള്ളിൽ വിടാതെ തന്നുള്ളിൽകൂടി ബ്രഹ്മരന്ധ്രംവരെ നേരെ കൊണ്ടുപോകുന്നതാണ്. ആ പ്രാണനെന്നതു ജീവശക്തിയായിരിക്കുന്ന വായു. ആ ജീവൻ പോയാൽ ശവം. ശവത്തിന്നു വല്ലതും ഭക്ഷിപ്പാൻ സാധിക്കുമോ?

ശി:—സാധിക്കയില്ല.

ഗു:—കാരണമെന്തായിരുന്നു.

ശി:—ജീവശക്തിയായ വായു, അശനം ഇല്ലാത്തതുകൊണ്ട്.

Since 1923

ഗു:—അതല്ലാതെ ഏറെക്കുറെ ഏഴെട്ടു ദിവസംവരെ ചോറു മുതലായതുകൾ ഭക്ഷിക്കാതിരുന്നാൽ ജീവനില്ലാതെയായിപ്പോകുമോ?

ശി:— ഇല്ല.

ഗു:—അതല്ലാതെ ഒരു ദിവസം മുഴുവനും ദാഹത്തിനു വെള്ളം പോലും കുടിക്കാതിരുന്നാൽ ചത്തുപോകുമോ?

ശി:—ഇല്ല.

ഗു:—എന്നാൽ വായു ഒരു നിമിഷനേരം നമുക്കു കിട്ടാതിരുന്നാൽ എന്തായിത്തീരും?

ശി:—ചത്തുപോകും.

ഗു:—അപ്പോൾ നമുക്കു ആഹാരമായിരിക്കുന്നതു ഏതു്?

ശി:—വായു.

ഗു:—അതാണു അന്നം ആ വായുവായ അന്നം ഉള്ളപ്പോൾ മാത്രമേ അശിക്കുന്നതിനും അതായതു എരിയുന്നതിനും, പചിക്കുന്നതിനും അതായതു തിളക്കുന്നതിനും, ദഹിക്കുന്നതിനും അതായതു വേകുന്നതിനും, ഭക്ഷിക്കുന്നതിനും അതായതു ഉണ്ണുന്നതിനും സാദ്ധ്യമാകയുള്ളു. അതിനു ദൃഷ്ടാന്തമെന്തെന്നാൽ, ഒരു ശവത്തിനു മേൽപറഞ്ഞ യാതൊന്നും സാധിക്കയില്ല. ഇതു കൊണ്ടു അശിക്കുന്നതും, പചിക്കുന്നതും, ദഹിക്കുന്നതും, ഭക്ഷിക്കുന്നതും എന്താണ്.

ശി:—വായുവാണ്.

ഗു:—അതുകൊണ്ടാണു അന്നമയമെന്നും, അന്നത്തിനാൽ പോഷിപ്പിക്കുന്നതു അന്നമയമെന്നും, ആ അന്നമയത്തിൽനിന്നുണ്ടായതു ചൈതന്യമെന്നും, ആ ചൈതന്യത്താൽ അതായതു തേജസ്സിനാൽ ഉണ്ടായതു ലോകമെന്നും പറയുന്നു. അതു കൊണ്ടു ഈ കാണുന്ന ലോകം എന്തിന്റെ ചൈതന്യമാണ്?

ശി:—വായുവിന്റെ ചൈതന്യമാണ്.

ഗു:—അതിനാൽ ജീവശക്തിയായിരിക്കുന്ന വായുവാണു അന്നം. ആ വായുവിനെ ഭക്ഷിച്ചാൽ മാത്രമേ ജീവിച്ചിരിക്കാൻ സാധിക്കയുള്ളു. അതുകൊണ്ടാണു അന്നത്തെക്കൊണ്ടു പോഷിപ്പി

കുന്നതാണ് ദേഹം, എന്നു പറയുന്നതു്. ആയതു കൊണ്ടു അന്നമായിരിക്കുന്ന ആ വായുവിനെ നിറച്ചു പൂർത്തിയാക്കണം അപ്രകാരം ചെയ്താൽ ചത്തുപോകയില്ല

ശി:— ആ വായുവാണ് ദേഹമെന്നും, ആയതു താനാണെന്നും. അതിൽനിന്നുത്ഭവിച്ചതാണ് ഈ കാണുന്ന ലോകമെന്നും ശരിയായി വിശ്വസിക്കുന്നു എന്നാൽ ഇത്ര ലഘുവായ നമ്മിൽനിന്നു എത്രയോ വലുതായ ലോകം ഏതുപ്രകാരത്തിൽ ഉത്ഭവിക്കുന്നുവെന്നു വെളിപ്പെടുത്തി അരുളിച്ചെയ്തു കേൾപ്പാൻ അപേക്ഷിക്കുന്നു.

ഗു:— ഇത്ര ലഘുവായിരിക്കുന്ന നമ്മിൽനിന്നു എത്രയോ വലുതായി കാണപ്പെടുന്ന ഈ ലോകം ഉത്ഭവിച്ചതു ഏതുപ്രകാരത്തിലാണെന്നുവെച്ചാൽ പറയാം. ഏററവും ചെറുതായിരിക്കുന്ന വിത്തിൽനിന്നു എത്രയോ വലുതായ വൃക്ഷം ഉണ്ടാവുന്നു. ഇപ്രകാരംതന്നെയാണ് നമ്മുടേയും ലോകത്തിൻേറയും സ്ഥിതി. ആയതെങ്ങിനെയെന്നു വെച്ചാൽ, ലോകത്തിൽ ഏററവും വലുതായി പടന്നു കിടക്കുന്ന വൃക്ഷം പേരാലാണ്. ആ വൃക്ഷത്തിൻെറ കായ ഏററവും ചെറിയതും, ആ കായയിൽ ഇരിക്കുന്ന വിത്തു അണുവിലും ചെറുതായിട്ടുള്ളതും, അതായതു ഒരു കടുകുമണി നാലുഭാഗം ചെയ്താൽ ഒരു ഭാഗം എത്ര വലുപ്പമുണ്ടോ അത്രമാത്രമിരിക്കുന്നതും ആണ്. ഈപ്രകാരമുള്ള വിത്തിൽനിന്നാണ് എത്രയോ വലുതായ വൃക്ഷത്തിൻെറ ഉത്ഭവം. ആ വിത്തില്ലെങ്കിൽ ആ വൃക്ഷം ഉണ്ടാകുന്നതല്ല. എത്രയോ വലുതായിരിക്കുന്ന ആ വൃക്ഷം ഏററവും അണുവായിരിക്കുന്ന അതിൻെറ ബീജത്തിൽ അതായതു വിത്തിൽ ഒതുങ്ങിയിരിക്കുന്നു. വിത്തു കായയുടെ ഉള്ളിലും ഒതുങ്ങിയിരിക്കുന്നു. വൃക്ഷം വിത്തിനുള്ളിലിരിക്കുന്ന പരിപ്പിൽനിന്നു മുളയായി ഉത്ഭവിച്ചു, ആ പരിപ്പു അടങ്ങിയിരിക്കുന്നതായ തോടിൽകൂടി പുറത്തേക്കു വന്നു വളന്നു പടന്നുവരുന്നു പിന്നെ ആ പരിപ്പിനേയോ, തോടിനേയോ കാണുന്നില്ല. ഇതേപ്രകാരംതന്നെ, വിത്തിൽ അടങ്ങിയിരിക്കുന്ന പരിപ്പു ജീവനും, പരിപ്പിൽനിന്നു

ണ്ടായ വൃക്ഷം മനസ്സും, പരിപ്പു ഒതുങ്ങിയിരിക്കുന്ന തോട് അഹങ്കാരവും ആകുന്നു. ജീവനായിരിക്കുന്ന പരിപ്പിൽനിന്നു മനസ്സാകുന്ന വൃക്ഷം മുളച്ചു അഹങ്കാരമായിരിക്കുന്ന തോട്ടിൽ കൂടി പുറത്തേക്കു വ്യാപിക്കുന്നു. ആ അഹങ്കാരമായിരിക്കുന്ന തോട്ടിൽ ജീവനായിരിക്കുന്ന പരിപ്പു ഒതുങ്ങിയിരിക്കുമ്പോൾ മാത്രമേ വിത്തെന്നു പേരുള്ളു. അപ്രകാരമുള്ള വിത്തു ജഡമായിരിക്കുന്ന കായയിൽ ആണിരിക്കുന്നതു്. അതെതുപ്രകാരമെന്നാൽ, പേരാൽവൃക്ഷത്തിൻെറ വിത്തു ഇരുന്നതു കായയിൽ ആയിരുന്നു. എന്നാൽ മേൽപ്രകാരമുള്ള വിത്തിൽനിന്നു മനസ്സാകുന്ന വൃക്ഷം മുളച്ചു പുറത്തേക്കു വ്യാപിക്കുന്നതിനാൽ വിത്തിനെ കാണുന്നില്ല. കാണുന്നതു ജഡത്തെയാണു്. ജഡമായിരിക്കുന്ന കായയിൽനിന്നു ജീവനായിരിക്കുന്ന വിത്തു പോയിപ്പോയതിന്നുശേഷം ഈ ജഡത്തിൽനിന്നു മനസ്സാകുന്ന വൃക്ഷം മുളക്കുന്നില്ല. അതെന്തുകൊണ്ടെന്നാൽ ജീവനായ വിത്തു ഇല്ലാത്തതുകൊണ്ടു്. ആയതെങ്ങിനെയെന്നുവെച്ചാൽ, പേരാൽവൃക്ഷത്തിൻെറ കായയുടെ അകത്തുള്ള വിത്തുകളഞ്ഞാൽ ആ വിത്തു അടങ്ങിയിരുന്നതായ തോടു മുളക്കുന്നില്ല. ഈ പേരാൽ വൃക്ഷത്തിന്നു ഏതുപ്രകാരം കായയുണ്ടാകുന്നുവോ അതേപ്രകാരം തന്നെയാണ് മനസ്സാകുന്ന വൃക്ഷത്തിന്നും കായ ഉണ്ടാകുന്നതു്. അതായതു, പേരാൽവൃക്ഷത്തിൻെറ രണ്ടു ഇലകളുടെ മദ്ധ്യത്തിലാണ് പൂത്തു കായയുണ്ടാകുന്നതു്. ഈ കായ മൂത്തു പഴുത്തു ഭൂമിയിൽ വീണു പിന്നെയും മുളച്ചു വൃക്ഷമായി പൂത്തു കായയുണ്ടായി മേൽപ്രകാരം പഴുത്തു വീണു അനവധി വൃക്ഷങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ പൂക്കുന്ന പൂവിന്നെല്ലാം കായയുണ്ടാകുന്നില്ല. ആ പൂക്കളിൽ എട്ടിൽ ഏഴു ഭാഗവും പല പ്രകാരത്തിലും നശിച്ചുപോകുന്നു. ബാക്കിയുള്ളവയ്ക്കേ കായയുണ്ടാകുന്നുള്ളു. ആ കായകളും മുഴുവനും മൂത്തു പഴുക്കുവാൻ ഇടവരുന്നില്ല. ആയതും പലപ്രകാരത്തിലും നശിക്കുന്നു. ഇപ്രകാരംതന്നെയാണ് ഗർഭം ഉണ്ടാകുന്നതും. അതെങ്ങിനെയെന്നുവെച്ചാൽ, പേരാൽ വൃക്ഷത്തി

ലുള്ള കൊമ്പുകളിന്മേലും, ചുള്ളികളിന്മേലും, മററിടങ്ങളിലും ഇലകളുണ്ടാകുന്നതു ഈരണ്ടെണ്ണമായിട്ടാണ്. ആ ഇലകളുടെ മദ്ധ്യത്തിലാണ് മൊട്ടുണ്ടാകുന്നത്. അതെങ്ങിനെയെന്നാൽ ഇലകൾക്ക ചുകന്നതായ കറയും, വൃക്ഷത്തിന്നു സ്വതേ വെളുത്ത വർണ്ണമായ പാലും ഉണ്ട്. ഇലകൾ വിടരുമ്പോൾ ചുകന്നതായിരിക്കുന്ന കറയിൽ വായുമാർഗ്ഗേണ ഇല ഉത്ഭവിച്ചതായ തണ്ടിൽനിന്നു പാൽ വീണു, ആ കറയോട്ട് യോജിച്ചു മൊട്ടുകളുണ്ടായിത്തീരുന്നു അതാണ് പുഷ്പമായി കായയായിത്തീരുന്നത്. ഇപ്രകാരംതന്നെ മനസ്സാകുന്ന വൃക്ഷം സംയോഗംചെയ്യുന്നതും രണ്ടിലകളുടെ മദ്ധ്യത്തിലാണ്. ആ ഇലകളിൽനിന്നു രക്തവർണ്ണമായ കറ ഉത്ഭവിക്കുമ്പോൾ വായുമാർഗ്ഗേണ മനസ്സാകുന്ന വൃക്ഷത്തിൽനിന്നു ശുക്ലമായ പാൽ മുട്ടാകൃതിയായി വീഴുകയും, അതു രക്തവർണ്ണമായ കറയിൽ പിടിച്ചു ഗർഭമായിത്തീരുകയും ചെയ്യുന്നു. ഈ വിധമായി ഗർഭം ഉണ്ടായ കായയായതു ദിനംപ്രതി വളർന്നു മൂത്തു പഴമായി ഒമ്പതോ പത്തോ മാസം കഴിഞ്ഞു ഭൂമിയിൽ വീഴുന്നു. ആ കായയായ കുട്ടിയിൽ ജീവനായിരിക്കുന്ന വിത്തില്ലെങ്കിൽ അതിനെ കുഴിച്ചിട്ടുകളയുന്നു. ജീവനായിരിക്കുന്ന വിത്തുണ്ടെങ്കിൽ അതിനെ ബഹുജാഗ്രതയോടെ സൂക്ഷിക്കുകയും ക്രമേണ മനസ്സാകുന്ന വൃക്ഷം മുളച്ചു ദിനംദിനം വളർന്നു വലുതായി സംയോഗമാകുന്ന പൂക്കൽകൊണ്ടു പിന്നേയും ക്രമേണ ക്രമേണ കായ വർദ്ധിച്ചു ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യുന്നു. എന്നാൽ എല്ലാ സംയോഗത്തിലും ഗർഭം ഉണ്ടാകുകയോ എല്ലാ ഗർഭവും മൂത്തു പഴുത്തു കുട്ടിയായി ഉത്ഭവിക്കുകയോ ചെയ്യുന്നില്ല. കൂടാതെ, പേരാൽ വൃക്ഷത്തിനുണ്ടാവുന്ന പുഷ്പങ്ങൾ നാം കാണുന്നു. ആ പുഷ്പങ്ങൾക്ക വല്ല അടയാളവും വെച്ചുനോക്കിയാൽ കായയുണ്ടായതു ഇന്ന പുഷ്പത്തിൽനിന്നാണെന്നു നമുക്ക മനസ്സിലാക്കാം. മനസ്സാകുന്ന വൃക്ഷത്തിന്റെ പുഷ്പത്തെ കാണുകയോ ഇന്ന പുഷ്പത്തിൽനിന്നുണ്ടായ കായയാണ് ഈ കുട്ടിയെന്നു പറയുവാൻ സാധിക്കുകയില്ല. മനസ്സാകുന്ന വൃ

ക്ഷത്തിൻെറ പുഷ്പം കാണാതെ കായയുണ്ടാകുന്നപ്രകാരം ത
ന്നെ പുഷ്പത്തെ കാണാതെ കായയുണ്ടാകുന്ന ഒരു വൃക്ഷമുണ്ട്.
ആയ്ത് അത്തിവൃക്ഷമാണ്. അത്തിവൃക്ഷത്തിൻെറ പുഷ്പത്തെ
കാണ്മാൻ സാധിക്കുന്നില്ല. അതു ഇരുട്ടിൽ പൂത്തു അല്പസമയം
കൊണ്ടു അതിന്നു കായയുണ്ടാകുന്നു. അതിനെ പകൽസമ
യം നോക്കുമ്പോൾ കായയുണ്ടായതായി കാണുന്നു. ഇന്ന സ
മയത്താണ് പൂത്തതെന്നു പറയുവാൻ സാധിക്കുന്നില്ല. എ
ന്നാൽ ഈ വൃക്ഷം ഇരുട്ടില്ലെങ്കിൽ പൂക്കുകയില്ല. അതേപ്രകാ
രംതന്നെ മനസ്സാകുന്ന വൃക്ഷം അന്ധകാരമായ അഹങ്കാര
ത്തിൽക്കൂടി അല്പസമയംകൊണ്ടു പൂത്തു, ഗർഭമായ കായ അതി
ന്നുണ്ടാവുന്നു. അഹങ്കാരമായ അന്ധകാരമില്ലെങ്കിൽ സംയോ
ഗം ഉണ്ടാവുന്നതല്ല. അതിനാൽ അഹങ്കാരമായ അന്ധകാര
ത്തിൽ പൂക്കുന്നതുകൊണ്ടു ഇന്ന പൂവിൻെറ കായയാണ് എന്നു
പറയുവാൻ സാധിക്കാതെ വന്നതാണ്. എന്നാൽ ഒരു പേ
രാൽ വൃക്ഷത്തെ നശിപ്പിച്ചുകളഞ്ഞാൽ അതുനിമിത്തം എത്ര
വൃക്ഷമാണ് ഇല്ലാതെയാവുന്നതെന്നു കണക്കെടുപ്പാനും അപ്ര
കാരം മനസ്സാകുന്ന വൃക്ഷത്തെ നശിപ്പിച്ചുകളഞ്ഞാൽ അതു
നിമിത്തം എത്ര മനസ്സാകുന്ന വൃക്ഷമാണ് ഇല്ലാതെയാകുന്ന
തെന്നു കണക്കെടുപ്പാനും സാധിക്കുന്നതല്ല. ഇപ്രകാരത്തിലു
ള്ള മനസ്സാകുന്ന വൃക്ഷത്തിന്നാണ് സംസാരവൃക്ഷം എന്ന്
പേർ. ഈ സംസാരവൃക്ഷം പൂത്തു കായയുണ്ടായി, മൂത്തു പ
ഴുത്തു ഭൂമിയിൽ വീണു മുളച്ചു മേൽപ്രകാരംതന്നെ ഉണ്ടാവുക
യും, നശിക്കുകയുംചെയ്യുന്നു. എന്നാൽ എത്രയും വലുതായി
രിക്കുന്ന പേരാൽമരത്തിൻെറ വിത്തു ഏററവും ചെറുത്. എ
ന്നാൽ ഏററവും വലുതായി പടർന്നുകിടക്കുന്ന വടവൃക്ഷം എ
ങ്ങിനെയുണ്ടാകുന്നതോ അങ്ങിനെ നമ്മുള്ളിൽനിന്നു മനസ്സാ
കുന്ന സംസാരവൃക്ഷം മുളച്ചു പുറമെ പ്രകൃതിയായി വ്യാപിക്കു
കയും ചെയ്തുകിടക്കുന്ന വടവൃക്ഷമാണ് ഈ കാണുന്ന ലോകം.
ഇപ്രകാരമുള്ള വടവൃക്ഷത്തിൻെറ മുരട്ടിലാണ് ദക്ഷിണാമൂർത്തി
യായ ഗുരു ഇരിക്കുന്നത്.

ശി:—കമ്മമെന്നതു ലോകത്തിൽ തൊഴിലെന്നു ധരിച്ചുവന്നതു തെററാണെന്നും, കമ്മമെന്നതു ഒരു വസ്തുവാണെന്നും, അതു വായുവാണെന്നും ഇപ്പോഠം മനസ്സിലായിരിക്കുന്നു.

ഗു:—എന്നാൽ ത്വക്ക, വായ, കണ്ണു, മൂക്ക, ചെവി മുതലായവ്ലുകളെക്കൊണ്ടു ജ്ഞാനം ഉണ്ടാകുന്നതല്ല. അതു ജ്ഞാനത്തിനു അധികാരമുള്ളതല്ല. അതു പുരമാകുന്ന ഈ ജഡത്തിൻെറ വാതിലുകളും ജനലുകളും ആകുന്നു. കമ്മമായി ജീവശക്തിയായിരിക്കുന്ന വായു, പരമാത്മാവായിരിക്കുന്ന മനസ്സാകുന്ന വിഷ്ണുവിന്നു, പുറത്തിന്നുള്ളിൽ ഗതാഗതം ചെയ്യാനുള്ള മൂക്ക, വായ മുതലായ വാതിലുകളും, കണ്ണു, ചെവി മുതലായ ജനലുകളും ആകുന്നു. അതിനാൽ അവകഠംക്ക യാതൊരു ഉത്തരവാദിത്വവും അറിവും ഇല്ല. കൂടാതെ വാക്ക, പാണി, പാദം, പായു, ഉപസ്ഥം ഇവകഠം എന്താണെന്നാണു നിങ്ങഠം ധരിച്ചിട്ടുള്ളതു്?

ശി:—അതുകഠം നാവു, കൈകഠം, കാലുകഠം, ഗുദം, അതായതു മലദ്വാരത്തോടു ചേന്നിട്ടുള്ളതു്, ഉപസ്ഥം അതായതു സ്ത്രീകളുടെ മൂത്രദ്വാരം എന്നുമാണു ലോകത്തിൽ പറഞ്ഞുവരുന്നതു്.

ഗു:—എന്നാൽ ഇതെല്ലാം തെററാകുന്നു. ഇവകളെല്ലാം തൊഴിൽ ചെയ്യാനുള്ള ആയുധങ്ങളും സ്ഥലങ്ങളും ആകുന്നു. എന്തുകൊണ്ടെന്നാൽ നവദ്വാരങ്ങളും, അഞ്ചു ഇന്ദ്രിയങ്ങളും എല്ലാ ജീവജാലങ്ങഠംക്കും ഉണ്ടു്. നിങ്ങഠം പറഞ്ഞ പ്രകാരമായിരുന്നാൽ സ്ത്രീകഠംക്കും പുരുഷന്മാക്കും ഇതുകഠം മുഴുവനും കാണുന്നില്ല. എന്നാൽ നവദ്വാരത്തെപ്പററി ഇതിനു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അതിൽ ലിംഗം എന്നതു മൂത്രദ്വാരമല്ലെന്നും, ഈശ്വരലിംഗമാണെന്നും, അതു നവദ്വാരത്തിൽ പെട്ടതല്ലെന്നും, നവദ്വാരങ്ങഠം ഇന്നിന്നവകളാണെന്നും പറഞ്ഞിരിക്കുന്നുവല്ലൊ. ആ ലിംഗം ആണിന്നും പെണ്ണിന്നും ഉണ്ടെന്നും പറഞ്ഞിരിക്കുന്നുവല്ലൊ. ഇപ്പോഠം താങ്കഠം പറഞ്ഞതു വാക്ക, പാണി, പാദം, പായു, ഉപസ്ഥം, എന്നതിൽ പായു എന്നതു ഗുദമെന്നും, ഉപസ്ഥമെന്നതു സ്ത്രീകളുടെ മൂത്രദ്വാര

മെന്നും ആണല്ലോ. അങ്ങിനെ നോക്കുമ്പോൾ നവദ്വാരത്തിൽപെട്ട ഗുദത്തിന്നു തന്നെയാണ കൎമ്മേന്ദ്രിയത്തിൽപെട്ട പായു എന്നു പറയുന്നത്. അപ്രകാരം നോക്കുമ്പോൾ ഒരു പ്രകാരത്തിലും വരുവാൻ ഇടയില്ല. എന്തെന്നാൽ രണ്ടുപേർ ഉണ്ടാകുമ്പോൾ രണ്ടു വസ്തുക്കളും ഉണ്ടാകണം. എന്തുകൊണ്ടെന്നാൽ ഗുദത്തിന്നുള്ള തൊഴിൽ വേറെയും പായുവിന്നുള്ള തൊഴിൽ വേറെയും ആണ്. അപ്പോൾ രണ്ടിന്നും വേറെ വേറെ തൊഴിലായതുകൊണ്ടു രണ്ടിന്നും രണ്ടു വസ്തുക്കൾതന്നെ ഉണ്ടായിരിക്കണം. എന്നാൽ, പായുവെ നാം കാണുന്നും ഇല്ല. ഉപസ്ഥം സ്ത്രീകളുടെ മൂത്രദ്വാരമാകയാൽ അതു നമുക്കില്ല. അപ്പോൾ പഞ്ചേന്ദ്രിയങ്ങളിൽ പായുവെ നമുക്കു കാണുവാൻ സാധിക്കില്ല. ഉപസ്ഥം നമുക്കില്ല. അങ്ങിനെ വരുവാൻ തരമുണ്ടോ? എന്നാൽ പഞ്ചേന്ദ്രിയങ്ങൾ ഇന്നിന്നതെന്നു ലോകൎക്കു അറിയുന്നില്ല. അതു നിങ്ങൾ പറഞ്ഞതല്ല. അതെന്തെന്നാൽ ഗുദം, ഉപസ്ഥം, ലിംഗം, ഇതുകൾ ഗോപനീയം അതായതു രഹസ്യമായിട്ടുള്ളതാണെന്നു ലോകത്തിൽ പറഞ്ഞുവരുന്നു. അതു ഇപ്പോൾ ലോകത്തിൽ പറഞ്ഞുവരുന്നതായ ആണടയാളമായ പുരുഷൎക്കുള്ള മൂത്രദ്വാരം ലിംഗമെന്നും, പെണ്ണ-യാളമായ സ്ത്രീകൾക്കുള്ള മൂത്രദ്വാരം ഉപസ്ഥമെന്നും, ഉലകത്തിൽ സൎവ്വ ജീവികൾക്കും മലവിസൎജ്ജനം ചെയ്യാനുള്ള മലദ്വാരത്തിന്നു ഗുദമെന്നും പറഞ്ഞുവരുന്നു. അതു വലിയ തെറ്റ്. എന്തുകൊണ്ടെന്നാൽ, ഇതുകൾ രഹസ്യമായിരിക്കുന്നതല്ല; പരസ്യമായി പുറത്തു കണ്ടുംകൊണ്ടിരിക്കുന്നതാണ്. ഇതുകളെ ഇപ്പോൾ രഹസ്യമെന്നു പറയുവാൻ കാരണം വസ്ത്രം കെട്ടി മറച്ചിരിക്കുന്നതുകൊണ്ടാണ്. മറച്ചു വെച്ചിരിക്കുന്നതിനാൽ രഹസ്യമല്ല. എന്തുകൊണ്ടെന്നാൽ, നാം ജനിക്കുമ്പോൾ മറവിലല്ല അപ്പോൾ പരസ്യമായി പുറത്തുതന്നെയാണ ഇരുന്നത്. അതിന്നെ നാലഞ്ചു വയസ്സിന്നു ശേഷമാണ വസ്ത്രം മുതലായതുകൊണ്ടു മറച്ചുവെച്ചിരുന്നത്. അതിനാൽ ഇപ്പോൾ പറഞ്ഞുവരുന്നതല്ല മേൽപറഞ്ഞവകൾ.

അതുകൊണ്ടു മേൽപറഞ്ഞതവകൾ ജനിച്ചപ്പോഴേ രഹസ്യമായുള്ളതാണ്. അതെന്തെന്നാൽ വിവരിച്ചുപറയാം. വാക്ക എന്നു പറയുന്നതു ശബ്ദവും, പാണി എന്നു പറയുന്നതു പരമാത്മാവായിരിക്കുന്ന മനസ്സാകുന്ന വിഷ്ണുവിനുള്ള നാലു കൈകളുമാണ്. ഈ കൈകളിൽ നാലു ആയുധങ്ങൾ ധരിച്ചിരിക്കുന്നു അതുകൾ ശംഖ്, ചക്രം, ഗദ, പത്മം ഇതുകളാണ്. അതിൽ ശംഖുകൊണ്ടുള്ള ഉപയോഗം എന്താണ്.

ശി:—ശബ്ദം

ഗു:—ചക്രം കൊണ്ടുള്ള ഉപയോഗം എന്താണ്?

ശി:—ശത്രുക്കളെ സംഹരിക്കുക.

ഗു:—ഗദകൊണ്ടോ?

ശി:—അതും ശത്രുക്കളെ നശിപ്പിക്കുക.

ഗു:—പത്മത്തിനാലോ?

ശി: —അതു അലങ്കാരത്തിന്നായി പിടിച്ചിരിക്കുന്നു.

ഗു:—എന്നാൽ നിങ്ങൾ പറഞ്ഞ പ്രകാരത്തിലല്ല അതുകളുടെ സ്ഥിതികൾ. ശബ്ദത്തെ കേൾക്കുവാനും ഉണ്ടാക്കുവാനും ഉള്ളതു ചെവി. ആ ചെവിയാണു പരമാത്മാവായിരിക്കുന്ന മനസ്സായ വിഷ്ണുവിൻെറ ഒരു കൈ. ചക്രം എന്നതു തിരിഞ്ഞുകൊണ്ടിരിക്കുന്നതു്. അതു നമ്മുടെ കാണ്മാകുന്നു. അതു മനസ്സാണ്. ആ മനസ്സു തിരിഞ്ഞുകൊണ്ടിരിക്കുന്നതിനാലാണു പലവിധമായി കാണുവാൻ ഇടയായിത്തീന്നതു്. ഗദ എന്നു വെച്ചാൽ ഗതിച്ചുകൊണ്ടിരിക്കുന്നതു്. അതായതു നടനം ചെയ്യുന്നതു്. അതെന്തെന്നാൽ നമ്മുടെ ജീവശക്തിയായിരിക്കുന്ന വായുവാണ്. അതിന്നു പോക്കുവരവിനു ഉപയോഗമായിരിക്കുന്നതു മൂക്കാണ്. ആ മൂക്കാണു പരമാത്മാവായിരിക്കുന്ന വിഷ്ണുവിനു മറെറാരു കൈ. പത്മം, അതായതു ജീവശക്തിയായിരിക്കുന്ന വായു പുറത്തുവന്നപ്പോൾ ഞാൻ എന്നുള്ള അഹങ്കാരമായ താമരയുണ്ടായി. അതായതു അക്ഷരമായിരിക്കുന്ന താൻ ആകാശമായപ്പോൾ അതു താമരയായിരിക്കുന്ന ഹൃദയകമലമാകുന്നു. അതു വായമാള്ളമാണ്. അ

താണ് പരമാത്മാവാകുന്ന വിഷ്ണുവിനു വേറൊരു കൈ. പാണി എന്നു പറഞ്ഞാൽ പരമാത്മാവു മനശ്ശക്തിയായിരിന്നതു് അപ്പോഴും മേൽപറഞ്ഞ നാലു കൈകളായി പരമാത്മാവായിരിക്കുന്ന മനസ്സു പുറത്തിനുള്ളിൽ വ്യാപിച്ചിരിക്കുന്നതു്. പാദം എന്നതു സ്വസ്ഥാനം അതായതു സ്വന്തസ്ഥാനം. വായു എന്നാൽ ഉറവുണ്ടാകുന്ന സ്ഥലം അതായതു കനിയുന്ന സ്ഥലം. ഉപസ്ഥം എന്നാൽ ഉപസ്ഥിതി ചെയ്യുന്നതു്. അതായതു, ഉപ + സ്ഥിതി; ഉപ=ചേർന്നു; സ്ഥിതി=സ്ഥിരപ്പെട്ടിരിക്കുന്നതു് അതു ഏതിനോടെന്നാൽ ലിംഗത്തോടു സ്ഥിരമായി ചേർന്നിരിക്കുന്നതു്. ആ ലിംഗത്തിന്നാണു ഈശ്വരലിംഗം എന്നു പറയുന്നതു്. അതു നമ്മുടെ ഭ്രൂമദ്ധ്യത്തിലിരിക്കുന്നതാണു്. ആ ലിംഗം ഉപസ്ഥത്തിലാണു്. അതിനാലാണു ഉപസ്ഥം എന്നു പറയുവാൻ കാരണം. ഉപസ്ഥം എന്നതു യോനി അതായതു ഉല്പത്തിസ്ഥാനം. ആ ഉല്പത്തി എവിടെനിന്നുണ്ടായതെന്നാൽ സ്ത്രീകളുടെ മൂത്രദ്വാരത്തിൽനിന്നല്ല. ആ മൂത്രദ്വാരം പുറത്തു വരുവാനുള്ള ഒരു വഴിയാണു്. ആർ വരുവാനെന്നാൽ, കുട്ടി വരുവാൻ. ആ കുട്ടി എവിടെയിരുന്നെന്നാൽ, സ്ത്രീയുടെ വയററിൽനിന്നു സ്ത്രീയുടെ വയററിൽ കുട്ടിയില്ലെങ്കിൽ പുറത്തുവരുന്നതല്ല. അതുകൊണ്ടു അതു ഉല്പത്തിസ്ഥാനമല്ല. ആ കുട്ടി വയററിൽ ഉണ്ടാകേണമെങ്കിൽ എന്തുണ്ടായിരിക്കേണമെന്നാൽ ശുക്ലശ്രോണിതമുണ്ടായിരിക്കണം. ശുക്ലശ്രോണിതം എവിടെനിന്നുണ്ടായെന്നു വെച്ചാൽ ആണും പെണ്ണും ചേർന്നുള്ള സംയോഗത്തിൽ നിന്നാണു്. ആ സംയോഗം നിമിത്തം ഉണ്ടാകുന്ന ശുക്ലം ബ്രഹ്മമാണു്. ആ ബ്രഹ്മമാകുന്ന ശുക്ലം സംയോഗം നിമിത്തം നരകദ്വാരം വഴിയായി കുംഭീപാകനരകത്തിൽ ചെന്നു വീഴുവാനും ആ കുംഭീപാക നരകത്തിൽനിന്നു പുറത്തേക്കു വരുവാനുമുള്ള നരകവാതിലാണു സ്ത്രീകളുടെ സംയോഗസ്ഥലം അതായതു മൂത്രദ്വാരം. അതെങ്ങിനെയെന്നാൽ ലിംഗമൂലത്തിലിരിക്കുന്ന ബ്രഹ്മസ്വരൂപമായിരിക്കുന്ന ശുക്ലം സംയോഗം നിമി

ത്തം മേൽപറഞ്ഞ പ്രകാരം ഉണ്ടാകുന്നു. അതിന്നൊരു ദൃഷ്ടാന്തം; നിങ്ങൾ ശിവക്ഷേത്രത്തിൽ പോയിരിക്കുന്നുവോ?

ശി:—ഞാൻ പോയിരിക്കുന്നു.

ഗു:—ആ ശിവക്ഷേത്രത്തിൽ എന്തിരിക്കുന്നു?

ശി:—ശിവലിംഗമിരിക്കുന്നു.


ഗു:—അതു ഏതിലിരിക്കുന്നു?

ശി:—അതു ക്ഷേത്രത്തിന്നുള്ളിൽ കല്ലുകൊണ്ടു ഒരു പീഠം ചെയ്തു ആ പീഠത്തിൽ യോനീയാകൃതിയായി ഒരു കുഴിചെയ്തു ആ കുഴിയിൽ ലിംഗത്തെ പ്രതിഷ്ഠിച്ചിരിക്കുന്നു.

ഗു:—അപ്പോൾ ലിംഗം എവിടെയാണിരിക്കുന്നതു്?

ശി:—യോനിയിലിരിക്കുന്നു.

ഗു:—അപ്പോൾ ലിംഗം യോനിയിലിരിക്കുന്നതുകൊണ്ടാണു അതിന്നു ഉപസ്ഥം എന്നു പറയുവാൻ കാരണം. അങ്ങിനെയിരിക്കുന്ന ലിംഗത്തിന്നു മേലെ എന്തൊക്കെ അഭിഷേകം ചെയ്യുന്നതായാലും അതിൽ ദ്രാവകരൂപമായതു ഏതായാലും ഈ ചിത്രത്തിൽ കാണിച്ചിരിക്കുന്ന പ്രകാരം അതു കനിഞ്ഞു ഉറന്നു വരുന്ന സ്ഥലം പായുവെന്നും അതു കീഴെ കുതിക്കുന്ന സ്ഥലം ഗുദമെന്നും പേർ.




അതു എവിടെനിന്നെന്നാൽ സ്ഥാനത്തിൽ നിന്നാണു്. അതായതു പാദത്തിൽനിന്നു. അതിനാൽ വാക്കു, പാണി, പാദം, പായു, ഉപസ്ഥം എന്നതുകൾ ഇതുകളാണു്. ഇതുകൾ ജ്ഞാനേന്ദ്രിയങ്ങളാണു്. അതായതു പാദം എന്ന സ്വസ്ഥാനത്തിൽനിന്നു പരമാത്മാവായ വിഷ്ണു മനശ്ശക്തിയായി നാലു കൈകളായി പുറത്തിന്നുള്ളിൽ പായു എന്ന സ്ഥലത്തിൽ നിന്നു കനിഞ്ഞു ഉറവായി ഗുദത്തിന്മാർഗ്ഗമായി പുറത്തുവരുന്നതിനാൽ ആ നാലു കൈകളേയും അടക്കി ജീവശക്തിയെ ആ ഗുദത്തിൻവഴിയായി മേലെ ഉത്തരസ്ഥാനത്തേക്കു കൊണ്ടുപോയി ചേർക്കുമ്പോഴാണു ജ്ഞാനം ഉണ്ടാകുന്നതു്. അതെങ്ങിനെയെന്നാൽ ചെവികൾ കൊണ്ടു കേട്ടറിവാനും, കണ്ണുകളാൽ കണ്ടറിവാനും,. മൂക്കിനാൽ മണ

അറിവാനും മററും വഴിയുണ്ടാക്കുന്നതുമായതും, വാസിനാൽ ആകാരമായ ആകാശമുണ്ടാക്കി പലവസ്തുക്കളും ഉണ്ടാക്കിത്തീക്കുന്നതുമായ നാലു വഴികൾ മാർഗ്ഗമായി പുറത്തിനുള്ളിൽ വിടാതെ തന്നുള്ളിൽ ആന്തര്യ്യമായി കിടക്കുന്ന ഗുദമാർഗ്ഗമായി അതായതു തന്നുൾ വഴിയായി തന്നുടെ ഉല്പത്തിസ്ഥാനത്തിൽ ചെന്നു ചേർന്നപ്പോൾ ആണു നമുക്കു ജ്ഞാനമുണ്ടാകുന്നതു്. അതായതു മുൻ പറഞ്ഞ നാലു കൈകളും പുറത്തിനുള്ളിൽ പോകുവാൻ വിടാതെ തന്നുള്ളിൽ അടങ്ങുമ്പോഴാണു ജ്ഞാനമുണ്ടാകുന്നതു്. അതിനാലാണു ജ്ഞാനേന്ദ്രിയമെന്നു പേർ. ഇതല്ലാതെ നിങ്ങൾ പറഞ്ഞ നാവു, കൈ, കാൽ, ഗുദം, മൂത്രദ്വാരം, ഇവകളൊന്നും കർമ്മേന്ദ്രിയമോ ജ്ഞാനേന്ദ്രിയമോ അല്ല. അതുകളെല്ലാം തൊഴിൽ ചെയ്യുവാനുള്ള ആയുധങ്ങളും സ്ഥലങ്ങളുമാണ്. അങ്ങിനെയിരിക്കുന്ന മനസ്സു അതിന്റെ സ്വസ്ഥാനത്തിൽ സ്ഥിതിചെയ്യുന്നതാണ്. അപ്രകാരം സ്ഥിതി ചെയ്യുന്ന മനസ്സിന്നാണു വിഷ്ണുവെന്നു പറയുന്നതു്. ആ വിഷ്ണു അനന്തശയനനായിരിക്കുന്നു. അനന്തശയനമെന്നാൽ ആദ്യന്തം, അകം പുറം, ഈ അവസ്ഥകളില്ലാതെയിരിക്കുന്ന പദവിയാണ്. അതായതു തന്നിൽനിന്നു ചലിച്ചും കൊണ്ടിരിക്കുന്ന മനസ്സു ചലനം കൂടാതെ സ്വസ്ഥാനത്തിൽ ലയിക്കുന്ന അവസ്ഥയാണ്. ഇതാണു ഏകാദശീവ്രതമനുഷ്ഠിച്ചാൽ വിഷ്ണുപദം പ്രാപിക്കുമെന്നു പറയുവാനുള്ള കാരണം. പ്രദോഷമെന്നതു ത്രയോദശി കൂടിയ ദിവസമാണെന്നു പറയുന്നു. എന്നാൽ അതിന്റെ യഥാർത്ഥം, ദശേന്ദ്രിയങ്ങളിൽ കൂടി തന്റെ ശക്തി സത്വ രജ:തമോഗുണങ്ങളായി പുറത്തിനുള്ളിൽ വ്യാപിക്കുന്നതിനെ മുൻപറഞ്ഞ മൂന്നു ഗുണങ്ങളോടുകൂടി ആന്തര്യ്യത്തിൽ ജീവനായ ശിവനോടു ഐക്യപ്പെടുന്നതാണ്. ശിവരാത്രിയും അപ്രകാരം തന്നെ ബാഹ്യത്തിൽ അതായതു പുറത്തിനുള്ളിൽ മൂന്നു വിധമായി മായയിൽ പ്രകാശിച്ച പ്രകാരം ആന്തര്യ്യത്തിൽ ജീവനായ ശിവനോടു ഐക്യപ്പെടുന്നതാണ്. ഇപ്രകാരമാണു വ്രതാദികളുടെ സ്ഥിതി.

ഇതല്ലാതെ, ശിവരാത്രി കൊല്ലത്തിൽ ഒന്നേയുള്ളു. അതു ശിവന്റെ രാത്രിയെന്നാണു പറയുന്നതു്. എന്നാൽ കൊല്ലത്തിൽ രാവും പകലും കൂടി 365 ദിവസങ്ങളുണ്ടു്. അതിൽ ഒരു ദിവസത്തെ രാത്രി മാത്രമേ ശിവന്നു രാത്രിയുള്ളു വെന്നും, ബാക്കിയെല്ലാം പകലാണെന്നും ഒരിക്കലും വിശ്വസിക്കുവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, പകലെത്ര സമയമോ അത്ര സമയം തന്നെ രാത്രിയും ഉണ്ടാവും. ഇതിൽ 364 രാവും പകലും കൂടിയ ദിവസങ്ങൾ മുഴുവൻ ശിവന്നു പകലായിട്ടും മുന്നൂററ അറുപത്തഞ്ചാമത്തെ ഒരു ദിവസം രാത്രിമാത്രം ശിവന്നു രാത്രിയായിട്ടും വരുവാൻ കാരണമില്ല. ഈവക യാതൊന്നും ആലോചിക്കാതെ ഏകാദശിയെന്നും, പ്രദോഷമെന്നും, ശിവരാത്രിയെന്നും കേൾക്കുകയും ശാസ്ത്രാദികളിൽ വായിച്ചു പഠിക്കുകയും ചെയ്ത ജനങ്ങൾ ആയതിന്റെ യാതൊരു തത്വവും അറിയാതെ അൎത്ഥം തെററിദ്ധരിച്ചു, എന്തെങ്കിലും ചില ഗോഷ്ഠികൾ കാണിക്കുകയെന്നു മാത്രമേ പറയുവാൻ തരമുള്ളു. എന്നാൽ വ്രതാദികളെന്നു വേണ്ട, ലോകവും അതിൽ നടക്കുന്ന അവസ്ഥകളും, തന്റെ ശക്തി പുറത്തിനുള്ളിൽ വ്യാപിച്ചു, ആ ശക്തിയിൽനിന്നുത്ഭവിച്ചിട്ടുള്ളതാണ്. അതിനാൽ തന്റെ ശക്തിയെ പുറത്തിനുള്ളിൽ വിടാതെ തന്നിൽ തന്നെ ലയിക്കച്ചെയ്തു, താനായി തന്മയമായിത്തീരുന്നതിനുള്ള മാൎഗ്ഗത്തെ കണ്ടെത്തി, ആ മാൎഗ്ഗത്തിൽക്കൂടെ തന്റെ ശക്തിയെ മുൻപറഞ്ഞവിധം ലയിക്കച്ചെയ്തു താനായി തന്മയമായിരിക്കേണ്ടതാണ്. ഇതിന്നാണ് മോക്ഷമെന്നു പറയുന്നതു്. ഇതല്ലാതെ നിങ്ങൾ പറഞ്ഞപ്രകാരം ഏകാദശി മുതലായ പലേ വ്രതാദികളും അനുഷ്ഠിച്ചു തന്റെ നിത്യകൎമ്മങ്ങളെ വിട്ടും, പതിവുസമയം വിട്ടും, സമയം മാറി വല്ല പലഹാരാദികളും തിന്നു വയർ വീൎപ്പിച്ചും, വ്രതമാണെന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു് യാതൊരു ഫലവും കിട്ടാതേയും, യാതൊരു തത്വവും അറിയാതേയും, തന്റെ ശക്തി അധോഗതിയായി നശിച്ചുപോകാൻ ഇടവരുന്നു.

ശി:— വ്രതാദികളെപ്പററി ഇപ്രകാരമുണ്ടെങ്കിൽ ക്ഷേത്രാദികളിൽ ഉപവസിക്കുന്നതിനെപ്പററി എന്താണു സ്വാമി കല്പിക്കുന്നതു്?

ഗു:— ക്ഷേത്രാദികളിൽ ഉപവസിക്കുകയെന്നു പറഞ്ഞുവല്ലൊ. എന്നാൽ എത്ര ക്ഷേത്രമുണ്ടു്? ഉപവാസമെന്താണു്?

ശി:— പല ക്ഷേത്രങ്ങളുണ്ടു് അവകളിൽ ആഹാരമില്ലാതെയിരിക്കുന്നതു ഉപവാസമെന്നു പറയുന്നു.

ഗു:— ആ ക്ഷേത്രങ്ങളെന്തെല്ലാമാണു്? പറയുവിൻ.

ശി:— ശിവക്ഷേത്രം, വിഷ്ണുക്ഷേത്രം, ഗണപതിക്ഷേത്രം, സുബ്രഹ്മണ്യക്ഷേത്രം, അയ്യപ്പക്ഷേത്രം, ഭഗവതിക്ഷേത്രം, മുതലായ അനേകം ക്ഷേത്രങ്ങളുണ്ടു്.

ഗു:— നിങ്ങൾ അനവധി ക്ഷേത്രങ്ങൾ പറഞ്ഞുവല്ലൊ. ആവക ക്ഷേത്രങ്ങളിൽ എന്താണുള്ളതു്?

ശി:— അവിടെ സങ്കല്പിച്ചു പ്രതിഷ്ഠിച്ചിട്ടുള്ള ഈശ്വരന്മാരുണ്ടു്.

ഗു:— അവിടങ്ങളിൽ എന്തിനെയാണു പ്രതിഷ്ഠിക്കുന്നതു്?

ശി:— ബിംബങ്ങളുണ്ടാക്കി ആയതു ഈശ്വരനാണെന്നു സങ്കല്പിച്ചു പ്രതിഷ്ഠചെയ്യുന്നു.

ഗു:— ബിംബങ്ങളെന്തിനെക്കൊണ്ടെല്ലാമാണുണ്ടാക്കിയിട്ടുള്ളതു്?

ശി:— ലോഹങ്ങൾ, ശിലകൾ, മുതലായതുകളെക്കൊണ്ടാണു്.

ഗു:— എന്തെന്തു ലോഹങ്ങളെക്കൊണ്ടും ശിലകളെക്കൊണ്ടുമാണു ബിംബങ്ങളുണ്ടാക്കുന്നതു്?

ശി:— സ്വർണ്ണം, വെള്ളി, ചെമ്പു, ഇരുമ്പു, ഈയ്യം ഇതുകളെക്കൊണ്ടും, പാതാളാഞ്ജനം, കൃഷ്ണശില അതായതു കരിങ്കൽ ഇതുകളെക്കൊണ്ടും, ചിലതു പിലാവു തേക്കു മുതലായ മരങ്ങളെക്കൊണ്ടും ആണു്.

ഗു:— ലോഹങ്ങളെക്കൊണ്ടും ശിലകളെക്കൊണ്ടും മരങ്ങളെക്കൊണ്ടും ഈശ്വരന്മാരെ ഉണ്ടാക്കുന്നതു ആരാണു്?

ശി:— ലോഹങ്ങളെക്കൊണ്ടുള്ളതിൽ ചിലതു തട്ടാനും, ചിലതു മൂശാരിയും, ശിലകളെക്കൊണ്ടുള്ളതു കരിങ്കൽ പണിക്കാരും, മരം കൊണ്ടുള്ളതു ആശാരിയും ആകുന്നു.

ഗു:—അപ്പോൾ ഈശ്വരനോ ആദ്യമുണ്ടായതു; അതല്ല ഈശ്വരനെ മേൽപറഞ്ഞ വിധം ഉണ്ടാക്കിയ ആളോ ആദ്യമുണ്ടായതു്?

ശി:—ഈശ്വരനാണു ആദ്യമുണ്ടായതു്.

ഗു:—ഈശ്വരനാണു ആദ്യമുണ്ടായതെന്നുണ്ടെങ്കിൽ മേൽപറഞ്ഞവർ ഏതു പ്രകാരത്തിൽ ഈശ്വരനെയുണ്ടാക്കി? എന്നു തന്നെയല്ല, മേൽപറഞ്ഞ വിഗ്ഗക്കാരില്ലെങ്കിൽ നമുക്കു ഈശ്വരനെ ഭജിക്കുവാനും സാധിക്കുന്നതല്ലല്ലോ.

ശി:—ഇതിനെപ്പററിയാലോചിക്കുമ്പോൾ തട്ടാൻ മൂശാരി മുതലായവരാണു ആദ്യമുണ്ടായതെന്നു വരുന്നു.

ഗു:—ഇതു നമുക്കു ഈശ്വരസേവ ചെയ്യാൻ ആർതന്നെയുണ്ടാക്കി സ്ഥാപിച്ചുതരുന്നതാണോ?

ശി:—അതല്ല, ഭക്തന്മാരായ ജനങ്ങൾ ഈവിധത്തിൽ ഉണ്ടാക്കിച്ചു ബ്രാഹ്മണരെക്കൊണ്ടു പ്രതിഷ്ഠിപ്പിക്കുന്നതാണു്.

ഗു:—അപ്പോൾ ഈശ്വരൻ ഉണ്ടാകുന്നതിനു മുമ്പുതന്നെ മേൽപറഞ്ഞ തട്ടാൻ മുതലായ പണിക്കാരും, ഭക്തന്മാരും, ബ്രാഹ്മണരും, ഉണ്ടായി എന്നു വരുന്നു. എന്നുതന്നെയല്ല, ബ്രാഹ്മണരാണു പ്രതിഷ്ഠിക്കുന്നതെന്നു പറഞ്ഞുവല്ലൊ. അവർ ഈശ്വരനെ പ്രതിഷ്ഠിക്കുന്നതു ഏതുപ്രകാരമാണു്?

ശി:—ക്ഷേത്രങ്ങളിൽ ശ്രീകോവിലിന്നകത്തു അഷ്ടഗന്ധം ഇടിച്ചുരച്ചു കൂട്ടിയ കൂട്ടിൽ മുൻപറഞ്ഞ ബിംബാദികളെ വെച്ചുറപ്പിച്ചു അതിൽ പ്രാണപ്രതിഷ്ഠ ചെയ്തു പൂജനിവേദ്യം മുതലായതു ചെയ്തുവരുന്നു; ഇപ്രകാരമാണു്.

ഗു:—ഈ വിധം പൂജനിവേദ്യം മുതലായവ ചെയ്യുന്നതു ആ ബിംബം അറിയുകയോ ഭക്ഷിക്കുകയോ ചെയ്യുന്നുണ്ടോ?

ശി:—ഉണ്ടെന്നാണു വിശ്വാസം.

ഗു:—ഇതിൻകീഴിൽ മേൽപറഞ്ഞപ്രകാരം നിവേദിച്ചു ക്ഷോണസാധനങ്ങളെ ഒരു ബിംബം ഭക്ഷിച്ചതായി നിങ്ങൾ കേൾക്കുകയോ, അറിയുകയോ, കാണുകയോ ഉണ്ടായിട്ടുണ്ടോ?

ശി:—ഞാൻ കേട്ടിട്ടും, അറിഞ്ഞിട്ടും, കണ്ടിട്ടും ഇല്ല.

ഗു:—ആ ബിംബം വല്ലതും ശബ്ദിക്കുമോ?

ശി:—യാതൊന്നും ശബ്ദിക്കുകയില്ല.

ഗു:—എന്നുതന്നെയല്ല, മരത്തിന്റെ കഷ്ണമായിരുന്നു ഈശ്വരനെന്നു വെച്ചാൽ ഈ കാണുന്ന തൂണും, നെല്ലുകുത്തുന്ന ഉരലും ഉലക്കയും ഈശ്വരനല്ലെ. നിങ്ങൾ അതുകളെ ഭജിക്കേണ്ടതല്ലയോ? ഒരു കഷ്ണംകൊണ്ടു ഈശ്വരനേയും, മറ്റൊരു കഷ്ണംകൊണ്ടു ഉരലിനേയും, വേറൊരു കഷ്ണംകൊണ്ടു ഉലക്കയേയും ഉണ്ടാക്കിയതാണ്. ആയതിനെ ഭജിക്കേണ്ടതും, പൂജിക്കേണ്ടതും, തൊഴുകേണ്ടതും അല്ലേ? ആ മൂന്നു സാധനങ്ങളേയും മരക്കഷ്ണം കൊണ്ടുണ്ടാക്കിയതു ഒരേ ആൾ തന്നെയാണ്. നിങ്ങൾ എന്തുകൊണ്ടു ഉരലേയും ഉലക്കയേയും മേൽപറഞ്ഞപ്രകാരം ചെയ്യുന്നില്ല.

ശി:—അതു ഒരു രൂപമാക്കിയുണ്ടാക്കിയിട്ടില്ല.

ഗു:—അപ്പോൾ ഈശ്വരരൂപത്തെയുണ്ടാക്കിയതു ആശാരിയാണെന്നു വരുന്നു. എന്നാൽ ഈശ്വരരൂപത്തെയുണ്ടാക്കിയ ആശാരിയെയല്ലെ ഭജിക്കേണ്ടതു്?

ശി:—ആശാരി മേൽപറഞ്ഞ ഈശ്വരരൂപത്തെയുണ്ടാക്കി എന്നു മാത്രമേയുള്ളു. അതിന്നു വേണ്ടതായ പ്രാണപ്രതിഷ്ഠ, പൂജ, നിവേദ്യം മുതലായവ ചെയ്തു സ്ഥാപിച്ചപ്പോൾ മാത്രമേ അതിന്നു ശക്തിയുണ്ടായിട്ടുള്ളു.

ഗു:—അപ്രകാരം ചെയ്തതു ആരാണ്?

ശി:—ബ്രാഹ്മണനാണ്.

ഗു:—എന്നാൽ ആ ബ്രാഹ്മണനെ ഭജിച്ചാൽ പോരയോ? മരം, കല്ല്, ലോഹം, മുതലായതുകളെക്കൊണ്ടുണ്ടാക്കിയ പാവകളെ ഭജിക്കണമോ?

ശി:—സ്വാമിൻ! ആ പ്രതിഷ്ഠക്കു യാതൊരു ശക്തിയുമില്ലെന്നോ കല്പിക്കുന്നതു്?

ഗു:—അതേ, എന്തുകൊണ്ടെന്നാൽ, പ്രാണപ്രതിഷ്ഠയെന്നു വെച്ചാൽ പ്രാണനെ ഉറപ്പിക്കുകയെന്നർത്ഥമാണ്. പ്രാണനെന്നതു നമ്മുള്ളിൽ തന്നെയിരിക്കുന്ന വസ്തുവാണ്. അങ്ങിനെയിരി

Since 1923

ക്കുന്ന പ്രാണനെ ലോഹാദികളെക്കൊണ്ടോ മറ്റോ ഉണ്ടാക്കി ഘനായ പാറയിൽ പ്രതിഷ്ഠിച്ചുവെന്നുവന്നാൽ ആയതു പ്രതിഷ്ഠിച്ചയാളുടെ പ്രാണൻ അപ്പോഴെ അയാളിൽനിന്നു നശിച്ചു ശവമായിരിക്കും. അപ്രകാരം പ്രാണപ്രതിഷ്ഠചെയ്ത വല്ലവരും തത്സമയം ശവമായിപ്പോയി എന്നു കേൾക്കുകയോ, കാണുകയോ, അറിയുകയോ ഉണ്ടായിട്ടുണ്ടോ?

ശി:—കേട്ടിട്ടും, കണ്ടിട്ടും, അറിഞ്ഞിട്ടുമില്ല.

ഗു:—എന്നാൽ തന്നുള്ളിലിരിക്കുന്ന പ്രാണനെ മുൻപറഞ്ഞ പാറകളിൽ പ്രതിഷ്ഠിച്ചു അവയ്ക്കു ശക്തി കൊടുപ്പാൻ തക്ക ശേഷിയുള്ള ഒരാളുണ്ടായിരുന്നുവെങ്കിൽ അതിലും എത്രയോ വലുതായ ഗുണം ലോകത്തിലുണ്ടാവാൻ ഇടയുണ്ടായിരുന്നു ആയതു എന്താണെന്നുവെച്ചാൽ, ലോകത്തിൽ അനവധി ജനങ്ങൾ ചത്തുപോകുന്നു. ചത്തുപോകുകയെന്നതു പ്രാണൻ നശിക്കുന്നതാണല്ലൊ. അപ്രകാരം പ്രാണൻ നശിച്ചപ്പോൾ മുൻപറഞ്ഞ പാറകളിൽ പ്രാണനെ പ്രതിഷ്ഠിപ്പാൻ ശക്തിയുള്ള ആൾക്കു ചത്തുപോയ ജഡത്തിൽ പ്രാണനെ പ്രതിഷ്ഠിച്ചു അതിന്നു ശക്തി കൊടുത്താൽ എത്രയോ വലിയ ഉപകാരമായിത്തീരുന്നതായിരുന്നു. അതിരിക്കട്ടെ, ഇപ്രകാരം പ്രതിഷ്ഠിച്ചിട്ടുള്ള സ്ഥലത്തേക്കു പോകുമ്പോൾ നിങ്ങളുടെ വിചാരം അവിടെ ആർ ഇരിക്കുമെന്നാണ്?

ശി:—ഈശ്വരനിരിക്കുന്നുണ്ട എന്നാണ്.

ഗു:—എന്നാൽ നിങ്ങൾ അവിടെ ചെന്നതിനുശേഷം ഏതുപ്രകാരം തൊഴുന്നു? എന്താണു തൊഴുന്ന സമയത്തു വിചാരം?

ശി:—എന്റെ കൈ രണ്ടുംകൂട്ടി എന്റെ നെഞ്ഞിൽവെച്ചു തൊഴുതു, എന്റെ ഈശ്വര! എന്നെ രക്ഷിക്കണം എന്നാണ്.

ഗു:—ആയതു നിങ്ങൾ ചെയ്യുന്നതു ഏററവും തെററാണ്. അതെന്തുകൊണ്ടെന്നുവെച്ചാൽ അമ്പലത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ആ പാറയാണു ഈശ്വരൻ എന്നായിരുന്നു, നിങ്ങൾ അങ്ങോട്ടു പോകുമ്പോഴത്തെ സങ്കല്പം. അപ്രകാരം സങ്കല്പിച്ചതുകൊണ്ടാണു നിങ്ങളവിടെ പോകാനിടവന്നതു്. അങ്ങിനെ സ

കല്പിച്ച അവസ്ഥകൾ എന്റെ ഈശ്വര എന്നു പറഞ്ഞു അവനവന്റെ നെഞ്ചിൽ കൈവെച്ചു തൊഴുവാൻ പാടില്ല. അവിടെ പ്രതിഷ്ഠിച്ചിട്ടുള്ള പാവയുടെ നെഞ്ചിൽ കൈകൾ രണ്ടും തൊഴുംപ്രകാരം ചേർത്തുവെച്ചു അമ്പലത്തിലുള്ള ബിംബത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഈശ്വര എന്നായിരുന്നു പറയേണ്ടിയിരുന്നതു്. അപ്രകാരം ചെയ്യുന്നില്ല. കാരണമെന്താണെന്നുവെച്ചാൽ നിങ്ങളിൽ ഈശ്വരനില്ലെങ്കിൽ മറ്റൊരിടിക്കിൽ ഈശ്വരനില്ല. നിങ്ങളുടെ ശക്തി പുറത്തിനുള്ളിൽ വ്യാപിച്ചു നിങ്ങളാൽ സങ്കല്പിക്കപ്പെട്ടതാണ്. എന്നുതന്നെയല്ല, ആ പ്രതിഷ്ഠയിൽ യാതൊരു ശക്തിയുമില്ല. എന്തുകൊണ്ടെന്നാൽ, നിങ്ങൾ മുൻപറഞ്ഞ പ്രാണപ്രതിഷ്ഠ ചെയ്തുവെന്നു പറയേണമെങ്കിൽ മുൻപറഞ്ഞ ബിംബങ്ങളെയെടുത്തു മറ്റൊരു സഹായം കൂടാതെ തന്റെ പ്രാണനെ കൊണ്ടുമാത്രം ഉറപ്പിച്ചു നിർത്തുകയും യാതൊരിളക്കവും കൂടാതെ നിന്നു കിട്ടുകയും വേണ്ടതായിരുന്നു. അപ്രകാരമില്ലാതെ ബലാത്തിക്കുമ്മായം കൊണ്ടോ, സിമന്റുകൊണ്ടോ, അഷ്ടഗന്ധംകൊണ്ടോ, കെട്ടിയുറപ്പിച്ചു നിർത്തുന്നതിനു പ്രാണപ്രതിഷ്ഠയെന്നു പറയാൻ പാടില്ല. അതേതുപ്രകാരത്തിലാണെന്നു വെച്ചാൽ ഇതാ നോക്കുവിൻ! ഈ നില്ക്കുന്ന കട്ടില ആരാലുണ്ടാക്കപ്പെട്ടതാണ്?

ശി:—ആശാരിയുണ്ടാക്കിയതാണ്.

ഗു:—അതവിടെ കെട്ടിയുറപ്പിച്ചതാരാണ്?

ശി:—അതു കല്പണിചെയ്യുന്ന പരവനാലോ, ചെരിതേരിയാലോ ഉറപ്പിക്കപ്പെട്ടതാണ്.

ഗു:—അതേതുപ്രകാരത്തിലാണ ഉറപ്പിച്ചിട്ടുള്ളതു്?

ശി:—കട്ടില നിർത്തി, കല്ലുപടുത്തു, കുമ്മായമിട്ടതിനാലാണുറപ്പിച്ചിട്ടുള്ളതു്

ഗു:—എന്നാലീകാണുന്ന കട്ടില ഒരാശാരിയുണ്ടാക്കുകയും കല്പണിക്കാരൻ അവിടെ ഉറപ്പിക്കുകയും ചെയ്തപ്രകാരം തന്നെ ബിംബാദികളുണ്ടാക്കുവാൻ അറിയുന്നവർ അതുകളുണ്ടാക്കുക

യും, കെട്ടിയുറപ്പിക്കുവാനറിയുന്നവർ അഷ്ടഗന്ധത്തിലോ, ബിലാത്തിക്കണ്ണായത്തിലോ, സിമെൻറിലോ വെച്ചുകെട്ടിയുറപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരമുറപ്പിച്ച പാറകളാണ ഈശ്വരനെന്നു വെച്ചു നാം ചെന്നുഭജിക്കുന്നത്. ആയതേതുപ്രകാരത്തിലാണെന്നു വെച്ചാൽ നമ്മുടെ കൈ കോട്ടിപ്പിടിച്ചു നിറയെ പായസം ഒഴിച്ചുപിടിച്ചാൽ ആ പായസത്തിൽനിന്നു നീര് കൈവിരലുകളുടെ അഞ്ചു ഇടകളിൻമാൎഗ്ഗമായി പുറംകൈതണ്ടയിന്മേൽ കൂടി മുട്ടുവരെ ഒലിച്ചുകൊണ്ടിരിക്കുന്നു. ആ നീരിനെ നക്കേണമെന്നു വിചാരിച്ചു കൈ കമിഴ്ത്തിപ്പിടിച്ചു പുറംകൈതണ്ടയിന്മേലെ ഒഴുകുന്ന നീരിനെ നക്കുമ്പോൾ കയ്യിലുള്ള പായസം പോയിപ്പോയി. രണ്ടാമതു നക്കേണമെന്നു വിചാരിച്ചാൽ നീരില്ല. കാരണം, പായസത്തിൽനിന്നായിരുന്നു ആ നീരൊഴുകിയിരുന്നത്. ആ നീരിനെ മോഹിച്ചു പായസത്തെ നോക്കാതെ പുറം തണ്ടയിന്മേലെ ഒലിച്ച നീര് നക്കിയപ്പോൾ നീരൊഴുകിക്കൊണ്ടിരുന്ന പായസം പോയിപ്പോയി. തന്നിമിത്തം പായസത്തിൻെറ സ്വാദറിഞ്ഞില്ല. നീരൊഴുകിക്കൊണ്ടിരുന്ന പായസത്തെത്തന്നെ ആദ്യം ഭക്ഷിച്ചതായിരുന്നുവെങ്കിൽ നീരൊലിക്കയോ പായസം പോയിപ്പോവുകയോ ഇല്ലായിരുന്നു. ഇതേപ്രകാരംതന്നെ അവനവനിലിരിക്കുന്ന ഈശ്വരനെയുപേക്ഷിച്ചു പ്രതിഷ്ഠയായ പാറയാണ ഈശ്വരനെന്നു സങ്കല്പിച്ചു നമ്മുള്ളിലിരിക്കുന്ന ഈശ്വരശക്തിയെ അഞ്ചുദ്വാരമായ പഞ്ചേന്ദ്രിയങ്ങൾ വഴിയായി പുറത്തിനുള്ളിൽ ഒഴുകിവിട്ടു നശിച്ചുപോകുന്നു. ആയതു ഏററവും തെററാണ്. എങ്ങിനെയെന്നാൽ നമ്മുടെ ഹൃദയസ്ഥാനമായ ഭ്രൂമദ്ധ്യത്തിലിരിക്കുന്ന ഈശ്വരനിൽനിന്നുതന്നെയാണ് ശക്തിയൊഴുകിക്കൊണ്ടിരിക്കുന്നത്. ആ വിധമായി ഒഴുകിക്കൊണ്ടിരിക്കുന്ന ശക്തിയുടെ ഉത്ഭവസ്ഥാനം അറിയാതെ, ആ ശക്തിയെ മോഹിച്ചു, അതിൽ ഭ്രമിച്ചു മേൽപറഞ്ഞ ഈശ്വരനെ പോക്കിക്കളയുന്നു. ഈശ്വരനിൽ നിന്നൊഴുകിക്കൊണ്ടിരിക്കുന്ന ശക്തിയെ മോഹിച്ചതുകൊണ്ടു ഈശ്വര

ൻെറ സ്ഥിതിയെ അറിയുവാൻ സാദ്ധ്യമില്ലാതായിപ്പോയി. ശക്തിയുത്ഭവിച്ച ഈശ്വരനെ സേവിക്കുന്നതായാൽ തന്നിൽ നിന്നു ശക്തിഒഴുകുവാനോ, ഈശ്വരനില്ലാതായിപ്പോകുന്നതിന്നോ കാരണമില്ല. എന്നാൽ പ്രാണപ്രതിഷ്ഠയെന്നതു മേൽ പറഞ്ഞ പ്രകാരത്തിൽ ഈശ്വരശക്തിയെ ഒഴുകുവാൻ വിടാതെ ഉത്ഭവസ്ഥാനമായ ഭ്രൂമദ്ധ്യത്തിൽ ചലിക്കാതെ നിർത്തുന്നതാണ്. അതിന്നാണു പഞ്ചപ്രാണപ്രതിഷ്ഠയെന്നു പറയുന്നതു്. അപ്രകാരം പ്രതിഷ്ഠിച്ചിട്ടുള്ളതാണു ക്ഷേത്രമെന്നു പറയുന്നതു്. അതായതു ഗാത്രക്ഷേത്രമാണ് ആ ക്ഷേത്രത്തിനു ഒമ്പതു വാതിലുകളുണ്ട്. ഇപ്രകാരമാണു പ്രാണപ്രതിഷ്ഠ. ഇതല്ലാതെ ലോഹങ്ങളെക്കൊണ്ടോ മരങ്ങളെക്കൊണ്ടോ പാവകളെയുണ്ടാക്കി, ബിലാത്തികൽമ്മായംകൊണ്ടോ, അഷ്ടഗന്ധംകൊണ്ടോ, സിമൻറിനെക്കൊണ്ടോ, കെട്ടിയുറപ്പിച്ചു, അതിനു പ്രാണപ്രതിഷ്ഠയാണെന്നു പേരും പറഞ്ഞു യാതൊരു വിവരവുമില്ലാതെയും, തന്നെത്താനറിയാതെയും, തൻെറ ശക്തിയെക്കൊണ്ടു അവിടേയാണ് ഇവിടേയാണ് എന്നും മററും പല സങ്കല്പങ്ങളും ചെയ്തു, മേൽപറഞ്ഞ ശക്തിയെ അറിയാതെ അധോഗതിയായി നശിച്ചു പോകുന്നതല്ലാതെ ലോകർ ക്ഷേത്രോപവാസം ചെയ്യുന്നില്ല. ക്ഷേത്രോപവാസമെന്നതു ക്ഷേത്രത്തിൽ ഉപവസിക്കുകയെന്നതാണ്. ക്ഷേത്രം ഗാത്രക്ഷേത്രമാണ്. ഉപവസിക്കുകയെന്നതു ചേർന്നിരിക്കുകയാണ്. അതായതു ജീവേശ്വരോരൈക്യം. അതു മുൻപറഞ്ഞ ഗാത്രക്ഷേത്രത്തിൽ പ്രതിഷ്ഠാസ്ഥലമായ ഭ്രൂമദ്ധ്യത്തിൽ ജീവൻ ഈശ്വരനോടു ഐക്യമായി ഇരിക്കുന്ന അവസ്ഥക്കാണ് ക്ഷേത്രോപവാസമെന്നു പറയുന്നതു്.

ശി:—സ്വാമിൻ! ഗാത്രക്ഷേത്രമാണ് ക്ഷേത്രമെന്നും, അതിന്നു ഒമ്പതു വാതിലുകളുണ്ടെന്നും കല്പിച്ചുവല്ലോ. ആ വാതിലുകൾ ഏതാണ്?

ഗു:—ആ വാതിലുകളേ നവദ്വാരങ്ങൾ.

ശി:—അപ്പോൾ ഈ ജഡം മുഴുവനും ക്ഷേത്രമാകുന്നോ? ജഡത്തിന്നല്ലേ നവദ്വാരങ്ങളുള്ളതു്?

Since 1923

ഗു:—ജഡം മുഴുവൻ ക്ഷേത്രമല്ല. ജഡത്തിൽ ഒരു ഭാഗംമാത്രമേ ക്ഷേത്രമുള്ളൂ. ജഡത്തിലുള്ള എല്ലാ ദ്വാരങ്ങളും നവദ്വാരത്തിൽ പെട്ടവയല്ല. ക്ഷേത്രത്തിന്റെ ദ്വാരങ്ങൾ മാത്രമേ നവദ്വാരങ്ങളായിട്ടുള്ളൂ

ശി:—സ്വാമിൻ! ജഡത്തിൽ ഏതുഭാഗമാണ് ക്ഷേത്രം?

ഗു:—ശിരസ്സിനു മാത്രമേ ക്ഷേത്രമെന്നു പറയുവാൻ പാടുള്ളൂ. അതെന്തുകൊണ്ടെന്നു ചോദിച്ചാൽ ഇതാ നോക്കുവിൻ ഒരു പറമ്പു. ആ പറമ്പിന്റെ വടക്കു കിഴക്കു ഭാഗത്തു അതായതു ഈശാനകോണിൽ മാത്രമേ ക്ഷേത്രമുള്ളൂ. മററു ഭാഗങ്ങൾ അതിന്റെ ചുററുമുള്ള സ്ഥലമാണ്. ഇപ്രകാരംതന്നെ ജഡത്തെ ലോകമായിട്ടും, ജഡത്തിന്റെ മുകൾഭാഗം വടക്കായിട്ടുമിരിക്കുന്നു. ആ മുകൾ ഭാഗമായ വടക്കുഭാഗം കാണപ്പെടുന്നതു ക്ഷേത്രമാണ്. ആ ക്ഷേത്രം ശിരസ്സാണ്. ആ ശിരസ്സിന്നാണു നവദ്വാരങ്ങളുള്ളതു്.

ശി:—സ്വാമിൻ! എങ്ങിനെയാണു ശിരസ്സിൽ മാത്രമായി നവദ്വാരങ്ങളുണ്ടായിരിക്കുക?

ഗു: നവദ്വാരങ്ങളെന്നു പറയുന്നതു ഏതേതാണെന്നാണു നിങ്ങൾ ധരിച്ചിട്ടുള്ളതു്?

ശി:—നവദ്വാരങ്ങളെന്നതു; രണ്ടു ചെവികൾ, രണ്ടു കണ്ണുകൾ, മൂക്കിന്റെ രണ്ടു ദ്വാരങ്ങൾ, ഒരു വായ, മൂത്രദ്വാരമായ ഒരു ലിംഗം, മലദ്വാരമായ ഒരു ഗുദം, ഇങ്ങിനെ ഒമ്പതാണെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്.

ഗു: – നിങ്ങൾ നവദ്വാരങ്ങളിൽ ലിംഗമെന്നതു മൂത്രദ്വാരമാണെന്നും, ഗുദമെന്നതു മലദ്വാരമാണെന്നും പറഞ്ഞുവല്ലോ. ഈ രണ്ടു ദ്വാരങ്ങളും ജഡത്തിന്റെ ഏററവും താഴത്തായിട്ടാണു ഇരിക്കുന്നതു്. ശേഷം ഏഴു ദ്വാരങ്ങളും ശിരസ്സിന്മേൽതന്നെയാണ്. നവദ്വാരങ്ങളിൽ രണ്ടു ദ്വാരങ്ങൾ മാത്രം ശിരസ്സിൽനിന്നു വേറിട്ടു ജഡത്തിന്റെ കീഴ്ഭാഗത്തും മററു ഏഴു ദ്വാരങ്ങൾ ശിരസ്സിന്മേൽതന്നേയും ആയിരിക്കുവാൻ പാടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ലിംഗമെന്നതു ഏററവും ശ്രേഷ്ഠമായിട്ടു

Since 1923

ള്ളതാണ്. അതു നിങ്ങൾ മൂത്രദ്വാരമായി കരുതിയിരിക്കുന്നതു ഏററവും തെററാണ്. ലിംഗമെന്നതു ശിവലിംഗമാണ്. അതു മൂത്രദ്വാരമല്ല. ഇതു സ്ത്രീപുരുഷനെന്നു പറഞ്ഞുവരുന്ന സർവ്വ സൃഷ്ടികൾക്കും ഉള്ളതാണ്. ആ ലിംഗം ക്ഷേത്രത്തിലാണു പ്രതിഷ്ഠിച്ചിട്ടുള്ളതു്. ആ ക്ഷേത്രം നമ്മുടെ ശിരസ്സാണ്. അതാണു ഒമ്പതു വാതിലുള്ള ക്ഷേത്രം അതായതു മുൻപറഞ്ഞ പ്രകാരം മൺചുവരുകളാൽ ചുററപ്പെട്ട ഒരു പറമ്പിൻെറ ഈശാനകോണു എന്നു പറയുന്ന സ്ഥലത്തായിരിക്കും ക്ഷേത്രം. ആ ക്ഷേത്രത്തിൻെറ അകത്തു കടപ്പാൻ നാലുഭാഗത്തും ഗോപുരങ്ങളുണ്ടു്. ആ ഗോപുരവാതിൽ മാർഗ്ഗമായി കടന്നു നാലമ്പലത്തിൽ ചെല്ലാം. ആ നാലമ്പലമാകുന്ന ചിററമ്പലത്തിനു മൂന്നു വാതിലുകളുണ്ടു്. ആ നാലമ്പലത്തിൻെറ വാതിൽ കടന്നു ശ്രീകോവിലിൻെറ പുറത്തു മുമ്പിലുള്ള നമസ്കാരമണ്ഡപത്തിൽ എത്താം. അവിടെനിന്നു ശ്രീകോവിലിന്നകത്തു കടപ്പാൻ നേരെയായി രണ്ടു വാതിലുകളുമുണ്ടു്. നമസ്കാരമണ്ഡപത്തിൽനിന്നു ആ വാതിലുകളും കടന്നുചെന്നാൽ പ്രതിഷ്ഠസ്ഥലം കാണാം. ഇപ്രകാരംതന്നെ നമ്മുടെ ചെവികളും, കണ്ണുകളും ഗോപുരവാതിലുകളാകുന്നു. ഇവകളെ കടന്നുപോയാൽ ചുററമ്പലമായ അതാതു നാലമ്പലമായ മേൽവായക്ക പോകാം. ചുററമ്പലമെന്നു പറയുവാൻ കാരണം, വായ "കം" എന്നു മൂടിക്കൊണ്ടിരിക്കുന്ന സമയം മേൽപറഞ്ഞ സ്ഥലത്തിൽ വായു നിറഞ്ഞു ചുഴന്നുകൊണ്ടിരിക്കുന്നതുകൊണ്ടാണ്. ആ ചുററമ്പലത്തിനു മൂന്നു വാതിലുകളുണ്ടു്. അവകൾ മൂക്കിൻെറ രണ്ടു ദ്വാരങ്ങൾ, വായ ഇതുകളാണ്. ആ ചുററമ്പലത്തെ കടന്നുപോയാൽ അവിടെ മൂലസ്ഥാനത്തിനു മുമ്പിലുള്ള നമസ്കാരമണ്ഡപമായ വായയുടെ മേൽഭാഗമായ അണ്ണാക്കെന്നു പറയുന്ന ഒരു സ്ഥലമുണ്ടു്. ആ അണ്ണാക്കിൽനിന്നു നേരെ മേൽഭാഗത്തിൽ മൂലസ്ഥാനത്തേക്കു പോകുവാൻ വാതിലുകളായ രണ്ടു ദ്വാരങ്ങളുണ്ടു്. ആ ദ്വാരങ്ങൾ വഴിയായി ജീവൻ കടന്നുപോയാൽ മൂലസ്ഥാനത്തിൽ പ്രതിഷ്ഠിച്ചി

തിക്കുന്ന ശിവലിംഗം കാണാം. ആ ദ്വാരങ്ങൾക്കാണ് ഗുദമെന്നു പറയുന്നതു്. ആ ഗുദത്തിൽനിന്നാണു ശബ്ദമുണ്ടാകുന്നതു്. ആയതു ഏതുപ്രകാരത്തിലെന്നുവെച്ചാൽ, മുൻപറഞ്ഞ നമസ്കാരമണ്ഡപത്തിൽ തൂക്കിയിരിക്കുന്ന മണിയടിച്ചിട്ടാണു ശ്രീകോവിലിന്നകത്തു കടക്കുന്നതും പുറത്തേക്കു വരുന്നതും. ഇപ്രകാരംതന്നെ നമസ്കാരമണ്ഡപമായ അണ്ണാക്കിൽനിന്നു ശ്രീകോവിലിന്നകത്തു ജീവശക്തിയായ വായു കടക്കുമ്പോൾ ഉള്ളിലൊതുങ്ങിയ ശബ്ദവും, പുറത്തേക്കു ജീവശക്തിയായ വായു വരുമ്പോൾ വാക്കായ ശബ്ദവും ഉണ്ടാകുന്നു. അതുകൊണ്ടാണു, ഗുദമെന്നതു "ഗോ" അതായതു ശബ്ദത്തിനെ ദാനംചെയ്യുന്നതാണെന്നു പറയുന്നതു്. "ഗോ" എന്നതു ശബ്ദം. ആ ശബ്ദമുണ്ടാകുന്നതിന്നു മുൻപറഞ്ഞ അണ്ണാക്കിൽകൂടി രണ്ടുദ്വാരങ്ങൾ മേല്പോട്ടു കിടക്കുന്നുണ്ടു്. ആ ദ്വാരങ്ങളും, മൂക്കിന്റെ ദ്വാരങ്ങളും തമ്മിൽ ചേരുന്നതു ഭ്രൂമദ്ധ്യത്തിന്നു താഴെയുള്ള സ്ഥലത്താണ് അവിടന്നാണു ആകാശാംശമായ ശബ്ദമുണ്ടാകുന്നതു്. അതിന്നു ദൃഷ്ടാന്തം, മൂക്കില്ലാത്തവർക്കു വ്യക്തമായി സംസാരിപ്പാൻ സാധിക്കുന്നതല്ല. കാരണം മുൻപറഞ്ഞ ദ്വാരങ്ങളിൽനിന്നു ശബ്ദം ഉത്ഭവിക്കുമ്പോൾ വായു തടസ്ഥമില്ലാതെ ഒന്നായി പുറത്തിന്നുള്ളിൽ പോകുന്നു. ആ മൂക്കിരിക്കുമ്പോൾ ശബ്ദമായ വായുവിന്നു തടസ്ഥമുണ്ടായി, ഒതുങ്ങി, വ്യക്തമായി സംസാരിക്കുന്നു. അതേതുപ്രകാരമെന്നാൽ "ഗ്രാമഫോൺ" എന്ന പെട്ടിപ്പാട്ടുകളെ നിങ്ങൾ കേട്ടിരിക്കുമല്ലോ. ആ ഗ്രാമഫോണിന്റെ ശബ്ദം ഉത്ഭവിക്കുന്നതു പെട്ടിയുടെ മീതെ പാട്ടുകളടങ്ങിയ ഒരു 'പ്ലെയിററു്' അതായതു പരന്ന വൃത്തത്തിലുള്ള പലക വെച്ചു, അതിൽ ശബ്ദമുണ്ടാക്കുന്ന 'സൌണ്ഡുബോക്സി'ൽ 'നീഡിൽ' അതായതു ഒരു സൂചി പിടിപ്പിച്ചു, പെട്ടിക്കു താക്കോൽ കൊടുത്തു 'പ്ലെററു്' ചുററുമ്പോൾ മുൻപറഞ്ഞ സൂചിയെ പെട്ടിമേൽവെച്ചു, പ്ലെയിററിന്മേൽ തൊടീപ്പിച്ചുവെച്ചപ്പോൾ പ്ലെയിററു തിരിയുന്നതിനാൽ ശബ്ദമുണ്ടാകുന്നു. പക്ഷെ അതിൽനിന്നുണ്ടാകു

ന്ന പാട്ട വ്യക്തമായി മനസ്സിലാകുന്നില്ല. കാരണം, ആ ശബ്ദമുണ്ടാകുന്നതായ സ്ഥലത്തു ഒരു കുഴൽ അതായതു 'ഹോറൺ' വെക്കുവാനുള്ളതു വെക്കാത്തതുകൊണ്ടാണ്. ആ കുഴൽ വെക്കാത്തതുകൊണ്ടു ശബ്ദമുത്ഭവിക്കുന്ന സ്ഥലത്തു ഒതുക്കമില്ലാതെ അതിൽനിന്നുത്ഭവിക്കുന്ന വായു പുറത്തേക്കു വ്യാപിച്ചുപോകുന്നു. എപ്പോൾ ആ കുഴൽ വെക്കുന്നുവോ അപ്പോൾ മേൽപറഞ്ഞ വായു ആ കുഴൽമാർഗ്ഗമായി പുറത്തിന്നുള്ളിൽവരുന്നു അപ്പോൾ അതിൽനിന്നുണ്ടാകുന്ന പാട്ടുകൾ ചെറുകുട്ടികൾക്കുപോലും മനസ്സിലാകത്തക്കവിധത്തിൽ വ്യക്തമായി കേൾക്കുന്നു. ഇപ്രകാരംതന്നെയാണ് മുൻപറഞ്ഞ ഭ്രൂമദ്ധ്യത്തിൻകീഴെ ശബ്ദമുണ്ടാകുന്ന സ്ഥലത്തുനിന്നു, കുഴലായിരിക്കുന്ന മൂക്കിൻെറ സഹായത്താൽ വ്യക്തമായി ശബ്ദമുണ്ടാകുന്നതു്. അതിനാൽ അണ്ണാക്കിൽകൂടി മേല്പോട്ടുകിടക്കുന്ന രണ്ടു ദ്വാരങ്ങൾക്കാണ് ഗുദമെന്നു പറയുന്നതു്. ഉള്ളിലുള്ള ഈ രണ്ടു ദ്വാരങ്ങളും, പുറത്തിന്നുള്ളിലുള്ള കണ്ണുകൾ രണ്ടു്, മൂക്കിൻെറ ദ്വാരങ്ങൾ രണ്ടു, ചെവികൾ രണ്ടു, വായ ഒന്നുംകൂടി ഏഴു ദ്വാരങ്ങളും ചേൎന്നു ഒമ്പതു ദ്വാരങ്ങളായി. ഇപ്രകാരം ഒമ്പതു വാതിലുകളുള്ള ക്ഷേത്രമാണ് ശിരസ്സു്. ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ളതാണ് ലിംഗം. അതിന്നാണ് ശിവലിംഗമെന്നു പറയുന്നതു്. ആ ശിവലിംഗത്തിൻെറ മുരട്ടിലാണ് ശുക്ലമിരിക്കുന്നതു്. അതായതു ഭ്രൂമദ്ധ്യത്തിലാണ്. അതല്ലാതെ ലിംഗം മൂത്രദ്വാരമല്ല. ലിംഗമെന്നതു മൂത്രദ്വാരമാണെങ്കിൽ മൂത്രദ്വാരത്തിൻെറ മുരട്ടിലാണ് ശുക്ലമിരിക്കേണ്ടതു്. എന്തുകൊണ്ടു നോക്കിയാലും മൂത്രദ്വാരത്തിൻെറ മുരട്ടിലല്ല ശുക്ലമിരിക്കുന്നതു്. മുൻപറഞ്ഞ ലിംഗമൂലത്തിലാണ് ശുക്ലമിരിക്കുന്നതു്. അതിന്നു പലേ ദൃഷ്ടാന്തങ്ങളുള്ളതിന്നു പുറമേ, സംയോഗസമയം ശുക്ലമിളകുന്നതിനെക്കൊണ്ടും അറിയാം. ആ സംഗതികളെപ്പറ്റി 4-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്. ഇതിന്നുപുറമെ രാമേശ്വരപ്രതിഷ്ഠയെന്നു പറയുന്ന ഒരു 'ഫോട്ടോ' അതായതു ചിത്രം കാണുന്നുണ്ടു്. ആ ചിത്രത്തിൽ

ഒരു ശിവലിംഗവും, ആ ശിവലിംഗം പാതാളത്തിലേക്കു താണുപോകുന്നതുകൊണ്ടു അങ്ങിനെ പോകാതിരിപ്പാൻവേണ്ടി പാർവ്വതി അതിനെ പൊത്തിപ്പിടിച്ചതായിട്ടും കാണപ്പെടുന്നു. ആയതു ശരിയാണ്. നമ്മുടെ ഭ്രൂമദ്ധ്യത്തിൽ പ്രതിഷ്ഠിച്ച ശിവലിംഗം അതിന്നു താഴെയുള്ളതായ പാതാളത്തിൽ ശബ്ദരൂപേണ ഒഴിച്ചു നശിച്ചുപോകാതെ പിടിച്ചുനിർത്തുന്നതു കുണ്ഡലിനിശക്തിയാണ്. ആ കുണ്ഡലിനി ശക്തിയാണ് മുൻപറഞ്ഞ പാർവ്വതി. കൂടാതെ മേൽപറഞ്ഞ ചിത്രപടത്തിലുള്ള ശിവലിംഗത്തിന്റെ മുരട്ടിൽ വെളുത്ത വണ്ണത്തിൽ, നാഗരത്തിൽ "ഓം" എന്ന ഒറ്റെഴുത്തു എഴുതിയതായി കാണുന്നു. അതും യഥാർത്ഥമാണ്. ഓം എന്നതു ബ്രഹ്മമാണ്. ആയതു ശുക്ലമാണ്. ആ ബ്രഹ്മസ്വരൂപമായിരിക്കുന്ന ശുക്ലം മുൻപറഞ്ഞ കുണ്ഡലിനി ശക്തിയാൽ കെട്ടപ്പെട്ട ശിവലിംഗത്തിന്റെ മുരട്ടിലാണിരിക്കുന്നതു്. ആയതു ഭ്രൂമദ്ധ്യമാണ്. ഇപ്രകാരമാണു ക്ഷേത്രം, പ്രതിഷ്ഠ മുതലായതുകളുടെ സ്ഥിതികൾ. ഇപ്രകാരമുള്ള ഗാത്രക്ഷേത്രത്തിന്റെ യാതൊരു സ്ഥിതിയും അറിയാതെ ക്ഷേത്രമാണെന്നും പറഞ്ഞു പല ദിക്കിലും പല എടുപ്പുകളുമുണ്ടാക്കി അതുകളിൽ ലോഹങ്ങളെക്കൊണ്ടും ശിലകളെക്കൊണ്ടും മരങ്ങളെക്കൊണ്ടും പാവകളെ നിർമ്മിച്ചു കഴിച്ചിട്ടു, ഇതാണു ഈശ്വരനെന്നും പറഞ്ഞു ഭജിച്ചു, താനായി ഗാത്രക്ഷേത്രത്തിലുള്ള ജീവശക്തിയെ പുറത്തിനുള്ളിൽ വിട്ടു മറെറാന്നിലേക്കു സങ്കല്പിച്ചു അധോഗതിയായി ജനങ്ങൾ നശിച്ചുപോകുന്നതല്ലാതെ ക്ഷേത്രോപവാസം ഒരിക്കലും അവർക്കു സിദ്ധിക്കുന്നില്ല. ക്ഷേത്രോപവാസം സിദ്ധിക്കേണമെങ്കിൽ മുൻപറഞ്ഞ ഗാത്രക്ഷേത്രത്തിൽ ജീവൻ ഉപവസിക്കേണം. അപ്പോൾ ക്ഷേത്രോപവാസം സിദ്ധിക്കും. അപ്രകാരം യാതൊരാൾ ചെയ്യുന്നുവോ അവർക്കു ജീവൻ ഊർദ്ധ്വഗതിയായി മേൽപറഞ്ഞ ശിവലിംഗത്തോടു പോയി ചേർന്നു, എല്ലാ അറിവും സിദ്ധിച്ചു, തന്നിൽ ലയിച്ചു, താനായി, തന്മയമായി, കൈവല്യത്തെ പ്രാപിക്കും. അതല്ലാതെ താങ്കൾ ഈശ്വ

രസേവ ചെയ്യുന്നതു ഈശ്വരനോടു ചേരാൻ വേണ്ടിയോ, അതല്ല വേറിട്ടു പോകാൻ വേണ്ടിയോ?

ശി:—ഈശ്വരനിൽ ചേരാൻവേണ്ടി.

ഗു:—ഈശ്വരനോടു ചേരേണ്ടതായ താങ്കൾ ക്ഷേത്രത്തിൽ ചെന്നു എവിടെനിന്നാണു ഈശ്വരനെ തൊഴുന്നതു്?

ശി:—ക്ഷേത്രത്തിൽചെന്നു ശ്രീകോവിലിന്നും ഗർഭഗൃഹത്തിന്റെയും പുറത്തു നിന്നുകൊണ്ടാണ്.

ഗു:—അപ്പോൾ മൂലസ്ഥാനത്തിന്റെ അകത്തോ, ഗർഭഗൃഹത്തിന്റെ അകത്തോ താങ്കൾക്കു കടപ്പാൻ പാടുണ്ടോ?

ശി:—പാടില്ല.

ഗു:—അതിന്റെയകത്തു കഴിച്ചിട്ടിരിക്കുന്ന ബിംബങ്ങൾ ഏതേതുകളിനാലുണ്ടാക്കപ്പെട്ടതാണ്?

ശി:—കൽ, മരം മുതലായതിനെക്കൊണ്ടാണ്.

ഗു:—എന്നാൽ എത്രയോ ജനങ്ങൾ ചവിട്ടിനടന്നു തേഞ്ഞിരിക്കുന്നതും, എത്രയോ ജനങ്ങൾ അതിന്മേലിരുന്നു മലവിസർജ്ജനം ചെയ്തതുമായ കല്ലിൽനിന്നു ഒരു കഷണം മുറിച്ചെടുത്തു, കൽപണിക്കാരൻ അതിനെ തിരിച്ചും മറിച്ചും ചവിട്ടിയിരുന്നു് ബിംബത്തെയുണ്ടാക്കി, അതു അമ്പലത്തിൽ ശ്രീകോവിലെന്ന സ്ഥലത്തു കഴിച്ചിട്ടതിനെ നമുക്കു തൊടാൻ പാടില്ലെന്നും, അതു കഴിച്ചിട്ടിട്ടുള്ള സ്ഥലത്തിനുള്ളിൽ കടപ്പാൻ പാടില്ലെന്നുമിരിക്കുന്ന അവസരത്തിൽ നാമൊക്കെ എപ്പോൾ ഏതുകാലത്തിൽ ഈശ്വരനോടു ചേരുന്നതു്? ഇതെന്തൊരു അന്ധവിശ്വാസം! ഇതെന്തൊരു തോല്വികൾ!! കൂടാതെ ആ ബിംബത്തിന്മേൽ കൂറ, പല്ലി, എലി, അരണ, ഓന്തു, നൊച്ചെലി അതായതു മൂഷികൻ മുതലായ ജീവികൾ കയറി നടക്കുകയും, നരച്ചി അതായതു കടവാതിൽ അതിന്മേൽ പററിയിരുന്നു മലമൂത്രം ഒഴിക്കുകയും ചെയ്യുന്നു. അതെല്ലാം രാവിലെ എഴുന്നീററു അടിച്ചുവാരി പുറത്തിട്ടതിനെ നാം കാണുന്നില്ലേ? അപ്പോൾ ഇതെന്തൊരന്യായം ഈ മേൽപറഞ്ഞ ജീവികളേക്കാളും ഏററവും നികൃഷ്ടമായ ജീവികളാണോ നാം. അതുകൂടാതെ

ബ്രാഹ്മണർ മുതൽ ചണ്ഡാളന്മാർ അതായതു ചക്കിളിയർ പറയർ വരെ അഭിമാനിച്ചു സ്ഥാപിച്ചവരുടെ എച്ചിലും, അവർ ചമച്ചുതുപ്പിയതായ മത്സ്യമാംസാദികളുടെ എല്ലുമുള്ളുമുതലായതുകളും തിന്നുനടക്കുന്ന പൂച്ച, മേൽപറഞ്ഞ അമ്പലത്തിന്റെ ഉള്ളിൽകടന്നു അതിലുള്ള വിഗ്രഹമെന്നു അഭിമാനിച്ചിരിക്കുന്ന ബിംബത്തെ നക്കുന്നു. എന്നാൽ നമുക്കു അതിന്നകത്തു കടപ്പാൻ പാടില്ല. ഇതെന്തൊരന്യായം! കൂടാതെ ലോകത്തിലുള്ള സൎവ്വ ജീവികളും മലവിസൎജ്ജനം ചെയ്യുന്നു. നാമും അപ്രകാരം ചെയ്യുന്നുണ്ടു്. ആ മലത്തിൽ ഈച്ചകൾ വന്നിരിക്കാറുണ്ടു്. അപ്പോൾ ആ ഈച്ചകളുടെ കാലിന്മേൽ മലം പററിയിരിക്കും. അപ്രകാരം നാം വിസൎജ്ജിച്ച അതായതു തൂറിയ മലത്തിലും അതായതു തീട്ടത്തിലും ഈച്ചകളിരിക്കുന്നു. ആ ഈച്ചകൾ അതുകളുടെ കാലിൽ പററിയ മലത്തോടുകൂടി പറന്നുപോയി മേൽപറഞ്ഞ ബിംബത്തിലിരിക്കുന്നു. അപ്പോൾ നാം വിസൎജ്ജിച്ചിരിക്കുന്ന അതായതു തൂറിയ മലത്തെ അതായതു തീട്ടത്തെ ആ ബിംബങ്ങളിൽ ഈച്ചകൾ കൊണ്ടുപോയി വെക്കുന്നു. എന്നാൽ നമുക്കു അതിന്നകത്തു കടപ്പാൻ പാടില്ല. ഇതെല്ലാം ആലോചിക്കുന്നതായാൽ നമുക്കു എന്തു ബുദ്ധിയാണുള്ളതു്. മേൽപറഞ്ഞ കാൎയ്യങ്ങളെ ആലോചിച്ചറിയാതെ നാം ചതിയിൽപെട്ടു അന്ധവിശ്വാസത്തിൽ മുങ്ങിയിരിക്കുന്നു. ഇതായിരിക്കുമോ ഈശ്വരസേവ!

ശി:—സ്വാമി! ഇതൊക്കെയാലോചിക്കുമ്പോൾ നമുക്കു യാതൊരു ആലോചനയുമില്ലാതെ ചതിയിൽ പെട്ടു ബുദ്ധിയില്ലാതെയിരിക്കുന്നുവെന്നല്ലാതെ മററെന്താണു പറയേണ്ടതു്. സ്വാമിൻ! അതല്ലാതെ സ്ത്രീപുരുഷന്മാർ മുതലായ സൃഷ്ടികൾക്കൊക്കെയും ലിംഗമുണ്ടെന്നു പറഞ്ഞുവല്ലോ. സ്ത്രീകൾക്കുള്ളതിന്നു ലിംഗമെന്നു പറഞ്ഞു വരുന്നില്ല. ഉപസ്ഥമെന്നാണു പറയുന്നതു്. ഇതിന്റെ സ്ഥിതിയെന്താണു്?

ഗു:—ഓഹോ! സൎവ്വസൃഷ്ടികൾക്കും ഉപസ്ഥവും ലിംഗവുമുണ്ടു്. സ്ത്രീയെന്നു പറഞ്ഞുവരുന്നവൎക്കു മാത്രമേ ഉപസ്ഥവും, പുരു

ഷനെന്നു പറഞ്ഞുവരുന്നവക്കു മാത്രമേ ലിംഗവുമുള്ളുവെന്നു കരുതേണ്ട. എന്തുകൊണ്ടെന്നാൽ നവദ്വാരങ്ങളിൽ ഒരു ദ്വാരം ലിംഗമാണെന്നു നിങ്ങൾ തന്നെ മുമ്പു പറഞ്ഞുവല്ലൊ. ആ അവസ്ഥക്കും സ്ത്രീകൾ എന്നു പറഞ്ഞുവരുന്നവക്കു ലിംഗമുണ്ടെന്നു വരുന്നു. കൂടാതെ, വാക്ക, പാദം, പാണി, പായു, ഉപസ്ഥം, ഇങ്ങിനെയുള്ള അഞ്ചിന്ദ്രിയങ്ങളിൽ ഒരിന്ദ്രിയം ഉപസ്ഥമാണെന്നും നിങ്ങൾ പറഞ്ഞു. ആ സ്ഥിതിക്കു പുരുഷനെന്നു പറഞ്ഞു വരുന്നവക്കും ഉപസ്ഥമുണ്ടെന്നു വരുന്നു. അതിനാൽ ലിംഗം, ഉപസ്ഥം എന്ന രണ്ടും സർവ്വസൃഷ്ടികൾക്കും ഉണ്ടായിരിക്കുന്നതാണ്. ലിംഗമെന്നതു മുൻപറഞ്ഞ പ്രകാരമാണ്. ഉപസ്ഥം എന്നതു; ഉപ + സ്ഥിതം; ഉപ=ചേർന്നതു; സ്ഥിതം=ഇരിക്കുന്നതു്; അപ്പോൾ ഉപസ്ഥമെന്നതു ചേർന്നിരിക്കുന്നതു്, അതായതു ശിവലിംഗത്തോടു ചേർന്നിരിക്കുന്നതു്. അതാണു യോനി. ആ യോനിയാണു ഉത്ഭവസ്ഥാനം. ഇതാണു ശക്തിയോനി എന്നു പറയുന്നതു്. ഇതല്ലാതെ ഇപ്പോൾ സ്ത്രീകളെന്നു പറഞ്ഞു വരുന്നവർ കുട്ടികളെ പ്രസവിക്കുന്ന സ്ഥലം യോനിയല്ല. അപ്രകാരം പ്രസവിക്കേണമെങ്കിൽ മുമ്പെ എന്തുണ്ടായിരിക്കണം?

ശി:—ഗർഭമുണ്ടായിരിക്കണം.

ഗു:—ഗർഭമുണ്ടാവാനെന്തു വേണം?

ശി:—സംയോഗം വേണം.

ഗു:—സംയോഗം ചെയ്താൽ മാത്രം ഗർഭമുണ്ടാകുമോ?

ശി:—സംയോഗം മാത്രം പോരാ, ശുക്ലമുണ്ടായിരിക്കണം.

ഗു:—ആ ശുക്ലമുത്ഭവിക്കുന്ന സ്ഥലത്തിന്നാണു യോനിയെന്നു പേർ. ഇതാണു ശക്തിയോനി. ആ ശക്തി യോനിയായിരിക്കുന്ന ബ്രഹ്മരന്ധ്രത്തിൽ നിന്നാണു ലോകത്തിന്റെ ഉത്ഭവം. ശക്തിയെന്നതു സ്ത്രീയാണ്. ഇതാണു സ്ത്രീയോനിയെന്നു പറയുവാനുള്ള കാരണം. ജീവൻ പുരുഷനാണ്. അതായതു ജീവനെപ്പോൾ പുരമായിരിക്കുന്ന ജഡത്തിനുള്ളിൽ അതായതു തന്നിൽതന്നെ ഒതുങ്ങുന്നുവോ, അപ്പോൾ പുരുഷ

നാകുന്നു. അപ്പോൾ മുൻപറഞ്ഞ ശിവലിംഗത്തെ അറിയപ്പെടും. ആയതു എപ്പോൾ പുരുഷനാകുന്നുവോ, അപ്പോൾ മാത്രമേ തന്റെ ലിംഗത്തെ അറിയപ്പെടുകയുള്ളൂ. ആയതിനാലാണ അതിന്നു പുരുഷലിംഗമെന്നും പേരായതു. ഈ പ്രകാരത്തിലാണ യോനിയുടേയും ലിംഗത്തിന്റേയും സ്ഥിതി. ഈവകയാതൊന്നും അറിയാതെ മൂത്രദ്വാരമായി നീരൊഴുകിപ്പോകുന്ന ഓവിനെ യോനിയാണെന്നും, ലിംഗമാണെന്നും, മലദ്വാരമായിരിക്കുന്ന കുള്ളസ്സിനെ ഗുദമാണെന്നും ലോകത്തിൽ ധരിച്ചു ജനങ്ങൾ മൂഢബുദ്ധികളായിരിക്കുന്നു. ഇപ്രകാരം അന്ധവിശ്വാസമുണ്ടാവാൻ കാരണം അനുഭവസ്ഥന്മാർ തങ്ങളുടെ അനുഭവത്തെ എഴുതി വെച്ചിരിക്കുന്നതിനെ വായിച്ചു പഠിച്ചു, ഞാനനുഭവസ്ഥനാണ, എനിക്കെല്ലാമറിയാം എന്നു നടിച്ചു, അനുഭവമിന്നതെന്നറിയാതെ ലോകത്തിൽ ശാസ്ത്രാദികളുടെ അർത്ഥത്തെ ധരിക്കാതെ, അതിന്നെതിരായി ധരിച്ചു ലോകവാസികളെ പറഞ്ഞു ഗ്രഹിപ്പിക്കുന്നതു കൊണ്ടാണ്. അപ്പോൾ ലോകവാസികൾ, ഈ ആൾ വളരെ ശാസ്ത്രാദികൾ പഠിച്ചിട്ടുള്ള ആളാണ്, അതിനാൽ ഈ ആൾ പറയുന്നതു ശരിയായിരിക്കും, എന്നു ധരിച്ചു യാതൊരു വിവരവുമില്ലാതെയായിപ്പോയി. ഇപ്രകാരമുള്ള തെററിദ്ധാരണനിമിത്തമാണ യഥാർത്ഥം വെളിപ്പെടാതെ ബുദ്ധിമുട്ടി, മുങ്ങി, അധോഗതിയായി ജനങ്ങൾ അന്ധവിശ്വാസത്താൽ നശിച്ചു പോകുവാനിടയായതു്,

## പതിനേഴാം അദ്ധ്യായം.

ശി:—സ്വാമിൻ ഇതുവരെ പറഞ്ഞുവന്നതിൽ യോഗങ്ങളെപ്പററി യാതൊന്നും കല്പിച്ചിട്ടില്ലല്ലൊ. എന്നാൽ പലേ യോഗങ്ങളുമുണ്ടെന്നു ശാസ്ത്രാദികളിൽ കാണുകയും ജനങ്ങൾ ധരിക്കുകയും ചെയ്യുന്നു. ഈ വിഷയത്തെപ്പററി പറഞ്ഞു കേൾപ്പാനാഗ്രഹിക്കുന്നു.

ഗു:— പലേ യോഗങ്ങളെന്നതു എന്തെല്ലാമാണ്?

ശി:—കൎമ്മയോഗം, ഹഠയോഗം, രാജയോഗം മുതലായ അഷ്ടാംഗയോഗങ്ങളുണ്ടെന്നാണ അറിയുന്നതു്.

ഗു:—എന്നാൽ യോഗമെന്ന വാക്കിൻെറ അൎത്ഥം എന്താണെന്നാണ നിങ്ങൾ ധരിച്ചിട്ടുള്ളതു്?

ശി:—യോഗമെന്നതു ചേൎച്ചയാണ്.

ഗു:—എന്തെന്താണ ചേരേണ്ടതു്?

ശി:—ജീവനും ഈശ്വരനും.

ഗു:—എത്ര ജീവനും ഈശ്വരനുമുണ്ടു്?

ശി:—ഒരേ ജീവനും ഒരേ ഈശ്വരനും.

ഗു:—എന്നാൽ ഒരു ജീവനും ഒരു ഈശ്വരനും ചേരേണ്ടതിന്നു ഇത്രയധികം യോഗങ്ങളുണ്ടാവാൻ തരമില്ല. എന്തുകൊണ്ടെന്നാൽ യോഗമെന്നതു ഒന്നേയുള്ളു. അതു ജീവേശ്വരൈക്യമാണ്. അതിന്നു പലേ ആചാൎയ്യന്മാർ കാരണവശാൽ പലേപേരുകളും കൊടുത്തുവെന്നല്ലാതെ അനവധിയോഗങ്ങളില്ല. എല്ലാം ഒന്നുതന്നേയാണ്. എങ്ങിനെയെന്നാൽ, കൎമ്മമെന്നതു ജീവശക്തിയായിരിക്കുന്ന വായുവാണെന്നു മുൻ 8_ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലൊ. ആ വായുവിൻെറ ഉത്ഭവസ്ഥാനമായ ആകാശമായ ബ്രഹ്മരന്ധ്രത്തിൽ ജീവശക്തിയായ വായു ചേരുന്നതിന്നാണ "കൎമ്മയോഗം" എന്നുപേർ. "ഹഠയോഗം" എന്നതു ബലാല്ക്കാരേണയുള്ളയോഗം എന്നു ലോകർ ധരിച്ചിരിക്കുന്നു. ആ ധാരണ ശരിയല്ല. എന്തുകൊണ്ടെന്നാൽ "ഹ" എന്നതു പ്രകൃതി അതായതു മായയാണ്. "ഠ" എന്നതു അടക്കുകയാണ്. എന്തിനെയെന്നു വെച്ചാൽ തന്നിൽനിന്നു പ്രകൃതിയായി പുറത്തിന്നുള്ളിൽ വ്യാപിച്ചിരിക്കുന്ന പ്രകാശത്തേയാണ്. ആ പ്രകൃതിയിൽ നിന്നാണ നമുക്ക പ്രകാശിക്കുന്നതു്. ആ പ്രകൃതിയാകുന്ന സൂൎയ്യനായിരിക്കുന്ന പ്രാണൻെറ രശ്മി പുറത്തിന്നുള്ളിൽ വ്യാപിച്ചിരിക്കുന്നു. അങ്ങിനെ വ്യാപിച്ചിരിക്കുന്ന സൂൎയ്യൻെറ ശക്തിയാണ ചന്ദ്രൻ. തന്നിമിത്തമാണ പ്രാണാപാനനു എന്നു പറയുവാൻ കാരണം.

എന്നാൽ പ്രാണനെന്നതു സൂര്യനും അപാനനെന്നതു ചന്ദ്രനുമാകുന്നു. അങ്ങിനെ അപാനനായിരിക്കുന്ന ചന്ദ്രനാണ മനസ്സ. അതിനാൽ പ്രാണനായിരിക്കുന്ന സൂര്യനും മനസ്സാകുന്ന ചന്ദ്രനും ഐക്യമാകുന്നതാണ ഹഠയോഗം. ഇതുകൊണ്ടാണ ഹഠയോഗമെന്നതു സൂര്യചന്ദ്രന്മാരെ ഐക്യപ്പെടുത്തുന്നതാണ എന്നു ലോകത്തിൽ പറഞ്ഞുവരുന്നതു്. "രാജയോഗം" എന്നതു രാജ+യോഗം. ഇതിൽ "രാജ" എന്നതു രജോഗുണമായി വിഷ്ണുവായിരിക്കുന്ന മനസ്സാണ്. "യോഗം" എന്നതു ചേർച്ചയാണ്. ആ മനസ്സിനെപ്പററി ൧_ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്. അപ്രകാരമുള്ള മനസ്സ അതിൻെറ ഉത്ഭവസ്ഥാനമായ ഭ്രൂമദ്ധ്യത്തിൽ ചലനം കൂടാതെ നില്ക്കുന്ന സ്ഥിതിക്കാണ് രാജയോഗമെന്നു പേർ. ഈ വിധമാണ യോഗങ്ങളുടെ സ്ഥിതി. എന്നാൽ എട്ടു അവസ്ഥകൾ എപ്പോൾ ഒന്നായി ച്ചേരുന്നുവോ അപ്പോൾ യോഗമായി. അതെന്തെന്നാൽ കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ, ഇവകളാണ എട്ടവസ്ഥകൾ. ഇതുകളുത്ഭവിക്കുന്നതു മുൻപറഞ്ഞ പ്രകൃതിയായിരിക്കുന്ന ചലനത്തിൽ നിന്നാണ്. ആ ചലനം പുറത്തിനുള്ളിൽ ചലിക്കാതെ എപ്പോൾ തന്നിൽ തന്നെ ലയിക്കുന്നുവോ ആ അവസരത്തിൽ മേൽപറഞ്ഞ എട്ടു വൃത്തികളും അതുകളുടെ ഉത്ഭവസ്ഥാനമായ പ്രകൃതിയിൽ തന്നെ ലയിച്ചു, അന്യത്വമില്ലാതെ താനായിത്തീരുന്നു. ആയതിന്നാണ അഷ്ടാംഗയോഗമെന്നു പേർ. എന്നുതന്നെയല്ല, ജീവനും ഈശ്വരനും എന്നതു രണ്ടല്ല, ഒന്നുതന്നേയാണ്. അതെങ്ങിനെയെന്നാൽ ഈശ്വരനെന്നതു തന്നുടെ മേൽഭാഗത്തിൽ ആകാശമായ ബ്രഹ്മരന്ധ്റത്തിൽ ഇരിക്കുന്നതു്. ആ ഈശ്വരൻ തന്നെയാണ കീഴായി വിട്ടുപോകാതെ തന്നുള്ളിൽ കൂടി ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന ജീവനാകുന്നതു്. ആ ജീവൻ തന്നിൽനിന്നു പുറത്തിനുള്ളിൽ വായുരൂപമായി ചലിച്ചുകൊണ്ടിരിക്കുന്നതിന്നു പരമാത്മാവെന്നു പേർ. ആ പരമാത്മാവാണ മനസ്സ. ആ മനസ്സാണ് വിഷ്ണു. ആ വി

ഷ്ണുവാണ് വിശ്വംഭരനായിരിക്കുന്നതു്. അതുകൊണ്ടാണ് പരമാത്മാവായിരിക്കുന്ന വായുവിൽനിന്നു ലോകം ഉൽപന്നമായി എന്നു പറയുവാൻ കാരണം. അപ്രകാരമുള്ള മനസ്സാകുന്ന ബിംബത്തിൽ പ്രതിബിംബിച്ചു കാണപ്പെടുന്നതൊക്കെയും നമ്മുടെ ജീവനെയാണ്. അതെങ്ങിനെയെന്നാൽ, ഒരു കണ്ണാടിയിൽ നാം നോക്കുമ്പോൾ നമ്മെ ആ കണ്ണാടിയിൽ പ്രതിബിംബിച്ചു കാണുന്നു. ഇപ്രകാരംതന്നെ മനസ്സാകുന്ന കണ്ണാടിയിൽ നോക്കുമ്പോൾ നമുക്കു എന്തെന്തു വിചാരങ്ങളുണ്ടാകുന്നുവോ, ആ വിചാരങ്ങളെയാണ് നമുക്കു പുറത്തിനുള്ളിൽ നമ്മുടെ ജീവനെ വിചാരരൂപേണ ഭിന്നമായി, പ്രതിബിംബിച്ചു കാണുന്നതു്. അപ്രകാരം പ്രതിബിംബിച്ചു കാണുന്നതു ഞാനെന്നുള്ള അഹങ്കാരത്തിനാലാണ്. എപ്പോൾ ഞാനെന്നുള്ള അഹങ്കാരം നശിക്കുന്നുവോ, അപ്പോൾ യാതൊന്നും കാണപ്പെടുന്നതല്ല. ഈ അഹങ്കാരം നിമിത്തമാണു ഈശ്വരനും ജീവനും എന്നുള്ള വ്യത്യാസം തന്നെയുണ്ടായതു്. അതെങ്ങിനെയെന്നാൽ, ഒരു പുഴയിൽക്കൂടി ഒഴുകുന്ന വെള്ളത്തിൽ ഒരു വടിയുടെ ഏതാനും ഭാഗം താഴ്ത്തിപ്പിടിച്ചാൽ വെള്ളം ആ വഴിയുടെ രണ്ടു ഭാഗത്തുകൂടി ഒഴുകുന്നു. എന്നാൽ വെള്ളം രണ്ടായിട്ടില്ല. വെള്ളത്തിന്റെ ഒഴുക്കിനു ഭിന്നത്വംവന്നു രണ്ടു വഴിയായി ഒലിക്കുന്നതായി നമുക്കു തോന്നുന്നു. ആ വടിയെ എടുത്താൽ ഒഴുക്കിനു ഭിന്നത്വം തീർന്നു വെള്ളം ഒന്നായി ഒഴുകുന്നു. ഇപ്രകാരംതന്നെ ജീവന്റെ പുറത്തിനുള്ളിലേക്കുള്ള ഒഴുക്കിൽ മനസ്സു ഞാനെന്ന അഹങ്കാരമായിരിക്കുന്ന വടി പിടിച്ചപ്പോൾ ജീവനെന്നും ഈശ്വരനെന്നും രണ്ടവസ്ഥയായി തോന്നുന്നു. എപ്പോൾ അഹങ്കാരമായിരിക്കുന്ന വടി എടുക്കുന്നുവോ അപ്പോൾ രണ്ടില്ലാതെ ജീവേശ്വരോരൈക്യമായിത്തീരുന്നു. എന്നാൽ ലോകം മുഴുവനും നില്ക്കുന്നതു ഞാനെന്നുള്ള ഒരൊററ കെട്ടിന്മേലാണ്. അതായതു ഒരു ചരടുകൊണ്ടു തുരടു കുത്തും പ്രകാരം അതിന്റെ ഒരു തലക്കൽനിന്നു കോർത്തു കോർത്തു ഒടുവിൽ

മറുതലക്കൽ ഒരു കെട്ടുകെട്ടി വലിച്ചാൽ ആ കോൎത്ത കെട്ടുകൾ അഴിയുന്നില്ല. എന്നാൽ അവസാനം കെട്ടിയിരിക്കുന്ന ആ ഒററ കെട്ടിനെ അഴിച്ചു വലിച്ചാൽ എല്ലാ കെട്ടുകളും അഴിഞ്ഞു മുൻപോലെ കയർ മാത്രമായിത്തീരുന്നു. ഈ പ്രകാരത്തിൽതന്നെ കൎമ്മമായി വായുവായിരിക്കുന്ന നൂലിനാൽ വിചാരാദികളായി കോൎത്തുകെട്ടി വലിച്ചും കൊണ്ടിരിക്കുന്നു. അങ്ങിനെ വലിച്ചുംകൊണ്ടിരിക്കുമ്പോൾ അതു ബലമായി മുറുകുന്നതല്ലാതെ അഴിഞ്ഞു പോകുന്നതല്ല. അഴിക്കേണമെങ്കിൽ മേൽപറഞ്ഞ കയറിന്റെ ഒടുവിലത്തെ ഒരു കെട്ടഴിച്ചു വലിച്ച പ്രകാരം ഞാൻ എന്നുള്ള ഒടുവിലത്തെ ഒററക്കെട്ടു അഴിച്ചു വലിച്ചാൽ എല്ലാ കെട്ടുകളും അഴിഞ്ഞു ഒരേവസ്തുവായിത്തീരുന്നു. ആ വസ്തു ചലനം കൂടാതെ തന്നിൽ ലയിക്കുമ്പോൾ താനായി തന്മയമായിത്തീരുന്നു. അപ്പോൾ സൎവ്വയോഗങ്ങളും അതിലൊതുങ്ങുന്നു. ഇതല്ലാതെ യോഗങ്ങൾ അനവധിയുണ്ടെന്നു ധരിച്ചു നാനാ പ്രകാരത്തിൽ ഓരോ പ്രവൃത്തി ചെയ്താൽ യോഗമാകുന്നതല്ല. ആചാൎയ്യന്മാർ പലേ പേരുകൾ പറഞ്ഞതു ഒരേ യോഗത്തിന്നു തന്നെയാണ്. ആയതു ഏതുപ്രകാരമെന്നാൽ ഒരേസാധനത്തിന്നുതന്നെ പലേ പേരുകൾ പറയുന്നു. പക്ഷെ ആയതു ഭാഷാവ്യത്യാസമാണ്. ഇപ്രകാരം തന്നെ യോഗത്തിന്നും ഓരോ സംഗതിവശാൽ ആചാൎയ്യർ ഓരോരുത്തരും യുക്ത്യാനുസരണം ഓരോ പേരുകൾ പറഞ്ഞതാണ്. ഇതല്ലാതെ യോഗം അനവധിയില്ല. അതിനാൽ പുറത്തിന്നുള്ളിൽ വ്യാപിച്ചു ചലിച്ചു ഭ്രമിച്ചുംകൊണ്ടിരിക്കുന്ന തന്റെ ശക്തി എപ്പോൾ പുറത്തിന്നുള്ളിലേക്കു ചലിക്കാതെ തന്നിൽ തന്നെ ലയിക്കുന്നുവോ അപ്പോൾ യോഗമായി. ഇപ്രകാരത്തിലാണു യോഗത്തിന്റെ സ്ഥിതി.

## പതിനെട്ടാം അദ്ധ്യായം.

ശി:—സ്വാമിൻ! ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര, എന്നിങ്ങിനെ നാലു വൎണ്ണങ്ങളിരിക്കുന്നുവെന്നും അതിൽ ശൂദ്രരിൽ അ

നേകം ജാതികളിരിക്കുന്നതായും പറഞ്ഞുവരുന്നു. ഇതുകളുടെ സ്ഥിതികൾ എന്താണെന്നറിയുവാൻ ആഗ്രഹിക്കുന്നു.

ഗു:—ഇവരിൽ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നു പറയപ്പെടുന്നതു ആരാർ?

ശി:—ബ്രാഹ്മണരെന്നു പറഞ്ഞുവരുന്നതു നമ്പൂതിരിമാർ, എമ്പ്രാന്തിരിമാർ, പട്ടന്മാർ, ഇവരെയാണ്. നമ്പൂതിരിമാരെ മലയാളബ്രാഹ്മണരെന്നും, എമ്പ്രാന്മാരെ തുളുബ്രാഹ്മണരെന്നും, ഭട്ടർമാരെ കർണ്ണാടക ബ്രാഹ്മണരെന്നും, പട്ടന്മാർ എന്നു പറഞ്ഞുവരുന്ന പാപ്പാന്മാരെ പരദേശബ്രാഹ്മണർ അതായതു തമിഴ ബ്രാഹ്മണരെന്നും ആണ പറഞ്ഞുവരുന്നതു്. ക്ഷത്രിയരെന്നവർ പൂർവ്വകാലത്തിൽ രാജ്യപരിപാലനം ചെയ്തിരുന്ന സൂര്യചന്ദ്രവംശോൽഭൂതരാകിയ രാജാക്കന്മാരാകുന്നു. വൈശ്യരെന്നതു വടദേശത്തുകാരായ ചില ശേട്ടമാരും, കന്നഡരാജ്യത്തിൽ ശേട്ടമാരെന്നു പറഞ്ഞുവരുന്നവരും, തമിഴരാജ്യത്തിൽ ചെട്ടിമാരെന്നു പറഞ്ഞുവരുന്ന വ്യാപാരികളും ആകുന്നു. ശൂദ്രരെന്നവർ മേൽപറഞ്ഞവരൊഴികെ ബാക്കിയെല്ലാവരുമാണ്.

ഗു:—ബ്രാഹ്മണരെ നിങ്ങൾക്കു തൊട്ടുകാണിപ്പാൻ സാധിക്കുമോ?

ശി:—സാധിക്കും.

ഗു:—ആരെയാണ്?

ശി:—മുൻപറഞ്ഞ നമ്പൂതിരി മുതലായവരെയാണ്.

ഗു:—അവർ ബ്രാഹ്മണരാണെന്നു എങ്ങിനെയാണ തീർച്ചപ്പെടുത്തിയതു്?

ശി:—അവക്കു പൂണനൂലുള്ളതുകൊണ്ടു്.

ഗു:—പൂണനൂലുള്ളവരൊക്കെയും ബ്രാഹ്മണരാണെന്നു തീർച്ചപ്പെടുത്തിയതു വലിയ അബദ്ധമാണ്. എന്തെന്നാൽ പാണ്ടിത്തട്ടാന്മാർ എന്നു പറഞ്ഞുവരുന്നവക്കും, മുക്കാരെന്നു പറഞ്ഞുവരുന്നവക്കും, കോമട്ടിയെന്നു പറഞ്ഞുവരുന്നവക്കും, പരദേശത്തു നെയ്ത്തുകാരായ ചാലിയരെന്നു പറഞ്ഞുവരുന്നവക്കും, കൊങ്ങിണിയെന്നു പറഞ്ഞുവരുന്നവക്കും, മററു ഇപ്രകാരമുള്ള അ

നേക കൂട്ടക്കാക്കും പൂണനൂലുണ്ട്. ഇവരൊക്കെയും ബ്രാഹ്മണരാണോ?

ശി:—അല്ല.

ഗു:—എന്തുകൊണ്ട? പൂണനൂലുള്ളവരൊക്കെയും ബ്രാഹ്മണരാണെന്നല്ലെ നിങ്ങൾ പറഞ്ഞതു്?

ശി:—പൂണനൂലുള്ളതുകൊണ്ടല്ല, ബ്രാഹ്മണരെന്നു പറയുന്നതു്? അവരുടെ വൃത്തിക്കനുസരിച്ചാണ്.

ഗു:—എന്തൊക്കെയാണ ബ്രാഹ്മണരുടെ വൃത്തി?

ശി:—വേദപാരായണം, ക്ഷേത്രാദികളിൽ പൂജ ഇത്യാദികൾ ചെയ്യലാണ്.

ഗു:—ക്ഷത്രിയരുടെ പ്രവൃത്തിയെന്തെല്ലാമാണ്?

ശി:—ദുഷ്ടനിഗ്രഹം ചെയ്തു, ശിഷ്ടന്മാരെ രക്ഷിക്കുകയാണ്.

ഗു:—വൈശ്യരുടെ പ്രവൃത്തിയോ?

ശി:—ഗോരക്ഷ, കൃഷി, വാണിഭം, ഇത്യാദികളാണ്.

ഗു:—ശൂദ്രക്കോ?

ശി:—ബ്രാഹ്മണപാദസേവയാണ്.

ഗു:—ഓഹോ! അങ്ങിനെയാണെന്നുവെച്ചാൽ ഒരു പറയനെന്നഭിമാനിച്ചു സ്ഥാപിച്ചു പറഞ്ഞുവരുന്നവനെ കൊണ്ടുവന്നു, തേച്ചു കളിപ്പിച്ചു, വൃത്തിയാക്കി നടത്തി, വേദാഭ്യാസം ചെയ്യിപ്പിച്ചു, പൂജാക്രമങ്ങളും പഠിപ്പിച്ചു, ഒരു പൂണനൂലും ധരിപ്പിച്ചു, ബ്രാഹ്മണരെന്നു പറയപ്പെടുന്നവരുടെ കൂടെ നിൎത്തിയാൽ അവൻ ബ്രാഹ്മണനാണെന്നു നിങ്ങൾ സമ്മതിക്കുമോ?

ശി:—സമ്മതിക്കുകയില്ല.

ഗു:—എന്തുകൊണ്ട്?

ശി:—അവൻ പറയനായതുകൊണ്ട്.

ഗു:—നിങ്ങളറിയാത്ത ഒരു പറയനെന്നഭിമാനിച്ചു വരുന്നവനെ മേൽപറഞ്ഞ വിധമാക്കി ബ്രാഹ്മണരെന്നഭിമാനിച്ചുവരുന്നവരുടെ സംഘത്തിൽ നിൎത്തിയാൽ നിങ്ങളവനെ തിരിച്ചറിയുമോ?

ശി:—അറിയുകയില്ല.

Since 1923

ഗു:—എന്തുകൊണ്ടു? ബ്രാഹ്മണനെന്ന ഒരു ജാതിയുണ്ടെങ്കിൽ നിങ്ങളവരെ പ്രത്യേകം തിരിച്ചറിയേണ്ടതല്ലെ? കൂടാതെ നിങ്ങൾ ജനിച്ചിട്ടില്ലെങ്കിൽ ബ്രാഹ്മണർ, ക്ഷത്രിയർ മുതലായവരും നിങ്ങൾകണ്ടോ?

ശി:—ഇല്ല.

ഗു: എന്നാൽ ഇവരെല്ലാം എപ്പോൾ ഉണ്ടായി?

ശി:— ഞാൻ ജനിച്ചതിന്നു ശേഷം.

ഗു:—അതിരിക്കട്ടെ, നിങ്ങൾ ഉറങ്ങിക്കിടക്കുന്നുവെന്നു പറഞ്ഞുവരുന്ന സമയത്തു മേൽപറഞ്ഞ നാലു വർണ്ണങ്ങൾ നിങ്ങൾ കണ്ടോ?

ശി:—ഇല്ല.

ഗു:—അതെന്തുകൊണ്ടു്?

ശി:—അപ്പോൾ എന്റെ മനസ്സ് എന്നുള്ളിലൊതുങ്ങി യാതൊന്നും ഇല്ലാതിരിക്കുന്ന സ്ഥിതിയിലിരിക്കുന്നതുകൊണ്ടു്.

ഗു:—ഇതൊക്കയും എപ്പോഴാണുണ്ടായതു്?

ശി:—ഉറക്കുണർന്നപ്പോൾ.

ഗു:—അപ്പോൾ എവിടെനിന്നാണുണ്ടായതു്?

ശി:—എന്റെ മനസ്സിൽനിന്നാണ്.

ഗു:—എന്നാൽ മേൽപറഞ്ഞ നാലു വർണ്ണങ്ങളുള്ളതു യഥാർത്ഥമാണ്, അതു വിവരിക്കാം. ബ്രാഹ്മണർ തമ്മിൽ തൊട്ടാൽ കുളിക്കേണ്ടതുണ്ടോ?

ശി:—അവർ തമ്മിൽ തൊട്ടാൽ കുളിക്കേണ്ടതില്ല.

ഗു:—ക്ഷത്രിയരും അവരും തമ്മിൽ തൊട്ടാൽ കുളിക്കേണമോ?

ശി:—കുളിക്കേണ്ടതില്ല.

ഗു:—വൈശ്യരും അവരും തമ്മിൽ തൊട്ടാൽ കുളിക്കേണമോ?

ശി:—കുളിക്കേണ്ടതില്ല

ഗു:—ശൂദ്രരും അവരും തമ്മിൽ തൊട്ടാൽ കുളിക്കേണമോ?

ശി:—തൊട്ടാൽ കുളിക്കണം, എന്നുമാത്രം പോരാ, അടുത്താൽ കുളിക്കേണ്ട ജാതിക്കാരും ഉണ്ടു്. അവരിൽ ചിലരെ നാല്പതും, എഴുപത്തിരണ്ടും അടിയിലധികം അകലെ നിർത്തേണ്ടതായിട്ടും ഉണ്ടു്. തൊട്ടാൽ കുളിയില്ലാത്തവരുമുണ്ടു്.

ഗു:—നിങ്ങളിപ്പോൾ പറഞ്ഞതെല്ലാം ശരിയാണ്. പക്ഷെ നിങ്ങൾ ഗ്രഹിച്ചപ്രകാരമല്ല. മുൻപറഞ്ഞ നാലുവർണ്ണങ്ങൾ നിങ്ങളിൽനിന്നുത്ഭവിക്കുന്നതാണ്. ആയതു, മനസ്സ, ചിത്തം, ബുദ്ധി, അഹങ്കാരം, ഇതുകളാണ്. അതായതു മനസ്സ ബ്രാഹ്മണനും, ചിത്തു എന്നതു പ്രകാശമാകയാൽ ആയതു ക്ഷത്രിയനും, ബുദ്ധിയെന്നതു വൈശ്യനും, അഹങ്കാരമെന്നതു ശൂദ്രനുമാണ്. എന്തുകൊണ്ടെന്നാൽ, ബ്രാഹ്മണരെന്നവർ നിത്യാനിത്യവിവേകം ചെയ്യുന്നവരാണ്. നിത്യാനിത്യവസ്തു വിവേകത്തെപ്പററി 6 ഉം, 12 ഉം അദ്ധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ട്. അപ്രകാരം നിത്യാനിത്യവസ്തു അറിയപ്പെട്ടപ്പോൾ അവർ ബ്രാഹ്മണരായി. അവനാണു വൈദികൻ. അതുകൊണ്ടു വേദത്തിൻെറ അധികാരസ്ഥൻ ബ്രാഹ്മണനാണ്. ബ്രാഹ്മണനൊഴികെ വേറെയാരും വേദത്തിന്നു അധികാരസ്ഥനല്ല. വേദമെന്നതു അറിവാണ്. അറിവിൻെറ അധികാരസ്ഥൻ മനസ്സാണ്. മനസ്സില്ലെങ്കിൽ യാതൊരറിവുമില്ല. ഇതുകൊണ്ടാണു വേദത്തിൻെറ അധികാരസ്ഥൻ ബ്രാഹ്മണനാണെന്നു പറയുവാൻ കാരണം. ആ ബ്രാഹ്മണൻ മനസ്സാണ്. ലോകത്തിൽ ബ്രാഹ്മണനേക്കാൾ കേൾവി ക്ഷത്രിയന്നാണ്. ആ ക്ഷത്രിയൻ ചിത്തായിരിക്കുന്ന പ്രകാശമാണ്. ക്ഷത്രിയൻെറ പ്രവൃത്തി ദുഷ്ടനിഗ്രഹം ചെയ്തു ശിഷ്ട പരിപാലനം ചെയ്യലാണെന്നു പറഞ്ഞുവല്ലൊ. ദുഷ്ടൻ എന്നു പറയുന്നതു നമ്മിൽനിന്നുത്ഭവിക്കുന്ന രാഗദ്വേഷാദി മുതലായ ദുർവ്വിചാരങ്ങളാണ്. ശിഷ്ടൻ എന്നതു മനസ്സാണ്. ആ മനസ്സിന്നു മറവു ദുർവ്വിചാരങ്ങളെക്കൊണ്ടു വേദമായിരിക്കുന്ന അറിവിന്നു തടസ്ഥങ്ങൾ വരുന്നു. ആ തടസ്ഥങ്ങളെ ക്ഷത്രിയനായിരിക്കുന്ന പ്രകാശത്താൽ വെട്ടി നശിപ്പിച്ചു, മനസ്സിന്നു അറിവുനിത്തുന്നതാണു ശിഷ്ടപരിപാലനം. വൈശ്യന്നു ഗോരക്ഷ, കൃഷി, വാണിഭം, മുതലായിട്ടുള്ള പ്രവൃത്തികളാണ്. ആയതു ബുദ്ധിക്കാണ്. എന്തെന്നാൽ "ഗോ" എന്നതു ശബ്ദമാണ്. ശബ്ദത്തെ രക്ഷിക്കേണ്ടതു ബുദ്ധിയാണ്. കൃഷി, വ്യാ

പാരം മുതലായതും ബുദ്ധിയുള്ളവനേ ചെയ്വാൻ സാധിക്കയുള്ളു. എന്നുതന്നെയല്ല, ലോകത്തിൽ അവൻ ബുദ്ധിയില്ലാത്തവൻ, ഒരു വാക്ക പറയുവാൻകൂടി ബുദ്ധിയില്ല എന്നു പറഞ്ഞുവരുന്നു. അതിനാൽ ബുദ്ധിയായ വൈശ്യൻ ഗോവിനെ രക്ഷിക്കേണ്ടതാണ്. എങ്ങിനെയെന്നാൽ തന്നിൽനിന്നുത്ഭവിക്കുന്ന ശബ്ദത്തെ തന്നിൽതന്നെ നിൎത്തുക. എപ്പോൾ തന്റെ ശബ്ദത്തെ നശിപ്പിക്കാതെ തന്നിൽതന്നെ നിൎത്തുന്നുവോ അപ്പോൾ കൃഷിയായി. കൃഷി എന്നതു ശിരസ്സിൽ, സുഷുമ്നയിൽ തന്റെ ശക്തി ഒതുക്കുന്നതാണ്. അപ്പോൾ ശബ്ദം തന്നിൽതന്നെ ലയിച്ചു. ഇതാണു കൃഷി. അപ്രകാരം കൃഷിചെയ്തിരിക്കുന്ന ശക്തിയെക്കൊണ്ടു തന്നിൽ തന്നെ വ്യാപരിപ്പിക്കുന്നതാണു വ്യാപാരം. അപ്രകാരം പ്രവൃത്തിച്ചു ഭക്ഷണസാധനങ്ങൾ ബ്രാഹ്മണനു കൊടുക്കേണ്ടതു വൈശ്യന്റെ പ്രവൃത്തിയാണ്. ഭക്ഷണസാധനങ്ങൾ കിട്ടിയില്ലെങ്കിൽ ബ്രാഹ്മണൻ നശിച്ചുപോകുന്നു. അതിനാൽ ഈ പറഞ്ഞ പ്രകാരം ശക്തിയെ തന്നിൽതന്നെ ഒതുക്കി വ്യാപരിപ്പിച്ചാൽ മനസ്സു വിചാരാദികളായി പുറത്തിനുള്ളിൽ നശിച്ചുപോകുന്നതല്ല. അപ്പോൾ ബ്രാഹ്മണനായിരിക്കുന്ന മനസ്സിന്നു നാശമില്ലാതെ തന്നിൽതന്നെ ലയിക്കുന്നു. ഇതാണു വൈശ്യനായിരിക്കുന്ന ബുദ്ധിയുടെ പ്രവൃത്തി. ശൂദ്രനെന്നു പറയുന്നതു ഞാനെന്ന അഹങ്കാരമാണ്. ഞാനെന്ന അഹങ്കാരത്തിന്നാണു അനാവധി ജാതികളുള്ളതു്. ആ ജാതികൾ എന്നു പറയുന്നതു പല വിചാരങ്ങളാണ്. അതായതു ഞാൻ സ്ഥാനി, മാനി, പണ്ഡിതൻ, മററവൻ ചണ്ഡാളൻ, മൂഢൻ, പറയൻ എന്നിങ്ങിനെ പലതരത്തിലുള്ള വിചാരം മുതലായവകളാണ്. ചണ്ഡാളനെന്നു പറയുന്നതു കക്കുക, കളവുപറയുക, ചതിക്കുക, കലപ്പെടുത്തുക, വ്യഭിചരിക്കുക, ഇത്യാദികളായ ദുർവൃത്തികൾ ചെയ്യുന്നവരും ചെയ്യേണമെന്നുള്ള വിചാരത്തോടുള്ളവരുമാണ്. ഈ വക ജാതികളെയാണു ഏററവും അകലെ നിൎത്തുവാൻ പറഞ്ഞിട്ടുള്ളതു്. ഇതാണു ശൂദ്രരെ തീണ്ടരുതെന്നും ശൂദ്രരിൽ അനാവധി ജാതികളുണ്ടെ

നും പറയുന്നത്. എന്നാൽ ശൂദ്രനായിരിക്കുന്ന അഹങ്കാരത്തിനാൽ ഉണ്ടാക്കപ്പെട്ട മേൽപറഞ്ഞ എല്ലാ വിചാരങ്ങളേയും പ്രവൃത്തികളേയും ത്യജിച്ച ബ്രാഹ്മണനായിരിക്കുന്ന മനസ്സിന്റെ പാദസേവയാണ ചെയ്യേണ്ടത്. പാദം എന്നതു സ്ഥാനമാണ്. അതിനാൽ മനസ്സിന്റെ സ്ഥാനമായ ഭ്രൂമദ്ധ്യത്തെ സേവിക്കുക. ഇതാണ അഹങ്കാരമായിരിക്കുന്ന ശൂദ്രന്റെ പ്രവൃത്തി. ഇതുകൂടാതെ, ഞാൻ ബ്രാഹ്മണനാണ, വേദശാസ്ത്രപുരാണാദികളെല്ലാം എനിക്കു മാത്രമേ പഠിക്കുവാൻ പാടുള്ളു, മററവരാരും പഠിക്കരുതു, മററവൻ ശൂദ്രനാണ, ചണ്ഡാളനാണ്, അശുദ്ധനാണ്, അവനെ ദൂരെ നിൎത്തണം, എന്നിപ്രകാരം അഭിമാനിച്ചുംകൊണ്ട മേൽപറഞ്ഞ അഹങ്കാരത്തിന്റെ വൃത്തികളായ കളവു, കൊല, വ്യഭിചാരം മുതലായ ചണ്ഡാളവൃത്തികൾ ചെയ്യുന്നവരാരോ അവർ ചണ്ഡാളരാണ്; ബ്രാഹ്മണരല്ല. ബ്രാഹ്മണനെന്നാൽ തന്നിൽനിന്നു ചലിച്ച പുറത്തിനുള്ളിൽ വ്യാപിച്ചിരിക്കുന്ന മനസ്സിനെ താനായി നിത്യമായിരിക്കുന്ന തന്നിൽതന്നെ ലയിക്കച്ചെയ്തു തന്മയമാകുന്നവരാണ ബ്രാഹ്മണർ. ക്ഷത്രിയനെന്നവൻ ഞാൻ ക്ഷത്രിയനാണ, ദുഷ്ടന്മാരെ നിഗ്രഹിക്കണം, എന്നു ധരിച്ച തോക്കുകൊണ്ടും വാൾകൊണ്ടും മററു പലവിധേനയും ഓരോരുത്തരെ കൊലപ്പെടുത്തുന്നവർ ക്ഷത്രിയരല്ല. അപ്രകാരം ചെയ്യുന്നവർ ഞാനെന്നുള്ള അഹങ്കാരത്തിൽ ദുർവൃത്തിയിൽ ചെയ്യുന്നവരാണ്. അതിനാൽ അവരും ചണ്ഡാളരാണ്. എന്നാൽ ക്ഷത്രിയരെന്നതു തന്റെ ജീവനെ തന്നിൽ പ്രകാശിപ്പിച്ച രാഗദ്വേഷാദികളായിരിക്കുന്ന ശത്രുക്കളെ നശിപ്പിച്ച തന്റെ മനസ്സിനു യാതൊരു ഇളക്കവും കൂടാതെ സ്ഥിരപ്പെടുത്തുന്നവരാണ്. വൈശ്യരെന്നവർ ഗോരക്ഷ, കൃഷി, വാണിഭം എന്നു വിചാരിച്ച പശു, എരുമ ഇതുകളുടെ കഴുത്തിൽ കയറിനാൽ കെട്ടുകയിട്ടു, കെട്ടി ബുദ്ധിമുട്ടിച്ച, അവ പ്രസവിച്ചുണ്ടാവുന്ന കുട്ടികളെ വേർപെടുത്തി കെട്ടി, ആ കുട്ടികൾ കുടിക്കേണ്ടതായ പാൽ കറന്നെടുക്കുക

യും, വില്ലുകയും, പശുവിൽനിന്നുത്ഭവിച്ച ആൺകുട്ടികളെ ന്നു വിചാരിച്ചുവരുന്ന കാളക്കുട്ടികളേയും, എരുമയിങ്കൽനിന്നുത്ഭവിച്ച പോത്തിൻകുട്ടികളേയും, എരുമകളേയും മററും പിടിച്ചു കഴുത്തിൽ നുകംവെച്ചു, ഭാരമേറിയ കരിവെച്ചു കെട്ടി വലിപ്പിച്ചു കഷ്ടപ്പെടുത്തുകയും വ്യാപാരമെന്നു കരുതി പല സാമാനങ്ങളും ശേഖരിച്ചു, തൂക്കത്തിലും അളവിലും വിലയിലും കളവു കാണിച്ചും, അതിലാഭമെടുത്തു കച്ചവടം ചെയ്യുകയും ചെയ്യുന്നവർ വൈശ്യരല്ല. ഇപ്രകാരം ചെയ്യുന്നവരും, ഞാനെന്ന അഹങ്കാരത്തിൽ ദുർവൃത്തിയിൽ ചെയ്യുന്നവരാണ്. അവരും ചണ്ഡാളരാണ്. എന്നാൽ, വൈശ്യർ എന്നതു വാക്കായിരിക്കുന്ന ശബ്ദത്തെ തന്നിലടക്കി, കൃഷിചെയ്തു, മുൻപറഞ്ഞ പ്രകാരത്തിൽ പ്രവൃത്തിക്കുന്നവരാണ്. ശൂദ്രർ എന്നവർ, ബ്രാഹ്മണരെന്നും മററും അഭിമാനിച്ചുവരുന്നവർക്കു ദാസ്യവൃത്തികൾ ചെയ്തും, പാദശുശ്രൂഷാദികൾ ചെയ്തും പലേ ജന്തുഹിംസാദികളും, മദ്യപാനം മുതലായ ദുർവൃത്തികളും ചെയ്തുനടക്കുന്നവരല്ല. അവരും അഹങ്കാരവൃത്തികളാൽ ചെയ്യുന്നവരാണ്. അതിനാൽ ആവിധം നടക്കുന്നവരും ചണ്ഡാളരാണ്. എന്നാൽ ശൂദ്രനെന്നതു തന്റെ മനസ്സിന്റെ ഉത്ഭവസ്ഥാനമായ ഭ്രൂമദ്ധ്യത്തെ ആശ്രയിച്ചു അവിടേക്കു തന്റെ ജീവനെക്കൊണ്ടുപോയി ചേർത്താൻ വേണ്ടി യത്നംചെയ്യുന്നവനാണ് ഇതാണു ബ്രാഹ്മണ പാദസേവ. എന്നാൽ മേൽപറഞ്ഞ നാലുവർണ്ണങ്ങളും ഒന്നിൽനിന്നുതന്നെ ഉത്ഭവിച്ചു ഒന്നിൽതന്നെ അടങ്ങുന്നവരായതുകൊണ്ടു ജാതിയെന്നതു ഇല്ലവേയില്ലയെന്നു നന്നായി വെളിപ്പെടുന്നു. അതുകൊണ്ടു നാലു ജാതികളില്ല. ഈ വക ജാതികളൊക്കെയും അവനവൻ ഉണ്ടായി അവനവനിലുള്ളതായ ഗുണമായിരിക്കുന്ന ജീവൻ കർമ്മമായി വായുവായി പുറത്തിനുള്ളിൽ വ്യാപിച്ചപ്പോൾ അതിൽനിന്നു നാലുവർണ്ണമായി ഉത്ഭവിക്കുകയും അതു തന്നാൽതന്നെ സൃഷ്ടിക്കുകയും ചെയ്തതാണ്. അതായതു മനസ്സു, ചിത്തം, ബുദ്ധി, അഹങ്കാരം ഇതുകളാണ്.

ഇതുകളിൽനിന്നാണ എല്ലാ അവസ്ഥകളും ഉണ്ടായതു്. ഇതല്ലാതെ ബ്രാഹ്മണനെന്നോ, ക്ഷത്രിയനെന്നോ, വൈശ്യനെന്നോ, ശൂദ്രനെന്നോ, ഒരു സൃഷ്ടിയും ഉണ്ടായിട്ടില്ല. ഇപ്രകാരം എല്ലാ സൃഷ്ടികളും തന്റെ ശക്തി പൂറത്തിനുള്ളിൽ വ്യാപിച്ചപ്പോൾ അതിൽനിന്നുത്ഭവിച്ച തന്നെത്താൻ അറിയാതെ അന്ധകാരത്തിൽ പെട്ടുപോയതാണ്. എപ്പോൾ തന്നെത്താനറിയുന്നുവോ അപ്പോൾ മററൊന്നില്ല. തന്നെത്താനറിയേണമെങ്കിൽ മററുള്ള തന്റെ ഭ്രാന്തവൃത്തികളെ വിട്ടു തന്റെ ശക്തി തന്നിൽ തന്നെ ലയിക്കണം. അപ്പോൾ തന്നെത്താനറിയും. ആ അവസരത്തിൽ താനായി തന്മയമായിത്തീരും. ആയതിന്നു കൈവല്യമെന്നു പേർ.

## പത്തൊമ്പതാം അദ്ധ്യായം.

ശി:—സ്വാമിൻ! മുൻ അദ്ധ്യായത്തിൽ മദ്യപാനത്തെപ്പററി കുററം പറഞ്ഞുവല്ലൊ. എന്നാൽ മദ്യപാനം നിമിത്തം ജ്ഞാനമുണ്ടായതായി പറഞ്ഞുകേൾക്കുന്നു. കൂടാതെ, ശാക്തേയപൂജക്കു മദ്യം സേവിക്കാതിരിപ്പാൻ നിവൃത്തിയില്ലെന്നുപറഞ്ഞു വരികയും, അതുപ്രകാരം നടന്നുവരികയും ചെയ്യുന്നു. അങ്ങിനെയിരിക്കെ അതിനെപ്പററി വിരോധം പറയുന്നതിന്റെ താല്പര്യമെന്താണ്?

ഗു:—മദ്യപാനംകൊണ്ടു ആൎക്കാണ ജ്ഞാനമുണ്ടായതായി കേട്ടിട്ടുള്ളതു്?

ശി:—മലയാളത്തിൽ സർവ്വ ജാതികൾക്കും വിദ്യാഭ്യാസം സിദ്ധിപ്പാൻ ഇടവരുത്തിയ കേരളഗുരുവായ തുഞ്ചത്തു രാമാനുജനെഴുത്തച്ഛനെന്ന മഹാനാണ്.

ഗു:—ഇതു നിങ്ങൾ വല്ലശാസ്ത്രാദികളിലും പഠിച്ചറിഞ്ഞതോ, അഥവാ വേറെ വല്ലവരും പറഞ്ഞുകേട്ടതോ?

Since 1923

ശി:—ലോകവാസികൾ പറഞ്ഞുകേട്ടറിഞ്ഞതാണ്.

ഗു:—ആ മഹാൻ സേവിച്ചിട്ടുള്ള മദ്യം എങ്ങിനെയുള്ളതാണെന്നാണ നിങ്ങൾ കേട്ടിരിക്കുന്നത്?

ശി:—സാധാരണയായി നാട്ടിൽ നടപ്പുള്ള മദ്യങ്ങൾ.

ഗു:—അതെന്തൊക്കെയാണ്?

ശി:—കള്ള, റാക്ക ഇതുകളാണ്.

ഗു:—ഇതെങ്ങിനെയുണ്ടാകുന്നതാണ്?

ശി:—കള്ള എന്നതു തെങ്ങു, പന മുതലായതുകളുടെ കുലകൾ ചെത്തിയെടുക്കുന്നതും, ആ കള്ള കാച്ചിയുണ്ടാക്കുന്നതു റാക്കും ആകുന്നു.

ഗു:—എന്നാൽ നിങ്ങൾ ഈ പറഞ്ഞപ്രകാരത്തിലുള്ള മദ്യം തുഞ്ചത്തെഴുത്തച്ഛൻ എന്ന മഹാൻ സേവിച്ചിട്ടില്ല. ആ മഹാൻ സേവിച്ചിട്ടുള്ള മദ്യം "ഏഴ് ഏൺ പനത്തലയിലൂറിയ" മദ്യമാണ്. ആ പനത്തലയെന്നതു ഏഴ് ഏൺ ജഡത്തിൻെറ ഉപരിയായ 8-ാം ഏണായ ശിരസ്സാണ്. ആ ശിരസ്സിലിരിക്കുന്നതാണ മദ്യം. ആ മദ്യത്തെ ലംബികാമുദ്രയാൽ പാനം ചെയ്യുന്നതാണ്. അതായതു ലംബിക എന്നാൽ ലം + അംബിക; ലം=പ്രകാശം, അംബിക=ലോകമാതാവായ ശക്തി. ആ ശക്തി തന്നുടെ ശിരസ്സിനുള്ളിൽ അടങ്ങുമ്പോൾ അമൃതിറങ്ങും. അതായതു തന്നിൽനിന്നു പുറത്തിനുള്ളിൽ വ്യാപിച്ചിരിക്കുന്ന ശക്തി തന്നിൽതന്നെ ലയിച്ചു തിങ്ങിവിങ്ങി വരുമ്പോൾ ശിരിസ്സിലിരിക്കുന്ന അമൃതിളകുന്നതാണ്. ആ അമൃതിനെ പാനം ചെയ്തു സദാ ആനന്ദമത്തനാകാം. ഇപ്രകാരമുള്ള മദ്യമാണ ആ മഹാൻ സേവിച്ചിട്ടുള്ളത്. ഇതിനെ ആലോചിക്കാതേയും അറിയാതേയും, ലോകവാസികൾ തെററിദ്ധാരണയായി കേരള ഗുരുവായും മഹാജ്ഞാനിയായുമിരുന്ന തുഞ്ചത്തെഴുത്തച്ഛനെന്ന ജഗൽഗുരുവായ മഹാനെ നിങ്ങൾ പറഞ്ഞതായ കള്ളും റാക്കും കുടിച്ചുവെന്നു ഒരപരാധം പറഞ്ഞു, ആ മഹാനെ കുററപ്പെടുത്തിയും, 'ആ മഹാൻ ചെയ്തതു ഞങ്ങൾക്കും ചെയ്തുകൂടെ' എന്ന അഹംഭാവം നടിച്ചും ആ മഹാൻ സേവിച്ച മദ്യത്തെ അറിയാതെ

ബുദ്ധിയില്ലാതെ, നിങ്ങൾ പറഞ്ഞ കള്ളു റാക്കു മുതലായതു കുടിച്ചു, പൂൎവ്വികന്മാർ സമ്പാദിച്ചുവെച്ച മുതലുകൾ നാശപ്പെടുത്തി ഏററവും തെമ്മാടികളായി തമ്മിൽ കലഹിച്ചു അടിയും വെട്ടും കുത്തും മുറിയും ഏററ കുററവും കേസ്സും ആയി, പിഴയും ജയിൽ ശിക്ഷയും മുതലായ ശിക്ഷകൾ അനുഭവിച്ചു വരുന്നു. കൂടാതെ നിങ്ങൾ ശക്തി പൂജ ചെയ്യുന്നുവെന്നും, അപ്പോൾ മദ്യപാനം ചെയ്യാതെ നിവൃത്തിയില്ലെന്നും പറഞ്ഞതു ശരിയാണ്. ആയതെന്താണെന്നു വെച്ചാൽ, ശക്തിയെന്നതു തന്നിൽനിന്നുത്ഭവിച്ചതാണ്. ആ ശക്തി പുറത്തിനുള്ളിൽ വ്യാപിച്ചതുകൊണ്ടു നാനാപ്രകാരമായി ജനങ്ങൾ മോഹാന്ധന്മാരായിരിക്കുന്നു. അപ്രകാരമുള്ള അന്ധകാരത്തെ നീക്കുവാൻ ആ ശക്തിയെ തന്നിൽതന്നെ ചേൎക്കുകയാണു വേണ്ടതു്. അതിനെ ചേൎക്കേണ്ടതു ജീവനാണ്, ആ ജീവൻ ശക്തിയെ പൂജിക്കുന്നു. ഇതാണു ശിവൻ ശക്തിയെ പൂജിക്കുന്നുവെന്നു പറയുന്നതു്. അതേതുപ്രകാരത്തിലെന്നു വെച്ചാൽ, തന്നിൽനിന്നു പുറത്തിനുള്ളിൽ വ്യാപിച്ചു അതായതു വെവ്വേറെയായി ഭിന്നമായി ബന്ധിക്കപ്പെട്ടിരിക്കുന്ന തന്റെ ശക്തിയെ ആ ബന്ധത്തിൽനിന്നു ജീവനായ ശിവൻ വേർപെടുത്തി ബ്രഹ്മരന്ധ്റത്തിലേക്കു ചേൎക്കുന്നതാണു ശക്തി പൂജ. അപ്രകാരം പൂജിക്കുമ്പോൾ മസ്തകത്തിലുള്ളതായ മദ്യം ഇറങ്ങി, ആ മദ്യമാണു മഹാത്മാക്കൾ പാനം ചെയ്യുന്നതു്. ഇതാണു ശക്തിപൂജക്കു മദ്യപാനം ചെയ്യാതിരിപ്പാൻ നിവൃത്തിയില്ലെന്നു പറയുവാൻ കാരണം. ഇപ്രകാരമാണു ശക്തി പൂജ. ഇതിനെ അറിയാതെ ശക്തിപൂജയെന്നും പറഞ്ഞു ആടു, കോഴി മുതലായതുകളെ വധിച്ചു, അവകളുടെ ജീവനെ നശിപ്പിച്ച ആ ശവത്തെ പാകം ചെയ്തു അപ്പം വട പുഴുക്കു മുതലായതുകളെയുണ്ടാക്കിയും, മദ്യമെന്നു പറഞ്ഞു കള്ളു റാക്കു മുതലായതുകളെകൊണ്ടുവന്നു, ഒരകത്തു പീഠം വിളക്കു മുതലായതുകളെവെച്ചു, മേൽപറഞ്ഞ ശവം മുതലായതുകൊണ്ടും മററും ഉണ്ടാക്കിയവകളേയും മേൽപറഞ്ഞ പീഠത്തിന്നു സ

ദീപം വെച്ചു, പൂജിക്കുകയാണെന്നും സങ്കല്പിച്ചു കുറെപുഷ്പങ്ങൾ പീഠത്തിന്മേലും മേൽപറഞ്ഞ സാധനങ്ങളിലും വാരിയിട്ടു പൂജ ചെയ്തു കഴിഞ്ഞു മേൽപറഞ്ഞ ശവത്തേയും പുഴുക്ക മുതലായ പലഹാരങ്ങളേയും വയർ നിറയെ തിന്നും, കള്ള, റാക്ക മുതലായവസ്തുകളെ കുടിച്ചും, സുബോധമില്ലാതെ വീണും, കൈകാൽ മുറിഞ്ഞും, പല്ലും ചിറിയും പൊട്ടി യാതൊരു വിവരവുമില്ലാതെയായിപ്പോകുന്നു. അങ്ങിനെ ചെയ്യുന്നതിന്നു ശക്തി പൂജയെന്നു പറയുവാൻ പാടില്ല. എന്നാൽ യഥാൎത്ഥ ശക്തി പൂജ മേൽപറഞ്ഞ പ്രകാരമാണ്. അപ്രകാരമുള്ള പൂജയാണു ചെയ്യേണ്ടതു്. അപ്രകാരം തന്റെ ശക്തിയെ യാതൊരാൾ തന്നിൽ ലയിക്കാൻ പൂജിക്കുന്നുവോ അയാൾക്കു തന്നിൽനിന്നുണ്ടാകുന്ന മദ്യത്തെ പാനം ചെയ്തു ആനന്ദ മത്തനായി സൎവ്വജ്ഞനായിരിക്കാം. ആ മദ്യത്തിന്നാണു അമൃതമെന്നു പേർ. ഈ പറഞ്ഞ മദ്യത്തെയാണു മുൻപറഞ്ഞ മഹാൻ സേവിച്ചിട്ടുള്ളതു്. നിങ്ങൾ പറഞ്ഞ കള്ളും റാക്കും അല്ല.

## ഇരുപതാം അദ്ധ്യായം.

ശി:—സദ്ഗുരോ! ലോകത്തിൽ നാലു മതങ്ങളുണ്ടെന്നു പറയുകയും, അതിന്നനുസരിച്ചു ജനങ്ങൾ നടന്നുവരികയും ചെയ്യുന്നു. ഇതേതുപ്രകാരത്തിലുണ്ടായതാണ്?

ഗു:—എന്തൊക്കെയാണു നാലു മതങ്ങൾ?

ശി:—ഹിന്തുമതം, ബുദ്ധമതം, ക്രിസ്തുമതം, മുഹമ്മതുമതം ഇവകളാണ്.

ഗു:—അതിൽ നാം ഏന്തുമതക്കാരാണ്?

ശി:—ഹിന്ദുമതക്കാരാണ്.

ഗു:—നാം ഹിന്ദുമതക്കാരാണെന്നുള്ളതിന്നു ആധാരം എന്താണ്?

ശി:—ഈശ്വരസേവ മുതലായതു ശരിയായി നമ്മളേ ചെയ്തു

Since 1923

റുന്നുള്ളു. അതുകൊണ്ടാണ നമുക്ക ഹിന്ദുമതസ്ഥർ എന്നു പേർ.

ഗു:—ഇതുവരേയും നാം ഈശ്വരസേവ ചെയ്തിട്ടുണ്ടെന്നു ഇപ്പോഠം നിങ്ങഠംക്ക തോന്നുന്നുണ്ടോ?

ശി:—ഇതുവരെ ചെയ്തതിനെപ്പററി ആലോചിക്കുമ്പോഠം നാം ഈശ്വരസേവ ചെയ്തിട്ടേയില്ല.

ഗു:—ഈശ്വരസേവ ചെയ്യാത്തവരെ ഹിന്ദുക്കളാണെന്നു പറയ്യുവാൻ പാടുണ്ടോ?

ശി:—പാടില്ല.

ഗു:—എന്നാൽ ലോകത്തിൽ നാനാ മതങ്ങളുണ്ടെന്നു പറയുന്നതു ഭ്രാന്തവൃത്തിയാണ്. എന്തുകൊണ്ടെന്നാൽ, മതങ്ങഠം മുതലായയാതൊന്നും ഇല്ല. അങ്ങിനെയുണ്ടെന്നു പറഞ്ഞാൽ തന്നെ ഒരു മതമല്ലാതെ വേറെ മതമില്ല. ആ ഒരേ മതത്തിന്നാണ ഈശ്വരമതമെന്നു പേർ. അതുകൊണ്ടു ലോകത്തിൽ ഈശ്വരമതമായ ഒരേ മതമല്ലാതെ വേറെ മതമില്ല. ഹിന്ദുമതമെന്നതു ഇന്ദുമതമാണ്. ഇന്ദു എന്നതു ചന്ദ്രനാണ്. മതം എന്നതു സ്ഥാപനയാണ്. എന്തിനെയാണ സ്ഥാപിക്കേണ്ടതെന്നാൽ ചന്ദ്രനേയാണ്. ചന്ദ്രനെന്നതു മനസ്സാണ്. ആ മനസ്സാകുന്ന ചന്ദ്രനെ ഈശ്വരനായിരിക്കുന്ന ജീവനിൽ സ്ഥാപിക്കുന്നതു ഇന്ദുമതം. ഇപ്രകാരം യാതൊരാഠം ചെയ്യുന്നുവോ അയാഠം ഇന്ദുമതസ്ഥനാണ്. ഇപ്രകാരമല്ലാത്തവർ, ഇന്ദുമതക്കാരനാണ്, ബുദ്ധമതക്കാരനാണ, ക്രിസ്തമതക്കാരനാണ, മുഹമ്മതു മതക്കാരനാണ, എന്നഭിമാനിക്കുന്നതല്ലാതെ മതത്തെപ്പററി യാതൊരറിവും ഉള്ളവരല്ല; യാതൊരു മതസ്ഥരും അല്ല. ഏതേതുപ്രകാരത്തിലെന്നു വെച്ചാൽ ഹിന്ദുമതക്കാരെന്നഭിമാനിച്ചു വരുന്നവരിൽ പെട്ടവരും ഏഴപത്തിരണ്ടടി അകലെ നിൽക്കേണ്ടുന്നവരുംആയ നായാടിയെന്ന ഒരു ജാതിക്കാരുണ്ട്. അവർക്ക പബ്ളിക്ക റോഡിലും മററും ഇറങ്ങി നടപ്പാൻ സമ്മതിക്കാതെ മേൽപ്രകാരം അകലെ നിർത്തിച്ചു

ബുദ്ധിമുട്ടിച്ചു, സക്കാർ നിരത്തിന്മേൽക്കൂടി നടപ്പാൻ നിവൃത്തിയില്ലാതെ വന്നതു നിമിത്തം, മുഹമ്മദ്ദമതക്കാരെന്നഭിമാനിച്ചു വരുന്നവരിൽ ചേൎന്നു പലേ കൈവേലകളും ചെയ്തു ഉപജീവനം കഴിച്ചുവരികയും അവർ മുഹദീയരാണെന്നഭിമാനിച്ചു വരികയും ചെയ്യുന്നു. എന്നാൽ അവൎക്കു മുഹമ്മദു മതത്തിനെപ്പററി യാതൊരറിവുമില്ല. അവൎക്കു മുഹമ്മദു മതത്തിൽ, അധികരിച്ചാൽ മൂന്നു വാക്കുകളറിയാം. അതായതു, “ഹള്ള”, “ഹള്ളാഹു”, “ബിസ്മില്ല”, ഇതുകളാണ്. ഈ വാക്കുകളുടെ താല്പൎയ്യമാകട്ടെ മുഹമ്മദുമതത്തിന്റെ യാതൊരു തത്വമാകട്ടെ അറിയാതെ മേൽപറഞ്ഞ വാക്കുകളെ മാത്രം ഉച്ചാരണം ചെയ്തുകൊണ്ടു ഞാൻ മുഹമ്മദീയനെന്നഭിമാനിച്ചു നടക്കുന്നു, ഇപ്രകാരം തന്നെ എല്ലാ മതസ്ഥന്മാരും മതത്തിന്റെ യാതൊരു താല്പൎയ്യവും ഗ്രഹിക്കാതെ ഞാൻ ഹിന്ദുമതമാണു, ബുദ്ധമതമാണു, ക്രിസ്തുമതമാണു, മുഹമ്മദുമതമാണു അനുസരിച്ചിരിക്കുന്നതെന്നു മുൻപറഞ്ഞ നായാടി അഭിമാനിച്ചു നടക്കുമ്പോലെ അഭിമാനിച്ചു നടക്കുന്നതല്ലാതെ മതങ്ങളെക്കുറിച്ചു യാതൊരു തത്വബോധമോ, അറിവോ, ഗ്രാഹ്യമോ അവൎക്കിരിക്കുന്നില്ല. സത്യമായാലോചിച്ചാൽ ഈ വക യാതൊരു മതവും ഇല്ലാത്തതാണ്. എല്ലാം മേൽപറഞ്ഞ ഈശ്വരമതമാണ്. അപ്രകാരമുള്ള ഈശ്വരമതത്തെ അറിയാതെയിരുന്ന ഒരുകാലത്തു ബുദ്ധനെന്ന ഒരു മഹാൻ ഉത്ഭവിക്കുകയും, അദ്ദേഹം ഈശ്വരമതത്തിന്റെ തത്വത്തെ ഗ്രഹിച്ചു, ഈശ്വരവിചാരം ചെയ്യേണ്ടതിന്നുള്ള യഥാൎത്ഥമാൎഗ്ഗത്തെ സ്ഥാപിക്കുകയും ചെയ്തു. അതിന്നു ആ മഹാൻ പുരോഹിതനായി. ആ പുരോഹിതനായ ബുദ്ധനെന്ന മഹാൻ സ്ഥാപിച്ചതു നിമിത്തം അതിന്നു അയാളുടെ പേരിന്നനുസരിച്ചു ബുദ്ധമതം എന്ന പേരുണ്ടായി. അദ്ദേഹം സ്ഥാപിച്ചിട്ടുള്ളതു ഈശ്വരമതമാണ്. ബുദ്ധമതമല്ല. അദ്ദേഹത്തിന്റെ പേർ ബുദ്ധനെന്നായിരുന്നതുകൊണ്ടു ഇ

പ്പോഴും അതിന്നു ബുദ്ധനെന്നല്ല ശുക്രനെന്നായിരുന്നു പേരെന്നു വെച്ചാൽ അദ്ദേഹം സ്ഥാപിച്ചമതത്തിന്നു എന്തുമതമെന്നാണു പേർ പറയുക?

ശി:—ശുക്രമതമെന്നാണ്.

ഗു:—അപ്പോഠം ബുദ്ധമതം എന്ന ഒരു മതം ഉണ്ടാകുമോ?

ശി;—ഇല്ല.

ഗു:—ഇതേപ്രകാരം തന്നെ ഒരു കാലത്തു ക്രിസ്തുവെന്ന ഒരു മഹാൻ ഉത്ഭവിക്കയും, പിന്നെ ഒരു കാലത്തു മുഹമ്മദു എന്ന ഒരു മഹാനുത്ഭവിക്കയും ചെയ്തു. അവരും ഈശ്വര വിചാരം ചെയ്യേണ്ടതിന്നു ന്യായമായ ഒരേ മാൎഗ്ഗം സ്ഥാപിച്ചു. അതും മേൽപറഞ്ഞ ഈശ്വരമതം തന്നെയായിരുന്നു. ആ പ്രകാരം ഈശ്വരമതത്തെ സ്ഥാപിച്ചതിന്നു മേൽപറഞ്ഞ മഹാന്മാർ ഓരോ പുരോഹിതന്മാരായിത്തീൎന്നു. ആ പുരോഹിതന്മാരായ ക്രിസ്തുവെന്ന മഹാനും, മുഹമ്മദു എന്ന മഹാനും സ്ഥാപിച്ചതു നിമിത്തം ക്രിസ്തുമതമെന്നും മുഹമ്മദു മതമെന്നും പേരുകളുണ്ടായി. ആ മഹാന്മാരുടെ നാമധേയത്തിന്നനുസരിച്ചാണു ആ മതങ്ങഠംക്കും പ്രത്യേകം പ്രത്യേകം പേരുകഠം വരുവാൻ കാരണം. ക്രിസ്തുവെന്ന മഹാനു ജോൎജ്ജ് എന്നും മുഹമ്മദു എന്ന മഹാനു ചേക്കുട്ടി എന്നും ആയിരുന്നു പേരെന്നുവരികിൽ ആ വക മതങ്ങഠംക്കു ഇപ്പോഠം എന്താണു പേർ പറയുക?

ശി:—ജോൎജ്ജ് മതം എന്നും ചേക്കുട്ടി മതം എന്നും ആണ്.

ഗു:—അപ്പോഠം മേൽപറഞ്ഞതായ മതങ്ങഠം ഉണ്ടോ?

ശി:—ഇല്ല.

ഗു:—മതങ്ങഠംക്കു ഏതിനെയനുസരിച്ചാണു വേറെ വേറെ പേരുകളിരിക്കുന്നതു്?

ശി:—ഗുരുനാഥന്മാരുടെ പേരിന്നനുസരിച്ചാണിരിക്കുന്നതു്.

ഗു:—എന്നാൽ ഗുരുനാഥന്മാരായ ആ മഹാന്മാർ എന്തു മതമാണു സ്ഥാപിച്ചിട്ടുള്ളതു്?

ശി:— ഈശ്വരമതമാണ്.

ഗു:—അപ്പോൾ എത്ര മതങ്ങളുണ്ട്.

ശി:—ഈശ്വരമതം എന്ന ഒന്നുമാത്രം.

ഗു:—എന്നാൽ ഈശ്വരമതം എന്ന ഒരു മതം ഒഴികെ വേറെ യാതൊരു മതവും ഇല്ല. അപ്രകാരമുള്ള ഈശ്വരമതം ഇന്നതാണെന്നറിയാതെ പലേ ഏട്പ്പുകളും ഉണ്ടാക്കി അതുകൾക്ക ദേവാലയമെന്നും, ചർച്ചെന്നും, പള്ളിയെന്നും പറഞ്ഞു, അതുകളിൽ ചിലതിൽ ബിംബാദികൾ സ്ഥാപിച്ചു, അതുകളെ ഈശ്വരനാണെന്നു സങ്കല്പിച്ചു, അവിടങ്ങളിൽ ബുദ്ധിഹീനന്മാരായി, ജീവകാരുണ്യമില്ലാതെ, കഠിനചിത്തന്മാരായി, നരബലിയെന്നും അശ്വബലിയെന്നും അജബലിയെന്നും കുക്കുടബലിയെന്നും മററും പറഞ്ഞു മനുഷ്യരെന്നും കുതിരയെന്നും ആടെന്നും കോഴിയെന്നും അഭിമാനിച്ചു വരുന്നവയേയും മററു പല ജീവികളേയും അറുത്തു അതികഠിനമായ ക്രൂരവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന കാലങ്ങളിൽ മേൽപറഞ്ഞ മഹാന്മാർ ഉത്ഭവിച്ചു അവർക്കു ബുദ്ധിശക്തിയുണ്ടായിരുന്നതിനാൽ ഇതിന്റെ യഥാർത്ഥത്തെ ആലോചിച്ചു ഗ്രഹിച്ചു ലോകത്തിൽ വളരെ ബുദ്ധിമുട്ടി കഷ്ടപ്പെട്ടു, മേൽപറഞ്ഞ വാദങ്ങൾ തെററാണെന്നും ശരിയായ മാർഗ്ഗം ഇന്നതാണെന്നും, അതായതു ലോകമെന്നതു തന്റെ ശക്തിയിൽനിന്നുത്ഭവിച്ചതാണെന്നും, ആ ശക്തിയെ തന്നിൽതന്നെ അടക്കം ചെയ്യേണ്ടതാണെന്നും അതു താനായിരിക്കുന്ന തന്റെ ശക്തി തന്നിൽതന്നെ ലയിക്കുവാൻവേണ്ടി ചെയ്യേണ്ടതാണെന്നും, അതാണു ശരിയെന്നും, മററുള്ളതെല്ലാം തെററാണെന്നും ആണു അവർ സ്ഥാപിച്ചിരിക്കുന്നതു്. അതിനാൽ ലോകത്തിൽ ഏതേതു മഹാന്മാർ ഉത്ഭവിച്ചിട്ടുണ്ടോ അവരൊക്കെയും പറഞ്ഞതു മുൻപറഞ്ഞ ഒരേ മാർഗ്ഗംതന്നെയാണ്. ആ മാർഗ്ഗംതന്നെയാണു ഇപ്പോൾ നാം നിങ്ങൾക്കു കാണിച്ചുതന്നിട്ടുള്ളതും. ഇതാണു ശരി.

# ഇരുപത്തൊന്നാം അദ്ധ്യായം.

ശി:—സ്വാമിൻ! ബ്രഹ്മോപദേശമാണ മോക്ഷം സിദ്ധിക്കേണ്ടതിന്നു വേണ്ടതെന്നും, ആയതു മഹാവാക്യങ്ങളായ ചതുർവ്വാക്യങ്ങളാണെന്നും ലോകത്തിൽ പറഞ്ഞുവരുന്നു. നാലാം അദ്ധ്യായത്തിൽ ഇതിനെ ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ടല്ലോ. എന്നാൽ ചതുർവാക്യങ്ങളുടെ താല്പര്യം എന്താണെന്നു അരുളിച്ചെയ്തു കേൾപ്പാൻ ആഗ്രഹിക്കുന്നു.

ഗു:—ചതുർവാക്യങ്ങൾ എന്തൊക്കെയാണ്?

ശി:—"പ്രജ്ഞാനം ബ്രഹ്മം", "അഹം ബ്രഹ്മാസ്മി", "തത്വമസി", "അയം ആത്മാബ്രഹ്മം", ഇതുകളാണ്.

ഗു:—ഈ ചതുർ വാക്യങ്ങൾ എന്തു ചെയ്യണമെന്നാണ ഉപദേശിക്കുന്നത്?

ശി:—അതുകളുടെ അർത്ഥമറിഞ്ഞു മനനം ചെയ്യേണമെന്നാണുപദേശിക്കുന്നത്.

ഗു:—എന്നാൽ ഈ നാലു വാക്യങ്ങളുടെ അർത്ഥം എന്താണെന്നാണ നിങ്ങൾ ധരിച്ചിട്ടുള്ളത്?

ശി:—"പ്രജ്ഞാനം ബ്രഹ്മം" എന്നാൽ പ്രകൎഷേണയുള്ള അറിവു, അതായതു ഭിന്നഭിന്നമായി അറിയപ്പെടുന്ന അറിവുകളൊക്കെയും ബ്രഹ്മമാണെന്നും, "അഹം ബ്രഹ്മാസ്മി" ഞാൻ ബ്രമായി ഭവിക്കുന്നുവെന്നും, "തത്വമസി" എന്നാൽ അതു നീയായി ഭവിക്കുന്നു എന്നും, "അയം ആത്മാബ്രഹ്മം" എന്നാൽ ഈ ആത്മബ്രഹ്മം എന്നും ആണു ഞാൻ ധരിച്ചിട്ടുള്ളത്.

ഗു:—ഈ വാക്യങ്ങളുടെ മേൽപറഞ്ഞ അർത്ഥങ്ങളെ മനനം ചെയ്താൽ മോക്ഷം കിട്ടുമോ? അങ്ങിനെ ചെയ്യുന്നതെങ്ങിനെയെന്നാൽ, കല്ക്കണ്ടിയെന്ന ഒരു വസ്തുവിനെക്കുറിച്ചു കീഴെ പറയും പ്രകാരം ധ്യാനം ചെയ്യുന്നതുപോലെയാണ്. അതായതു; കല്ക്കണ്ടിയെന്ന വസ്തു ഒന്നുണ്ട്, അതു മധുരമുള്ളത്, വെളുത്തവൎണ്ണം, തിന്നുവാൻ നല്ലത്, എന്നീ നാലു വാക്യങ്ങളെ ധ്യാനിച്ചിരുന്നാൽ കല്ക്കണ്ടി ഇന്നതെന്നറിയുവാനോ, അ

തിന്റെ മധുരം അറിയുവാനോ, അതിന്റെ വൎണ്ണം കാണുവാനോ, അതിന്റെ രുചിയറിയുവാനോ, ഈ വിചാരങ്ങൾ കൽക്കണ്ടായി വരുവാനോ സാധിക്കുമോ?

ശി:—അതൊരിക്കലും സാദ്ധ്യമാകുന്നതല്ല. ആയതു അനുഭവിച്ചാൽ മാത്രമേ അതിന്റെ അവസ്ഥകൾ അറിയുകയുള്ളു.

ഗു:—എന്നാൽ മഹാവാക്യങ്ങളെ നിങ്ങൾ പറഞ്ഞ പ്രകാരം അൎത്ഥവിചാരം ചെയ്തതുകൊണ്ടു ഒരിക്കലും ബ്രഹ്മത്തെ അറിയുന്നതല്ല. കൂടാതെ ഈ വാക്യങ്ങളുടെ അൎത്ഥം നിങ്ങൾ പറഞ്ഞ പ്രകാരത്തിലും അല്ല. "പ്രജ്ഞാനം ബ്രഹ്മം" എന്നു വെച്ചാൽ, പ്രതിപതിക്കപ്പെട്ടിരിക്കുന്ന അറിവു ബ്രഹ്മം എന്നാണ്. അതായതു തന്നിൽനിന്നു പ്രതിബിംബിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളെ അറിയുന്ന അറിവു ഏതോ അതു ബ്രഹ്മം. ആയതു എങ്ങിനെയെന്നാൽ ചെവികൊണ്ടു കേട്ടറിവും, കണ്ണുകൊണ്ടു കണ്ടറിവും, മൂക്കുകൊണ്ടു മണത്തറിവും, നാവുകൊണ്ടു രുചിച്ചറിവും, തോലുകൊണ്ടു തൊട്ടറിവും ആകുന്ന ഈ അഞ്ചു അവസ്ഥകളിൽ അറിവാനുള്ള കാരണമായ അറിവാണു ബ്രഹ്മം. ഈ അഞ്ചു ദ്വാരങ്ങളല്ല അറിയുന്നതെന്നു 16-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടും ഉണ്ടല്ലോ. ആ അറിവെന്തെന്നാൽ മനസ്സാണ്. ആ മനസ്സു തന്നിൽനിന്നു ഭിന്നമായി പുറത്തിനുള്ളിൽ നാനാ പ്രകാരത്തിൽ പ്രകാശിക്കപ്പെട്ടിരിക്കുന്നു. ആ പ്രകാശം തന്റെ മനസ്സു പ്രതിപതിച്ചതാണ്. അങ്ങിനെ പ്രകാശിച്ചിരിക്കുന്ന മന:ശക്തി ഭിന്നമില്ലാതെ തന്നിൽതന്നെ ഒതുങ്ങി നില്ക്കുന്നതിന്നാണു "പ്രജ്ഞാനം ബ്രഹ്മം" എന്നു പറയുന്നതു. ആയതിനാൽ തന്നിൽനിന്നു പ്രതിപതിക്കപ്പെട്ടിരിക്കുന്ന പ്രകാശം തന്നിൽതന്നെ ചലിക്കാതെ അതായതു ഇളകാതെ വരുമ്പോൾ "പ്രജ്ഞാനം ബ്രഹ്മം" എന്ന ധ്യാനമോ, ധ്യാനിപ്പാൻ മറ്റൊന്നോ ഇല്ല. "അഹം ബ്രഹ്മാസ്മി" എന്നു വെച്ചാൽ, അകാരമായിരിക്കുന്ന പുറത്തിനുള്ളിൽ താനായിരിക്കുന്ന ബ്രഹ്മം, "ഹം" എന്ന പ്രകൃതി തന്നിൽനിന്നു മായയായി ചലിച്ചുകൊണ്ടിരിക്കുന്ന

ചലനം കൂടാതെ, ഉത്ഭവസ്ഥാനമായ തന്നിൽതന്നെ അടങ്ങുന്നതിന്നാകുന്നു. ആ അവസരത്തിൽ "അഹം ബ്രഹ്മാസ്മി" എന്ന ധ്യാനമോ, ധ്യാനിപ്പാൻ മറെറാന്നോ ഇല്ല. "തത്വമസി" എന്നാൽ തത് + ത്വം + അസി; തത് എന്നാൽ ബ്രഹ്മം, ത്വം എന്നതു നീ, അതായതു ന എന്നതു ശൂന്യവും, ഇ എന്നതു ശക്തിയും, അതായതു താനായിരിക്കുന്ന ശക്തി തന്നിൽനിന്നു പുറത്തിനുള്ളിൽ ചലിച്ചു വ്യാപിച്ചു നശിച്ചും കൊണ്ടിരിക്കുന്ന മനഃശക്തി, അസി എന്നാൽ ഭവിക്കുന്നു അതായതു ആകുന്നു എന്നും അർത്ഥമാകുന്നു. "തത്വമസി" എന്നതു തത് എന്ന ബ്രഹ്മത്തിൽനിന്നു ത്വം അതായതു നീ എന്ന മന:ശക്തി പുറത്തിനുള്ളിൽ വ്യാപിച്ചു നാനാ പ്രകാരമായി ചലിച്ചും കൊണ്ടിരിക്കുന്നതു ചലിക്കാതെ ബ്രഹ്മത്തിൽ ലയിച്ചിരിക്കുന്ന അവസ്ഥയാണ്. ആ അവസരത്തിൽ നാനാ പ്രകാരത്തിൽ ചലിച്ചു ഭ്രമിച്ചുംകൊണ്ടിരിക്കുന്ന മന:ശക്തി ബ്രഹ്മമായിതീരുന്നു. അപ്പോഴം "തത്വമസി" എന്ന ധ്യാനമോ, ധ്യാനിപ്പാൻ മറെറാന്നോ ഇല്ല. "അയം ആത്മാബ്രഹ്മം" എന്നു വെച്ചാൽ "അയം + ആത്മ + ബ്രഹ്മം; അയം=ഈ, ആത്മ=ആത്മാവു, ബ്രഹ്മം=ബ്രഹ്മമെന്നും അർത്ഥമാകുന്നു. അയം എന്നതു ഈ എന്ന ശക്തി. ആ ശക്തി പുറത്തിനുള്ളിൽ നാനാ പ്രകാരത്തിൽ പ്രവേശിച്ചു പ്രകാശിച്ചുകൊണ്ടിരിക്കുന്നതാകുന്നു. അപ്രകാരം പുറത്തിനുള്ളിൽ പ്രകാശിക്കാതെ തന്നുള്ളിലിരിക്കുന്ന ആത്മാവിൽ പ്രകാശിച്ചു ചലനമില്ലാതിരിക്കുന്ന അവസ്ഥയാകുന്നു. ആ സമയം "അയം ആത്മാബ്രഹ്മം" എന്ന ധ്യാനമോ, ധ്യാനിപ്പാൻ മറെറാന്നോ ഇല്ല. എന്നാൽ ഈ നാലു വാക്യങ്ങളെ ബ്രഹ്മോപദേശമായി ധ്യാനിപ്പാൻ പറഞ്ഞിട്ടുള്ളതല്ല. ഇപ്രകാരമാണു ബ്രഹ്മത്തിന്റെ സ്ഥിതി എന്നറിവാനാണു പറഞ്ഞിട്ടുള്ളതു്. ഇതു കൂടാതെ ബ്രഹ്മത്തിന്റെ സ്ഥിതിയറിവാൻ രണ്ടു വാക്യങ്ങളും കൂടിയുണ്ടു്. അതിൽ ഒന്നു "ബ്രഹ്മജ്യോതിരഹം" എന്നാണു്. അതായതു "ബ്രഹ്മം + ജ്യോതിസ്സ് + അഹം". ആയതു താൻതന്നെ ബ്രഹ്മജ്യോതിസ്സു എന്നർത്ഥ

മാകുന്നു. ആ ബ്രഹ്മജ്യോതിസ്സ ആകാശമായ പുരത്തിനുള്ളിൽ "ഹ്രം" എന്ന പ്രകൃതിയായി ഭിന്നമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ആ പ്രകാശം ഭിന്നപ്പെടാതെ ഏകപ്രകാശമായി, ആദ്യന്തവിഹീനമായി തന്നിൽ അടങ്ങുന്ന അവസ്ഥയാണ്. അപ്പോൾ "ബ്രഹ്മജ്യോതിരഹം" എന്ന ധ്യാനമോ, ധ്യാനിപ്പാൻ മറെറാന്നോ ഇല്ല. ആറാമത്തെ വാക്യം "ബ്രഹ്മസത്ത്, ജഗത്ത്, മിഥ്യ" എന്നാകുന്നു. ആയതു "ബ്രഹ്മം+സത്തു+ജഗത്തു+മിഥ്യ" അതായതു താനായിരിക്കുന്ന ബ്രഹ്മം, തന്നിൽ നിന്നുണ്ടായിരിക്കുന്ന ചലനം തന്നിൽ ലയിച്ച ആദ്യന്തവിഹീനമായി താനായിതന്മയമായിരിക്കുന്ന അവസ്ഥയാണ്. അപ്പോൾ ബ്രഹ്മം മാത്രമായി. ആ അവസരത്തിൽ "ബ്രഹ്മസത്ത് ജഗത്ത് മിഥ്യ" എന്ന ധ്യാനമോ ധ്യാനിപ്പാൻ മറെറാന്നോ ഇല്ല. ഇതല്ലാതെ നാനാപ്രകാരത്തിലുള്ള മന്ത്രാദികളെക്കൊണ്ടും, ത്രിമൂർത്തികളെന്നു സങ്കല്പിച്ച ധ്യാനിക്കുന്നതുകൊണ്ടും, പലേ പ്രകാരത്തിലുള്ള വ്രതാദികൾ ദീക്ഷിച്ച പട്ടിണികിടന്നു രോഗം പിടിക്കുന്നതുകൊണ്ടും, പലേ ജന്തുഹിംസാദികൾ ചെയ്തു യാഗഹോമങ്ങളാണെന്നു പറഞ്ഞു ഓരോന്നു ചെയ്യുന്നതുകൊണ്ടും, ശാക്തേയമാണെന്നു പറഞ്ഞു പൂജ ചെയ്തു, കള്ള റാക്കു ശവം മുതലായതുകളെ ഭക്ഷിച്ച തലചുററി സുബോധമില്ലാതെ വീണു പല്ലു ചിറി മുതലായവയെ പൊട്ടിച്ചതുകൊണ്ടും, കാശി രാമേശ്വരം മുതലായ സ്ഥലങ്ങളിലേക്കാണെന്നു സങ്കല്പിച്ച ഓരോ സ്ഥലങ്ങളിൽ അലഞ്ഞു നടന്നു വലഞ്ഞു രോഗം പിടിപെട്ടു കഷ്ടപ്പെട്ടു ബുദ്ധിമുട്ടി, ഗംഗാസ്നാനമാണു സേതുസ്നാനമാണു എന്നു ധരിച്ച ഓരോ പുഴയിലെ വെള്ളത്തിലും ഉപ്പുവെള്ളമായ സമുദ്രത്തിലും മറവും കളിച്ച ചൊറി ചിരങ്ങു മുതലായതു പിടിപ്പിച്ചതുകൊണ്ടും, കൈവല്യം സിദ്ധിക്കുന്നതല്ല. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു തന്റെ ജീവശക്തി അധോഗതിയായി നശിച്ചുപോകുന്നതല്ലാതെ തന്മയമായിത്തീരുന്നതല്ല. തന്മയമാകേണമെങ്കിൽ മുൻപറഞ്ഞ പ്രകാരം തന്റെ ശക്തി തന്നിൽ തന്നെ ലയിക്കണം. ഇതല്ലാതെ വേറെ യാതൊരു മാർഗ്ഗവും ഇല്ല.

# ഇരുപത്തിരണ്ടാം അദ്ധ്യായം.

ശി:—ഗുരോ! ഇതുവരെക്കും ഷഡാധാരങ്ങളെ പററി യാതൊന്നും കല്പിച്ചില്ല. ഷഡാധാരങ്ങളെ കടന്നു ജീവൻ ബ്രഹ്മരന്ധ്റത്തിൽ ഐക്യപ്പെട്ടാൽ മാത്രമാണു മോക്ഷമെന്നു പറയുന്നതു്. ഇതിൻെറ താല്പൎയ്യം എന്താണെന്നു വിവരമായി പറഞ്ഞു തരുവാൻ വേണ്ടി അപേക്ഷിക്കുന്നു.

ഗു:—ഷഡാധാരമെന്നതു എന്താണ്? അതുകളുടെ പേരുകളെന്തെല്ലാമാണ്?

ശി:—മൂലാധാരം, സ്വാദിഷ്ഠാനം, മണിപൂരകം, അനാഹതം, വിശുദ്ധി, ആജ്ഞ ഇതുകളാണെന്നു പറയുന്നു.

ഗു:—ഈ ആറു ആധാരങ്ങൾ എന്തെന്തു സ്ഥിതിയിലാണിരിക്കുന്നതു്?

ശി:—മൂലാധാരമെന്നതു ഗുദമാകുന്നു. അതായതു ഇതുവരെക്കും ഗുദമെന്നു പറഞ്ഞുവന്നിട്ടുള്ള മലദ്വാരത്തോടു തൊട്ടു മേലെയിരിക്കുന്നതു്. സ്വാധിഷ്ഠാനം എന്നതു ഇതുവരെ ലിംഗം എന്നു പറഞ്ഞുവരുന്ന മൂത്രദ്വാരത്തിൻെറ മുരട്ടിൽ ഇരിക്കുന്നു. മണിപൂരകം എന്നതു ഇതുവരെക്കും നാഭിയെന്നു പറഞ്ഞുവരുന്ന പൊക്കിളിന്നു മുരട്ടുവെന്നിരിക്കുന്നതാണ്. അനാഹതം എന്നതു, ഇതുവരെ ഹൃദയമെന്നു പറഞ്ഞുവന്നിരുന്ന മാൎവ്വിൻെറ മദ്ധ്യമായ നെഞ്ഞിൻകുഴിയാകുന്നു. വിശുദ്ധിയെന്നതു ഇതുവരെ കണ്ഠമെന്നു പറഞ്ഞുവന്നിരുന്ന തൊണ്ടക്കുഴിയിലാണു,. ആജ്ഞയെന്നതു ലലാടമായിരിക്കുന്ന ഭ്രൂമദ്ധ്യമാണ്.

ഗു:—ഈ പ്രകാരത്തിലുള്ള ആറു ആധാരങ്ങളും മേൽപറഞ്ഞ സ്ഥാനങ്ങളിൽ ഏതുപ്രകാരത്തിലാണു ഇരിക്കുന്നതെന്നാണു നിങ്ങളുടെ വിശ്വാസം?

ശി:—അവകൾ ഓരോന്നും പടിപ്പടിയായി മേലെ മേലെ ഇരിക്കുന്നതെന്നും അതുകളിൽ ഒരേ പടിയാകിയ ആധാരം

കടന്നു കടന്നു പ്രാണൻ ബ്രഹ്മരന്ധ്റത്തിൽ ചെന്നു ചേരുന്നതാണെന്നുമാണ എന്റെ വിശ്വാസം.

ഗു:—അങ്ങിനെയാണെങ്കിൽ ഒന്നാമത്തെ ആധാരം ഏതു്?

ശി:—മൂലാധാരം.

ഗു:—മൂലാധാരം എവിടെയിരിക്കുന്നു?

ശി:—മൂലമായിരിക്കുന്ന മലദ്വാരത്തോടു ചേൎന്നിരിക്കുന്നതിനാൽ അതിന്നു മൂലാധാരം എന്നു പറയുന്നു.

ഗു:—എന്നാൽ പ്രാണൻ നമുക്കു അകത്തോ പുറത്തോ ഉള്ളതു്?

ശി:—പ്രാണൻ അകത്താണുള്ളതു്.

ഗു:—അകത്തിരിക്കുന്ന പ്രാണനെ മലദ്വാരമാൎഗ്ഗമായി കടത്തിക്കൊണ്ടു പോകുന്നതു ഏതുപ്രകാരത്തിലാണ്? അതുമല്ലാതെ, താങ്കൾ പറഞ്ഞപ്രകാരം മലദ്വാരമാണ മൂലാധാരമെന്നു വെച്ചാൽ, ആ വഴിയായിട്ടാണ ഉള്ളിലിരിക്കുന്ന ജീവനെ ബ്രഹ്മരന്ധ്റത്തിൽകൊണ്ടുപോകേണ്ടതെന്നാൽ, നമ്മുടെ ഉള്ളിലുള്ള ജീവനെ പുറത്തുവിട്ടിട്ടല്ലാതെ മുൻപറഞ്ഞ മലദ്വാരത്തിൻ വഴിയായി മേലെകൊണ്ടുപോകുവാൻ സാധിക്കുമോ?

ശി:—സാധിക്കില്ല.

ഗു:—അങ്ങിനെ ഉള്ളിലിരിക്കുന്ന ജീവനെ പുറത്തു വിട്ടാൽ എന്തായിത്തീരും?

ശി:—ശവമായിത്തീരും.

ഗു:—അപ്പോൾ നിങ്ങൾ പറഞ്ഞതായ മലദ്വാരമാണ മൂലാധാരമെന്നാൽ ഉള്ളിലിരിക്കുന്ന ജീവനെ പുറത്തുവിട്ടാൽ ശവമായിപ്പോകുമെന്നു നിങ്ങൾ തന്നെ പറയുന്നു. അങ്ങിനെയിരിക്കുന്ന മൂലാധാരം മലദ്വാരമായിരിക്കുവാൻ വഴിയുണ്ടോ?

ശി:—വഴിയില്ല.

ഗു:—അതുമല്ലാതെ ആധാരങ്ങൾ ഓരോന്നും മേലെമേലെ പടിപടിയായിരിക്കുന്നുവെന്നും അതുകളിൽ പ്രാണൻ ഓരോന്നും വഴിക്കുവഴിയായി കടന്നു കടന്നു ബ്രഹ്മരന്ധ്റത്തിൽ ചേരേണമെന്നും പറയുന്നുവല്ലൊ. അതു നമ്മുടെ മലദ്വാരം മുതൽ ബ്രഹ്മരന്ധ്റംവരെ പടിപടിയായിരിക്കുന്നില്ലെന്നുള്ളതിന്നു

Since 1923

ഒരു ദൃഷ്ടാന്തം പറയാം. അതായതു, തനിയായി എന്തെങ്കിലും ഒരു വഴിയിൽ പോകുമ്പോൾ പൊടുന്നനവെ നമുക്കറിയാതെ ഒരു വെടി ശബ്ദമോ മറേറാ കേട്ടു നാം പൊടുന്നനവെ ഭയപ്പെടുമ്പോൾ നമ്മുടെ ജീവൻ എന്താകുന്നു?

ശി:—അപ്പോൾ നമ്മുടെ ജീവൻ പെട്ടെന്നു മേലെ കയറിപ്പോകുന്നു.

ഗു:—അതു എവിടെനിന്നു കയറിപ്പോകുന്നു? നമ്മുടെ ഉള്ളിൽനിന്നോ പുറത്തിൽനിന്നോ?

ശി:—നമ്മുടെ ഉള്ളിൽനിന്നു തന്നെയാണ്.

ഗു:—നമ്മുടെ ഉള്ളിലിരിക്കുന്ന ജീവൻ പൊടുന്നനവെ മേലെ കയറിപ്പോയാൽ അവർ എന്തു നിലയിലിരിക്കും?

ശി:—അവർക്കു യാതൊന്നും അറിയാതെ, യാതൊരു ബോധവും ഉണർച്ചയുമില്ലാതെ വീണുകിടക്കും.

ഗു:—അതിന്നു കാരണം എന്താണ്?

ശി:—ജീവൻ മേലെ പോയതിനാൽ.

ഗു:—അപ്പോൾ നമുക്കു മലദ്വാരം മുതൽ ആറു ആധാരങ്ങൾ പടിപടിയായി മേലെ പോകുന്നതിന്നു ഉണ്ടായിരുന്നാൽ നാം ഭയപ്പെട്ടു ജീവൻ മേലെ ഓടിപ്പോകുമ്പോൾ നിങ്ങൾ മുൻപറഞ്ഞ പ്രകാരം ആധാരങ്ങൾ ഒന്നുംതന്നെ കാണുന്നില്ലല്ലൊ. അങ്ങിനെ ഉണ്ടായിരുന്നാൽ ജീവൻ അതുകളെ തട്ടിതുറന്നിരിക്കേണ്ടതല്ലയോ? അതും ഉണ്ടായിട്ടില്ലല്ലൊ. അതുമല്ലാതെ നാം ഉറങ്ങുമ്പോൾ നമ്മുടെ ജീവൻ നമ്മുള്ളിൽകൂടി ഗതാഗതം ചെയ്തുകൊണ്ടിരുന്നു. അതിന്നാണ സമീരണൻ എന്നു പേർ. സമീരണനെപ്പററി ഒന്നാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു. ആ സമീരണൻ ഉള്ളിൽകൂടി മേലും കീഴും ഗതാഗതം ചെയ്തു ബ്രഹ്മരന്ധ്റത്തോടു മുട്ടിക്കൊണ്ടിരിക്കുന്ന ഗതിയാണ്. അപ്പോഴും ആറാധാരങ്ങൾ പടിപ്പടിയായി ഉള്ളതായി കാണുകയോ അറിയുകയോ ചെയ്യുന്നില്ല. കൂടാതെ മൂലം എന്നാൽ എന്താണ്?

ശി:—മൂലം എന്നാൽ മുരട്.

ഗു:—അങ്ങിനെയാണെങ്കിൽ നമ്മുടെ മുരട് ഏതാണ്?

ശി:—മേൽപറഞ്ഞ മൂലമായിരിക്കുന്ന മലദ്വാരമാണ്.

ഗു:—ഇതു ഏററവും വലിയ തെററാണ്. മൂലം എന്നതു മുരടാകുന്നു. അതു ആദ്യമുത്ഭവിക്കുന്ന സ്ഥലമാകുന്നു. അതു മലദ്വാരമാണെന്നു പറയുവാൻ പാടില്ല. മലദ്വാരം മുതൽ ഒരു സൃഷ്ടിയുണ്ടാകുന്നതല്ല. അതിന്നു ദൃഷ്ടാന്തം എന്തെന്നാൽ, സ്ത്രീകൾ പ്രസവിക്കുമ്പോൾ കുട്ടികളുടെ മലദ്വാരം ആദ്യമായി പുറത്തേക്കു വരുന്നുണ്ടോ?

ശി:—ഇല്ല.

ഗു:—മറേറതു ഭാഗമാണു ആദ്യമായി പുറത്തേക്കു വരുന്നതു്?

ശി:—ശിരസ്സ് അതായതു തല.

ഗു:—എന്നാൽ മലദ്വാരത്തിൽനിന്നു തുടങ്ങി സൃഷ്ടിയാണെങ്കിൽ മലദ്വാരമല്ലെ ആദ്യമായി പുറത്തു വരേണ്ടതു്? എന്നാൽ അതല്ല, മൂലം എന്നതു മുരട്, അതു നമ്മുടെ ശിരസ്സാണ്. നമ്മുടെ സൃഷ്ടി ശിരസ്സിൽനിന്നു ആരംഭിക്കുന്നതാണ്. ശിരസ്സില്ലാതിരുന്നാൽ യാതൊന്നും ഇല്ല. എന്നുമാത്രമല്ല, നാം ഒരു ജീവിയുടെ ചിത്രം എഴുതുന്നതായാൽ അതിന്റെ ഏതു ഭാഗമാണു ആദ്യം എഴുതുന്നതു്?

ശി:—മുഖം.

ഗു:—അപ്പോൾ മൂലം ഏതാണ്?

ശി:—ശിരസ്സ്.

ഗു:—എന്നുമാത്രമല്ല, വൃക്ഷം മുതലായതുകൾ എവിടെ നില്ക്കുന്നു?

ശി:—ഭൂമിയിൽ.

ഗു:—ആ വൃക്ഷം മുതലായതുകളുടെ ഉല്പത്തി ഏതിൽനിന്നു?

ശി:—വിത്തിൽനിന്നു.

ഗു:—വിത്തിന്റെ ഏതു ഭാഗത്തിൽനിന്നു മുളക്കുന്നു?

ശി:—ആ വിത്തിന്റെ മുഖത്തിൽനിന്നു.

ഗു:—വിത്തിന്റെ മുഖം മേൽഭാഗത്തോ കീഴ്ഭാഗത്തോ ഇരിക്കുന്നതു്?

Since 1923

ശി:__മേൽഭാഗത്തിൽ.

ഗു:__എന്നാൽ ലോകത്തിലുള്ള സകല ചരാചരങ്ങളുടേയും ഉല്പത്തി ഏതു ഭാഗത്തിൽനിന്നു?

ശി:__മേൽഭാഗത്തിൽനിന്നു.

ഗു:__അപ്രകാരം ഉത്ഭവിച്ച ഭൂമിയിൽ നില്ക്കുന്ന വൃക്ഷങ്ങൾ ആഹാരവും വെള്ളവും ഏതു ഭാഗത്തിനാലാണു എടുക്കുന്നതു്?

ശി:__മുരടുകൊണ്ടു്

ഗു:__മരത്തിൻെറ കൊമ്പുകൾക്കോ, ചുള്ളികൾക്കോ വെള്ളമോ വളമോ ഇട്ടാൽ ഫലിക്കുന്നതാണോ?

ശി:__അല്ല.

ഗു:__എന്തുകൊണ്ടു്?

ശി:__അതിൻെറ മുരട്ടിൽ ഇടാത്തതുകൊണ്ടു്.

ഗു:__എന്നാൽ അതു ആഹാരം മുതലായതു എടുക്കുന്നതു ഏതിനാൽ?

ശി:__അതിൻെറ മൂലമായിരിക്കുന്ന മുരടുകൊണ്ടു്.

ഗു:__നിങ്ങൾ പറയുംപ്രകാരം നമ്മുടെ ഉല്പത്തിസ്ഥാനം മലദ്വാരമായിരുന്നുവെങ്കിൽ അതിനാൽ ആഹാരം എടുക്കുവാനും വെള്ളം കുടിക്കുവാനും നമുക്കു സാധിക്കുമോ?

ശി:__സാധിക്കയില്ല.

ഗു:__എന്തുകൊണ്ടു, നമ്മുടെ മൂലമായിരിക്കുന്ന മുരടു മലദ്വാരമായിരുന്നാൽ അതുകൊണ്ടല്ലേ നാമും ആഹാരാദികൾ എടുക്കേണ്ടതു്?

ശി:__അതെ. അങ്ങിനെ ചെയ്വാൻ നമ്മുടെ മൂലമായിരിക്കുന്ന മുരടു അതല്ലാത്തതിനാൽ സാധിക്കുന്നില്ല.

ഗു:__എന്നാൽ നാം ആഹാരം എടുക്കുന്നതും വെള്ളം കുടിക്കുന്നതും ഏതിനാൽ?

ശി:__മൂലമായിരിക്കുന്ന ശിരസ്സിൻെറ ഒരു ഭാഗമായ മുഖത്തിലുള്ള വായകൊണ്ടു്.

ഗു:__മൂലം എന്നതു കിഴങ്ങു. അതായതു ഉത്ഭവസ്ഥാനം. അതു അവനവൻെറ ശിരസ്സാണു്. അവനവൻെറ ശിരസ്സിൽ നി

ന്നാണു എല്ലാ ഉത്ഭവങ്ങളും. അതുകൊണ്ടു ചലിച്ചുകൊണ്ടിരിക്കുന്ന സകല ജീവികളുടേയും മുറ്റ് മേൽഭാഗമായിരിക്കുന്നതു്. അതു ശിരസ്സാണ്. അതുകൊണ്ടു മൂലാധാരം മുതലായ എല്ലാ ആധാരങ്ങളും അടങ്ങിയിരിക്കുന്നതു ശിരസ്സിലാകുന്നു. മൂലാധാരം എന്നതു മൂലം + ആധാരം. മൂലം= ഉത്ഭവം ആധാരം=സ്ഥാനം, അതിനാൽ ഉത്ഭവസ്ഥാനം. ആ ഉത്ഭവസ്ഥാനം ഞാനെന്ന അഹങ്കാരമായിരിക്കുന്ന അവസ്ഥക്കാണ് ആ അവസ്ഥക്കു ആധാരം മനസ്സാണ്. ആ മനസ്സിന്നു ആധാരം ജീവനാണ്. അതെന്തുകൊണ്ടെന്നാൽ, ജീവനില്ലെങ്കിൽ എന്താകും?

ശി:—ശവമാകും.

ഗു:—ഒരു ശവത്തിന്നു ഈവകയെന്തെങ്കിലും അവസ്ഥയുണ്ടോ?

ശി:—ഇല്ല.

ഗു:—കാരണം എന്താണ്?

ശി:—ജീവനില്ലാത്തതിനാൽ.

ഗു:—ജീവനില്ലെങ്കിൽ ആധാരങ്ങളോ ലോകമോ ഏതെങ്കിലുമുണ്ടോ?

ശി:—ഒന്നുമില്ല.

ഗു:—എന്നാൽ ജീവനിരിക്കുന്ന എല്ലാ സമയത്തിലും ഈ കാണപ്പെടുന്ന ലോകമുണ്ടോ?

ശി:—ഇല്ല. ഉറങ്ങുമ്പോൾ ഇതൊന്നും അറിയുകയോ കാണുകയോ ഇല്ല.

ഗു:— എന്നാൽ ഇതുകളെല്ലാം ഏതു സമയത്തിലാണുണ്ടാകുന്നതു്?

ശി:—ഉറക്കം തെളിഞ്ഞപ്പോൾ.

ഗു:—അപ്പോൾ എന്താണുണ്ടായതു്?

ശി:—ഞാനെന്ന അഹങ്കാരം.

ഗു:—ആ അഹങ്കാരം എവിടെനിന്നുണ്ടായി?

ശി:—മനസ്സിൽനിന്നു.

ഗു:—എന്നാൽ ജീവൻ മനസ്സ്, അഹങ്കാരം എന്ന മൂന്നവസ്ഥകൾ നമുക്കുണ്ടു്. ഇതുകളിൽ ഓരോന്നിന്നും ജാഗ്രത, സുഷുപ്തി, സ്വപ്നം എന്ന മുമ്മൂന്നു അവസ്ഥകളുണ്ടു്. അതിൽ ഞാനെന്ന

അഹങ്കാരത്തിനുള്ള മൂന്നവസ്ഥകറം ജാഗ്രത, സുഷുപ്തി, സ്വപ്നം ഇതുകളാണ്. ഇതിനെപ്പററി 7-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. എന്നാൽ അതുകറം അഹങ്കാരത്തിനുള്ള അവസ്ഥകളാണ്. അതുകറം ഇപ്പോറം നാം അനുഭവിക്കുന്ന ജാഗ്രത, സുഷുപ്തി, സ്വപ്നമാണ്. യഥാൎത്ഥത്തിൽ സ്വപ്നം, സുഷുപ്തി, ജാഗ്രത്ത്, എന്നാകുന്നു. അതായതു സ്വപ്നത്തിൻെറയും, ജാഗ്രതയുടേയും മദ്ധ്യത്തിൽ സുഷുപ്തി. അപ്പോറം ആദ്യം സ്വപ്നവും അതിൻെറ ശേഷം സുഷുപ്തിയും, അനന്തരം ജാഗ്രതയും ആകുന്നു. അതുപ്രകാരം ലോകത്തിൽ അനുഭവം കാണുന്നില്ല. ആദ്യം സുഷുപ്തി അതായതു ഉറക്കവും, അതിൻെറ ശേഷം ആ ഉറക്കത്തിൽ സ്വപ്നവും, ആ സ്വപ്നത്തിൻെറ അവസാനം പൊട്ടുന്നനവെ ഉറക്കം തെളിഞ്ഞു ജാഗ്രതയുമായിട്ടാണു കാണുന്നതു്. ഇതെല്ലാം അഹങ്കാരത്തിൻേറതാണ്. എന്തുകൊണ്ടെന്നാൽ ഇപ്പോറം നാം അനുഭവിക്കുന്നതു ഞാനെന്നു പറയുന്ന അഹങ്കാരത്തിനുള്ള ജാഗ്രതയാണ്. അതു മനസ്സിൻെറ പ്രവൃത്തിയാണ്. ഇപ്പോറം നാം നിദ്രയെന്നു പറയുന്നതു അഹങ്കാരത്തിനുള്ളതാണ്. അതു മനസ്സു തന്നാൽ ചെയ്യപ്പെട്ട പ്രവൃത്തികളെ കുറിച്ചു ആലോചിക്കുന്നതാണ്. ഈ മൂന്നവസ്ഥകളും നാം ഇപ്പോറം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം അഹങ്കാരംമൂലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ മൂന്നവസ്ഥകളേയും വിട്ടു ഞാൻ എന്ന അഹങ്കാരം തൻെറ ഉത്ഭവസ്ഥാനമായ മനസ്സിൽ പോയി ചേരുന്നതാണു ആദ്യത്തെ സ്ഥാനം. അതാണു ഉത്ഭവസ്ഥാനം. അതിന്നാണു മൂലാധാരം എന്നു പറയുന്നതു്. അപ്പോറം ഞാൻ എന്ന അഹങ്കാരം തൻെറ ഉത്ഭവസ്ഥാനമായ മനസ്സിൽ പോയി ചേരുന്ന സമയം അതു മനസ്സിൻെറ സ്വപ്നാവസ്ഥ. അതെങ്ങിനെയെന്നാൽ, അഹങ്കാരം സ്വസ്ഥാനത്തിൽ പ്രവേശിച്ചുപ്പോറം ബാഹ്യത്തിൽ അതായതു പുറത്തിനുള്ളിൽ എന്തെങ്കിലും സങ്കല്പിക്കുവാനോ പ്രത്യേകിച്ചു അറിയുവാനോ ഗ്രഹിക്കുവാനോ

Since 1923

മനസ്സിനു സാദ്ധ്യമില്ല. സ്ഥാപനാശക്തിയെല്ലാം ഞാനെന്ന അഹങ്കാരത്തിന്നിരിക്കുന്നതിനാൽ ആ അഹങ്കാരം തന്റെ ഉത്ഭവസ്ഥാനമായ മനസ്സിൽ അടങ്ങിയസമയം ബാഹ്യത്തിൽ അതായതു പുറത്തിനുള്ളിൽ യാതൊന്നും ഗ്രഹിക്കുവാൻ മനസ്സിനു സാധിക്കുന്നില്ല. ഇതുമനസ്സിന്റെ സ്വപ്നമാണ്. അതായതു ഞാനെന്ന അഹങ്കാരം ഉത്ഭവസ്ഥാനത്തു ചേർന്നതിനാൽ ഈ അവസ്ഥക്കാണ് മൂലാധാരം എന്നു പറയുന്നതു്.

<u>സ്വാധിഷ്ഠാനം:</u>—എന്നതു തന്റെ അടിസ്ഥാനം, അതായതു സ്വസ്ഥാനം; സ്വ + സ്ഥാനം; സ്വ=തന്റെ, സ്ഥാനം=ഇരിപ്പടം; അതായതു തന്റെ ഇരിപ്പടം. എപ്പോൾ അഹങ്കാരം മനസ്സിൽ അടങ്ങുന്നുവോ അതു മനസ്സിനു പ്രവൃത്തിയില്ലാതെ തന്റെ സ്വസ്ഥാനത്തിൽ പ്രവേശിക്കുന്ന സമയം. ആ അവസ്ഥ മനസ്സിന്റെ സുഷുപ്തിയാകുന്നു. അതെങ്ങിനെയെന്നാൽ, അപ്പോൾ മനസ്സിനു യാതൊരറിവും ഇല്ലാതെ ഒന്നും ഇല്ലാതിരിക്കുന്ന അവസ്ഥ. അതെങ്ങിനെയെന്നാൽ, നാം ഇപ്പോൾ പകലെന്നു പറയുന്ന സമയത്തിൽ പുറത്തുനിന്നു ഒരു വീട്ടിന്റെ അകത്തു കടന്നാൽ അപ്പോൾ അതിനുള്ളിൽ അധികം ഇരുട്ടായി യാതൊന്നും അറിയാത്തവിധത്തിൽ ഒരു ഭ്രമതയുണ്ടാകുന്ന അവസ്ഥയാകുന്നു. ഇതു സകല ജനങ്ങൾക്കും അനുഭവമല്ലയോ? അപ്രകാരം പുറത്തുനിന്നു അഹങ്കാരമായിരിക്കുന്ന ഞാൻ എന്ന അവസ്ഥ മനസ്സിൽ ചേരുന്ന സമയം മനസ്സ തന്റെ ബാഹ്യവൃത്തിയെല്ലാം വിട്ടു തന്റെ സ്വസ്ഥാനത്തിൽ പ്രവേശിക്കുന്നു. ആ സമയം മനസ്സിനു യാതൊരു പ്രകാശമോ അറിവോ ഇല്ലാതെ ശുദ്ധ ഇരുട്ടായി ഒന്നും അറിയാതെയിരിക്കുന്ന അവസ്ഥയാകുന്നു. അതു മനസ്സിന്റെ സുഷുപ്തിയാകുന്നു. ഇതാണു സ്വാധിഷ്ഠാനമെന്ന അവസ്ഥ.

<u>മണിപൂരകം:</u>—എന്നതു മനസ്സിന്റെ ജാഗ്രതാവസ്ഥയാകുന്നു. ആയതു, മണി എന്നതു മനസ്സ, പൂരകം എന്നതു നിറക്കുന്നതു്. അപ്പോൾ മണിയായിരിക്കുന്ന മനസ്സ വേറൊന്നും ഇല്ലാതെ ജീവനോടുകൂടി താനായി നിറഞ്ഞു. അപ്പോൾ അവിടെ

Since 1922

അതിപ്രകാശം ജ്വലിക്കുന്നു. അതെങ്ങിനെയെന്നാൽ മേൽപറഞ്ഞ വീട്ടിന്റെ ചെറിയ അകത്തിന്നുള്ളിൽ ചെന്നപ്പോൾ ആദ്യം ഇരുട്ടായും, അവിടെ കുറച്ചു സമയമിരിക്കുമ്പോൾ നല്ല പ്രകാശമായി, അവിടെയുള്ള എല്ലാ അവസ്ഥകളും സുഖമായി അറിയുകയും കാണുകയും ചെയ്യുന്നു. ഇതു ലോകത്തിൽ ജനങ്ങൾക്കു അനുഭവമായിട്ടുള്ളതാണ്. അതുപ്രകാരം മനസ്സു സ്വസ്ഥാനത്തിൽ പ്രവേശിക്കുമ്പോൾ ആദ്യം ഇരുട്ടായി തോന്നുകയും, ആ മനസ്സു പുറത്തിനുള്ളിൽ പോകാതെ തന്റെ സ്വസ്ഥാനത്തിൽ അടങ്ങിനിറഞ്ഞപ്പോൾ അവിടം നല്ല സുഖമായി വെളിപ്പെട്ടു കാണുകയും അറിയുകയും ചെയ്യും. ഇതു മനസ്സിന്റെ ജാഗ്രതയാകുന്നു. ഇതാണു മണിപൂരകം എന്ന അവസ്ഥ.

അനാഹതം:—എന്നതു അന+ഹതം. അന=അഗ്നി; ഹതം=നാശം. അതായതു അഗ്നിസ്വരൂപമായി പ്രകാശിച്ചുകൊണ്ടിരിക്കുന്ന മനസ്സു തന്റെ ഉത്ഭവസ്ഥാനമായ ജീവനിൽ ലയിക്കുന്നതു്. അപ്പോൾ അതു ജീവനു സ്വപ്നമാകുന്നു. എങ്ങിനെയെന്നാൽ പ്രകാശമായിരിക്കുന്ന മനസ്സു ജീവനിൽ ലയിച്ചപ്പോൾ അതുവരെയുണ്ടായിരുന്ന ശോഭ അതായതു പ്രകാശം ഇന്നതെന്നറിയുവാൻ സാദ്ധ്യമില്ലാതെ സ്വപ്നതുല്യമായിരിക്കും. ഇതു ജീവന്റെ സ്വപ്നാവസ്ഥ. ഇതിന്നു അനാഹതം എന്നു പേർ.

വിശുദ്ധി:—എന്നു പറയുന്നതു വി+ശുദ്ധി; വി=വിശേഷം അതായതു അറിവു, ശുദ്ധി=നിൎമ്മലം, അതായതു അറിവു നിൎമ്മലമാകുന്നതു്. അപ്പോൾ ഒന്നും അറിയാത്ത വിധത്തിൽ യാതൊരു അറിവും ഇല്ലാതെ നിശ്ചലമായി ജീവൻ മാത്രമിരിക്കുന്ന അവസ്ഥ. ആ അവസ്ഥ ജീവന്റെ സുഷുപ്തി. ആ ജീവനിൽ നിന്നുത്ഭവിച്ച മനസ്സിൽനിന്നുണ്ടായ എല്ലാ കന്മഷങ്ങളും നാശമായി ജീവനിൽ മനസ്സു ലയിച്ചു, ആ ജീവൻ മാത്രമായി ഒന്നും അറിയാതെയിരിക്കുന്ന അവസ്ഥയാണു സുഷുപ്തി. ഇതാണു വിശുദ്ധി എന്ന അവസ്ഥ.

ആജ്ഞ:—എന്നതു ജീവൻ ശിവനായി ഉത്ഭവസ്ഥാനമായിരിക്കുന്ന ആനന്ദത്തിൽ ലയിച്ചു മറ്റൊന്നില്ലാതെ ആനന്ദിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ. അതു ജീവന്റെ ജാഗ്രത്ത്. അതി

നാണു ആജ്ഞ എന്നു പേർ. ഈ പ്രകാരത്തിലാണു ഷഡാധാരങ്ങളുടെ സ്ഥിതി. ഇതുതന്നെയാണു ബ്രഹ്മാനന്ദം. എന്നാൽ ബ്രഹ്മാനന്ദം ഇന്നതെന്നു പറഞ്ഞറിയിക്കുവാൻ ആൎക്കും സാധിക്കയില്ലെന്നും, അതായതു പാൽപായസം കഴിച്ചവൎക്കു അതിന്റെ രുചി അറിയുന്നതല്ലാതെ അതു കഴിക്കാത്തവൎക്കു അതിന്റെ രുചി അറിയുവാനോ അറിയിക്കുവാനോ സാദ്ധ്യമില്ലെന്നും വേദാന്തികൾ പറഞ്ഞുവരുന്നു. എന്നാൽ ബ്രഹ്മാനന്ദത്തെ പറഞ്ഞറിയിക്കുവാൻ സാധിക്കും. അതെങ്ങിനെയെന്നാൽ, സൎവ്വ ജീവികളും ബ്രഹ്മാനന്ദം എന്നതു അനുഭവിച്ചുവരുന്നു. അതായതു താൻ സദാ ഉപജീവനം ചെയ്തു ജീവിച്ചിരിക്കുവാൻ വേണ്ടിയുള്ള തന്റെ സ്വന്തം സ്വത്തിനെ താൻ തന്നെ കളവുചെയ്തു നശിപ്പിക്കുന്നു. അതെങ്ങിനെയെന്നാൽ ആ സ്വത്തിനെ കളവുചെയ്യുവാൻ പോയി അതിനെ തൊടുന്ന സമയത്തിലുണ്ടാകുന്ന അവസ്ഥയാണു ബ്രഹ്മാനന്ദം.

ശി:—സ്വാമി! അവനവൻ ഉപജീവനം ചെയ്തു ജീവിച്ചിരിക്കാൻ വേണ്ടുന്ന അവനവന്റെ സ്വന്തം സ്വത്തിനെ അവനവൻ തന്നെ കളവു ചെയ്തു നശിപ്പിക്കുമോ?

ഗു:—അതെ, നശിപ്പിക്കുന്നു. ലോകത്തിലിരിക്കുന്ന സൎവ്വ ജീവികളും അവരവർ എന്നന്നേക്കും ഉപജീവനം ചെയ്തു ജീവിച്ചിരിക്കാൻ വേണ്ടിയതായ സ്വത്തിനെ അവരവർ കട്ടു നാശം ചെയ്തുകൊണ്ടിരിക്കുന്നതിനാലാണു ചത്തുപോകുവാൻ കാരണമാകുന്നതു്. അതെന്തെന്നാൽ ഇപ്പോൾ ലോകത്തിലിരിക്കുന്ന സകല ജീവികളും ജാസ്തിയായി ആഗ്രഹിക്കുന്നതും ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതും മൈഥുനത്തിൽ ആകുന്നു—അതായതു സ്ത്രീപുരുഷസംയോഗത്തിന്നാണു്. എന്നാൽ ലോകത്തിൽ ഏതൊരു പ്രവൃത്തി ചെയ്യുമ്പോഴും മനസ്സു അതിൽ നില്ക്കാതെ ഭിന്നഭിന്നമായി ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ സ്ത്രീപുരുഷസംയോഗസമയത്തിൽ മനസ്സു യാതൊന്നിലും പോകാതെ അതായതു ചെവികളെക്കൊണ്ടു കേട്ടറിവാനോ, കണ്ണുകളെക്കൊണ്ടു കണ്ടറിവാനോ, മൂക്കുകൊണ്ടു മണത്തറിവാനോ, നാവുകൊണ്ടു രുചിച്ചറിവാനോ, ത്വക്കുകൊണ്ടു തൊട്ടറി

വാനോ, അഞ്ചു വിധമായി പുറത്തിനുള്ളിൽ പോകാതെ ജീവനോടുകൂടി തന്റെയുള്ളിൽ അടങ്ങി, തന്നുള്ളിൽകൂടി മേലും കീഴുമായി ഗതാഗതം ചെയ്തു അതായതു കീഴുമേലായി ചലിച്ചു തന്റെ ജീവശക്തി മേലേപോയി ബ്രഹ്മരന്ധ്രത്തിലിരിക്കുന്ന ശുക്ലത്തെ തൊടുന്ന സമയം ഉണ്ടാകുന്ന അവസ്ഥ ഇന്നതെന്നു വിസ്തരിച്ചു പറയുവാൻ ആർക്കെങ്കിലും സാദ്ധ്യമാകുമോ?

ശി:—സാദ്ധ്യമാകയില്ല

ഗു:—അതാണു ബ്രഹ്മാനന്ദം. എങ്ങിനെയെന്നാൽ ബ്രഹ്മം എന്നതു ശുക്ലം. ആ ശുക്ലമായിരിക്കുന്ന ബ്രഹ്മത്തെ ജീവൻ പോയി മുട്ടുന്ന സമയത്തിൽ—ഏററവും ചെറിയ ഒരു നൊടി സമയം, അതായതു കൺ ഇമകാം മൂടി തുറക്കുന്ന സമയം—ഉള്ള സ്ഥിതി ഇന്നപ്രകാരമെന്നു യാതൊരാൾക്കും പറയുവാൻ സാദ്ധ്യമില്ല. അതാണു ആനന്ദം. ഇതാണു ആനന്ദത്തിൽ നിന്നുത്ഭവിക്കുന്നുവെന്നും, ആനന്ദത്തിലിരിക്കേണമെന്നും, ആനന്ദത്തിൽ ലയിക്കേണമെന്നും പറയുവാൻ കാരണം. എന്നാൽ ഇപ്പോൾ ലോകത്തിൽ ആനന്ദത്തിൽനിന്നു ജനിച്ചു എന്നല്ലാതെ ആനന്ദത്തിലിരിക്കുകയോ, ആനന്ദത്തിൽ ലയിക്കുകയോ ചെയ്യുന്നില്ല. കാരണം മേൽപറഞ്ഞ പ്രകാരം ബ്രഹ്മസ്വരൂപമായിരിക്കുന്ന ശുക്ലത്തെ കട്ടു നശിപ്പിക്കുന്നതിനാൽ ഒന്നും അറിയാതെ അധോഗതിയായി നശിച്ചു പോകുന്നതിനാലാണ്. അതുകൊണ്ടു മേൽ പറഞ്ഞപ്രകാരം ഉത്ഭവിക്കുന്ന ആനന്ദത്തിൽ ജീവൻ പോയി ലയിക്കുന്നതാണു ബ്രഹ്മാനന്ദം. അപ്രകാരം ബ്രഹ്മസ്വരൂപമായിരിക്കുന്ന ശുക്ലത്തെ പാനംചെയ്തു് ലയിച്ചു, എന്നന്നേക്കും ഉപജീവനംചെയ്തു് ജീവിച്ചിരിക്കേണ്ടുന്ന സ്വത്തു ശുക്ലമാകുന്നു. അതിനെ നാം ആലോചിക്കാതെ നിമിഷനേരത്തേക്കുള്ള സുഖത്തെ ആഗ്രഹിച്ചു താൻ എന്നന്നേക്കും ഉപജീവനംചെയ്തു ജീവിച്ചിരിക്കാൻ വേണ്ടുന്ന തന്നുടെ സ്വന്തം സ്വത്തിനെ തന്നെ താനെ കളവുചെയ്തു നാശപ്പെടുത്തുന്നു. അതിനാൽ മേൽപറഞ്ഞ സംയോഗസമയത്തിൽ ഏതുപ്രകാരത്തിൽ ജീവൻ നമുക്കുള്ളിൽ

തന്നെ അടങ്ങി ഉള്ളിൽതന്നെ കീഴും മേലുമായി നടന്നു, ജീവൻ ശുക്ലത്തെ കളവുചെയ്യുവാൻ പോകുന്നുവോ അതേപ്രകാരത്തിൽ ജീവൻ ഉള്ളിൽ തന്നെ കിഴും മേലുമായി നടന്നു മേലെയുള്ള ബ്രഹ്മമായിരിക്കുന്ന ശുക്ലത്തിൽ ലയിച്ചാൽ എന്നന്നേക്കും ആനന്ദമത്തനായിരിക്കാം. ഇതിന്നാണ ബ്രഹ്മാനന്ദം എന്നു പറയുന്നത്. ലോകവാസികൾ ഇതറിയാതേയും, ആലോചിക്കാതേയും, അവനവന്റെ ശക്തിയെ പുറത്തിനുള്ളിൽ വിട്ടു, പലതിലും പലതരത്തിലും ബന്ധപ്പെട്ടു അതുകളിൽ ഭ്രമിച്ചു നശിച്ചു പോകുന്നു. എന്നാൽ തന്നേത്താൻ അറിയേണം എന്നാണ ലോകത്തിൽ പറഞ്ഞുവരുന്നത്, അങ്ങിനെ പറയുന്നതല്ലാതെ തന്നേത്താനാരും നോക്കാറില്ല. തന്നേത്താനറിയേണമെങ്കിൽ തന്നേത്താൻ നോക്കണം. തന്നേത്താൻ നോക്കാതെ മറ്റൊരൊന്നിനെ നോക്കിക്കൊണ്ടിരുന്നാൽ താനിന്നതെന്നറിയാതെ നശിച്ചുപോകുന്നു. അതുകൊണ്ടു ലോകവാസികളായ സർവ്വ ജീവികളും അവനവനിൽനിന്നുണ്ടാകുന്ന ശക്തിയെ അവനവനുള്ളിൽക്കൂടി മേൽപറഞ്ഞ പ്രകാരം ബ്രഹ്മമായിരിക്കുന്ന ശുക്ലത്തിൽ ലയിച്ചു താനായി തന്മയമായി കൈവല്യത്തെ പ്രാപിച്ചു സദാ ആനന്ദമത്തന്മാരായിരിക്കുവാൻ വേണ്ടി പ്രാർത്ഥിച്ചുകൊള്ളുന്നു.

"ചിദംബരാഭാസ മഖണ്ഡമീശം
സദാ ശിവാംശം മനുജാവതാരം
സദാ ശിവാനന്ദ മശേഷകാമ
സദാ പ്രദാധാര മഹം ഭജാമി."

"തോന്നീലഹോ ഗുരുകടാക്ഷമതിന്നു മേലാ-
യൊന്നും മഹാ ദുരിതവൻകടലേ കടപ്പാൻ
വന്ദിച്ചിടട്ടെ ഗുരുവിൻ കഴലേവനും കൈ-
വന്നെത്തിടട്ടെ പുരുഷാർത്ഥ ചതുഷ്ടയമെല്ലാം."

Since1923